# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 28, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 3

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 28, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1007/17

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക | | |
| സമുദായക്ഷേമവും നിയമവും സാംസ്കാരികവും | | |
| പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും | | |
| വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ | | |
| എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും | | |
| വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും | | |
| വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും | | |
| വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു | | |
| സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| **I** | **ചോദ്യോത്തരങ്ങൾ** | |
| | 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ | 1 |
| | 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ | 24 |
| | (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ | 24 |
| | (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ | 63 |
| **II** | **മേശപ്പുറത്തുവച്ച കടലാസ്സുകൾ** | |
| | ചട്ടം 47 (2) അനുസരിച്ചുള്ള കടലാസ്സുകൾ | 251 |
| **III** | **ധനകാര്യം** | |
| | 2016-2017 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും | 252 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 സെപ്റ്റംബർ 28, ബുധൻ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2016 സെപ്റ്റംബർ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ ക്ഷണിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് തിരിച്ചുപോയി.)

<u>മി. സ്പീക്കർ</u> : ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ *61

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, ഒരു കാര്യം ബഹുമാനപ്പെട്ട അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്.

<u>മി. സ്പീക്കർ</u> : ചോദ്യോത്തരവേളയാണിത്. ചോദ്യോത്തരവേളയിൽ മറ്റു കാര്യങ്ങൾക്ക് സമയം അനുവദിക്കില്ലെന്ന് പ്രതിപക്ഷനേതാവിന് അറിയാവുന്നതല്ലേ? പ്രതിപക്ഷനേതാവിന് ഞാൻ സമയം തരാം. ... (ബഹളം) ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കൂ..... (ബഹളം) എല്ലാവരും ഇരിക്കണം. ചോദ്യോത്തരവേളയിൽ സമയം അനുവദിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ചെയർ സമയം അനുവദിക്കുന്നതാണ്. ചോദ്യോത്തരവേള തടസ്സപ്പെടുത്താൻ പറ്റില്ല. മന്ത്രിക്ക് മറുപടി പറയാവുന്നതാണ്. ..... (ബഹളം)....

## വനാതിർത്തികളിലെ കൃഷിഭൂമികളുടെ സംരക്ഷണം

1 (*61) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് നിലവിൽ വനംവകുപ്പ് അവലംബിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രതിരോധ സംവിധാനങ്ങൾ കാർഷികവിളകളുടെ സംരക്ഷണത്തിന് ഫലപ്രദമാണോയെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് കാലാകാലങ്ങളിൽ വനംവകുപ്പ് ചെലവഴിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനമെന്താണ്;

(ഡി) ഇപ്രകാരം മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിന് കേവലം ഫണ്ടിന്റെ വിനിയോഗം എന്നതിലുപരി ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ,

(എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന്, നിലവിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നുണ്ട്. കൂടാതെ വന്യജീവികൾ വനത്തിനു പുറത്തേക്ക് വരുന്നത് തടയാനായി, വനത്തിനകത്ത് തന്നെ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജലവും ഭക്ഷണവും ഉറപ്പാക്കുന്നതിന് ചെക്ക് ഡാമുകളുടെ നിർമ്മാണം, ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക എന്നീ നടപടികളും സ്വീകരിച്ചു വരുന്നു. പ്രശ്നബാധിത മേഖലകളിൽ കാട്ടിൽ നിന്നും പുറത്തേക്കു വരുന്ന വന്യജീവികളെക്കുറിച്ച് വിവരം ലഭിച്ച ഉടൻ തന്നെ എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികളെ അറിയിക്കുവാനും ജാഗ്രത പാലിക്കുവാനുമുള്ള നിർദ്ദേശം Early Warning SMS Alert System വയനാട്, മൂന്നാർ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. .... (ബഹളം)...

(പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. ദയവായി അംഗങ്ങൾ തിരിച്ചുപോകണം. ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. പ്ലീസ്... പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള സമയം അനുവദിക്കും. അതിന് യാതൊരു സംശയവും വേണ്ട. പക്ഷെ ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ശരിയല്ല. അങ്ങനെയൊരു കീഴ്വഴക്കം ഇല്ല. .... (ബഹളം).. സീറ്റിൽ പോയി ഇരിക്കണം. .... (ബഹളം)

ശ്രീ. കെ. രാജു : സർ, (ബി) പ്രസ്തുത പ്രതിരോധ സംവിധാനങ്ങൾ കാർഷിക വിളകളുടെ സംരക്ഷണത്തിന് ഒരു പരിധിവരെ ഫലപ്രദമാണെന്ന് കാണുന്നു. പ്രശ്നബാധിത മേഖലകളിൽ ഇത്തരം സംവിധാനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

(സി) കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് കാലാകാലങ്ങളിൽ വനംവകുപ്പ് ചെലവഴിക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി അവലോകന യോഗങ്ങളും ഫീൽഡ് പരിശോധനകളും കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്.

(ഡി) ഇത്തരം സംഘർഷങ്ങൾ കുറയ്ക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കും. ഈ വിഷയത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും കേവലം ഫണ്ടിന്റെ വിനിയോഗം എന്നതിലുപരി ജനങ്ങളുടെ അഭിപ്രായങ്ങൾകൂടി സ്വരൂപിച്ചുകൊണ്ട് കൂടുതൽ ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതാണ്. ഇത്തരം സംഘർഷങ്ങൾ കൂടുതലുള്ള മറ്റ് ജില്ലകളിലും ഉടൻ തന്നെ യോഗങ്ങൾ സംഘടിപ്പിച്ച് നിർദ്ദേശങ്ങൾ സ്വരൂപിക്കുകയും യുക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതുമാണ്. ... (ബഹളം..)

ഡോ. എൻ. ജയരാജ് : സർ, വനനിയമങ്ങൾ കർശനമായി പാലിക്കപ്പെട്ട തോടുകൂടിയാണ് വന്യജീവികളുടെ എണ്ണം വർദ്ധിച്ചത്. എന്നാൽ അവർക്കാവശ്യമായ ജലം ഉൾപ്പെടെയുള്ള മറ്റ് സാഹചര്യങ്ങൾ കാലാവസ്ഥാ വ്യതിയാനംകൊണ്ട് ലഭ്യമല്ലാത്ത സ്ഥിതിയുണ്ട്. ഇവിടെ കൂടുതൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ? ... (ബഹളം)........

<u>ശ്രീ. കെ. രാജു</u> : സർ, വന്യജീവികൾ ആഹാരം തേടിയാണ് വനത്തിനുപുറത്തേക്ക് വരുന്നത്. അവയ്ക്ക് ആവശ്യമായ ആഹാരവും ജലവും വനത്തിൽ കൂടുതലായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വനത്തിനുള്ളിൽ കൂടുതൽ മഴക്കുഴികൾ, കുളങ്ങൾ എന്നിവ നിർമ്മിച്ച് ആനകൾക്കും മറ്റ് മൃഗങ്ങൾക്കും ആവശ്യമായ വെള്ളം അവിടെത്തന്നെ ഉണ്ടാക്കുന്നതിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

<u>ഡോ. എൻ. ജയരരാജ്</u>: സർ, രണ്ടാമത്തെ ചോദ്യം ചോദിക്കുന്നില്ല.

(ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീ. മോൻസ് ജോസഫ്, ശ്രീ. സി. എഫ്. തോമസ് എന്നിവർ ഉപചോദ്യം ചോദിച്ചില്ല.)... (ബഹളം)........

<u>ശ്രീ. സി. കെ. ശശീന്ദ്രൻ :</u> സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം വയനാട് ജില്ലയിൽ അഞ്ചോ ആറോ ആളുകൾ കാട്ടാനയുടെ ആക്രമണത്തിൽ മരിക്കുകയുണ്ടായി. ഒരു ഉന്നതതല യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u> : സർ, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ ഞാൻ തന്നെ നേരിട്ട് പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ആവശ്യമായ ചർച്ച ഇതിനോടകംതന്നെ നടത്തിയിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് കൂടുതൽ ചർച്ചകൾ നടത്തുന്നതിനും ജനപങ്കാളിത്തത്തോടുകൂടി വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ പരമാവധി തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാട്ടാനയുടെ ആക്രമണംമൂലം 2009-10 മുതൽ 2015-16 വരെ മരണപ്പെട്ടവരുടെ കണക്ക് എന്റെ കൈവശമുണ്ട്. അത്തരം മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.... (ബഹളം)...

<u>ശ്രീ. പി. സി. ജോർജ്</u> : സർ, മനുഷ്യന്റെ വനം കയ്യേറ്റവും വനത്തിലുള്ള മൃഗങ്ങൾ മനുഷ്യനെ ആക്രമിക്കുന്നതും അവസാനിപ്പിക്കണം. പൂഞ്ഞാർ നിയോജ കമണ്ഡലത്തിലെ എരുമേലി-കോരുത്തോട് മേഖലയിൽ സ്ഥിരമായി കാട്ടാനയുടെ ആക്രമണം നടക്കുകയാണ്. ആ പ്രദേശങ്ങൾ മുഴുവൻ കറണ്ട് വേലി കെട്ടുമെന്ന് പറഞ്ഞിട്ട് ഇതുവരെ നടപടിയായിട്ടില്ല. അത് നിർബന്ധമായും ഉണ്ടാകണം. അതുപോലെതന്നെ ഇൻഡ്യയിലൊഴികെ മറ്റ് രാജ്യങ്ങളിലെല്ലാം ഏത് മൃഗവും ആവശ്യത്തിലധികമുണ്ടെങ്കിൽ അതിനെ കൊന്നൊടുക്കുകയാണ് ചെയ്യുന്നത്. കംഗാരു ഓസ്ട്രേലിയയുടെ ദേശീയ മൃഗമാണെങ്കിലും എണ്ണത്തിൽ കൂടുതൽ വന്നാൽ അവയെ വെടിവച്ചുകൊല്ലാൻ അവിടത്തെ ഗവൺമെന്റ് തയ്യാറാവുന്നു. ഇവിടെ കാട്ടാന, കാട്ടുപോത്ത്, കാട്ടുപന്നികൾ തുടങ്ങി എണ്ണക്കൂടുതലുള്ള മനുഷ്യനെ ജീവിക്കാൻ സമ്മതിക്കാതെ വനത്തിന് പുറത്തേക്കിറങ്ങി വരുന്ന മൃഗങ്ങളെ വെടിവച്ച് കൊല്ലാനുള്ള നിയമം ഉണ്ടാക്കുമോ?

<u>ശ്രീ. കെ. രാജു</u> : സർ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി സൗരോർജ്ജ വേലി കെട്ടി പ്രതിരോധമേർപ്പെടുത്തുന്നതുൾപ്പെടെ ഗവൺമെന്റ് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളെക്കാൾ കൂടുതൽ തുക ഇപ്രാവശ്യം സൗരോർജ്ജവേലികൾ നിർമ്മിക്കുന്നതിനായി നീക്കിവച്ചിട്ടുണ്ട്. അങ്ങയുടെ മണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ വനാതിർത്തിയിൽ സൗരോർജ്ജവേലി കെട്ടുന്നതിനാവശ്യമായ നടപടികൾ വനംവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്. അതുപോലെതന്നെ ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണമാണ് ആനകളെ തടയുന്നതിനുവേണ്ടി ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ. വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടെന്ന് അറിയിപ്പ് കിട്ടിയാലുടൻതന്നെ അവിടെയെത്തി നടപടി സ്വീകരിക്കാൻ കഴിയുന്ന തരത്തിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീമിനെയും നിയോഗിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം കുറേക്കൂടി വ്യാപിപ്പിക്കുന്നതിനായി എല്ലാ മേഖലകളിലും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നേരത്തെ 5 റാപ്പിഡ് ഫോഴ്സുകളുണ്ടായിരുന്നത് 7 ആയി വർദ്ധിപ്പിച്ചുകൊണ്ട് ആനയെ പരമാവധി കാട്ടിനകത്തുതന്നെ നിർത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ...(ബഹളം)...

<u>മി. സ്പീക്കർ :</u> പ്രതിപക്ഷാംഗങ്ങളോട് ഞാൻ വീണ്ടും അറിയിക്കുന്നു, പ്രതിപക്ഷനേതാവിന് സഭയിലാവശ്യമായ സമയം അനുവദിക്കും. അതിന് നിങ്ങൾ ചോദ്യോത്തരവേള തടസ്സപ്പെടുത്തേണ്ട കാര്യമില്ല. അങ്ങനെയൊരു കീഴ്വഴക്കമില്ല. നിങ്ങൾ സീറ്റുകളിൽ പോയി ഇരിക്കണം.... ഇല്ലാത്ത കീഴ്വഴക്കത്തിനുവേണ്ടി വാശി പിടിക്കരുത്. ..... (ബഹളം) അതിന് ചെയറിന് നിർവ്വാഹമില്ല. ..... പ്രതിപക്ഷനേതാവിന് പറയാനുള്ള എല്ലാ കാര്യങ്ങൾക്കും സമയം അനുവദിക്കുമെന്ന് ചെയർ ഉറപ്പുനൽകുന്നു. നിങ്ങൾ സീറ്റിലേക്ക് പോകൂ. വീണ്ടും ഞാനഭ്യർത്ഥിക്കുകയാണ്. നിങ്ങൾ സീറ്റുകളിലേക്ക് പോകണം.... (പ്ലീസ്)

<u>ശ്രീമതി സി. കെ. ആശ :</u> സർ, വന്യമൃഗങ്ങളുടെ ആക്രമണത്തിലൂടെ ജീവഹാനി സംഭവിക്കുന്നവർക്കും കാർഷികവിളകൾ നശിച്ചുപോകുന്നവർക്കും ഏതൊക്കെ വിധത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്; ഇതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം നൽകുന്ന ഉയർന്ന തുക എത്രയാണ്?

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു സമീപം നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കെ. രാജു : സർ, വന്യമൃഗങ്ങളിൽനിന്ന് ഉണ്ടാകുന്ന ആക്രമണത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നത് താഴെപ്പറയുന്ന രീതിയിലാണ്:

സ്ഥായിയായി അംഗഭംഗം വന്നാൽ പരമാവധി നൽകുന്ന തുക 75,000 രൂപയാണ്. വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം എന്നിവയ്ക്ക് നഷ്ടത്തിനനുസരിച്ച് അതായത് എത്രത്തോളം നഷ്ടമാണോ ഉണ്ടായിട്ടുള്ളത് അത്രയും തുക നഷ്ടപരിഹാരമായി നൽകും. എന്നാൽ പരമാവധി 75,000 രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പരിക്കുപറ്റിയാൽ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പരമാവധി 75,000 രൂപ എന്നതിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചികിത്സാധനസഹായം നൽകും. പട്ടികവർഗ്ഗക്കാർക്ക് പരമാവധി 75,000 രൂപ എന്ന പരിധിയില്ലാതെ ചികിത്സയ്ക്കാവശ്യമായ മുഴുവൻ തുകയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നൽകുന്നതാണ്. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള നഷ്ടപരിഹാരം നേരത്തെ മൂന്ന് ലക്ഷം രൂപയായിരുന്നത് ഇപ്പോൾ അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അഞ്ച് ലക്ഷം രൂപ എന്നത് ഇനിയും വർദ്ധിപ്പിക്കണമെന്ന് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശം വന്നിട്ടുണ്ട്. അത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവർക്ക് ഒരു ലക്ഷം രൂപയും വനത്തിനകത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവർക്ക് മൂന്ന് ലക്ഷം രൂപയും നഷ്ടപരിഹാരം നൽകും.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, വനംവകുപ്പിൽ നിലവിൽ എത്ര Rapid Response Team പ്രവർത്തിക്കുന്നുണ്ടെന്നും മനുഷ്യനെ ആക്രമിക്കുന്ന ഏതൊക്കെ വന്യജീവികളെ കൊല്ലുന്നതിനുവേണ്ടിയാണ് ഇപ്പോൾ വനം വകുപ്പ് അനുവാദം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു : സർ, നമ്മുടെ സംസ്ഥാനത്ത് നേരത്തെ Rapid Response Team-ന്റെ അഞ്ച് യൂണിറ്റുകളാണുണ്ടായിരുന്നത്, രണ്ടെണ്ണംകൂടി വർദ്ധിപ്പിച്ച് ഇപ്പോൾ ഏഴ് യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. ഇതിനോടൊപ്പംതന്നെ വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ ഉടൻതന്നെ പ്രദേശവാസികൾക്ക് മുന്നറിയിപ്പ് ലഭിക്കാൻ കഴിയത്തക്ക വിധത്തിലുള്ള ഒരു എസ്.എം.എസ്. സിസ്റ്റം ഡെവലപ് ചെയ്തിട്ടുണ്ട്. ഒന്നുരണ്ട് കേന്ദ്രങ്ങളിൽ അത് പരീക്ഷിച്ച് വിജയകരമാണെന്ന് കണ്ടതിനാൽ ബാക്കി പ്രദേശങ്ങളിൽക്കൂടി അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ വനംവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും. കൃഷിനാശം വരുത്തുന്ന, മനുഷ്യനെ ആക്രമിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കാനുള്ള ഉത്തരവ് മുൻ ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആ ഉത്തരവിന്റെ കാലാവധി 18-3-2016-ന് അവസാനിച്ചു. വീണ്ടും ആ ഉത്തരവ് പുതുക്കി

നൽകണമെന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരികയാണ്. ആ ഉത്തരവിൽ പ്രായോഗികമായിട്ടുള്ള ചില ബുദ്ധിമുട്ടുകളുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു കർഷകനും അപേക്ഷ നൽകി ഒരു വന്യജീവിയെ അല്ലെങ്കിൽ പന്നിയെ വെടിവയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അത്തരം ബുദ്ധിമുട്ടുകൾ പഠിച്ച് ഉത്തരവിലുള്ള വ്യവസ്ഥകളിൽ ചിലതിൽ ഇളവ് വരുത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവ് പുതുക്കി നൽകുകയും കുറച്ചുകൂടി ലിബറലായ ഒരു സംവിധാനം ആ കാര്യത്തിൽ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, അതിർത്തി കടന്ന് നാട്ടിലെത്തുന്ന ജീവികൾക്കെതിരെ അങ്ങ് നടപടിയെടുക്കുമെന്നുപറഞ്ഞു. സാധാരണ അതിർത്തി കടക്കുന്ന ജീവികൾ മഷിപുരട്ടിയല്ല വരുന്നത്. ഇവിടെ കൃഷി ഭൂമിക്കകത്തുവരുന്ന പന്നികളുടെ എണ്ണം കൂടുതലാണ്. ഈ പന്നികൾ ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇതിനെ വ്യക്തമായി മനസ്സിലാക്കാൻ എന്തെങ്കിലും നടപടിക്രമങ്ങളുണ്ടോ; അതുപോലെ ഉദ്യോഗസ്ഥർ കൃത്യമായി നിയമം പഠിച്ചുകൊണ്ട് ഈ കാര്യങ്ങളിൽ ഇടപെടാനും കൃഷിക്കാരെ സംരക്ഷിക്കാനും എന്തെല്ലാം നടപടിയെടുക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാജു : സർ, കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലാൻ 19-3-2013-ന് ഗവൺമെന്റ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവിന്റെ കാലാവധി 18-3-2016-ന് അവസാനിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ ഉത്തരവ് കാര്യമായി പരിശോധിക്കുകയുണ്ടായി. കർഷകർക്ക് സംരക്ഷണം ലഭിക്കാൻ ആ ഉത്തരവു കൊണ്ട് വളരെബുദ്ധിമുട്ടാണ്. കൃഷിയിടത്തിൽ ഇറങ്ങിയ പന്നി ഗർഭിണിയാണോയെന്ന് പരിശോധിച്ച് വെടിവയ്ക്കാൻ കർഷകന് സാധിക്കില്ല. അതുപോലെ കർഷകൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് അപേക്ഷ കൊടുത്ത് അനുമതി വാങ്ങിവേണം കാട്ടുപന്നികളെ വെടിവയ്ക്കേണ്ടത്. ഇവിടെ മെമ്പർ സൂചിപ്പിച്ചതു പോലെ കർഷകനെ അറിയിച്ചുകൊണ്ടല്ല കാട്ടുപന്നികൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങിവരുന്നത്. അങ്ങനെ അപ്രായോഗികമായ ചില നിബന്ധനകൾ ആ ഉത്തരവിലുണ്ട്. അത് ഗവൺമെന്റിന്റെ പരിശോധനയിലാണ്. ഉത്തരവിന്റെ കാലാവധി നീട്ടിക്കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അപ്രായോഗികമായിട്ടുള്ള വ്യവസ്ഥകൾ എടുത്തുമാറ്റി കർഷകർക്ക് സഹായകരമായിട്ടുള്ള സമീപനംതന്നെ കൃഷിനാശം വരുത്തുന്ന പന്നികളുടെ കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ സമയം അനുവദിക്കാമെന്ന് പറഞ്ഞിട്ടും നിങ്ങൾ ഈ സ്ഥിതി തുടരുന്നത് ഖേദകരമാണ്. ഇത് ലോകം മുഴുവൻ കാണുന്നുണ്ട്. ദയവായി നിങ്ങൾ സീറ്റുകളിൽ പോകണം. ചോദ്യോത്തരവേളയിൽ ഇങ്ങനെ തുടരാൻ പാടില്ല. പ്ലീസ്.. എല്ലാവരും ദയവായി സീറ്റുകളിലേക്ക് പോകണം. നിങ്ങൾ ഈ ചെയ്യുന്നത് ശരിയല്ല. ...... (ബഹളം)..........

ശ്രീ. പി. കെ. ശശി : സർ, ഇവിടെ നേരത്തെ പറഞ്ഞതുപോലെ കാട്ടുമൃഗങ്ങളുടെ വലിയതോതിലുള്ള ആക്രമണം കർഷകർക്ക് വളരെ പ്രയാസമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കാട്ടിൽ ഭക്ഷണം കിട്ടാതെ വന്യമൃഗങ്ങളെല്ലാം നാട്ടിലേക്കിറങ്ങി വ്യാപകമായി കൃഷിനാശം വരുത്തിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലല്ലെങ്കിലും മണ്ണാർക്കാട് അസംബ്ലി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കർഷകർ വലിയ പ്രയാസത്തിലാണ്. വ്യാപകമായ കൃഷിനാശമാണ് ഉണ്ടാകുന്നത്. കൃഷിക്കാരുടെ വിളവുകൾ സംരക്ഷിക്കാനും കാട്ടുമൃഗങ്ങളെ നേരിടാനും വെടിവയ്ക്കാനുമുള്ള ഉപാധികൾ കുറച്ചുകൂടി ലിബറലൈസ് ചെയ്യേണ്ടത് അത്യാവശ്യമാണ്. അതുമാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ച, ആർ.ആർ. ടീം അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. കാട്ടിൽ ഭക്ഷണം കിട്ടാതെ നാട്ടിലേക്കുവരുന്ന കാട്ടുമൃഗങ്ങളുടെ എണ്ണവും അവയുടെ ശല്യവും ഓരോ ദിവസം കഴിയുന്തോറും വർദ്ധിക്കുന്നുവെന്ന് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ഇതിനെ നേരിടാനും കർഷകർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കാനും ഫലപ്രദമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു സമീപം നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കെ. രാജു : സർ, മനുഷ്യജീവന് ഭീഷണിയാകുന്നപക്ഷം കടുവ, പുലി, ആന, കാട്ടുപോത്ത് തുടങ്ങി ഏത് വന്യജീവിയേയും നേരിടുന്നതിന് അല്ലെങ്കിൽ കൊല്ലുന്നതിന് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11(1) പ്രകാരം അനുമതി നൽകുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ മണ്ണാർക്കാട് പ്രദേശത്ത് കാട്ടുമൃഗങ്ങളുടെ ശല്യം വളരെ കൂടുതലാണ് എന്ന അറിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഞാനും വനംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടക്കം പങ്കെടുത്തുകൊണ്ടുള്ള ഒരു യോഗം മണ്ണാർക്കാടുവച്ച്

ചേരുകയുണ്ടായി. ആ യോഗത്തിൽ നമുക്ക് സാധ്യമായിട്ടുള്ള കാര്യങ്ങളെക്കുറിച്ചെല്ലാം ആലോചിക്കുകയും നിലവിലുള്ള സംരക്ഷണ പരിപാടികളെല്ലാം ഊർജ്ജിതമായി നടത്തുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. സൗരോർജ്ജ വേലി, റെയിൽപ്പാളം ഉപയോഗിച്ചുള്ള വേലി എന്നിവ കെട്ടുന്നതിനായി മണ്ണാർക്കാട് മേഖലയിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. Rapid Response Team-ന്റെ സ്ട്രെങ്ത് വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം വന്യമൃഗങ്ങളുടെ ശല്യത്തെ നേരിടാൻ കഴിയില്ല. ആ പ്രദേശത്തെ ആളുകളുടെ സഹകരണംകൂടി ഈ കാര്യത്തിൽ ആവശ്യമാണ്. അതുകൊണ്ട് വനാതിർത്തി പങ്കുവയ്ക്കുന്ന പഞ്ചായത്തുകളിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജാഗ്രതാ സമിതി രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. വനാതിർത്തി പങ്കുവയ്ക്കുന്ന എല്ലാ പഞ്ചായത്തുകളിലും വാർഡുകളിലും അത്തരം ജാഗ്രതാ സമിതി രൂപീകരിക്കുക, ജനങ്ങളുടെകൂടെ സഹകരണത്തോടെ പരമാവധി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽത്തന്നെ നിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സർക്കാർ ഉത്തരവുവഴി ബഹുജന പങ്കാളിത്തത്തോടുകൂടി വനാതിർത്തി പങ്കുവയ്ക്കുന്ന മേഖലകളിൽ ഇത്തരം കമ്മിറ്റി രൂപീകരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, വന്യമൃഗങ്ങളുടെ ശല്യം കാർഷിക മേഖലയെയാകെ വല്ലാതെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലമുൾപ്പെടെയുള്ള നിരവധി പ്രദേശങ്ങളിൽ കുരങ്ങുകളും പന്നികളും ഇറങ്ങി വന്ന് കൃഷി നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. പന്നിയെ കൊല്ലുന്നതിനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ടെന്നും, ഉത്തരവ് കുറച്ചുകൂടി ലിബറലൈസ് ചെയ്യുമെന്നും ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചു. എന്നാൽ പ്രധാനപ്പെട്ട ഒരു കാര്യം, ഈ കുരങ്ങുകൾ ക്രമാതീതമായി നാട്ടിലേക്ക് ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. അവയെ വന്ധ്യംകരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? അതോടൊപ്പം തന്നെ പന്നികളുടെ ശല്യം കുറയ്ക്കുന്നതിനും നടപടിയുണ്ടാകണം. വിപുലമായി റബ്ബർ പ്ലാന്റ് ചെയ്തിരിക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ കാടുകൾ വെട്ടി നശിപ്പിക്കാത്തതുമൂലം അവിടെ പന്നികൾ പെരുകുകയാണ്. ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടി കൃഷി വകുപ്പുമന്ത്രിയും മൃഗസംരക്ഷണ വകുപ്പുമന്ത്രിയും സംയുക്തമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്ന സംഭവങ്ങളുടെ എണ്ണവും വന്യമൃഗങ്ങളുടെ എണ്ണവും വനത്തിൽ വർദ്ധിച്ചുവരികയാണ്. വനത്തോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ ധാരാളം കൃഷി നടക്കുന്നതുകൊണ്ട് നല്ല രുചിയുള്ള ആഹാരം കഴിക്കുന്നതിനുവേണ്ടി ഇവയെല്ലാം ഇറങ്ങിവരുന്നുണ്ട്. കുരങ്ങുകളെ വന്ധ്യംകരിക്കുന്ന നടപടിയെ സംബന്ധിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശംകൂടി പരിഗണിച്ച് അതിനുള്ള സാധ്യതകളെ സംബന്ധിച്ചാരായാം. എന്നാൽ കാട്ടിൽ നിന്നും നാട്ടിലിറങ്ങുന്ന കുരങ്ങൻമാരുടെ ടീം ലീഡറെ തന്നെ കൂട്ടുവച്ച് പിടിച്ച് അതിനെ ഉൾവനത്തിൽ കൊണ്ടുവിടുന്ന ഒരു പദ്ധതിയുണ്ട്. ആ പദ്ധതി കുറച്ചുകൂടി വ്യാപകമായി നടത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

മി. സ്പീക്കർ : എങ്ങനെയാണ് കുരങ്ങൻമാരുടെ ടീം ലീഡറെ തിരിച്ചറിയുന്നത്?

ശ്രീ. കെ. രാജു : സർ, വനം വകുപ്പിലെ ഉദ്യോഗസ്ഥർക്കും ആദിവാസികളായ വാച്ചർമാർക്കും ഈ കുരങ്ങൻമാരുടെ ലീഡറാരാണെന്ന് തിരിച്ചറിയാൻ കഴിയും. അവരുടെ അറിവ് കൂടി ഉപയോഗിച്ച് കുരങ്ങുകളുടെ ലീഡറെ പിടിച്ച് വനത്തിനകത്ത് കൊണ്ടുവിട്ടാൽ അതിനോടൊപ്പം ബാക്കി കുരങ്ങന്മാരും പോകുമെന്ന് പറയുന്നുണ്ട്.

മി. സ്പീക്കർ : അതിന് പ്രത്യേക സ്കെയിൽ വല്ലതുമുണ്ടോ?

ശ്രീ. കെ. രാജു : സർ, പ്രത്യേക അളവുകോലൊന്നുമില്ല. അതിനെ കണ്ടാൽ തിരിച്ചറിയാമെന്നാണ് പറയുന്നത്.

ശ്രീ. എം. സ്വരാജ് : സർ, വനത്തിൽ നിന്നും കൃഷിഭൂമിയിലേക്ക് കടന്നുവരുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച് നമ്മൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ചില സമരമുഖങ്ങളിൽ, ചുവന്ന മഷിയുമൊക്കെ ഉപയോഗപ്പെടുത്തിക്കൊണ്ട് നൂതനമായ ചില സമരമുറകൾ പരീക്ഷിക്കുന്നതായി കാണുന്നുണ്ട്. അതുപോലെ പച്ചമഷി ഉപയോഗിച്ച് എന്തെങ്കിലും പുതിയ പ്രതിരോധ സംവിധാനത്തിൽ, ഈ വന്യമൃഗങ്ങളെ വനത്തിൽ തന്നെ നിർത്താൻ കഴിയുന്ന സാധ്യതകളെക്കുറിച്ച് പരിശോധിക്കുമോ?

ശ്രീ. കെ. രാജു : സർ, മഷിപ്രയോഗം യഥാർത്ഥത്തിൽ ഫോറസ്റ്റ് വകുപ്പ് ഉദ്ദേശിക്കുന്നില്ല. എന്നാൽ വനത്തിനകത്തുതന്നെ വന്യജീവികൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി : സർ, വന്യജീവികളുടെ ശല്യം തടയുന്നതിനായി നിർമ്മിക്കുന്ന സൗരോർജ്ജവേലികൾ തകരാറിലായാൽ യഥാസമയം മെയിന്റനൻസ് ചെയ്യാനുള്ള സംവിധാനം നിലവിലില്ല. അതുപോലെ ചാലക്കുടി, അതിരപ്പിള്ളി, വാഴച്ചാൽ മേഖലയിൽ വന്യമൃഗങ്ങൾ കടന്നുവരുമ്പോൾ ഓടിച്ചുകളയുന്നതിനുള്ള റാപ്പിഡ് ഫോഴ്സ് സംവിധാനമില്ല. പ്രസ്തുത സംവിധാനം ഒരുക്കുന്നതിനും വനം മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുംവേണ്ടി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u> : സർ, ഈ ആവശ്യം ബഹുമാനപ്പെട്ട അംഗം നേരത്തെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി, വാഴച്ചാൽ മേഖലയിലെ വന്യജീവികളുടെ ശല്യങ്ങൾക്ക് പരിഹാരം കാണുന്നതിന് ആ മേഖലയിൽ വച്ചുതന്നെ യോഗം ചേരുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ബന്ധപ്പെട്ട് യോഗത്തിന്റെ തീയതി തീരുമാനിക്കുന്നതാണ്. അതോടൊപ്പം ആർ.ആർ.ടി. കൂടുതൽ ശക്തിപ്പെടുത്തി ഈ മേഖലയിൽ ആർ.ആർ.ടി.-യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ</u> : ചോദ്യം നമ്പർ *62-ഉം ചോദ്യം നമ്പർ *63-ഉം ക്ലബ് ചെയ്യുകയാണ്.

<u>**ലഹരി വസ്തുക്കളുടെ ഉപയോഗം**</u>

2 (*62) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ പ്രത്യേകിച്ചും മയക്കുമരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കെയ്ൻ പാർട്ടികൾ എന്നിവ സംഘടിപ്പിച്ച് ജനങ്ങളെ ലഹരിക്ക് അടിമയാക്കിക്കൊണ്ടിരിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>) : സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കിയശേഷം ലഹരി വസ്തുക്കളുടെ പ്രത്യേകിച്ചും മയക്കുമരുന്നുകളുടെ വിപണനവും ഉപഭോഗവും വർദ്ധിച്ചിട്ടുണ്ട്. പുതിയ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണത്തിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

നിയമവിധേയ മദ്യത്തിന്റെ ലഭ്യത കുറഞ്ഞ സാഹചര്യത്തിൽ നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം വർദ്ധിക്കാനിടയായിട്ടുണ്ട്. കൈവശം വച്ച് ഉപയോഗിക്കുവാൻ കഴിയുന്ന അനുകൂല സാഹചര്യം ലഹരി പദാർത്ഥങ്ങളുടെയും മയക്കുമരുന്നുകളുടെയും വിപണനവും ഉപഭോഗവും വർദ്ധിച്ചുവരുന്നതിന് കാരണമായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കൈൻ പാർട്ടികൾ തുടങ്ങിയവ നടത്തുന്നതിനെതിരെ എക്സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇത്തരം പാർട്ടികൾ സംഘടിപ്പിക്കുന്ന വർക്കെതിരെ എക്സൈസ് വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയാൻ നടപടി

3 (*63) ശ്രീ. കെ. ബാബു :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുമോ;

(ബി) എക്സൈസ് വകുപ്പിന്റെ നവീകരണത്തിനും ശാക്തീകരണത്തിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ മദ്യ ഉപഭോഗം കുറയ്ക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ,

(എ) സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിനും മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിലും വിദ്യാർത്ഥികളിലും അവബോധം ഉണ്ടാക്കുന്നതിനും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. മദ്യമയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി

സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തിവരുന്നു. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും അനധികൃത മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനായി പദ്ധതി/പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക ഉപയോഗിച്ചുകൊണ്ട് എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുക, എക്സൈസ് അക്കാദമി നവീകരിക്കുക, ലൈസൻസ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലൂടെ നിയമവിധേയമായ മദ്യം മാത്രം വിതരണം ചെയ്യുന്ന എന്ന് ഉറപ്പുവരുത്തുക, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, ഓഫീസുകളുടെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് പുതിയ വാഹനങ്ങളും കമ്പ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങി നൽകുക, വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം പൂർണ്ണമായി നടപ്പിൽ വരുത്തുക, ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ പ്രവർത്തനത്തിന് സോഫ്റ്റ്‌വെയർ തയ്യാറാക്കുക തുടങ്ങിയവയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ. എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുക, മേജർ ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുക, കൂടുതൽ ആയുധങ്ങൾ നൽകുക, ഓഫീസുകളുടെ കേന്ദ്രീകൃത പ്രവർത്തനത്തിനായി എക്സൈസ് ടവറുകൾ നിർമ്മിക്കുക തുടങ്ങിയ വിഷയങ്ങളിൽ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(സി) മദ്യപാന ശീലത്തെ നിരുൽസാഹപ്പെടുത്തുന്നതിനും മദ്യം, ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും ലക്ഷ്യമിട്ട് മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽനിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. അതിനായി ഒരു ബോധവൽക്കരണ മിഷനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലഹരി വർജ്ജന പ്രചരണത്തിന്റെ ബ്രാൻഡ് അംബാസിഡറായി പ്രവർത്തിക്കാൻ ശ്രീ. സച്ചിൻ ടെണ്ടുൽക്കർ തയ്യാറായിട്ടുണ്ട്. ബോധവൽകരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ തുടങ്ങിയവ എക്സൈസ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡന്റ്സ്

അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ എന്നിവയുമായി ചേർന്നും വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിൽ സ്കൂൾ, കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന 1993 ലഹരി വിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്തുവാനും കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ : സർ, നിലവിലുള്ള മദ്യ നയത്തിന്റെ ഫലമായിട്ടാണ് മയക്കുമരുന്നുകളുടെയും ഇതര ലഹരി വസ്തുക്കളുടെയും വ്യാപനം വർദ്ധിച്ചിട്ടുള്ളതെങ്കിൽ ആ മദ്യ നയം ഭേദഗതി വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? (...........ബഹളം......)

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ കേരളത്തിൽ ആവിഷ്കരിക്കുന്ന മദ്യനയം, മദ്യ വർജ്ജനമായിരിക്കും മദ്യ നിരോധനമല്ലായെന്നുള്ളത് തെരഞ്ഞെടുപ്പിനു മുമ്പു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു വരികയാണ്. തീരുമാനിക്കുന്ന മുറയ്ക്ക് പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. ആർ. രാമചന്ദ്രൻ : സർ, കരുനാഗപ്പള്ളി താലൂക്കിലുള്ള നാല് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസാണ് പ്രവർത്തിക്കുന്നത്. മദ്യവും മറ്റ് ലഹരി വസ്തുക്കളും വ്യാപകമായി ഉപയോഗിക്കുന്ന ഈ സ്ഥലത്തിന്റെ പ്രത്യേകത കൂടി കണക്കിലെടുത്ത് കരുനാഗപ്പള്ളിയിൽ പുതിയ റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച നിർദ്ദേശം അതിന്റെ പ്രായോഗികത പരിശോധിച്ചുകൊണ്ട് ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഒരു സംസ്ഥാനം മാത്രമായി ശ്രമിച്ചതുകൊണ്ട് ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ പറ്റില്ല. ഇത് വിവിധ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചെയിനായി, മാഫിയയായി രൂപപ്പെടുകയാണ്. ഉദ്യോഗസ്ഥ രാഷ്ട്രീയ സംവിധാനം കൂടി ഇതിന്റെ പങ്കുപറ്റലിന് വിധേയമാവുകയാണ്. ഇതിന് ആഗോളബന്ധമുണ്ടെന്ന് പോലും സംശയിക്കുകയാണ്. അതുകൊണ്ട്

ഇതിനെതിരെ മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുന്നതിന് ഗവൺമെന്റ് ഒരു നീക്കം നടത്തുമോ; അതോടൊപ്പം മദ്യവർജ്ജനമെന്ന് പറയുന്നത് സാമൂഹിക വിപത്തായതുകൊണ്ട് കേരളത്തിലെ താഴെത്തട്ടിലുള്ള ജനങ്ങളുടെ അവബോധത്തിനായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ അജണ്ടയിൽ ബോധപൂർവ്വം ഇത് കൊണ്ടുവരുമോ? (...........ബഹളം......)

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, ബഹുമാനപ്പെട്ട അംഗം മുല്ലക്കര രത്നാകരൻ ഇവിടെ സംസാരിച്ചത് വളരെ ഗൗരവമുള്ള പ്രശ്നം തന്നെയാണ്. മദ്യ ഉപഭോഗത്തെ സംബന്ധിച്ച് പലരുടേയും ധാരണകൾ തെറ്റാണ്. ആളോഹരി ഉപഭോഗം പരിശോധിച്ചു കഴിഞ്ഞാൽ സൗത്ത് ഇന്ത്യയിൽ തമിഴ്നാടാണ് മുന്നിൽ നിൽക്കുന്നത്. അത് കഴിഞ്ഞാൽ തെലുങ്കാനയും. അതിന്റെയും പിന്നിലാണ് കേരളം. മറ്റൊരു വസ്തുത കേരളത്തിൽ മൂന്ന് കോടി മുപ്പത്തിനാല് ലക്ഷം ജനങ്ങളാണുള്ളത്. ഇവിടെ ആകെ പ്രവർത്തിക്കുന്ന ഔട്ട്ലെറ്റുകൾ 306 ആണ്. ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ 123703 പേർക്കാണ് ഒരു ഔട്ട് ലെറ്റ്. തമിഴ്നാട്ടിൽ ഏഴു കോടി ഇരുപത്തിയൊന്ന് ലക്ഷം ജനങ്ങളാണുള്ളത്. അവിടെ 6823 ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ 10567 പേർക്ക് ഒരു ഔട്ട്ലെറ്റ്. കർണ്ണാടകയിൽ ആറുകോടി പതിനൊന്ന് ലക്ഷമാണ് ജനസംഖ്യ. അവിടത്തെ റീട്ടെയിൽ ഷോപ്പുകൾ 8734 ആണ്. അവിടെ 6996 പേർക്കാണ് ഒരു ഷോപ്പ്. ആന്ധ്രാപ്രദേശിൽ എട്ടുകോടി നാൽപ്പത്തിയേഴ് ലക്ഷമാണ് ജനസംഖ്യ. 6505 ഔട്ട്ലെറ്റുകൾ ഉണ്ട്. അവിടെ 13023 പേർക്കാണ് ഒരു ഷോപ്പ്. ഈ വസ്തുത കേരളത്തിന്റെ അന്തരീക്ഷവുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതുണ്ട്. അതുകൊണ്ട് മദ്യവർജ്ജനം ലക്ഷ്യമായി അംഗീകരിച്ച് ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിക്കുന്നത് എല്ലാ തലങ്ങളിലുള്ള ആളുകളുമായി ബന്ധപ്പെടുന്നതിനു വേണ്ടിയാണ്. ആ കൂട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അജണ്ടയിൽ ഇത് ഉൾപ്പെടുത്തി അവരുടെ സഹകരണത്തോടുകൂടി ലഹരിവർജ്ജന പ്രവർത്തനം ശക്തമാക്കാനാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ വഴി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ പഴയകാലത്തെ അനുഭവങ്ങൾ വച്ചുകൊണ്ടുമാത്രം പരിഗണിക്കാൻ പാടില്ല. അവരുടെ നിലപാട് മാറ്റി അഴിമതിക്കെതിരായി ശക്തമായ സമീപനം സ്വീകരിച്ച് എക്സൈസ് സേനയെ കൂടുതൽ ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികളാണ് ഗവണ്മെൻറ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, കേരളത്തിൽ വിദ്യാർത്ഥികളെ പോലും മയക്കുമരുന്ന് മാഫിയ വെറുതെ വിടുന്നില്ല. കുട്ടികളുടെയിടയിൽ പോലും മയക്കുമരുന്ന് ഉപയോഗിക്കുന്നതിന്റെ പ്രവണത കൂടി വരികയാണ്. ഇതു സംബന്ധിച്ച് അനവധി കേസ്സുകളാണ് ഫയൽ ചെയ്തിരിക്കുന്നത്. വലപ്പാട് പോലുള്ള പ്രദേശങ്ങളിലും കഴിമ്പ്രം പോലുള്ള തീരദേശ മേഖലകളിലും വൻ മയക്കുമരുന്ന് മാഫിയ സ്കൂളുകളെ ബെയ്സ് ചെയ്താണ് കേന്ദ്രീകരിക്കുന്നത്. അതുമാത്രമല്ല ഓൺലൈൻ വഴി മയക്കുമരുന്ന് കൊണ്ടുവരുന്നുവെന്നുള്ള യാഥാർത്ഥ്യമാണ് കേരളത്തിന്റെ ഇപ്പോഴത്തെ സാഹചര്യം വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിച്ചുവരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളെ വിദ്യാർത്ഥികൾക്കിടയിലുള്ള ബോധവൽക്കരണത്തിനുവേണ്ടി ഉപയോഗിക്കാൻ സാധിക്കും. ഇതുമാത്രമല്ല സ്റ്റുഡന്റ്സ് പോലീസ്, സ്കൗട്ട്സ്, എൻ.സി.സി., എൻ.എസ്.എസ്. യൂണിറ്റുകൾ തുടങ്ങിയവ വഴിയുള്ള സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തി കുട്ടികളിലും യുവാക്കളിലും വളർന്നുവരുന്ന ലഹരിയോടുള്ള ആസക്തി കുറച്ചു കൊണ്ടുവരുന്നതിനുള്ള ബോധവൽക്കരണ പരിപാടിയാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇത് പ്രയോഗത്തിൽ വരുത്തുന്നതിന് സഹായകരമായ വിപുലമായ ഒരു പദ്ധതി അവയർനെസ് മിഷന്റെ ഭാഗമായി ആവിഷ്കരിക്കുന്നുണ്ട്. തീരപ്രദേശങ്ങളിലും മറ്റ് പ്രദേശങ്ങളിലുമെല്ലാമുള്ള ലഹരിയുടെ ഉപയോഗത്തെ പരിഗണിച്ചുകൊണ്ട് എല്ലാ ജനവിഭാഗങ്ങളെയും ബോധ്യപ്പെടുത്തി ലഹരിക്കെതിരായി അണിനിരത്തുന്നതിനും സാദ്ധ്യമായ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ശ്രമിക്കും. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരെയും സഹകരിപ്പിച്ച് ഈ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

<u>ശ്രീമതി സി. കെ. ആശ</u> : സർ, നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം ലഹരി മരുന്ന് വ്യാപനത്തിൽ രാജ്യത്തെ മൂന്നാമത്തെ നഗരമാണ് കൊച്ചി. ഇത് കണക്കിലെടുത്ത് ഈ വ്യാപനം തടയുന്നതിന് നടപടി സ്വീകരിക്കുമോ? (..........ബഹളം......)

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, ലഹരി ഉപയോഗം തടയുന്നതിനുവേണ്ടി സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്ത കേസ്സുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഓരോ സ്ഥലങ്ങളിലും ഇപ്പോൾ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ കേസ് എടുത്തുവരികയാണ്. ലഹരിയും മദ്യവും വർജ്ജിക്കുന്നതിന് സഹായകരമായ നടപടികൾ തന്നെയാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ആ നിലയിലുള്ള നടപടിക്രമങ്ങൾ കേരളത്തിൽ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്ത് ഹൈസ്കൂൾതലം മുതൽ കോളേജ് ക്യാമ്പസുകൾ, ഫ്ളാറ്റുകൾ, ചേരി പ്രദേശങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സ്ഥലങ്ങളും ഇപ്പോൾ ലഹരിപദാർത്ഥങ്ങൾ സുലഭമായി ലഭിക്കുന്ന കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ദിനംപ്രതി വരുന്ന കോളേജ് ബസ്സുകളിലൂടെയും പഴം, പച്ചക്കറി മറ്റ് ചരക്കുവാഹനങ്ങളിലൂടേയുമൊക്കെ കിലോക്കണക്കിന് കഞ്ചാവും ലഹരിപദാർത്ഥങ്ങളുമാണ് കടന്നുവരുന്നത്. ഇത്തരം ലഹരി പദാർത്ഥങ്ങളും മറ്റും കടത്തിക്കൊണ്ടുവരുന്ന പ്രധാനപ്പെട്ട ചെക്കുപോസ്റ്റുകളിലും അതിർത്തി പ്രദേശങ്ങളിലും സി.സി.ടി.വി.-യും സ്കാനറും സ്ഥാപിക്കാനും നാർക്കോട്ടിക് സെല്ലിനെയും പോലീസ് വിഭാഗത്തെയും എക്സൈസ് ഡിപ്പാർട്ടുമെന്റിനെയും ഒരുമിച്ചുനിർത്തി ഒരു പ്രത്യേക ടീം ഉണ്ടാക്കി ഇത്തരം കടത്തു തടയാനും അത് ഉപയോഗിക്കുന്നവർക്കെതിരെ നിയമപരമായ നടപടികളെടുക്കാനും എന്തു നടപടികളാണ് കൈക്കൊള്ളുന്നത്? (...........ബഹളം......)

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും നിയമവിരുദ്ധമായ വരവിനെ തടയാൻ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതു തടയുന്നതിന് സി.സി.ടി.വി. ഒരു പരിഹാരമാവില്ല. കാരണം ഇത് കടത്തിക്കൊണ്ടുവരുന്നതിന് പലവഴികളാണ് ഉപയോഗിക്കുന്നത്. ഇത് പരിശോധിക്കുന്നതിനായി വാഹനത്തിനകത്തുള്ള സാധനങ്ങൾ എന്താണെന്ന് തിരിച്ചറിയാൻ കഴിയുന്ന നിലയിൽ സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടിക ളെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. മാതൃകാപരമായിട്ടുള്ള തുടക്കമെന്ന നിലയിൽ ഏതെങ്കിലും ഒരു ചെക്ക് പോസ്റ്റിൽ ഇത് പരീക്ഷിക്കുന്നതിനുള്ള ആലോചനയും എക്സൈസ് ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുണ്ട്. എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ച് സ്കാനർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളാണ് ഗവൺമെന്റ് ആലോചിച്ചു വരുന്നത്. (...........ബഹളം......)

ശ്രീ. ആന്റണി ജോൺ : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ലഹരിപദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ കുറഞ്ഞ അളവിലുള്ള കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും എക്സൈസ് വകുപ്പ് പിടിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട പ്രതികൾ കേസിൽ നിന്ന് രക്ഷപ്പെടുകയും അല്ലെങ്കിൽ അവർക്ക് ജാമ്യം ലഭിക്കുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. അതിനൊരു മാറ്റം വരുത്തുന്നതിനുവേണ്ടി, എൻ.ഡി.പി.എസ്. നിയമത്തിലൂൾപ്പെടെ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയും?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, കേരളത്തിൽ എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. നിലവിലുള്ള നിയമത്തിന്റെ അപര്യാപ്തത ഇതിന് കാരണമായിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്ട് കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. അപ്പോൾ കേന്ദ്ര ഗവൺമെന്റാണ് നിയമത്തിൽ ഭേദഗതി വരുത്തേണ്ടത്. ഇപ്പോൾ ഒരു കിലോ കഞ്ചാവ് കൈവശംവച്ചിരിക്കുന്ന ഒരാളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കി കഴിഞ്ഞാൽ അദ്ദേഹത്തിന് ജാമ്യം എടുത്ത് പോരാം. എന്നാൽ അതിനുശേഷവും ആ കുറ്റവാളി ആ ജോലി തന്നെ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ നിയമഭേദഗതി വേണം. ഇതിനായി കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നേരത്തെതന്നെ കത്തയച്ചിട്ടുണ്ട്. വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ കേന്ദ്രമന്ത്രിമാരെ കണ്ട് ഈ പ്രശ്നത്തിൽ കേരളത്തിന്റെ അഭിപ്രായം രേഖപ്പെടുത്തി അവതരിപ്പിച്ചിട്ടുമുണ്ട്. നിയമഭേദഗതി വേണമെന്ന നിലപാടിൽ കേരളം ഉറച്ചുനില്ക്കുകയാണ്.

<u>ശ്രീ. കാരാട്ട് റസാഖ്</u> : സർ, നമ്മുടെ സംസ്ഥാനത്ത് ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം പ്രത്യേകിച്ചും ക്യാമ്പസുകളിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പുതുതലമുറ മയക്കുമരുന്നിനും ലഹരിപദാർത്ഥങ്ങൾക്കും അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. പലപ്പോഴും ഇത് വില്പന നടത്തുന്ന ആളുകൾക്കെതിരെ ചെറിയ രൂപത്തിൽ കേസുകൾ ചാർജ് ചെയ്യുന്ന സംവിധാനങ്ങളുള്ളതുകൊണ്ടും സ്വാധീനങ്ങളുടെ ഫലമായും കേസുകൾ എടുക്കാൻ ശ്രമിക്കുന്നില്ല. ഇത്തരം ആളുകൾക്കെതിരെ എന്തു നിലപാട് സ്വീകരിക്കാൻ സാധിക്കും? (..........ബഹളം......)

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, എൻ.ഡി.പി.എസ്. കേസുകളുടെ പൊതുസ്ഥിതിയെ സംബന്ധിച്ചും നിയമത്തിലെ അപര്യാപ്തതയെക്കുറിച്ചും ഞാൻ പറഞ്ഞു. ഇത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നതാണ്. കേരളത്തിൽ മദ്യ നിരോധനത്തെ ലക്ഷ്യം വച്ച് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനധികൃത മദ്യവും ലഹരിപദാർത്ഥങ്ങളും വൻതോതിൽ കേരളത്തിലേക്ക് വരുന്നതിന് ഇടവരുത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിന്ന് കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് ഈ ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ മദ്യനയം വരുന്ന സന്ദർഭത്തിൽ അതിന് സഹായകരമായ പദ്ധതികളെക്കുറിച്ച് പ്രഖ്യാപനം നടത്തുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമനു വേണ്ടി <u>ശ്രീ. എം. രാജഗോപാലൻ</u> : സർ, മദ്യ-മയക്കുമരുന്നു വ്യാപനത്തിനെതിരെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന സമഗ്രവും ശാസ്ത്രീയവുമായ പരിഹാര നടപടികളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. യുവതലമുറയെ രോഗഗ്രസ്തമാക്കുന്ന മയക്ക

മരുന്നുപയോഗം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചിരട്ടിയായിട്ടാണ് കേരളം അനുഭവിച്ചത്. കേരളത്തിൽ 2015-ൽ പോലീസ് ഡിപ്പാർട്ടുമെന്റ് മുഖാന്തരം 4105 കേസുകളും എക്സൈസ് ഡിപ്പാർട്ടുമെന്റ് മുഖാന്തിരം 1430 കേസുകളും ഉൾപ്പെടെ 5535 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. മദ്യനിരോധനം കൊട്ടിഘോഷിച്ച യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിൽ 39,78,000 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് 750 മില്ലിയുടെ 4 കോടി 77 ലക്ഷം കുപ്പി മദ്യം കൂടുതൽ വിറ്റിട്ടാണ് മദ്യനിരോധനം അന്ന് നടപ്പിലാക്കിയത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനധികൃത മദ്യത്തിന്റെ 30 ശതമാനംപോലും പിടിക്കാൻ കഴിയുന്നില്ലായെന്ന് എക്സൈസ് വകുപ്പുതന്നെ സമ്മതിച്ചിട്ടുണ്ട്. ജലാതിർത്തിയിലൂടെ വൻതോതിൽ വ്യാജമദ്യം ഒഴുകുകയാണ്. ഇത് തടയാൻ പോലീസ് വകുപ്പുമായി ചേർന്ന് കടൽ പട്രോളിംഗ് മാത്രം നടത്തുന്നത് വേണ്ടത്ര പര്യാപ്തമല്ല. ആയതിനാൽ ഇതിനെതിരെ ശക്തമായ പ്രതിരോധ നടപടി സ്വീകരിക്കുവാൻ അടിയന്തര സംവിധാനങ്ങളുണ്ടാകുമോ? (....ബഹളം......)

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ശ്രീ. എം. രാജഗോപാലൻ ആവശ്യപ്പെട്ടതു പോലെ ഗവൺമെന്റിന്റെ നടപടി ശക്തിപ്പെടുത്താൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. പോലീസിനെയും എക്സൈസിനെയും മറ്റ് ഡിപ്പാർട്ടുമെന്റുകളെയും സഹകരിപ്പിച്ചു കൊണ്ട് ഈ ഉത്തരവാദിത്വം നിറവേറ്റാൻ തന്നെയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. ഒ. രാജഗോപാൽ : സർ, കേരളത്തിൽ മദ്യപാനം വലിയൊരു ശാപമായി മാറിയെന്നത് പരക്കെ എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അത് ഫലവത്തായി നേരിടാനുള്ള ചില മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്ന് ഇതുസംബന്ധിച്ച് നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടെന്നുള്ളതും വ്യക്തമാകുന്നുണ്ട്. എനിക്ക് നിർദ്ദേശിക്കാനുള്ള കാര്യം, ചില സംസ്ഥാനങ്ങൾ ഈ കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ കൂടി പരിശോധിച്ചാൽ നന്നായിരിക്കും. ഉദാഹരണത്തിന്, ചില സംസ്ഥാനങ്ങളിൽ മദ്യപാനത്തിൽ കുട്ടികൾ ഇടപെടുകയാണെങ്കിൽ ശിക്ഷയുണ്ട്. അതുപോലെ കുട്ടികൾക്ക് മദ്യം വില്ക്കുന്നതിന് സാധാരണ ശിക്ഷയെക്കാൾ കൂടുതൽ ശിക്ഷ കൊടുക്കുന്ന തരത്തിലുള്ള നിയമനിർമ്മാണം വരുത്തിയാൽ കുറഞ്ഞപക്ഷം ഭാവി തലമുറയെയെങ്കിലും രക്ഷിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട സർക്കാർ അത് പരിഗണിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, ശ്രീ. ഒ. രാജഗോപാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മറ്റ് സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ എന്താണെന്ന് പരിശോധിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. അവിടെ അവർ പ്രയോഗിക്കുന്ന നടപടികളും അതിന്റെ അനുഭവങ്ങളും കൂടി പരിശോധിച്ച് കൂടുതൽ സമഗ്രമായ ഒരു പരിപാടി കേരളത്തിൽ ആവിഷ്കരിക്കാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കുട്ടികളുടെ കാര്യത്തിൽ ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്ന നിലപാട് അവരുടെ പേരിൽ കൂടുതൽ കേസെടുത്ത് ശിക്ഷയ്ക്ക് വിധേയമാക്കുകയെന്നുള്ളതല്ല. കുട്ടികളെ ഉപദേശങ്ങളിലൂടെയും സ്നേഹത്തോടുകൂടിയുള്ള പെരുമാറ്റത്തിലൂടെയും രക്ഷിതാക്കളെ വിവരമറിയിച്ചും അവരെ തിരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾക്കാണ് ഇപ്പോൾ ഊന്നൽ നല്കുന്നത്. അതിനുവേണ്ടി സ്കൂളുകളിലെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യാപക-രക്ഷാകർതൃസമിതി ഇവരെയെല്ലാം ഉപയോഗിച്ച് ഈ ദൂഷ്യവലയത്തിൽ നിന്ന് കുട്ടികളെ രക്ഷിച്ച് കുട്ടികളെയും കുടുംബത്തെയും സംരക്ഷിക്കാൻ സാധ്യമായ നിലപാടാണ് എടുക്കുന്നത്. ഇതിന്റെ ഉറവിടങ്ങൾ കണ്ടെത്തി അത് തകർക്കുന്നതിനുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കാനും ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. (...........ബഹളം......)

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, ചെറുപ്പക്കാരായ കുട്ടികൾ അതിർത്തി പ്രദേശങ്ങളിലെ ഊടുവഴികളിലൂടെ മോട്ടോർ സൈക്കിളിലാണ് ലഹരി വസ്തുക്കൾ കൊണ്ടുവരുന്നത്. ഇത് തടയുന്നതിന് എല്ലാ ഡിപ്പാർട്ടുമെന്റുകളെയും സംയോജിപ്പിച്ചുകൊണ്ട് ഇന്റലിജൻസിന്റെ സേന രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? പ്രത്യേകിച്ച് ഇതിന് സാമ്പത്തിക ബാദ്ധ്യതയൊന്നും വേണ്ട.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നിർദ്ദേശം ഗൗരവമായി പരിശോധിക്കുന്നതാണ്. എക്സൈസ് സേനയിൽ അംഗ സംഖ്യയുടെ സ്ട്രെങ്ത് വർദ്ധിപ്പിക്കേണ്ടതുണ്ട്. ആ യാഥാർത്ഥ്യം പരിഗണിച്ച് അങ്ങ് ചൂണ്ടിക്കാണിച്ചതു പോലെ ഉള്ള ഫോഴ്സ് വച്ചുകൊണ്ടു തന്നെ ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ സൂചിപ്പിച്ചതുപോലെ മദ്യവർജ്ജന നിലപാടിലേക്ക് കേരളത്തെ കൊണ്ടെത്തിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നല്ല താൽപ്പര്യമെടുക്കുന്നുണ്ട്. നമ്മുടെ മനസ്സിലെ ചിന്തയിൽ മാറ്റം വരണമെങ്കിൽ നമ്മുടെ കുട്ടികളെ ഇതുസംബന്ധിച്ച് ബോധവൽക്കരിക്കേണ്ടതുണ്ട്. എല്ലാവർഷവും നമ്മുടെ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സുമുതൽ ഡോക്ടർമാരുടെ സഹകരണത്തോടെ ഒരു അദ്ധ്യാപനം നടത്തുന്ന സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ലഹരി വർജ്ജന പ്രവർത്തനങ്ങളിൽ കുട്ടികളെ കേന്ദ്രീകരിപ്പിക്കാൻ തന്നെയാണ് ആലോചിക്കുന്നത്. ഇതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ളതിന്റെ വിശദാംശം അവെയർനെസ് ക്യാംപെയിൻ പുറത്തുവരുന്നതോടുകൂടി രൂപപ്പെടുത്താൻ സാധിക്കുന്നതാണ്. എല്ലായിടത്തു നിന്നുമുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഇതിന് ആവശ്യമായിട്ടുള്ള പ്രായോഗിക പ്രവർത്തനങ്ങൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, നമ്മുടെ നാട്ടിൽ സ്കൂൾ പരിസരങ്ങളിലൊക്കെ മദ്യവും കഞ്ചാവും മാത്രമല്ല പ്രത്യേകതരം ഗുളികകളും ലഹരിക്കുവേണ്ടി നൽകുകയാണ്. അപകടകരമായ തരത്തിൽ ഇത് വളർന്നു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിലുള്ള പരിശോധനയ്ക്ക് എക്സൈസ് വകുപ്പ് പ്രത്യേക സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ചില സ്ഥലങ്ങളിൽ അലോപ്പതി മരുന്നുകൾ ലഹരി കിട്ടുന്നതിനുവേണ്ടി ഉപയോഗിച്ചുവരികയാണ്. അത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുക തന്നെയാണ് ചെയ്യേണ്ടത്. ഏതെല്ലാം വഴികളിലൂടെ എവിടെയെല്ലാം നിയമവിരുദ്ധമായി ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തി അത് തടയുന്നതിനും ഈ മേഖല നിയമവിധേയമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ : സർ, സംസ്ഥാന അതിർത്തി പ്രദേശങ്ങളിലെ സ്കൂളുകളിൽ വ്യാപകമായ തോതിൽ കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ വിറ്റഴിക്കുന്നുണ്ട്. എന്റെ മണ്ഡലമായ പാറശ്ശാലയിൽ അമ്പൂരി, വെള്ളറട, കുന്നത്തുകാൽ, പാറശ്ശാല പഞ്ചായത്തുകളിലെ വിവിധ സ്കൂളുകളിൽ വ്യാപകമായ തോതിൽ കഞ്ചാവ് കച്ചവടം നടത്തുന്നതുമായി ബന്ധപ്പെട്ട് ചില കേസുകൾ എടുത്തിട്ടുണ്ട്. പെൺകുട്ടികൾ സ്കൂൾ ബാഗുകളിൽ പോലും ലഹരി വസ്തുക്കൾ കൊണ്ടുവരുന്ന വിവരങ്ങളാണ് എക്സൈസ് ഡിപ്പാർട്ടുമെന്റിന് ലഭിച്ചിട്ടുള്ളത്. ഇതിനെതിരായി പഞ്ചായത്തടിസ്ഥാനത്തിൽ വ്യാപകമായ ക്യാംപെയിൻ സംഘടിപ്പിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ജാഗ്രത പുലർത്താൻ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് വേണ്ടത്ര ജാഗ്രത പുലർത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയം മേൽപ്പറഞ്ഞ ഉത്തരങ്ങളിലെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ 1845 ഹയർ സെക്കണ്ടറി സ്കൂളുകളും 2874 ഹൈസ്കൂളുകളും ചേർന്ന് 4719 സ്കൂളുകളുണ്ട്. അതിൽ 1993 സ്കൂളുകളിലാണ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിരിക്കുന്നത്. ഈ കുറവ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിഹരിക്കേണ്ടതുണ്ട്. അത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ലോക്കൽ ബോഡീസിനെക്കൂടി ഉപയോഗപ്പെടുത്തി ആവശ്യമായ കാര്യങ്ങൾ നിറവേറ്റുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, നമ്മുടെ സംസ്ഥാനത്തെ ലഹരി മുക്ത സമൂഹമാക്കി മാറ്റുന്നതിന് ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന ശ്രദ്ധേയമായ പദ്ധതികളെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. എത്ര നടപടികളെടുത്താലും ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ചില പരിമിതികളുണ്ടെന്ന് നമുക്കറിയാം. സാമൂഹികമായി വലിയ ഉണർവ് ഉണ്ടാക്കുന്ന തരത്തിൽ, സാമൂഹ്യ ബാദ്ധ്യതയാക്കി മാറ്റുന്ന തരത്തിൽ എൽ.കെ.ജി. ഉൾപ്പെടെയുള്ള പാഠ്യ ഭാഗങ്ങളിൽ അവർക്ക് മനസ്സിലാകുന്ന തരത്തിലുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും വീഡിയോ പ്രസന്റേഷനിലൂടെയും എല്ലാ ക്ലാസ്സുകളിലും സർവ്വ മേഖലകളിലും നിരന്തരമായി ഒരു അവബോധമുണ്ടാക്കുന്ന തരത്തിലേക്കുള്ള പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് തുടക്കം കുറിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇതിനെക്കുറിച്ച് കുട്ടികൾ മാത്രമല്ല രക്ഷിതാക്കളും ബോധവാന്മാരാകണം. ചെയ്യാൻ പാടില്ലാത്ത ഒരു കാര്യവും കുട്ടികളുടെ മുൻപിൽ പ്രദർശിപ്പിക്കാതിരിക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പംതന്നെ ഇക്കാര്യത്തിൽ രക്ഷിതാക്കളുടെ കടമകൾ കൂടി നിറവേറ്റത്തക്ക നിലയിലുള്ള പ്രവർത്തന പരിപാടികൾക്കാണ് വിവിധ ബഹുജനപ്രസ്ഥാനങ്ങളെ യോജിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u> : സർ, കഴിഞ്ഞ സർക്കാരിന്റെ മദ്യനയംമൂലം കേരളത്തിൽ ഒരു വ്യക്തിയെങ്കിലും മദ്യപാനം ഉപേക്ഷിച്ചിട്ടുള്ളതായി ആർക്കെങ്കിലും അറിയാമോ; ഒരു വ്യക്തി പോലും മദ്യപാനം ഉപേക്ഷിച്ചിട്ടില്ല. പകരം എന്താണ് സംഭവിച്ചത്; മദ്യപിക്കുന്നതിന് പുറമെ ക്യാൻസർ പോലുള്ള രോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകൾ ലഹരി പദാർത്ഥങ്ങളായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അതിഭീകരമായ സാഹചര്യത്തിലേയ്ക്ക് കേരളം മാറിയിരിക്കുകയാണ്. നിയമം കർശനമായി നടപ്പിലാക്കുന്നതിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കാര്യങ്ങൾ വളരെ സ്വീകാര്യമാണ്. എക്സൈസ് വകുപ്പിന്റെ മോഡ് ഓഫ് ഓപ്പറേഷനിൽ കാര്യമായ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. പരമ്പരാഗത രീതിയിലുള്ള റെയ്ഡിലേയ്ക്ക് പോകുമ്പോൾ അത്യാധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് കമ്മ്യൂണിക്കേഷൻ നടത്തി അവിടെനിന്നെല്ലാം മാറുകയാണ്. മോഡ് ഓഫ് ഓപ്പറേഷൻ മാറ്റേണ്ടത് വളരെ അത്യാവശ്യമാണ്. അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, എക്സൈസ് ഡിപ്പാർട്ടുമെന്റിനെ കൂടുതൽ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അങ്ങ് ഇവിടെ പറഞ്ഞ കാര്യം ശരിയാണ്. നിരോധനത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള ശ്രമങ്ങൾ പാഴായി; ഔട്ട്ലെറ്റുകൾ പൂട്ടിയിട്ടുപോലും വിൽപ്പന വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ മദ്യവർജ്ജനത്തെ ലക്ഷ്യം വച്ചല്ല മറ്റെന്തോ രാഷ്ട്രീയ താൽപ്പര്യം വച്ചുകൊണ്ട് സ്വീകരിച്ച സമീപനമാണ്. അതിൽ നിന്നും വ്യത്യസ്തമായി ആത്മാർത്ഥതയോടുകൂടി ജനങ്ങളെ ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടായിരിക്കും ഗവൺമെന്റ് പരിശ്രമിക്കുക. ....(ബഹളം....)

## ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

4 (*64) ശ്രീ. വി.ആർ. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ. പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷത്തിന്റെ ഭൂരിഭാഗവും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് എന്തൊക്കെ കരുതൽ നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പരമ്പരാഗത ജലസ്രോതസ്സുകൾ, നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിച്ച് ഭൂഗർഭജലവിതാനം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മഴവെള്ളം സംഭരിച്ച് പുനരുപയോഗം നടത്തുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത്; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ,

(എ) നിലവിലുള്ള ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയവ സംരക്ഷിച്ച് നിലനിർത്തുക, തടയണകൾ, റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ നിർമ്മിച്ച് ജലലഭ്യത വർദ്ധിപ്പിക്കുക, വിവിധ കുഴൽക്കിണർ, കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുക, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള കൃത്രിമ ഭൂജല സംപോഷണം നടത്തുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോക ബാങ്ക് ധനസഹായത്തോടുകൂടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. 1022 കോടി രൂപ മുതൽ മുടക്കി 2012-2017 കാലയളവിൽ കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) നിലവിലുള്ള ജലസ്രോതസ്സുകളായ നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിയുടെ ഭാഗമായ 'മഴകേന്ദ്രം' മുഖാന്തരം മഴവെള്ളം സംഭരിച്ച് പുനരുപയോഗം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗിച്ച് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നു. കൂടാതെ 2015-16 വർഷം മുതൽ പ്രസ്തുത പദ്ധതി വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി. പുരപ്പുറത്തു വീഴുന്ന മഴവെള്ളം ഒഴുകി പാഴായിപ്പോകാതെ മഴവെള്ള സംഭരണികളിൽ ശേഖരിച്ച് പുനരുപയോഗത്തിന് ഈ പദ്ധതി വഴിയൊരുക്കുന്നു. വിദ്യാലയങ്ങളിൽ ജലസൗഹാർദ്ദ വിദ്യാലയം പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. (...ബഹളം.....)

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : സർ, ജില്ലാഭരണകൂടത്തിന്റെ വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. മാത്യൂ ടി. തോമസ്</u> : സർ, ജില്ലാതലത്തിൽ മാത്രമല്ല സംസ്ഥാനതലത്തിലും പ്രത്യേകിച്ച് ഈ വർഷം ഇടവപ്പാതി മഴ കുറഞ്ഞിരുന്നു വെന്ന യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് വരാൻ പോകുന്ന വരൾച്ച അതിരൂക്ഷമായിരിക്കും എന്ന കണക്കുകൂട്ടലിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. .... (ബഹളം.......)

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i)നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കാൻ നടപടി

5 (*65) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം വർദ്ധിപ്പിക്കാതെ അഞ്ചുവർഷത്തിനുള്ളിൽ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനുദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ-സി) വെള്ളക്കരം വർദ്ധിപ്പിക്കാതെ അടുത്ത അഞ്ചു വർഷക്കാലയളവിനുള്ളിൽ പ്രവർത്തനമികവിലൂടെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. നിയമസഭയിൽ അവതരിപ്പിച്ച 2016-17-ലേക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ ഈ ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവർത്തനമികവ് നേടുവാനായി സമഗ്ര പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ചെലവ് കുറയ്ക്കുക, വരുമാനം വർദ്ധിപ്പിക്കുക, സേവനനിലവാരം ഉയർത്തുക എന്നീ മാർഗ്ഗങ്ങളാണ് ലക്ഷ്യം കൈവരിക്കുന്നതിനായി പ്രധാനമായും മുന്നിൽ കണ്ടിട്ടുള്ളത്.

(i) ജലനഷ്ടം പരമാവധി കുറയ്ക്കുക

- ഇതിനായി കാലപ്പഴക്കം ചെന്നതും കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമായ പൈപ്പുകൾ പ്രധാനമായും എ.സി, പ്രിമോ പൈപ്പുകൾ മാറ്റി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിക്കുന്നത്.
- പൈപ്പ് പൊട്ടലുകൾ ഉണ്ടാകുമ്പോൾ കാലതാമസം കൂടാതെ അടിയന്തരമായി ചോർച്ച പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കുക. അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും നടപ്പിലാക്കുക.
- ജലശുദ്ധീകരണശാലകളുടെ അറ്റകുറ്റപ്പണികൾ നടത്തി ജലനഷ്ടം പരമാവധി കുറയ്ക്കുക.

(ii) പ്രവർത്തനച്ചെലവ് കുറയ്ക്കുക

- ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിലൂടെ വൈദ്യുത ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനായി പഴയ പമ്പുകളും മോട്ടോറുകളും മാറ്റി എനർജി എഫിഷ്യന്റ് ആയ പമ്പുകളും മോട്ടോറുകളും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.
- എനർജി ആഡിറ്റ് നടത്തി ഊർജ്ജസംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുക.
- വിവിധ ചെറുകിട പദ്ധതികൾക്ക് പകരം സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ മാൻപവർ കോസ്റ്റും ഊർജ്ജച്ചെലവും പരമാവധി കുറയ്ക്കുക.

- ജലശുദ്ധീകരണശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ രാസവസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക.
- പുതിയ പദ്ധതികൾ സമയബന്ധിതമായും നിശ്ചിത അടങ്കലിനുള്ളിലും ഗുണനിലവാരം ഉറപ്പുവരുത്തിയും പൂർത്തിയാക്കുന്നതിലൂടെ പദ്ധതിച്ചെലവുകൾ ഗണ്യമായി കുറയ്ക്കുക. ഇതിനാവശ്യമായ സ്ഥാപനശാക്തീകരണവും പുന:ക്രമീകരണങ്ങളും ഇതിനോടകം നടപ്പിലാക്കി കഴിഞ്ഞു.

ജല അതോറിറ്റിയുടെ വരുമാനത്തിന്റെ അടിസ്ഥാനം ഗാർഹിക/ഗാർഹികേതര കണക്ഷനുകളാണ്. കേരളത്തിലെ പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും കണക്ഷനുകൾ നൽകി പൊതുജനാരോഗ്യ സംരക്ഷണത്തിനൊപ്പം ജല അതോറിറ്റിയുടെ വരുമാനവർദ്ധനവും ലക്ഷ്യമിടുന്നു.

കണക്ഷൻ നടപടികൾ ലഘൂകരിക്കുന്നതിലൂടെയും ജല അതോറിറ്റി തന്നെ കണക്ഷൻ നേരിട്ട് നൽകുന്നതിലൂടെയും കണക്ഷനുകൾ വേഗത്തിൽ നൽകുവാനും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുവാനും സാധിക്കും. ബില്ലിംഗിനും കളക്ഷനുമുള്ള കമ്പ്യൂട്ടർ സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നത് വഴി കളക്ഷൻ എഫിഷ്യൻസിയും വരുമാനവും പരമാവധി വർദ്ധിപ്പിക്കാൻ കഴിയും. റവന്യൂ കളക്ഷൻ മോണിട്ടർ ചെയ്യുവാനായി പ്രത്യേക റവന്യൂ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുകയും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കൂടുതൽ കർക്കശമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. 2016 കുടിശ്ശിക നിവാരണ വർഷമായി ആചരിക്കുന്നു.

**പശുക്കൾക്ക് മാൾട്ടാപ്പനി**

6 (*66) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പശുക്കൾക്ക് മാൾട്ടാപ്പനി ബാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരം പനി ബാധിച്ച പശുക്കളെ കൊല്ലുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും മാൾട്ടാപ്പനി മറ്റു പശുക്കളിലേയ്ക്ക് പകരാതിരിക്കാനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) മാൾട്ടാപ്പനി സംസ്ഥാനത്ത് കാലാകാലങ്ങളിൽ ഒറ്റപ്പെട്ട സംഭവങ്ങളായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിലെ കാലികളിൽ മാൾട്ടാപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ രോഗനിർണ്ണയ ലബോറട്ടറികളിൽ ഇതിന്റെ പരിശോധന നടത്തുകയും രോഗം ബാധിച്ച ഉരുക്കളെ ശാസ്ത്രീയമായ രീതിയിൽ ഒഴിവാക്കുവാനും നിർദ്ദേശം നൽകിവരുന്നുണ്ട്.

(ബി) 'The Prevention & Control of Infectious and Contagious Disease in Animal Act 2009' പ്രകാരം 'ബ്രൂസിലോസിസ്' അഥവാ മാൾട്ടാപ്പനി പട്ടികയിൽ ഉൾപ്പെടുത്തിയ രോഗമാണ്. മേൽ ആക്ടിലെ ചാപ്റ്റർ IV, സെക്ഷൻ 25 പ്രകാരം മനുഷ്യരിലേക്ക് പകരാവുന്ന ജന്തുജന്യരോഗങ്ങൾ ബാധിച്ച ഉരുക്കളെ വെറ്ററിനറി ഓഫീസർക്ക് യുക്തമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ദയാവധം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) രോഗം ബാധിച്ച ഉരുക്കളെ മറ്റുള്ളവയിൽനിന്നും പ്രത്യേകമായി മാറ്റിപ്പാർപ്പിക്കുന്നതിനും ചികിത്സ ഫലപ്രദമല്ലാത്തതിനാൽ ദയാവധം നടത്തി ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം നടപടികൾ കൈക്കൊണ്ടുകഴിഞ്ഞു. ജീവനക്കാർക്ക് വേണ്ട ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി.

**സുബോധം പദ്ധതി**

7 (*67) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവിപത്ത് തടയാൻ മദ്യവർജ്ജനവും ബോധവൽക്കരണവും എന്ന നയം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ മദ്യത്തിനെതിരെ ബോധവൽക്കരണത്തിനായി ആവിഷ്കരിച്ച 'സുബോധം' പദ്ധതി തുടർന്നും നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) 'സുബോധം' പദ്ധതിക്ക് പോരായ്മകൾ ഉള്ളതായി കരുതുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) മദ്യത്തിനെതിരെ ബോധവൽക്കരണത്തിനായി ആവിഷ്കരിച്ച സുബോധം പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. അതിനാൽ മദ്യ ഉപയോഗത്തിൽനിന്നും വിട്ടുനിൽക്കുവാനും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനും ഒരു ബോധവൽക്കരണ മിഷൻ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡൻറ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും വിദ്യാർത്ഥി-യുവജനസംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) സുബോധം പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിച്ചതായി കരുതുന്നില്ല. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക, ദുരിത ലഘൂകരണം, ശാസ്ത്രീയമായ പഠനം എന്നിവയ്ക്ക് സുബോധം പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നെങ്കിലും ഇക്കാര്യങ്ങളിൽ ഉദ്ദേശലക്ഷ്യത്തിനനുസൃതമായ ദിശയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കൂടുതൽ ജനകീയ പങ്കാളിത്തത്തോടുകൂടിയ ഒരു ബോധവത്കരണ മിഷൻ രൂപീകരിച്ച് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## പട്ടിക ഗോത്രവർഗ്ഗ ഭവനനിർമ്മാണ പദ്ധതി

8 (*68) ശ്രീ. കെ. വി.വിജയദാസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനായി ഈ വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ സർക്കാർ സഹായധനം നൽകാത്തതും പണി തുടങ്ങാത്തതും പണി പൂർത്തിയാകാത്തതുമായ വീടുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഇവ പൂർത്തീകരിക്കാനായി എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) പട്ടികഗോത്രവർഗ്ഗ സങ്കേതങ്ങളിൽ വലിയൊരുഭാഗം ദുർഗമ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നത് വീടു നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നതു കണക്കിലെടുത്ത് അധിക തുക ലഭ്യമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഭവനരഹിതരായ 5000 കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിനും മുൻ വർഷങ്ങളിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾ മുഖാന്തിരം അനുവദിച്ചതും പണി പൂർത്തിയാകാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനും ആവശ്യകതയനുസരിച്ച് പഴയ വീടുകളുടെ പുനരുദ്ധാരണത്തിനും ധനസഹായം അനുവദിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ഉണ്ട്. 2011 മുതൽ 2016 വരെ ഒട്ടാകെ 17472 വീടുകൾ അനുവദിച്ചതിൽ 2695 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. സ്പിൽ ഓവർ ആയി ബാക്കിയായ 14777 വീടുകൾ പൂർത്തീകരിക്കാനുണ്ട്. ഇതിനുപുറമെ ഐ.എ.വൈ. പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വീടിന് ഒരു ലക്ഷം രൂപ വീതം നൽകാൻ കഴിയാത്തതിനാൽ 18290 വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ നിയമപ്രകാരം എഗ്രിമെന്റ് വച്ച വീടുകളിൽ മറ്റ് തടസ്സമൊന്നുമില്ലാത്ത മുഴുവൻ വീടുകൾക്കും നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാത്ത വീടുകളുടെ വിശദാംശം ശേഖരിക്കുകയും ആയവ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. ഹഡ്കോ, ഐ.എ.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് വകുപ്പിൽ നിന്നുള്ള വിഹിതമായ വീടൊന്നിന് ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കൂടുതലും ഉൾവനങ്ങളിലും ദുർഘട മേഖലകളിലുമാണ് സ്ഥിതി ചെയ്യുന്നത്. ടി മേഖലകളിൽ ഭവനിർമ്മാണം നിലവിലെ നിരക്കിൽ പൂർത്തീകരിക്കാനാകാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ ഇത്തരം പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള സാധന സാമഗ്രികൾ സ്ഥലത്തെത്തിക്കുന്നതിനുള്ള ചുമട്ടുകൂലി കൂടി കണക്കിലെടുത്താണ് പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ ഗ്രാന്റായി 3.5 ലക്ഷം രൂപ വീതം അനുവദിക്കുന്നത്. പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണ ഗ്രാന്റായി മൂന്ന് ലക്ഷം രൂപയാണ് അനുവദിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലുമുണ്ടായ വർദ്ധനവും കണക്കിലെടുത്ത് പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന് നടപടി

9 (*69) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നൂതന സംവിധാനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(സി) എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഒഴിഞ്ഞു കിടക്കുന്ന വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുക, ലൈസൻസ് ചെയ്ത സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുക, ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, പുതിയ വാഹനങ്ങൾ വാങ്ങി നൽകുക, എക്സൈസ് കമ്മീഷണറേറ്റിൽ ആരംഭിച്ച ഇ-ഫയലിംഗ് സംവിധാനം താഴെത്തട്ടിലുള്ള ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുക, സ്റ്റേറ്റ് എക്സൈസ് അക്കാഡമിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ. മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേക്കായി ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലാബ് ആരംഭിക്കുന്നതിനും എക്സൈസ് ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിന് തെരഞ്ഞെടുത്ത 7 ചെക്ക്പോസ്റ്റുകളിൽ നിർമ്മിതികേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനും എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി 6 വാഹനങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്ക് എൻ.ഐ.സി.-യുടെ സഹായത്തോടുകൂടി ഒരു വെബ് ബെയ്സ്ഡ് ക്രൈം മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനും വ്യാജമദ്യത്തിനും മയക്കുമരുന്നിനുമെതിരെ പൊതുജനങ്ങളിൽ നിന്ന് വിവരം

ശേഖരിക്കുന്നതിനായി എക്സൈസ് വകുപ്പിന് 155358 എന്ന ടോൾ ഫ്രീ കണക്ഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിന്റെ ഭാഗമായി അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും കുറ്റവാളികളുടെ മൊബൈൽ ഫോൺ വിളികളുടെ വിവരങ്ങൾ ലഭ്യമാക്കി കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരള സംസ്ഥാന എക്സൈസ് വകുപ്പിനെക്കൂടി ടെലികോം നിയമത്തിൽ നോട്ടിഫൈഡ് ഏജൻസിയായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചെക്ക്പോസ്റ്റുകൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ, സി.സി.ടി.വി. ക്യാമറ, വെയിംഗ് മെഷീനുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും വാഹനപരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേജർ ചെക്ക്പോസ്റ്റുകളിൽ വെഹിക്കിൾ സ്കാനറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 26-08-2016 തീയതിയിലെ സ.ഉ.(കൈ) നമ്പർ 85/16/നി.വ പ്രകാരം എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വനപരിപാലനം**

10 (*70) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) നിലവിലുള്ള പദ്ധതികൾ തുടരാനും കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) വനങ്ങളുടെ പരിപാലനത്തിനായി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിന് വനം വകുപ്പ് നടപ്പാക്കിവരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സ്വാഭാവിക വനങ്ങളുടെ പരിപാലനം : വനങ്ങളുടെ സർവ്വേയും സ്ഥിരം ജണ്ടകൾ, പ്രത്യേക പ്രദേശങ്ങളിൽ കരിങ്കൽ മതിലുകൾ കെട്ടൽ എന്നിവ മുഖേന അതിർത്തിതിരിക്കലും കൈയ്യേറ്റത്തിൽ നിന്നും മറ്റ് നിയമവിരുദ്ധ പ്രവൃത്തികളിൽ നിന്നും വനങ്ങളുടെ സംരക്ഷണം, കാട്ടുതീ നിയന്ത്രണം, കഞ്ചാവ് കൃഷി തടയൽ, വനസംരക്ഷണ സമിതികളുടെയും സർക്കാരിതര സംഘടനകളുടെയും സജീവ പങ്കാളിത്തത്തോടെയുള്ള പങ്കാളിത്ത വനപരിപാലനം, ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും സംരക്ഷണം, വയർലെസ്സ് സാങ്കേതിക വിദ്യ നടപ്പാക്കൽ, ദ്രുതകർമ്മ സേന ശക്തിപ്പെടുത്തൽ, മണ്ണ് സംരക്ഷണം തുടങ്ങിയവ പ്രധാന വനപരിപാലന പ്രവർത്തനങ്ങളാണ്.

2. നശിച്ചുപോയ വനത്തിനുപകരം വനം വച്ചുപിടിപ്പിക്കലും ഔഷധ-സസ്യ പരിപാലനവും : വിവിധ പരിപാടികളിലായി മുൻവർഷങ്ങളിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുകയും മുൻവർഷങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള പ്രദേശത്ത് തൈകളെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുമുണ്ട്. കൂടാതെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനമരപ്രദേശം, കണ്ടൽക്കാടുകൾ, മറ്റുപ്രത്യേക പ്രദേശങ്ങളിലെ ആവാസവ്യവസ്ഥ സംരക്ഷണം, കാട്ടുതീ തടയൽ എന്നിവയും ഫലപ്രദമായി ചെയ്തുവരുന്നു.

3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ : നിലവിലുള്ള വൻമര (ദൃഢദാരു) തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളും സമ്പ്രദായങ്ങളും പ്രോത്സാഹിപ്പിക്കുക, ശരിയായ പ്രദേശങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക, വിവിധ ഉപയോഗങ്ങളുള്ളതും തദ്ദേശീയവുമായ കട്ടികുറഞ്ഞ തടിയുള്ള ഇനങ്ങൾ കൃഷി ചെയ്ത് പരമാവധി ഉൽപ്പാദനക്ഷമത ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു.

4. അടിസ്ഥാന സൗകര്യ വികസനം: വനപരിപാലനവും വനസംരക്ഷണവും നടത്തപ്പെടുന്നതിലേക്കായി ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ എന്നിവ ഈ പദ്ധതി ഘടകത്തിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) നിലവിലുള്ള പദ്ധതികൾ തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതിനെത്തുടർന്ന് തൻവർഷത്തിൽ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിലായി (പദ്ധതി) തുക വകയിരുത്തി അവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വിവിധ പരിപാടികളിലായി മുൻവർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുകയും മുൻവർഷങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള പ്രദേശത്ത് തൈകളെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുമുണ്ട്. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നശിച്ചുപോയ വനം വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ കാട്ടുതീ തടയൽ അത്യന്താപേക്ഷിതമാണ്. വനസംരക്ഷണ സമിതിയിലൂടെ ഈ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(സി) വനങ്ങളുടെ പരിപാലനത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുകവഴി, ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുക വഴി വനങ്ങളിലെ പരിശീലനം യന്ത്രവത്കരിക്കുക, പൈലറ്റ് അടിസ്ഥാനത്തിൽ എല്ലാ ഫോറസ്റ്റ് ഡിവിഷനിലും മാതൃകാ ക്ലോണൽ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ വനങ്ങളുടെ സംരക്ഷണത്തിന് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ബഹുമാനപ്പെട്ട ഗവർണർ 24-6-2016-ൽ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യ വനവൽക്കരണത്തിന് പ്രത്യേക ഊന്നൽ, വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, ഔഷധച്ചെടികൾ എന്നിവയുടെ നടീൽ പ്രോത്സാഹിപ്പിക്കൽ
2. സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതി.
3. ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിൽ ഉണ്ടാകുന്ന ആഘാതങ്ങളുടെ ശാസ്ത്രീയ പഠനം.
4. അവശേഷിക്കുന്ന വനമേഖലയിൽക്കൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ വ്യാപിപ്പിക്കൽ.
5. വനാതിർത്തി വേർതിരിക്കുന്ന പ്രക്രിയ പൂർത്തിയാക്കൽ
6. വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും നിരീക്ഷണത്തിനും ക്യാമറകൾ സ്ഥാപിക്കൽ
7. വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തൽ.

8. വയനാട് ജില്ലയെ കാർബൺ തുലിതമായി മാറ്റുന്നതിനുള്ള പദ്ധതി

9. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനുള്ള വനാതിർത്തിയിലൂടെയുള്ള വേലി നിർമ്മാണം കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.)-യുടെ ധനസഹായത്തോടുകൂടി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ (Anti-recession package) നടപ്പാക്കുന്ന പദ്ധതി.

**അസംഘടിത മേഖലയിലെ തൊഴിൽ നിയമലംഘനം**

11 (*71) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിൽ നിയമലംഘനം തടയാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിശ്രമവേളകൾ അനുവദിക്കാതിരിക്കുന്നതും അധിക വേതനം നൽകാതെ അധിക സമയം ജോലി ചെയ്യിക്കുന്നതും തടയാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകുമോ;

(സി) മിനിമം വേതനം നിശ്ചിത കാലയളവിൽ പുതുക്കാനും നിശ്ചയിച്ച വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാനും ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന

സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജ്യൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 2014 മുതൽ നാളിതുവരെ 14 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 5 പുതിയ തൊഴിൽ മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ 18-6-2016-ന് നടത്തിയ സ്പെഷ്യൽ പരിശോധനയിൽ സംസ്ഥാനമൊട്ടാകെയുള്ള 42 സ്ഥാപനങ്ങളിൽ വിവിധ തൊഴിൽനിയമപ്രകാരം കണ്ടെത്തിയ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ 29383 സ്ഥാപന പരിശോധനകൾ നടത്തുകയും 10409 കാരണം കാണിക്കൽ നോട്ടീസ്, 4157 പ്രോസിക്യൂഷൻ, 584 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിശ്രമ വേളകൾ അനുവദിക്കാതിരിക്കുന്നതും അധികജോലിക്ക് അധിക വേതനം നൽകാതിരിക്കുന്നതും സംബന്ധിച്ചുള്ള തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുകയും ആയത് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളിൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ആയത് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ 30-6-2016-ന് 3 വർഷം പൂർത്തിയായ എല്ലാ മിനിമം വേതന വിജ്ഞാപനങ്ങളും പുതുക്കി നിശ്ചയിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

2014 മുതൽ നാളിതുവരെ 14 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ബാക്കി മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മിനിമം വേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് തൊഴിലുടമയ്ക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കാത്ത തൊഴിലുടമയ്ക്കെതിരെ മിനിമം വേതന നിയമപ്രകാരം ക്ലെയിം നോട്ടീസും നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## യുനെസ്കോയുടെ പൈതൃക പദവി

12 (*72) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുനെസ്കോയുടെ പൈതൃക പദവിക്ക് അർഹത നേടിയെടുക്കാനാവുമെന്ന് കരുതുന്ന ചരിത്രാവശിഷ്ടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പൈതൃക പദവി നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ പുരാവസ്തു സംരക്ഷണ നിയമപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹകൾ, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ പത്മനാഭപുരം കൊട്ടാരം എന്നിവ പൈതൃക പദവിക്ക് അർഹത നേടിയെടുക്കാനാവുമെന്ന് കരുതുന്നു. ഇതിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പത്മനാഭപുരം കൊട്ടാരത്തെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി വിവരങ്ങൾ യുനെസ്കോയ്ക്ക് ലഭ്യമാക്കുകയും യുനെസ്കോയുടെ ആവശ്യപ്രകാരം പത്മനാഭപുരം കൊട്ടാരത്തിന്റെ Digital Graphics Documentation ചെയ്യുകയും സെമിനാർ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റിൽ പത്മനാഭപുരം കൊട്ടാരത്തെ ഉൾപ്പെടുത്തുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് അനുസരിച്ച് നിലവിലുള്ള സ്മാരകങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം സംരക്ഷിക്കുവാൻ യോഗ്യമായ പുതുതായി ശ്രദ്ധയിൽപ്പെടുന്ന സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ പുരവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും പൈതൃക തനിമകൾ ഒരിടത്ത് പ്രദർശിപ്പിക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാനും ഇതിലേക്കായി 8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം) സ്ഥലം ലഭ്യമാക്കി മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## തെരുവ് നായ ശല്യം ഒഴിവാക്കുവാൻ കർമ്മ പദ്ധതി

13 (*73) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ ശല്യം അമർച്ച ചെയ്യുവാൻ മൃഗസംരക്ഷണ വകുപ്പ് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സർക്കാർ സംവിധാനങ്ങളെ മാത്രം ആശ്രയിക്കാതെ സന്നദ്ധ സംഘടനകളുടെ സേവനം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) തെരുവ് നായ നിയന്ത്രണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപ്പെടുന്ന വിഷയമാണ്. ഇതിനായി വിവിധ ജില്ലാ പഞ്ചായത്തുകൾ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ കർമ്മപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ തെരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായ ശസ്ത്രക്രിയ ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാമും പേവിഷബാധ പ്രതിരോധ കുത്തിവയ്പും തെരുവുനായ്ക്കളിൽ നടത്തുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 2-9-2014-ലെ സ.ഉ. (സാധാ) നമ്പർ 2306/14/ത.സ്വ.ഭ.വ. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകളും ഒന്നാം ഗ്രേഡ് നഗരസഭകളും എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നതിൽ പ്രാവീണ്യമുള്ള സന്നദ്ധ സംഘടനകളിൽനിന്നും താൽപ്പര്യപത്രം കാണിച്ച് സ്വന്തം നിലയ്ക്ക് പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകുകയും മൈനർ മുനിസിപ്പാലിറ്റികൾ സമീപ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി ഏറ്റെടുക്കുന്നതിനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ സഹകരണത്തോടെ തിരുവനന്തപുരം നഗരസഭയിൽ ടി പദ്ധതി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആറ്റിങ്ങൽ നഗരസഭയിലും സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ സഹകരണത്തോടെ ടി പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ മറ്റുപല നഗരസഭകളിലും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തുകളിൽ നാല് മൃഗക്ഷേമ സംഘടനകൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. സന്നദ്ധരായ മൃഗക്ഷേമ സംഘടനകളുടെ സേവനം തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനും അവയുടെ തുടർന്നുള്ള പരിപാലനത്തിനും ഉപയോഗപ്പെടുത്താവുന്നതാണെന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വനഭൂമിയിലെ കയ്യേറ്റം

14 (*74) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുൽ ഹമീദ് പി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ബി) കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത വനഭൂമി വീണ്ടും കയ്യേറുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ വേർതിരിക്കുന്ന അതിർത്തിയുടെ കാര്യത്തിൽ വനം വകുപ്പ്, റവന്യൂ വകുപ്പ് എന്നിവ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ തർക്കം ഒഴിവാക്കി അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കേരളത്തിലെ വനപ്രദേശങ്ങളിൽ വനം കയ്യേറ്റമുണ്ടായാൽ ആയത് കണ്ടെത്തി ഉടനടി ഒഴിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ ഈ വിഷയത്തിലുള്ള നയം. വൺ എർത്ത് വൺ ലൈഫ് സൊസൈറ്റി, നേച്ചർ ലവേഴ്സ് മൂവ്മെന്റ് എന്നിവർ ഫയൽ ചെയ്തിട്ടുള്ള ഒ.പി. നമ്പർ 1947/03, 18467/02 എന്നീ കേസ്സുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 4-9-2015-ലെ വിധിയിൽ

1977-നുശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 1957-ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961-ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവ അനുസരിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വനസംരക്ഷണത്തിന്റെ ഭാഗമായി ഫീൽഡ് വിഭാഗം ജീവനക്കാർ നിരന്തരമായ പട്രോളിംഗ് നടത്തുകയും സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമായും നടപ്പിലാക്കുന്നുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കയ്യേറ്റശ്രമങ്ങൾ തടയുന്നു. കയ്യേറ്റം ഒഴിവാക്കിയ സ്ഥലങ്ങളിൽ ഉൾപ്പെടെ വനാതിർത്തി നിർണ്ണയിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം റെയിഞ്ച് ഡിവിഷൻ തലങ്ങളിൽ കണ്ടെത്തി ആയത് സ്ഥാപിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് മൂന്ന് മാസത്തെ സർവ്വേ പരിശീലനം നൽകിവരുന്നു. ഇത്തരത്തിൽ പരിശീലനം നൽകുകയും അവരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി കേരള സർവ്വേ ആന്റ് ബൗണ്ടറി റൂൾസ് ഇതിനായി ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ വേർതിരിക്കുന്ന അതിർത്തിയുടെ കാര്യത്തിൽ ചില സ്ഥലങ്ങളിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്.

(ഡി) അവ്യക്തത നിലനിൽക്കുന്ന സ്ഥലങ്ങളിൽ വനം, റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അതിർത്തി പുനർനിർണ്ണയം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ പദ്ധതി**

15 (*75) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ, അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതികളിൽപ്പെടുത്തി 350 ചതുരശ്ര അടി വീട് നിർമ്മിക്കുന്നതിന് വീടൊന്നിന് 3.50 ലക്ഷം രൂപ അനുവദിച്ചുവരുന്നു. ഇവ കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ. പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ച് നൽകുന്നുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ പുതിയ വീട് നിർമ്മിക്കുന്നതിനും മുൻവർഷങ്ങളിൽ അനുവദിച്ച (സ്പിൽ ഓവർ) വീടുകൾ പൂർത്തിയാക്കുന്നതിനും ആവശ്യകത അനുസരിച്ച് പഴയ വീടുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾക്കായി 50 കോടി രൂപയും അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ 150 കോടി രൂപയും ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിനായി ഹഡ്കോ വായ്പയുടെ ആദ്യഗഡുവായ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ഊരുകൂട്ടം അംഗീകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ വീടുകൾ അനുവദിച്ചുവരുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ലക്ഷ്യമിട്ടുകൊണ്ട് 2015-16 വർഷം എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി പ്രകാരം 9332 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിച്ചിരുന്നുവെങ്കിലും അവ പൂർത്തിയാവാത്തതിനാൽ ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

**ഭവനരഹിതരായ പട്ടികജാതിക്കാർ**

16 (*76) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :

<u>ശ്രീ. എം. എം. മണി</u> :

<u>ശ്രീ. പി. ഉണ്ണി</u> :

<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാത്തതും പണി ആരംഭിക്കാത്തതുമായ വീടുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വീടുകളുടെ പണി പൂർത്തിയാക്കാൻ എന്തു നടപടിയുണ്ടാകുമെന്ന് അറിയിക്കുമോ;

(സി) വീടു വയ്ക്കുവാനായി സ്ഥലം വാങ്ങുന്നതിന് ഈ വർഷം എത്ര പേർക്ക് സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന 7500 ഉം ഗ്രാമവികസന വകുപ്പുമുഖേന ഐ.എ.വൈ. ഇനത്തിൽ 9668 ഉം വീടുകൾ 2016-17-ൽ അനുവദിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിനായി 7000 പേർക്ക് 50,000 രൂപ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതിൽ 11070 വീടുകൾ പൂർത്തിയാകാതെ കിടക്കുകയാണ്. 1767 എണ്ണം ഒന്നാം ഗഡു കൈപ്പറ്റിയിട്ട് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയാണ്. കൈപ്പറ്റിയ ധനസഹായ ഗഡുക്കൾ ഉപയോഗിച്ച് നിർദ്ദിഷ്ട സ്റ്റേജ് വരെയുള്ള പ്രവൃത്തി പൂർത്തിയാക്കുന്നവർക്ക് ബാക്കി തുക ഇപ്പോഴത്തെ നിരക്കിൽ അനുവദിച്ച് വീടുകളുടെ പണി പൂർത്തീകരിക്കുന്നതാണ്.

(സി) ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് ഈ വർഷം 4438 പേർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വഴിയോരക്കച്ചവടം**

17 (*77) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. കെ. ദാസൻ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാർക്ക് അസൗകര്യമാകാത്ത വിധത്തിൽ വഴിയോരക്കച്ചവടം നടത്തുന്നവരുടെ തൊഴിൽ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ വഴിയോര കച്ചവട ഉപജീവന സംരക്ഷണ നിയന്ത്രണ നിയമം നിർമ്മിക്കാൻ നടപടിയുണ്ടാകുമോ;

(സി) കാർഷിക മേഖലയിലെയും പരമ്പരാഗത തൊഴിൽ മേഖലയിലെയും പ്രതിസന്ധി കൊണ്ട് തെരുവോര കച്ചവടത്തിലേക്ക് നയിക്കപ്പെടുന്നവർക്ക് നിയമപരമായി ലഭിക്കേണ്ട പരിരക്ഷ ഉറപ്പാക്കാനും ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കാനും ഉചിതമായ സ്ഥലത്ത് കച്ചവടം നടത്താൻ അനുമതി നൽകാനും നടപടിയുണ്ടാകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. ദേശീയ ജീവനോപാധി ദൗത്യം പദ്ധതിയുടെ ഒരു ഘടകമാണ് നഗര വഴിയോര കച്ചവടക്കാർക്കുള്ള സഹായം. നിലവിൽ നഗരങ്ങളിൽ മാത്രമാണ് വഴിയോരക്കച്ചവടക്കാരെ സഹായിക്കുന്നതിന് പദ്ധതിയുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം, നഗരങ്ങളിലെ വഴിയോരക്കച്ചവടക്കാരെ കണ്ടെത്തുന്നതിന് സർവ്വേ നടത്തുന്നതിനും കണ്ടെത്തിയ യഥാർത്ഥ തെരുവ് കച്ചവടക്കാർക്ക് ലൈസൻസും, തിരിച്ചറിയൽ കാർഡും നൽകി, വഴിയോരക്കച്ചവടം നിയമവിധേയമാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ പദ്ധതി പ്രകാരം, വഴിയോരക്കച്ചവടക്കാർക്ക്, കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നതിനും അവർക്ക് ആവശ്യമായ പരിശീലനം നൽകി മികച്ച സേവനം പ്രദാനം ചെയ്യുന്ന വഴിയോരക്കച്ചവടക്കാരാക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണം, ഇൻഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു. പദ്ധതി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട നഗരസഭകളാണ്.

ടി പദ്ധതി നിലവിൽ തെരഞ്ഞെടുത്ത 14 നഗരങ്ങളിൽ നടപ്പിലാക്കി വരുന്നു. വൈകാതെ തന്നെ പദ്ധതി മറ്റെല്ലാ നഗരങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. ആയതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വഴിയോരക്കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് കഴിയുന്നതാണ്. അതിന് നഗരസഭകൾ പദ്ധതി തയ്യാറാക്കുന്ന പക്ഷം, ആയതിന്റെ കൺസൾട്ടൻസി ഫീസും പദ്ധതി തുകയും എൻ.യു.എൽ.എം. ഫണ്ടിൽനിന്നും നൽകുന്നതാണ്.

(ബി) വഴിയോരക്കച്ചവട (വഴിയോരക്കച്ചവട നിയന്ത്രണവും ജീവനോപാധി സംരക്ഷണവും), നിയമം 2014-ൽ കേന്ദ്ര സർക്കാർ പാസ്സാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടവും സ്കീമും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാന തലത്തിൽ പുതിയ ഒരു നിയമം രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) തെരുവോരക്കച്ചവട നിയമം 2014 അനുശാസിക്കുന്ന എല്ലാ പരിരക്ഷയും സംരക്ഷണവും ഉറപ്പിൽ വരുത്തുകയും വഴിയോരക്കച്ചവടക്കാർക്കുള്ള മറ്റുക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതുമാണ്. നിയമപ്രകാരം ബന്ധപ്പെട്ട നഗരസഭകളാണ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത്. ഇതിനാവശ്യമായ സാമ്പത്തിക/സാങ്കേതിക സഹായം ദേശീയ ഉപജീവന ദൗത്യം വഴി നഗരസഭകൾക്ക് നൽകുന്നതാണ്. ആയതിന് അർഹരായവരെ കണ്ടെത്തി ലൈസൻസും തിരിച്ചറിയൽ കാർഡും നൽകിയശേഷം, ഇവരെ ഉചിതമായ സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതാണ്. നിലവിലുള്ള മാസ്റ്റർ പ്ലാനുകളിൽ സ്ഥലപരമായ ആസൂത്രണത്തിലൂടെ CTP/DTP-കളിൽ ആവശ്യമായ വകയിരുത്തലുകൾ നടത്തി, സ്ഥലം കണ്ടെത്തുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

**കുപ്പിവെള്ള നിർമ്മാണ പദ്ധതി**

18 (*78) ശ്രീ. കെ. ജെ. മാക്സി :

ശ്രീ. ബി. സത്യൻ :

ശ്രീ. പി. കെ. ശശി :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ള നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിന് പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതിയുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി.തോമസ്) :

(എ) കേരള വാട്ടർ അതോറിറ്റിയിൽ അരുവിക്കര കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ നിർമ്മാണ ജോലികൾ 14-1-2016-ൽ ആരംഭിച്ചിട്ടുണ്ട്.

(ബി) യഥാർത്ഥ ഉൽപ്പാദന ചെലവിനെ ആധാരമാക്കി കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നതിനാൽ കമ്പോള വിലയെ അപേക്ഷിച്ച് കുറഞ്ഞ വിലയ്ക്ക് നൽകുവാൻ സാധിക്കും. കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ള സാന്നിദ്ധ്യം കമ്പോളത്തിൽ ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ വില നിയന്ത്രിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിർമ്മാണ പ്രവൃത്തികൾ 2017 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കുടിവെള്ള ക്ഷാമം**

19 (*79) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷത്തിൽ സാരമായ കുറവുണ്ടായതിന്റെ പശ്ചാത്തലത്തിൽ ഉണ്ടാകാനിടയുള്ള കുടിവെള്ളക്ഷാമം നേരിടുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മുൻകരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ച കൊണ്ടുണ്ടാകുന്ന ദുരിതം കുറയ്ക്കാനായി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിക്ക് ഏതു വിധത്തിൽ ഫലവത്തായി ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കുമോ; അതിനായി സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) നീർത്തടങ്ങളുൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) കാലവർഷത്തിൽ കുറവുണ്ടായ പശ്ചാത്തലത്തിൽ വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത പരിഗണിച്ച് വേണ്ട മുൻകരുതൽ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഇറിഗേഷൻ, വൈദ്യുതി എന്നീ വകുപ്പുകളുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കുന്നതിനും അടിക്കടിയുള്ള ചോർച്ചമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനും ജല ലഭ്യതക്കുറവുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളില ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, റവന്യൂ തദ്ദേശസ്വയംഭരണ വകുപ്പുകൾ വഴി ടാങ്കറുകൾ മുഖേന ആവശ്യഘട്ടങ്ങളിൽ പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനും പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടികൾ സ്വീകരിക്കുന്നതിനും, ജലശുദ്ധീകരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിനും ഉദ്ദേശിക്കുന്നു.

കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോക ബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച്, ജലനിധി രണ്ടാംഘട്ട പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന 115 പഞ്ചായത്തുകളിൽ നടപ്പാക്കിവരുന്നു. 1022 കോടി രൂപ മുതൽമുടക്കി 2012-17 കാലയളവിൽ കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് സംസ്ഥാനത്തെ വരൾച്ച നേരിടുന്നതിനായി വിവിധ കുഴൽ കിണർ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മപദ്ധതികൾ നടപ്പാക്കി വരുന്നു. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി മുഖേന നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി ഒരു Externally Aided Project (EAP) ആയതിനാൽ പദ്ധതിയുടേതായ, സർക്കാർ അംഗീകരിച്ച Project Implementation Plan (PIP) അനുസരിച്ചാണ് ഇവ നടപ്പാക്കി വരുന്നത്. വരൾച്ച കൊണ്ടുണ്ടാകുന്ന ദുരിതം കുറയ്ക്കാനായി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

(സി) ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലനിധി പദ്ധതികൾ ഇതുവരെ 1677 ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ 1479 പദ്ധതികൾ 22-9-2016-നുള്ളിൽ പൂർത്തീകരിച്ചു. തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, Roof Water Harvesting ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) Sub surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശേഖരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്. ജലനിധി പദ്ധതികളിൽ ഉൾപ്പെടുത്തി ഭൂജല പരിപോഷണ പരിപാടികൾ ജലനിധി പഞ്ചായത്തുകളിൽ മാത്രമേ നടപ്പിലാക്കിവരുന്നുള്ളൂ. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. നീർത്തടങ്ങൾക്കകത്ത് വരുന്ന ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റ് വിഹിതമനുസരിച്ചുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. കൂടാതെ നദികൾക്കുകുറുകെ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനവും ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു.

## സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങൾ

20 (*80) ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എം. മുകേഷ് :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ-സാംസ്കാരിക രംഗത്ത് ഗുണപ്രദമായി ഇടപെടാൻ കഴിയും വിധം സംസ്ഥാനത്തെ സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങളെ സജീവമാക്കാൻ നടപടിയുണ്ടാകുമോ;

(ബി) മാനവികതയ്ക്കും മതേതര നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണത്തെ പ്രതിരോധിക്കാൻ ഇത്തരം സ്ഥാപനങ്ങൾക്ക് സാധിക്കാതെ പോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്താൻ തയ്യാറാകുമോ;

(സി) സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ജനകീയമാക്കി ഇവയെ ശക്തിപ്പെടുത്തുവാൻ പദ്ധതിയുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ ഗുണപ്രദമായി ഇടപെടാൻ തക്കവിധം സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുക എന്നത് ഈ സർക്കാരിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. മതേതര സംസ്കാരം അനുവർത്തിച്ചു പോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥ വ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) മാനവികതയ്ക്കും നവോത്ഥാനമൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യപടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരു വിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 6000 സ്ഥലങ്ങളിലെങ്കിലും സംഘടിപ്പിക്കപ്പെടുന്നതാണ്.

(സി) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ/ അക്കാദമികൾ എന്നിവ സ്വയംഭരണ സ്ഥാപനങ്ങളാണ് (കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തകക്ഷേമനിധി ബോർഡും ഒഴികെ) സർക്കാർ അംഗീകരിച്ചിട്ടുള്ള Bylaw/Memorandum of Association-ന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. അതത് സ്ഥാപനങ്ങളുടെ ഭരണസമിതി എടുക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. സാംസ്കാരിക സ്ഥാപനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലേയ്ക്ക് ഇറങ്ങിച്ചെന്ന് ഈ നാട്ടിലെ ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്ത് പ്രവർത്തനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്. ഈ സർക്കാർ 14 ജില്ലകളിലും 40 കോടി രൂപ വീതം ചെലവിൽ സാംസ്കാരിക സമുച്ചയങ്ങൾ പണികഴിപ്പിക്കുന്നതാണ്. ബഡ്ജറ്റിൽ 37 സ്ഥാപനങ്ങൾക്ക് കൂടുതലായി അനാവർത്തന ഗ്രാന്റും 8 സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് കൂടുതലായും അനുവദിച്ചു. സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി എന്നിവയുടെ ബഡ്ജറ്റ് വിഹിതം 50 ശതമാനം വർദ്ധിപ്പിച്ചു. ഇത്തരം നടപടികളിലൂടെ സാംസ്കാരിക സ്ഥാപനങ്ങളെ ജനകീയമാക്കാനും ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ സ്ഥലം**

21 (*81) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്കായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്. ഭൂരഹിതരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് താഴെപ്പറയുന്ന നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു.

| ഏരിയ | ഭൂമിയുടെ അളവ് | അനുവദിക്കുന്ന തുക (സെന്റൊന്നിന്) | ആകെ തുക (രൂപ) |
|---|---|---|---|
| ഗ്രാമപ്രദേശം | 5 സെന്റ് | 75000 | 3.75 ലക്ഷം |
| മുനിസിപ്പാലിറ്റി | 3 സെന്റ് | 1.5 ലക്ഷം | 4.50 ലക്ഷം |
| കോർപ്പറേഷൻ | 3 സെന്റ് | 2 ലക്ഷം | 6.00 ലക്ഷം |

(ബി) ഭൂരഹിതരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീട് നിർമ്മിക്കുവാൻ ഭൂമി നൽകുകയും ഘട്ടംഘട്ടമായി സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളെ മുഴുവൻ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന അംഗീകൃത ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റുകളിലെ മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. മേൽ ലിസ്റ്റുകൾ ലഭിക്കാത്ത സാഹചര്യത്തിൽ പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് തദ്ദേശഭരണ സ്ഥാപനാദ്ധ്യക്ഷൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർ/ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ, ടി ബ്ലോക്ക് പ്രദേശത്തെ സംസ്ഥാന ഉപദേശകസിമിതി അംഗം/ജില്ലാ ഉപദേശക സമിതി അംഗം എന്നിവരടങ്ങുന്ന സമിതി അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

(ഡി) ഈ വർഷത്തെ (2016-17) ബഡ്ജറ്റിൽ പദ്ധതിക്കായി 17,497 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**അസംഘടിതമേഖലയിലെ മിനിമം വേതനം**

22 (*82) ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. കെ. രാജൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ച് ഉത്തരവിറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലെ തൊഴിലാളികൾക്കാണ് ഇതിന്റെ ഗുണം ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) അവിദഗ്ദ്ധ വിഭാഗത്തിലെ തൊഴിലാളികൾക്ക് എത്ര രൂപയാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) മിനിമം വേതനത്തിന് പുറമേ മറ്റെന്തൊക്കെ ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഉത്തരവാണ് പരിഗണിക്കുന്നത്?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) പുതുതായി മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് ഉൾപ്പെടെ 75 മേഖലകളിലാണ് സംസ്ഥാനത്ത് മിനിമം വേതനം നിശ്ചച്ചിട്ടുള്ളത്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. പുതുതായി 4 മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ കേബിൾ ടി.വി. മേഖലയെ പുതുതായി മിനിമം വേതനം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വ്യത്യസ്ത തൊഴിൽ മേഖലകളിലായി മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതിനാലും അവ പലതും വ്യത്യസ്ത വർഷങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതിനാലും വിവിധ അസംഘടിത മേഖലകളിലെ അവിദഗ്ദ്ധ വിഭാഗത്തിലെ തൊഴിലാളികൾക്ക് വ്യത്യസ്ത വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) മിനിമം വേതനത്തിനുപുറമേ എല്ലാ തൊഴിലാളികൾക്കും ക്ഷാമബത്ത, ഉയർന്ന വേതനത്തിന് സംരക്ഷണം ഇവ നൽകുന്നുണ്ട്. കൂടാതെ ചില മേഖലകളിൽ സർവ്വീസ് വെയ്റ്റേജ് നൽകി വരുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പെൺകുട്ടികളുടെ ക്ഷേമം

23 (*83) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ;

(ബി) 'വാത്സല്യനിധി' എന്ന പേരിൽ പട്ടികജാതി പെൺകുട്ടികൾക്കായി നടപ്പാക്കിയ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി വകുപ്പ് മുഖേന നിലവിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല.

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന വാൽസല്യനിധി പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളാണ് ഗുണഭോക്താക്കൾ. 4 ഘട്ടങ്ങളിലായി 1,38,000 രൂപ ഒരു പെൺകുട്ടിയുടെ പേരിൽ എൽ.ഐ.സി.-യിൽ നിക്ഷേപിക്കും. ജനിച്ച് 6 മാസം പ്രായത്തിനുള്ളിൽ ജനനം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ആദ്യ ഗഡുവായ 30,000 രൂപ അടയ്ക്കും; സ്കൂൾ പ്രവേശനം നേടിയ ശേഷം രണ്ടാം ഗഡുവായ 33,000 രൂപ അടയ്ക്കും; അഞ്ചാം ക്ലാസ്സ് പാസ്സായാൽ മൂന്നാം ഗഡുവായ 36,000 രൂപയും 10-ാം ക്ലാസ്സ് പാസ്സായാൽ നാലാം ഗഡുവായ 39,000 രൂപയും അടയ്ക്കും. ഓരോ ഘട്ടത്തിലും അതുവരെ നടത്തേണ്ട ഇമ്മ്യൂണൈസേഷൻ ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. 18 വയസ്സ് പൂർത്തിയാകുമ്പോൾ ഉപരിപഠനത്തിനോ മറ്റ് വികസന ആവശ്യങ്ങൾക്കോ വേണ്ടി 3,00,000 രൂപ ഓരോ കുട്ടിക്കും എൽ.ഐ.സി. നൽകും. കൂടാതെ കുട്ടിക്ക് മാരക രോഗം പിടിപെടുന്ന പക്ഷം പൂർണ്ണ ചികിത്സാ ചെലവും പദ്ധതിയുടെ ഭാഗമായി ലഭിക്കും. കുട്ടിയുടെ സഹോദരങ്ങൾക്ക് സ്കോളർഷിപ്പും ഇതിന്റെ ഭാഗമായി ലഭിക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. നടപ്പുവർഷം ഉക അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

## ടൂറിസത്തിന്റെ മറവിൽ മൃഗവേട്ട

24 (*84) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ് പി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ മറവിൽ വനങ്ങളിൽ മൃഗവേട്ട സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കോ ടൂറിസത്തിന്റെ പേരിൽ വനത്തിനോട് ചേർന്നുള്ള എസ്റ്റേറ്റുകളിലും മറ്റും ഒരുക്കിയിട്ടുള്ള റിസോർട്ടുകൾ "ഹണ്ടിംഗ് ടൂറിസം" എന്ന പേരിൽ മൃഗവേട്ടയ്ക്ക് സൗകര്യമൊരുക്കുന്നു എന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) മൃഗവേട്ട തടയുകയും നടപടിയെടുക്കുകയും ചെയ്യേണ്ട ഉദ്യോഗസ്ഥർ ഇത്തരം റിസോർട്ടുകളിലെ നിത്യ സന്ദർശകരാണെന്നും ഇത്തരം വേട്ട കണ്ടില്ലെന്ന് നടിക്കുകയുമാണ് എന്നും ഉള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) ടൂറിസത്തിന്റെ മറവിൽ വനങ്ങളിൽ മൃഗവേട്ട സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ വയനാട് ജില്ലയിൽനിന്നും റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 'ഹണ്ടിംഗ് ടൂറിസം' എന്ന പേരിൽ മൃഗവേട്ടയ്ക്ക് സൗകര്യമൊരുക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ, വയനാട് വന്യജീവി സങ്കേതത്തിലെ മുത്തങ്ങ റെയിഞ്ചിലെ തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ മുക്കുത്തിക്കുന്ന് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ജംഗിൾ ഡെയ്സ് റിസോർട്ട് കേന്ദ്രീകരിച്ച് വന്യജീവികളെ വേട്ടയാടാൻ ശ്രമിച്ചതിന് തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷനിൽ 27-7-2016-ന് ഒ.ആർ. 04/16, 30-7-2016-ന് ഒ.ആർ. 05/16 എന്നീ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.ആർ. 04/16 നമ്പർ കേസ്സിൽ 10 പ്രതികളേയും ആയുധങ്ങളും വാഹനവും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പുള്ളിമാനെ വേട്ടയാടിയ കുറ്റത്തിന് ഒ.ആർ. 05/16 നമ്പർ കേസ്സ് രജിസ്റ്റർ ചെയ്തതിൽ 6 പ്രതികളിൽ 4 പ്രതികളേയും വാഹനവും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ടി കേസ്സുകളിൽ തുടരന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കുറിച്ചിയാട് റെയ്ഞ്ചിൽ 4-ാം മൈൽ ഭാഗത്ത് 30-5-2016-ന്

ഒരു പിടിയാനയെ വെടിവച്ച് കൊന്ന കുറ്റത്തിന് ഒ.ആർ. 02/2016 ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു. ഈ കുറ്റകൃത്യം റിസോർട്ട് കേന്ദ്രീകരിച്ചാണ് നടന്നതെന്നാണ് പ്രാഥമിക സൂചനകളിൽനിന്നും മനസ്സിലാകുന്നത്.

(സി) ഇത്തരം ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോക്രെഡിറ്റ് പദ്ധതി**

25 (*85) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പിന്നോക്ക ജാതി വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള മൈക്രോക്രെഡിറ്റ് പദ്ധതിയുടെ നിബന്ധനകളും വ്യവസ്ഥകളും എന്തൊക്കെയാണ്;

(ബി) ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതി പ്രാവർത്തികമാക്കിയത്;

(സി) ചില സംഘടനാ നേതാക്കൾക്ക് മൈക്രോഫിനാൻസിന്റെ പേരിൽ തട്ടിപ്പു നടത്താൻ അവസരമൊരുക്കിയത് എങ്ങനെയാണ്; ഇതുസംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ വെളിപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച വീഴ്ചകൾ എന്തൊക്കെയായിരുന്നുവെന്നും അതു പരിഹരിക്കുവാനായി പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) മൈക്രോ ക്രെഡിറ്റ് വായ്പ നൽകുന്നത് സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. സംഘടനകളുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ വഴി അംഗങ്ങൾക്ക് വായ്പ വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.

2. അയൽക്കൂട്ടങ്ങളിലെ അംഗ സംഖ്യ 20-ൽ കൂടുവാൻ പാടുള്ളതല്ല.

3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75 ശതമാനം അംഗങ്ങളും മറ്റുപിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.

4. ഗ്രാമങ്ങളിൽ 81,000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 1,03,000 രൂപയിൽ താഴെയും കുടുംബവാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.

5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപയാണ്.

7. കോർപ്പറേഷൻ നിലവിൽ ഈടാക്കുന്ന പലിശ നിരക്ക് 3 ശതമാനമാണ്. ഗുണഭോക്താക്കളിൽനിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5 ശതമാനമാണ്.

8. തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3 ശതമാനം പലിശ കൂടാതെ 12 ശതമാനം അധിക പലിശ ഈടാക്കി തുക തിരിച്ച് പിടിക്കുന്നതാണ്.

9. തിരിച്ചടവ് കാലാവധി 36 മാസം.

(ബി) അതെ.

(സി) സന്നദ്ധസംഘടനകൾ അവർക്ക് അനുവദിക്കുന്ന വായ്പ ഗുണഭോക്താക്കൾക്ക് 30 ദിവസത്തിനകം വിതരണം ചെയ്തശേഷം ഗുണഭോക്താക്കളുടെ പട്ടിക ഉൾപ്പെടുന്ന വിനിയോഗ സാക്ഷ്യപത്രം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഹാജരാക്കുന്നതിനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ സമർപ്പിച്ച വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനാവിധേയമാക്കിയപ്പോഴാണ് ഒരു സന്നദ്ധ സംഘടന വായ്പാവിനിയോഗ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാതുക നൽകിയിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കിയെന്നും കണ്ടെത്താൻ കഴിഞ്ഞത്. ഇത് നിബന്ധനകൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 2009-10 സാമ്പത്തിക വർഷത്തെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ താഴെപ്പറയുന്ന വീഴ്ചകളാണ് ചൂണ്ടിക്കാണിച്ചത്.

1. സന്നദ്ധ സംഘടനകൾ ഗുണഭോക്താക്കളിൽനിന്നും ഈടാക്കുന്ന പലിശ നിരക്ക് എത്രയെന്നും പരിശോധിച്ചില്ല.

2. വായ്പയുടെ വിനിയോഗം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല. ടി പരാമർശങ്ങളുടെ വെളിച്ചത്തിൽ കോർപ്പേറഷൻ ഗുണഭോക്താക്കളിൽ നിന്നും സന്നദ്ധ സംഘടനകൾക്ക് ഈടാക്കാവുന്ന പലിശ നിരക്ക് വായ്പാ കരാറിൽ നിബന്ധനയായി ഉൾപ്പെടുത്തുകയും സന്നദ്ധ സംഘടനകൾ സമർപ്പിക്കുന്ന വിനിയോഗ സാക്ഷ്യ പത്രത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

26 (*86) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇവയിൽ മിക്കവയുടെയും പ്രവർത്തനം മുൻസർക്കാരിന്റെ കാലത്ത് തീർത്തും നിഷ്ക്രിയമായിരുന്നുവെന്നും ക്ഷേമനിധി ആനുകൂല്യങ്ങൾ ദീർഘകാലമായി കുടിശ്ശികയുണ്ടായിരുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ ക്ഷേമനിധി ബോർഡുകൾക്കുള്ള സർക്കാർ വിഹിതം വർഷങ്ങളായി കുടിശ്ശികയായിട്ടുള്ളത് നൽകാൻ നടപടിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി അസംഘടിത മേഖലയിലടക്കം പണിയെടുക്കുന്ന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകളും 11 ക്ഷേമ പദ്ധതികളും നിലവിലുണ്ട്. എല്ലാ ക്ഷേമപദ്ധതികളിലും കൂടി ഏകദേശം 70 ലക്ഷത്തോളം തൊഴിലാളികൾ

അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതികളിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. സാമ്പത്തികമായി ഭദ്രതയുള്ള ബോർഡുകൾ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ക്ഷേമ പദ്ധതിയിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കുള്ള പെൻഷൻ 2016 ജൂൺ മുതൽ 600 രൂപയിൽനിന്നും 1000 രൂപയാക്കി വർദ്ധിപ്പിച്ച് നൽകുകയും എല്ലാ പെൻഷനുകളും കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ബോർഡുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിനും ഭരണച്ചെലവ് കുറയ്ക്കുന്നതിനുമായി സാമ്പത്തികമായി പിന്നോക്കം നിൽകുന്ന ബോർഡുകളെ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. കൂടാതെ തൊഴിലാളികളിൽ നിന്നുമുള്ള അംശദായം വർദ്ധിപ്പിക്കുന്നതിനും സെസ്സിനത്തിൽ ലഭിക്കേണ്ട തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2010 മുതലുള്ള വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയാണ്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**പഠനമുറി സഹായ പദ്ധതി**

27 (*87) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് 'പഠനമുറി' സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്നതിനായി 'പഠനമുറി'യിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 'പഠനമുറി' സഹായ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്ത തറ ടൈൽസ് പാകിയതുമായ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തിഅലമാര (2 കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്, ഫാൻ, സ്റ്റഡിഡെസ്ക്, കൈയില്ലാത്ത 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ദൃശ്യ-ശ്രാവ്യ പത്രമാധ്യമങ്ങൾ വഴി പ്രചരണം നൽകി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ വഴി അപേക്ഷകൾ സ്വീകരിക്കും. വരുമാനം, നിലവിലുള്ള വീടിന്റെ വിസ്തൃതി, അംഗങ്ങളുടെ എണ്ണം, കുട്ടികളുടെ ക്ലാസ്സ് എന്നിവ മാനദണ്ഡമാക്കും.

**ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ**

28 (*88) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ എക്സൈസ് വകുപ്പ് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ജനകീയ പങ്കാളിത്തം എങ്ങനെ പ്രയോജനപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ലഹരി മാഫിയകളെക്കുറിച്ച് വകുപ്പിനെ അറിയിക്കാൻ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും

ഉപഭോഗംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ച വരുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തങ്ങളിലൂടെ ഇത്തരം ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും വിമുക്തമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ബോധവൽക്കരണ പ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്, ലഹരി വിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ തുടങ്ങിയവ നിലവിൽ എക്സൈസ് വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡൻസ് പോലീസ് കേഡറ്റ് സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും വിദ്യാർത്ഥി-യുവജന സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവൽക്കരണ

പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ സ്കൂൾ, കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന 1993 ലഹരിവിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്തുവാനും കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്നതിന് 155358 എന്ന ടോൾ ഫ്രീ നമ്പർ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സാമൂഹ്യ നവമാധ്യമമായ വാട്ട്സ്ആപ്പ് മുഖാന്തിരം പരാതികൾ സ്വീകരിക്കുന്നതിന് 9061178000 എന്ന മൊബൈൽ നമ്പരിൽ വാട്ട്സ്ആപ്പ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇ-മെയിൽ മുഖേനയും എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് മുഖേനയും പൊതുജനങ്ങളിൽ നിന്നും വിവരങ്ങളും പരാതികളും സ്വീകരിക്കുന്നുമുണ്ട്. ഇതോടൊപ്പം തന്നെ പൊതുജനങ്ങളിൽ നിന്നും വിവരങ്ങളും പരാതികളും സ്വീകരിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി പ്രിവന്റീവ് ഓഫീസർ മുതൽ എക്സൈസ് കമ്മീഷണർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക മൊബൈൽ ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതും പ്രസ്തുത നമ്പറുകൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. മേൽപ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളിലും പരാതികളിലും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആയത് നിരീക്ഷിക്കുന്നതിനുമായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.

**വാത്സല്യനിധി പദ്ധതി**

29 (*89) ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. യു. പ്രതിഭ ഹരി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികൾക്കായി പ്രഖ്യാപിച്ചിട്ടുള്ള 'വാത്സല്യനിധി' പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പദ്ധതിയിൽ ചേരാനായി ഗുണഭോക്തൃവിഹിതം നൽകേണ്ടതായിട്ടുണ്ടോ; സർക്കാർ എത്ര തുക നിധിയുടെ ആവശ്യത്തിനായി നിക്ഷേപിക്കുമെന്നും ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഏതാണെന്നും അറിയിക്കുമോ;

(സി) പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതിയും അതിന് അവലംബിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡവും വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും വാർഷികവരുമാനം ഒരു ലക്ഷത്തിൽ കുറവുള്ളതുമായ മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ആരോഗ്യ-സാമൂഹിക-സാമ്പത്തിക ക്ഷേമം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയാണ് വാത്സല്യനിധി. പട്ടികജാതി വികസന വകുപ്പിന്റെയും എൽ.ഐ.സി. ഓഫ് ഇന്ത്യയുടെയും പങ്കാളിത്തത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പ് 1,38,000 രൂപ 4 ഇൻസ്റ്റാൾമെന്റുകളായി പെൺകുട്ടിയുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടി ജനിച്ച് 6 മാസം പൂർത്തിയായിട്ടുള്ളതും ജനനരജിസ്ട്രേഷൻ ചെയ്തിട്ടുള്ളതും ജനിച്ച് ആദ്യ 90 ദിവസത്തിനുള്ളിൽ നിർബന്ധിത പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുള്ളതും നിശ്ചിത അപേക്ഷ ഫോമിൽ ടി പദ്ധതിക്കായി അപേക്ഷ നൽകിയിട്ടുള്ളതുമായ ഗുണഭോക്താവിന് പദ്ധതിയുടെ ആദ്യ ഗഡുവായ 30,000 രൂപ പട്ടികജാതി വികസന വകുപ്പ് നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 6 വയസ്സ് പൂർത്തിയാകുമ്പോൾ സ്കൂൾ പ്രവേശനം നേടുകയും മറ്റ് നിർബന്ധിത പ്രതിരോധ കുത്തിവയ്പുകളും മെഡിക്കൽ പരിശോധനകളും പൂർത്തിയാക്കുമ്പോൾ പ്രസ്തുത സാക്ഷ്യപത്രം സമർപ്പിക്കുന്നത് പ്രകാരം പദ്ധതിയുടെ 2-ാം ഗഡുവായ 33,000 രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 5-ാം ക്ലാസ്സ് പാസ്സായതിനുശേഷം പദ്ധതിയുടെ 3-ാം ഗഡുവായ 36,000 രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 10-ാം ക്ലാസ്സ് പാസ്സായതിനു ശേഷം പദ്ധതിയുടെ അവസാന ഗഡുവായ 39,000 രൂപ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ ഉപരിപഠനത്തിനോ മറ്റ് നിർമ്മാണ വികസന പ്രക്രിയകൾക്കോ ഉപയോഗിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ ടി ഗുണഭോക്താവിന്റെ കുടുംബത്തിലെ ഒരു കുട്ടിക്ക് 9-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള

കാലഘട്ടങ്ങളിൽ 1200 രൂപ വീതം ഓരോ വർഷവും സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പട്ടികജാതി പെൺകുട്ടികൾ സ്പോർട്സ്/അത്‌ലറ്റിക്സിൽ മികവ് പുലർത്തിയാൽ അവർക്ക് പ്രത്യേക കാഷ് അവാർഡും അവരുടെ മുഴുവൻ കോച്ചിംഗ് ചെലവും വഹിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ ഈ കുട്ടികൾക്ക് മാരകമായ രോഗങ്ങൾ പിടിപെട്ടാൽ അതിന്റെ മുഴുവൻ ചികിത്സാചെലവും വഹിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) പദ്ധതിയിൽ ചേരുന്നതിന് ഗുണഭോക്തൃ വിഹിതം നൽകേണ്ടതില്ല. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി ഓരോ കുട്ടിയുടെയും പേരിൽ പട്ടികജാതി വികസന വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി നിക്ഷേപിക്കുന്നു. LIC of India മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) 'വാത്സല്യനിധി' പദ്ധതിയിലേക്ക് 2016-17 വർഷം മുതൽ ജനിക്കുന്ന പട്ടികജാതി പെൺകുട്ടികളെ ഉൾപ്പടുത്താവുന്നതാണ്. വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. ഗുണഭോക്താവിന്റെ പേരിൽ 1,38,000 രൂപ നാല് ഘട്ടങ്ങളിലായി സർക്കാർ നിക്ഷേപിക്കുകയും ടി ഗുണഭോക്താവിന് 18 വയസ്സ് പ്രായപൂർത്തിയാവുമ്പോൾ 3,00,000 രൂപ ലഭിക്കുന്നതുമാണ്.

**പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

30 (*90) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) ക്ഷീര കർഷകർക്ക് പാലിന് ന്യായമായ വിലയും മിതമായ വിലയ്ക്ക് കാലിത്തീറ്റയും ലഭ്യമാക്കാൻ നടപടിയുണ്ടാകുമോ;

(സി) ക്ഷീര വിപണന സംഘങ്ങളെ കൂടുതൽ കാര്യക്ഷമമാക്കിയും ചെലവ് ചുരുക്കിയും ആയതിന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനുവേണ്ടി സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ മിൽമയുടെ മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) ക്ഷീരകർഷകർക്കുണ്ടാകുന്ന ഉൽപ്പാദനചെലവ് സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വിൽപ്പന വിലകൾ, ഉപഭോക്തൃ വിൽപ്പന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ച് കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിലാണ് പാലിന്റെ സംഭരണ വില നിശ്ചയിക്കുന്നത്. ഇന്ന് രാജ്യത്ത് പാലിന് ഏറ്റവും കൂടുതൽ സംഭരണ വില നൽകുന്നത് കേരളത്തിലാണ്. ക്ഷീരകർഷകരുടെ ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനുവേണ്ടി സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ഉരുക്കൾക്കാവശ്യമുള്ള ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും ക്ഷീരകർഷകർക്ക് സംഘം മുഖേന വിതരണം നടത്തിവരുന്നു.

(സി) ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൃത്യമായും വാർഷിക പൊതുയോഗം കൂടുകയും മുൻവർഷത്തിലെ വരവ് ചെലവ് കണക്ക് ചർച്ച ചെയ്ത് അംഗീകരിക്കുകയും ലാഭവിഭജനം നടത്തി കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായ പരിശോധന നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുകയും ചെയ്യുന്നു. ക്ഷീരസംഘങ്ങൾ മുഖേന പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാൽ അളവിന് ആനുപാതികമായി ഇൻസെന്റീവ് നൽകി വരുന്നു. ക്ഷീരസംഘം ജീവനക്കാരുടെ പ്രതിമാസ അവലോകന യോഗവും ക്ഷീരസംഘം ഭരണസമിതി അംഗങ്ങളുടെ ത്രൈമാസ അവലോകന യോഗവും ജില്ലാതലത്തിൽ വാർഷിക അവലോകന യോഗവും നടത്തി ക്ഷീരസംഘം പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നുണ്ട്. ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരസംഘങ്ങൾക്ക് താഴെപ്പറയുന്ന ധനസഹായങ്ങൾ നൽകുന്നുണ്ട്.

1. പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർഷക പരിശീലന പരിപാടികൾ

2. പുതുതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്ക് പ്രവർത്തന സഹായം.

3. പ്രവർത്തന രഹിതമായ ക്ഷീരസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ സഹായം

4. പാൽ സംഭരണ മുറികളുടെ നിർമ്മാണം/പുനരുദ്ധാരണം

5. ക്ഷീര സഹകരണ സംഘങ്ങൾക്ക് അവശ്യാധിഷ്ഠിത സഹായം.

6. ക്ഷീര സഹകരണ സംഘങ്ങൾക്ക് ബി.എം.സി. യൂണിറ്റ് (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കുന്നതിനുള്ള സഹായം

7. കർഷകർക്ക് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ

8. ക്ഷീരസംഘം ജീവനക്കാർക്ക് ഭക്ഷ്യ സുരക്ഷ പരിശീലനം

9. മിൽക്ക് റൂട്ടുകളിലേയ്ക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി കോളനികൾ

1 (506) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയെന്നും; ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ പട്ടികയും ഒരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

2 (507) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എത്ര പട്ടികജാതി കോളനികളുടെ നവീകരണം പൂർത്തീകരിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(ബി) എത്ര കോളനികളുടെ നവീകരണം പുരോഗമിക്കുന്നു എന്നും അവയുടെ നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 2012-13 സാമ്പത്തിക വർഷം 3 കോളനികളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ അവസാന ഗഡു തുക അനുവദിച്ചു നൽകിയിട്ടില്ല.

(ബി) 16 കോളനികളിലെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**മോഡൽ കോളനികൾ**

3 (508) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ എത്ര മോഡൽ കോളനികൾ ആണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികൾക്ക് അനുവദിച്ച 1 കോടി രൂപയിൽ എത്രമാത്രം കോളനികളിൽ വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കാസർകോഡ് ജില്ലയിലെ നടക്കാവ് കോളനിയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അഴിമതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 മോഡൽ കോളനികൾ

(ബി) ഓരോ മോഡൽ കോളനിയിലും 25 വീടുകൾ വീതം 5 കോളനികളിൽ 125 വീടുകൾ അനുവദിച്ചു. ഒരു വീടിന് 5.32 ലക്ഷം രൂപ നിരക്കിൽ 6.65 കോടി രൂപ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇതുവരെ വീടുകളൊന്നും പൂർത്തിയായിട്ടില്ല.

(സി&ഡി) പരിശോധിച്ചുവരുന്നു.

**മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്**

4 (509) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് പട്ടികജാതിയിൽപ്പെട്ടവർക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ എന്തെങ്കിലും നിയമ തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ പ്ലസ് ടു കോഴ്സ് കൂടി അനുവദിച്ച് എസ്.എസ്.എൽ.സി. വരെ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ഉപരിപഠനത്തിന് മറ്റ് ഹയർ സെക്കണ്ടറി സ്കൂളുകളെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവാക്കാൻ വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് വെള്ളച്ചാൽ (കൊടക്കാട്) എം.ആർ.എസ്.-ൽ പ്ലസ് ടു ആരംഭിക്കുന്നതിന് നിലവിൽ ഹോസ്റ്റൽ സൗകര്യമില്ലാത്തതാണ് തടസ്സമായിട്ടുള്ളത്.

(ബി) ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

**അഴിയൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ**

5 (510) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിയൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് എന്തെങ്കിലും സഹായങ്ങൾ പ്രത്യേകമായി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇവരുടെ താമസ സ്ഥലത്തേക്കുള്ള റോഡുകളുടെ ദുരവസ്ഥ പരിഗണിച്ച് ഇവ നവീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഴിയൂർ ഗ്രാമപഞ്ചായത്തിൽ 204 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നു.

(ബി) പ്രത്യേക സഹായങ്ങൾ നൽകിയിട്ടില്ല.

(സി) 10-ൽ അധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളില്ലാത്ത സാഹചര്യത്തിൽ അഴിയൂർ പഞ്ചായത്തിലെ പട്ടികജാതി കോളനികളിലെ റോഡുകൾ നവീകരിക്കാൻ SCP ഫണ്ട് വിനിയോഗിക്കുവാൻ നിർവ്വാഹമില്ല.

**കോർപ്പസ് ഫണ്ട്**

6 (511) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് എത്ര തുക അനുവദിച്ചു; ആയതിൽ എത്ര തുക ചെലവഴിച്ചു;

(ബി) 2016-17 സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി വികസന വകുപ്പ് :

2015-16 സാമ്പത്തിക വർഷം കൊല്ലം ജില്ലയ്ക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ 3,87,35,000 രൂപ അനുവദിച്ചു. അതിൽ 87,72,542/- രൂപ ചെലവഴിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പ് :

2015-16 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 17,16,638 രൂപ അനുവദിക്കുകയും ആയതിൽ 13,46,638 രൂപ ചെലവഴിക്കുകയും ചെയ്തു.

(ബി) പട്ടികജാതി വികസന വകുപ്പ് :

2016-17 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിനത്തിൽ കൊല്ലം ജില്ലയ്ക്ക് 6,58,90,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് :

2016-17 സാമ്പത്തിക വർഷം കൊല്ലം ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിനായി 41.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. അത് ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കോർപ്പസ് ഫണ്ട്**

7 (512) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2015-16-ൽ വാമനപുരം നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും 116.49 ലക്ഷം രൂപയുടെ പദ്ധതികളും പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 20.17 ലക്ഷം രൂപയുടെ പദ്ധതികളും കോർപ്പസ് ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധം ആയി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതി വികസന കോർപ്പസ് ഫണ്ട്**

8 (513) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ട്; പഞ്ചായത്തടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പട്ടികജാതി കോളനികളുടെ വികസനത്തിനായി 2016-17 വർഷം എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ;

(സി) പട്ടികജാതി വികസന കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 1-4-2016 മുതൽ 31-8-2016 വരെ പാലക്കാട് ജില്ലയിൽ ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ഡി) 2016-17 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 4310 പട്ടികജാതി കോളനികൾ ഉണ്ട്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) കോളനികളുടെ വികസനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക ഘടകപദ്ധതി ഫണ്ടും ജനസംഖ്യാനുപാതികമായി ജില്ലയ്ക്ക് അനുവദിച്ച കോർപ്പസ് ഫണ്ടും ഇതിനായി ഉപയോഗിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ പാലക്കാട് ജില്ലയ്ക്ക് 8,10,70,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സി&ഡി) പാലക്കാട് ജില്ലയിൽ കോളനികളുടെ വികസനത്തിനായി 2016-17 വർഷം അനുവദിച്ച കോർപ്പസ് ഫണ്ട് പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

2016-17 സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

9 (514) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി കോളനികളിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി എന്നു തുടങ്ങി, എന്നു പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രകാരം കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും തിരുവമ്പാടി മണ്ഡലത്തിൽ തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിനായി അംബേദ്കർ സ്വാശ്രയ ഗ്രാമം എന്ന പേരിൽ ഒരു പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിവരുന്നു.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

10 (515) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവിഷ്കരിക്കുന്ന അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ആകെ എത്ര തുക ചെലവിടാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ സ്വാശ്രയഗ്രാമം എന്ന പേരിൽ ഒരു പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ തയ്യാറായി വരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ**

11 (516) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങളെക്കുറിച്ച് അറിയാത്തതുകൊണ്ടും ആനുകൂല്യങ്ങൾ ലഭിക്കാത്തത് കൊണ്ടും ദുരിതജീവിതം നയിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന കണക്ക് ലഭ്യമാണോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ :

1. ഭൂരഹിത പുനരധിവാസ പദ്ധതി
2. ഭവന നിർമ്മാണ ധനസഹായ പദ്ധതി.
3. പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റുവകുപ്പുകൾ ശിപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട്.
4. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ (51 ശതമാനം സംസ്ഥാന വിഹിതം)
5. വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും.
6. പൗരാവകാശം സംരക്ഷിക്കാനും നടപ്പാക്കാനുമുള്ള പി.സി.ആർ ആക്ട് (50 ശതമാനം സംസ്ഥാന വിഹിതം)
7. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട് (Critical Gap Filling Scheme)
8. പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ ഓഹരി മൂലധനം
9. പട്ടിക വിഭാഗത്തിലുള്ള ദുർബല വിഭാഗ ഉന്നമന പദ്ധതി
10. പട്ടികജാതി പെൺകുട്ടികൾക്കായുള്ള വിവാഹ ധനസഹായ പദ്ധതി
11. വെള്ളായണി-അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം.

12. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
13. തൊഴിലിനും പരിശീലനത്തിനുമായുള്ള ധനസഹായം
14. ബോർഡിംഗിനുള്ള ധനസഹായം
15. പ്രീമെട്രിക് ഹോസ്റ്റലുകളിലെ ട്യൂഷൻ പരിശീലന പരിപാടികൾ
16. പ്രീപ്രൈമറി വിദ്യാഭ്യാസം
17. ഇന്ദിരാ ആവാസ് യോജന എസ്.സി.പി. (40% സംസ്ഥാന വിഹിതം)
18. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന/എൻ.ആർ.എൽ.എം. (40% സംസ്ഥാന വിഹിതം)
19. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50%സംസ്ഥാന വിഹിതം)
20. മരാമത്തും കെട്ടിടങ്ങളും
21. പ്രത്യേക ഘടക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം
22. ഇന്ദിരാ ആവാസ് യോജന എസ്.സി.പി. (60% കേന്ദ്രാവിഷ്കൃത പദ്ധതി)
23. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന/എൻ.ആർ.എൽ.എം-എസ്.സി.പി. (60% കേന്ദ്ര വിഹിതം)
24. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗവികസന കോർപ്പറേഷൻ (49% കേന്ദ്ര വിഹിതം)
25. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% കേന്ദ്ര വിഹിതം)
26. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി)
27. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി.)
28. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മാതാപിതാക്കളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി.)
29. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക് ...100% കേന്ദ്രാവിഷ്കൃത പദ്ധതി)
30. 9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യപദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി.)

ഇതിനുപുറമേ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി പ്രത്യേകം അനുവദിക്കപ്പെട്ട പദ്ധതി വിഹിതം വിനിയോഗിച്ച് വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നു.

<u>പട്ടികവർഗ്ഗ വിഭാഗത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ</u> :

2016-17 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

<u>പിന്നോക്ക സമുദായത്തിനായുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ</u> :

പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പദ്ധതികളുടെ പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു* .

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u> :

ബ്ലോക്ക്/ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ വഴി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയാണ് ആനുകൂല്യങ്ങൾ നൽകി വരുന്നത്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതം വിനിയോഗിച്ച് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u> :

പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

- കോളനികളിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു.
- പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാവിധ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

<u>പിന്നോക്ക സമുദായ വകുപ്പ്</u> :

ടി പദ്ധതികളുടെ ആനുകൂല്യം യഥാസമയം നൽകുന്നതിനായി പിന്നോക്കസമുദായ വികസന വകുപ്പ് ഡയറക്ടറേറ്റും മേഖലാതലത്തിൽ കോഴിക്കോട്ടും എറണാകുളത്തും ഓഫീസുകളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് പട്ടികജാതി വികസന വകുപ്പ്, ഐ.ടി.@സ്കൂൾ, എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത

12 (517) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി, ഭവനം, വൈദ്യുതി ഇവ ഇല്ലാത്തവർ, ശുദ്ധമായ കുടിവെള്ളം ലഭിക്കാത്തവർ, ജനിതക രോഗങ്ങൾ ബാധിച്ചവർ, ഗതാഗത സൗകര്യമില്ലാത്തവർ തുടങ്ങി കഷ്ടത അനുഭവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഒരു സമഗ്ര ഉന്നമന പാക്കേജ് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതെ ചൂഷണത്തിന് ഇരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവയൊരുക്കുന്നതിന് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയും ഭൂമി, ഭവനം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളുമുണ്ട്. സിക്കിൾ സെൽ അനീമിയ പോലുള്ള രോഗങ്ങൾ ബാധിച്ചവർക്കുള്ള പ്രത്യേക പദ്ധതി നിലവിലുണ്ട്. ഇവയ്ക്ക് പുറമേ കോർപസ് ഫണ്ടും പൂൾസ് ഫണ്ടും ഉപയോഗിച്ചും വിവിധ വികസന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇവ സംയോജിപ്പിച്ച് കോളനി വികസനം, ഹാംലെറ്റ് വികസന പദ്ധതികൾ ഒരു പാക്കേജായി നടത്തി വരുന്നുണ്ട്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ട് മുഖേനയും പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം ഓൺലൈനായി ബാങ്ക് അക്കൗണ്ട് മുഖേനയും നൽകിവരുന്നു. ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം തുടങ്ങിയ പദ്ധതി പ്രകാരം പട്ടികജാതി ജനവിഭാഗത്തിന് ലഭ്യമാക്കേണ്ട ധനസഹായം ബാങ്ക് അക്കൗണ്ടിലൂടെയും നൽകിവരുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും പൂർണ്ണമായും ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽസാഹചര്യത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതെ ചൂഷണത്തിനിരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ പദ്ധതി**

13 (518) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ പദ്ധതിപ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര തുക അനുവദിച്ചെന്നും അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തുവോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവിഭാഗക്കാർക്കുള്ള ചികിത്സാധനസഹായ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 71 പട്ടികജാതിക്കാർക്കും 64 പട്ടികവർഗ്ഗക്കാർക്കും ചികിത്സാധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 71 പേർക്കായി അനുവദിച്ച 12,73,000 രൂപയിൽ 69 പേർക്കായി 12,63,000 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. രണ്ടുപേരുടെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച 1,07,750 രൂപ വിതരണം ചെയ്തിട്ടുണ്ട്.

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ നിധി**

14 (519) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ നിധിയിൽനിന്നും കോതമംഗലം മണ്ഡലത്തിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിച്ച മുഴുവൻ തുകയും ധനസഹായമായി വ്യക്തികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-16 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ നിധിയിൽനിന്നും കോതമംഗലം മണ്ഡലത്തിലേയ്ക്ക് ആകെ 68,91,393 രൂപ (അറുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി മൂന്ന്) അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) നിലവിൽ അനുവദിച്ച മുഴുവൻ തുകയും വിതരണം ചെയ്തിട്ടുള്ളതാണ്.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും**

15 (520) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും നല്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും നല്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് സ്വന്തമായി ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന "ഭൂരഹിതപുനരധിവാസ പദ്ധതി"യും സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് "ഭവന നിർമ്മാണ ധനസഹായ പദ്ധതി"-യും നടപ്പിലാക്കിയിട്ടുണ്ട്. 2016-17-ൽ 4438 പേർക്ക് സ്ഥലം വാങ്ങുവാനും 7500 പേർക്ക് വീട് വയ്ക്കുവാനും അനുമതി നൽകിയിട്ടുണ്ട്. ഐ.എ.വൈ. പ്രകാരം 9668 കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ ധനസഹായം നൽകുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി,

ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതി, വനാവകാശ നിയമം 2006 എന്നീ പദ്ധതികൾ മുഖാന്തിരം ഭൂമി ലഭ്യമാക്കി വരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് ലഭ്യമാക്കുന്നതിനായി ഭവനനിർമ്മാണ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതി പ്രകാരവും പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ച് വരുന്നു.

(ബി) പട്ടികജാതിക്കാർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതിക്കായി 17,497 ലക്ഷം രൂപയും ഭവനനിർമ്മാണ പദ്ധതിക്കായി 26,500 ലക്ഷം രൂപയും 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഗുണഭോക്താക്കളുടെ ഭൗതിക ലക്ഷ്യം നിർണ്ണയിച്ച് നൽകുകയും ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവർ ഇഷ്ടപ്പെടുന്ന 25 സെന്റിൽ കുറയാത്ത ഭൂമി വാങ്ങി നൽകുന്നതിനായി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നതിനായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ റ്റി.ആർ.ഡി.എം., വനാവകാശനിയമം എന്നിവ പ്രകാരവും ഭൂമി അനുവദിച്ചു വരുന്നു. ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിനായി വർഷംതോറും വീടുകൾ അനുവദിക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽനിന്നും ധനസഹായം ലഭ്യമാക്കി 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷവും വരുംവർഷങ്ങളിലുമായി 3000 വീടുകൾ കൂടി ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിക്കുന്നതാണ്. സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി മുൻനിർത്തി എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതി പ്രകാരവും സംസ്ഥാനത്തൊട്ടാകെ 9362 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായങ്ങളിലെ കുട്ടികൾക്കായുള്ള ഹോസ്റ്റലുകൾ

16 (521) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി നിലവിലുള്ള ഹോസ്റ്റലുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഹോസ്റ്റലുകളിൽ ഓരോന്നിലും എത്ര കുട്ടികൾവീതം താമസിക്കുന്നുവെന്നും എത്ര ജീവനക്കാർ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് അറിയിക്കുമോ;

(സി) ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ വാമനപുരം ബ്ലോക്കിൽ ആൺ കുട്ടികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. വാമനപുരം നിയോജക മണ്ഡലത്തിൽ നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 2 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്.

1. പ്രീമെട്രിക് ഹോസ്റ്റൽ ഞാറനീലി (ഗേൾസ്).

2. പ്രീമെട്രിക് ഹോസ്റ്റൽ നന്ദിയോട് (ബോയ്സ്).

വാമനപുരം നിയോജക മണ്ഡലത്തിൽ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി ഹോസ്റ്റലുകളൊന്നും നിലവിലില്ല.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലിൽ നിലവിൽ 25 കുട്ടികൾ താമസിച്ചു വരുന്നു. ജീവനക്കാരുടെ വിവരം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വാർഡൻ | - | 1 |
| കുക്ക് | - | 2 |
| വാച്ച്മാൻ | - | 1 |
| പാർട്ട്ടൈം സ്വീപ്പർ | - | 1 |

പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിലുള്ള ഹോസ്റ്റലിൽ,

1. പ്രീമെട്രിക് ഹോസ്റ്റൽ ഞാറനീലി (ഗേൾസ്) - 73 അന്തേവാസികൾ

| | | |
|---|---|---|
| വാർഡൻ | - | 1 (സ്ഥിരം ജോലി) |
| പാർട്ട്ടൈം ട്യൂട്ടർ | - | 1 |
| കുക്ക് | - | 2 (ദിവസവേതനാടിസ്ഥാനത്തിൽ) |
| വാച്ച്മാൻ | - | 1 (ദിവസവേതനാടിസ്ഥാനത്തിൽ) |

2. പ്രീമെട്രിക് ഹോസ്റ്റൽ നന്ദിയോട് (ബോയ്സ്)-43 അന്തേവാസികൾ

| | | |
|---|---|---|
| വാർഡൻ | - | 1 (ദിവസവേതനാടിസ്ഥാനത്തിൽ) |
| പാർട്ട്ടൈം ട്യൂട്ടർ | - | 1 |
| കുക്ക് | - | 2 (ദിവസവേതനാടിസ്ഥാനത്തിൽ) |
| വാച്ച്മാൻ | - | 1 (സ്ഥിരം ജീവനം) |

(സി) പട്ടികജാതി :

ഉണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ള ഹോസ്റ്റൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. വാർഡനാണ് ഹോസ്റ്റലിന്റെ കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നത്. പട്ടികജാതി വികസന ഓഫീസർ മാസത്തിലൊരിക്കൽ ഹോസ്റ്റൽ സന്ദർശിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

പട്ടികവർഗ്ഗം :

ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട് ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ എന്നിവർ മുഖേന ടി ഹോസ്റ്റലുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

## ദുരിതാശ്വാസ നിധി

17 (522) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ഈ ഇനത്തിൽ കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ഉത്തരവ് സഹിതം വിശദമാക്കുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 14,75,94,750 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 44295000 |
| കൊല്ലം | 12517000 |
| പത്തനംതിട്ട | 6683500 |
| ആലപ്പുഴ | 9992000 |
| കോട്ടയം | 1238100 |
| ഇടുക്കി | 5193500 |
| എറണാകുളം | 12030000 |
| തൃശ്ശൂർ | 20038100 |
| പാലക്കാട് | 9995700 |
| മലപ്പുറം | 16812000 |
| കോഴിക്കോട് | 3140000 |
| വയനാട് | 632000 |
| കണ്ണൂർ | 1180000 |
| കാസർഗോഡ് | 3847850 |
| ആകെ | 147594750 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 1,67,500 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| | പട്ടികവർഗ്ഗം |
|---|---|
| തിരുവനന്തപുരം | 25,000 |
| കൊല്ലം | 5,000 |
| ആലപ്പുഴ | 35,000 |
| പത്തനംതിട്ട | 37,500 |
| ഇടുക്കി | 35,000 |
| വയനാട് | 25,000 |
| കോട്ടയം | 5,000 |
| എറണാകുളം | Nil |
| തൃശ്ശൂർ | Nil |
| പാലക്കാട് | Nil |
| മലപ്പുറം | Nil |
| കോഴിക്കോട് | Nil |
| കണ്ണൂർ | Nil |
| കാസർഗോഡ് | Nil |
| ആകെ | 1,67,500 |

(ബി) കണ്ണൂർ ജില്ലയിൽ പട്ടികജാതിയിൽ ആകെ 55 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(എ) <u>സർക്കാരിൽ നിന്നുത്തരവായത്</u>

| ഉത്തരവ് | എണ്ണം | തുക |
|---|---|---|
| 1. സ.ഉ(സാധാ.) നമ്പർ 1063/2016/ പജപവവിവ. തീയതി 5-8-2016 | 1 | 15000 |
| 2. സ.ഉ(സാധാ.) നമ്പർ 1064/2016/ പജപവവിവ. തീയതി 5-8-2016 | 3 | 15000 |
| 3. സ.ഉ(സാധാ.) നമ്പർ 1211/2016/ പജപവവിവ. തീയതി 29-8-2016 | 10 | 200000 |

(ബി) ഡയറക്ടറേറ്റിൽ നിന്നുത്തരവായത്

| ഉത്തരവ് | എണ്ണം | തുക |
|---|---|---|
| 1. ഡെവ.സി 1-4221/16 തീയതി 31-5-16 | 3 | 30000 |
| 2. ഡെവ.സി 1-1829/16 തീയതി 2-6-16 | 1 | 10000 |
| 3. ഡെവ.സി 1-4754/16 തീയതി 3-6-16 | 7 | 62000 |
| 4. ഡെവ.സി 1-6399/16 തീയതി 13-6-16 | 3 | 30000 |
| 5. ഡെവ.സി 1-8854/16 തീയതി 20-6-16 | 3 | 30000 |
| 6. ഡെവ.സി 1-7075/16 തീയതി 30-6-16 | 4 | 20000 |
| 7. ഡെവ.സി 1-8851/16 തീയതി 11-7-16 | 2 | 20000 |
| 8. ഡെവ.സി 1-19163/16 തീയതി 1-9-16 | 13 | 84500 |

കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നനുവദിച്ചത്

| ഉത്തരവ് | എണ്ണം | തുക |
|---|---|---|
| സി6/3660/16 തീയതി 29-8-2016 | 1 | 5000 |
| 6/3660/16 തീയതി 22-9-2016 | 4 | 20000 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായമായി ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിച്ചിട്ടില്ല.

**ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പേര്**

18 (523) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് പ്രവർത്തിക്കുന്ന ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പേര് പ്രമുഖ സാമൂഹ്യപരിഷ്കർത്താവായ ആനന്ദതീർത്ഥരുടെയും, പരവനടുക്കം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പേര് അയ്യങ്കാളിയുടെയും പേരുകളിൽ പുനർനാമകരണം ചെയ്യാൻ നടപടി ഉണ്ടാകുമോ;

(ബി) ഇതുസംബന്ധിച്ച് ജില്ലയിലെ പ്രമുഖ സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനം നൽകിയ അപേക്ഷ പരിഗണിക്കാൻ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ&ബി) അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.

## സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

19 (524) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' എന്ന പദ്ധതി പ്രകാരം പട്ടികജാതി സങ്കേതങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി മുൻസർക്കാരിന്റെ കാലത്ത് എത്ര പദ്ധതികൾ ആണ് അനുവദിച്ചത്; എത്ര കോടി രൂപ ഇതിനായി നീക്കിവച്ചു; ഇവയുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏല്പിച്ചിട്ടുള്ള പല ഏജൻസികളും ഇവയുടെ നിർമ്മാണം പൂർത്തിയാക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ സർക്കാരിൽ നിന്നും പണം പറ്റുകയും നിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;ഇവയുടെ നിർമ്മാണച്ചുമതല നടത്തിയിരുന്ന ഏജൻസികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തുകയും അനധികൃതമായി കൈപ്പറ്റിയ തുക ഇവരിൽ നിന്നും ഈടാക്കി കോളനികളുടെ വികസനം പൂർത്തീകരിക്കുകയും ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി സങ്കേതങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി മുൻ സർക്കാരിന്റെ കാലത്ത് 216 കോളനികൾ തെരഞ്ഞെടുത്തു. ഓരോ കോളനിയിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പരമാവധി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പുരോഗതിയനുസരിച്ച് ഘട്ടം ഘട്ടമായിട്ടാണ് തുക അനുവദിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -I ആയി ചേർക്കുന്നു. * ഒട്ടാകെ വേണ്ട 216 കോടി രൂപയിൽ 88 കോടി രൂപ മാത്രമാണ് അനുവദിച്ചിരുന്നത്. 37 കോളനികളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അവയുടേയും അവസാന ഗഡു നല്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) നിർമ്മാണം പൂർത്തിയായിട്ടില്ലാത്ത സങ്കേതങ്ങളുടെ ലിസ്റ്റ് അനുബന്ധം - I-ൽ നല്കുന്നു. *

(ഡി) കോളനികളുടെ വികസനം പൂർത്തീകരിക്കുന്നതിന് ജില്ലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്

20 (525) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് നൽകാനുള്ള സ്റ്റൈപ്പന്റ് കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അതത് അദ്ധ്യയനവർഷം തന്നെ സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 26.30 കോടി രൂപയും ഒ.ഇ.സി. വിഭാഗത്തിൽ 116.60 കോടി രൂപയും എസ്.ഇ.ബി.സി. ഇനത്തിൽ 30.38 കോടി രൂപയും കുടിശ്ശികയുണ്ടായിരുന്നു. ഇപ്പോൾ പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ഇനത്തിൽ കുടിശ്ശികയില്ല.

(ബി) അതാത് അദ്ധ്യയന വർഷം തന്നെ സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതിഗ്രാമം പദ്ധതി

21 (526) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതിഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനം ആരംഭിച്ച ആറ്റിങ്ങൽ മണ്ഡലത്തിലെ ഇടവനക്കോണം, തോപ്പിൽ കോളനികളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളിലെ നവീകരണ പ്രവർത്തനങ്ങൾക്ക് എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനം ആരംഭിച്ച ആറ്റിങ്ങൽ മണ്ഡലത്തിലെ ഇടവനക്കോണം, തോപ്പിൽ കോളനികളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് രണ്ട് ഗഡുക്കളായി 65 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും ജില്ലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും നിർവ്വഹണ ഏജൻസികളുടെ അവലോകന യോഗം നടത്തി പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോളനി നവീകരണത്തിന് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളനി | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ഏജൻസി |
|---|---|---|---|---|
| 1. | തോപ്പിൽ കോളനി | 65,00,000 | 63,00,000 | ജില്ലാ നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം |
| 2. | ഇടവനക്കോണം | 65,00,000 | 41,00,000 | ജില്ലാ നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം |

ടി കോളനികളിലെ പ്രവൃത്തികൾ 2016 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതിക്കാർക്ക് സാമ്പത്തിക സഹായം**

22 (527) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചികിത്സയിൽ കഴിയുന്ന എത്ര പട്ടികജാതിക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചികിത്സയിൽ കഴിയുന്ന "5754" പട്ടികജാതിക്കാർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 14,75,94,750 രൂപ അനുവദിച്ചു.

**പട്ടികജാതിയിൽപ്പെടുന്നവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം**

23 (528) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെടുന്നവരുടെ പെൺമക്കൾക്ക് വിവാഹധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) പഞ്ചായത്തിൽനിന്നും വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വാങ്ങി എന്ന കാരണം പറഞ്ഞ് വിവാഹത്തിന് അനുവദിച്ച ധനസഹായം നിരസിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം അനുവദിച്ചിട്ടുള്ളതും എന്നാൽ വിതരണം ചെയ്യാത്തതുമായ ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വിവാഹധനസഹായവും അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധിയും കാലോചിതമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ ധനസഹായമായി നൽകി വരുന്നു. വരുമാന പരിധി 50,000 രൂപയാണ്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, വിവാഹ നിശ്ചയം കഴിഞ്ഞിട്ടുള്ളതിന്റെ രേഖ (വിവാഹ ക്ഷണക്കത്ത്/വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ/ഗസറ്റഡ് ഓഫീസർ/ സമുദായ സംഘടനയുടെ സാക്ഷ്യപത്രം) എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. വിവാഹശേഷം അപേക്ഷ നൽകുകയാണെങ്കിൽ വിവാഹ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ് സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനകം അപേക്ഷ നൽകേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പരിശോധിച്ചു വരുന്നു.

## ഹാംലെറ്റ് പദ്ധതി

24 (529) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി നടപ്പാക്കിയ 'ഹാംലെറ്റ്' പദ്ധതിയിൽ ഓരോ കോളനിക്കും എത്ര രൂപ വീതമാണ് അനുവദിച്ചത്;

(ബി) റാന്നി നിയോജക മണ്ഡലത്തിൽ ഏതൊക്കെ കോളനികളെയാണ് ഈ സ്കീം അനുസരിച്ച് തിരഞ്ഞെടുത്തിരുന്നത്; ഓരോ കോളനിയിലും എന്തൊക്കെ നിർമ്മാണ പ്രവർത്തികളാണ് വിഭാവനം ചെയ്തിരുന്നത്; ഇതിനായി എത്ര തുക വീതം നീക്കിവച്ചിരുന്നു;

(സി) ഇവയുടെ നിർമ്മാണം ഏറ്റെടുത്തിരുന്നത് ഏത് ഏജൻസിയാണ്; എന്തൊക്കെ നിർമ്മാണങ്ങൾ പൂർത്തീകരിച്ചു;

(ഡി) ഇനി എന്തെങ്കിലും പൂർത്തീകരിക്കാനുണ്ടോ; എങ്കിൽ നിർമ്മാണം മുടങ്ങാനുള്ള കാരണം വ്യക്തമാക്കുമോ; നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

### ഉത്തരം

(എ) ഹാംലെറ്റ് വികസന പദ്ധതിയിൽ ഒരു കോടി രൂപ വീതമാണ് അനുവദിച്ചിരുന്നത്.

(ബി&സി) കുറുമ്പൻമൂഴി-മണക്കയം കോളനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡാണ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന ഏജൻസി. നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

(ഡി) കുറുമ്പൻമൂഴി ഹെൽത്ത് സെന്റർ കോമ്പൗണ്ട് വാൾ നിർമ്മാണം പ്രദേശവാസികളുടെ എതിർപ്പുമൂലവും മണക്കയം അങ്കണവാടി അടുക്കള നിർമ്മാണം സ്ഥലപരിമിതിമൂലവും നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇതുസംബന്ധിച്ച് പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ ആരായുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആദിവാസി മേഖലകളിലേയ്ക്കുള്ള റോഡ് നിർമ്മാണം

25 (530) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ 2014-15 വർഷത്തെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി, കോതമംഗലം മണ്ഡലത്തിലെ മണികണ്ഠൻചാൽ, വെള്ളാരംകുന്ന്, ഇളംബ്ലാശ്ശേരി-ഞണ്ടു എന്നീ ആദിവാസി മേഖലകളിലേക്കുള്ള റോഡു നിർമ്മാണം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തടസ്സപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ നിർമ്മാണം നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ജോലികളുടെ കാലാവധി എന്നു വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുവാൻ കാലതാമസമുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമായാൽ മാത്രമേ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 31-12-2016 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഡി) വെള്ളാരംകുന്ന് - മണികണ്ഠൻചാൽ റോഡ് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് പരിധിയിലും, ഇളംബ്ലാശ്ശേരി-ഞണ്ടുകുളം റോഡ് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് പരിധിയിലുമാണ് ഉൾപ്പെടുന്നത്. റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനായി ആവശ്യമായ എല്ലാ രേഖകളും സഹിതം മൂന്നാർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നുള്ള അനുമതി ഉടൻ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖാന്തിരം തുടർ നടപടി കൈക്കൊണ്ടുവരുന്നു.

**മധുരവേലി ഐ.ടി.ഐ.ക്ക് കെട്ടിടം**

26 (531) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മധുരവേലിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികർഗ്ഗ വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.-ക്ക് കെട്ടിടം പണിയുന്നതിന് പട്ടികജാതി ക്ഷേമ വകുപ്പിൽ നിലവിലുള്ള 23453/2015 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഫയൽ സർക്കാരിന്റെ പരിഗണനയ്ക്ക് അയയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഫയൽ ന്യൂനത പരിഹരിച്ച് എന്ന് അയക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മധുരവേലി ഐ.ടി.ഐ. കെട്ടിടത്തിന് ആവശ്യമായ മെയിന്റനൻസ് ആന്റ് റിനൊവേഷൻ പ്രവൃത്തികൾക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 31.5 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പരിശോധിച്ച് വ്യക്തമായ ശിപാർശ സഹിതം ലഭ്യമാക്കാൻ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറോട് പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടു. ചീഫ് എഞ്ചിനീയർ ആയത് പരിശോധിച്ച് ശിപാർശ സമർപ്പിച്ചിരുന്നു. ടി ഐ.ടി.ഐ. കെട്ടിടം അറ്റകുറ്റപ്പണി ചെയ്യുന്നതിനായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റും മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ടും വകുപ്പിനു കീഴിലുള്ള 44 ഐ.ടി.ഐ.-കളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കോംപ്രിഹെൻസീവ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി. എന്നാൽ ടി പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിൽ മുൻ സർക്കാരിന്റെ കാലത്ത് കാലതാമസം നേരിട്ടിരുന്നു. മധുരവേലി ഐ.ടി.ഐ.-യിൽ റിനൊവേഷൻ വർക്കുകൾ അടിയന്തിരമായി ചെയ്യേണ്ടതിനാൽ മേൽ കോംപ്രിഹെൻസീവ് പ്രൊപ്പോസലിൽനിന്നും മാറ്റി പ്രത്യേകം പരിഗണിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രൊപ്പോസൽ 7-9-2016-ലെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നു. മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുമായി ഈ വിഷയത്തിൽ ഒരു ചർച്ച നടത്തിയ ശേഷം തീരുമാനമെടുക്കാമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്.

(ബി) മുൻ വിവരിച്ച നടപടിക്രമങ്ങളിലുണ്ടായ താമസം കാരണം ഫയൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് കഴിഞ്ഞില്ല.

(സി) മധുരവേലി ഐ.ടി.ഐ.-യിലെ റിനൊവേഷൻ പ്രവൃത്തികൾ സംബന്ധിച്ച് മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുമായി ചർച്ച നടത്തി ന്യൂനത പരിഹരിച്ച് പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ**

27 (532) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി വീതം നൽകുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്കും, നാമമാത്രമായ ഭൂമിയുള്ള പട്ടിക വർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി വീതമെങ്കിലും നൽകണമെന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതി വിധി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 43 പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി തുക പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം ഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന അർഹരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ**

28 (533) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

1. അപേക്ഷകൻ ഭൂരഹിത പട്ടികവർഗ്ഗക്കാരൻ ആയിരിക്കണം.
2. ഭൂമിയില്ലാത്ത കുടുംബമാണെന്ന് ഗ്രാമസഭ/ഊരുകൂട്ടം/പട്ടികവർഗ്ഗ വികസന വകുപ്പ് അധികാരികൾ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ വ്യക്തി ആയിരിക്കണം.

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി**

29 (534) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് എത്രകോടി രൂപ വകയിരുത്തിയിട്ടുണ്ട്;

(ഡി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10 ലക്ഷം രൂപാ ചിലവഴിച്ച് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഭൂമി വാങ്ങി നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* ഇതിനു പുറമെ വനാവകാശ നിയമപ്രകാരം ഭൂമി നൽകാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ പ്ലാനിംഗ് ഓഫീസർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ബന്ധപ്പെട്ട തഹസീൽദാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ അടങ്ങിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ**

30 (535) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ:

(ബി) ഭൂമിയുള്ള പട്ടികവർഗ്ഗകാർക്ക് വാർപ്പ് മാതൃകയിലുള്ള വീടുകൾക്ക് പകരം, അട്ടപ്പാടിയിൽ വിജയകരമായി നടപ്പിലാക്കിയപ്രകാരം കുടുംബത്തിന്റെ ആവശ്യങ്ങളും താല്പര്യങ്ങളും പരിഗണിച്ചു കൊണ്ടുള്ള ഒരു പാർപ്പിട പദ്ധതി നടപ്പിലാക്കുമോ:

(സി) എങ്കിൽ ഈ വർഷം ഇത്തരം മാതൃകയിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി&സി) ഭൂമിയുള്ള പട്ടികവർഗ്ഗക്കാർക്ക് നിലവിൽ വാർപ്പ് മാതൃകയിലുള്ള 350 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലുള്ള കെട്ടുറപ്പുള്ള വീടുകളാണ് നിർമ്മിച്ചു വരുന്നത്. നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 5000 വീടുകൾ അനുവദിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ നടപ്പിലാക്കിയ പ്രകാരമുള്ള പാർപ്പിട പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. കൂടാതെ പട്ടികവർഗ്ഗക്കാരുടെ താല്പര്യവും കണക്കിലെടുക്കേണ്ടതുണ്ട്. ആയതിന് ശേഷമേ അട്ടപ്പാടി മോഡൽ പാർപ്പിട പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

**ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ**

31 (536) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ പെരുമാട്ടി, പട്ടഞ്ചേരി, നല്ലേപ്പിള്ളി, കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, വടകരപ്പതി ഗ്രാമപഞ്ചായത്തുകളിൽ ഭവനരഹിതരായ, വീട് നിർമ്മിക്കാൻ ഭൂമിയുള്ള, എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നുള്ള വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടുത്ത 3 വർഷത്തിനകം വീട് നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | സ്വന്തമായി ഭൂമി ഉള്ളവരിൽ ഭവനരഹിതരായവരുടെ എണ്ണം |
|---|---|---|
| 1 | പെരുമാട്ടി | 51 |
| 2 | പട്ടഞ്ചേരി | 7 |
| 3 | നല്ലേപ്പിള്ളി | 20 |
| 4 | കൊഴിഞ്ഞാമ്പാറ | 40 |
| 5 | എരുത്തേമ്പതി | 3 |
| 6 | വടകരപ്പതി | 24 |
| | ആകെ | 145 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ ലക്ഷ്യമിടുന്നത് സമ്പൂർണ്ണ ഭവന നിർമ്മാണമാണ്. ആയതിനാൽ സംസ്ഥാനത്തൊട്ടാകെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനനിർമ്മാണ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് വീടുകൾ അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനം**

32 (537) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും പട്ടികജാതി കോളനികളുടെ വികസനത്തിനുമായി നടപ്പ് വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വകുപ്പ് മുഖേന ഏറനാട് മണ്ഡലത്തിലെ പട്ടികജാതികോളനികളിൽ കഴിഞ്ഞ വർഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) കോളനികളിൽ ഓരോന്നിലും ഇന്ന് അനുഭവപ്പെടുന്ന അസൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, അടിയന്തര വികസനാവശ്യങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ഓരോ കോളനി കേന്ദ്രീകരിച്ചും വിശദമായ പദ്ധതി ആവിഷ്ക്കരിച്ച് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി തുടർ പദ്ധതികൾക്ക് പുറമെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ 'വൻബന്ധു കല്യാൺ യോജന' എന്ന പുതിയ പദ്ധതി 2016-17 വർഷം മുതൽ നടപ്പിലാക്കി വരുന്നു. പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിനായി അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം എന്ന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. പട്ടികജാതി വികസനത്തിനുള്ള കോർപ്പസ് ഫണ്ട് വിനിയോഗിച്ചും സങ്കേത വികസന പരിപാടികൾ നടത്തി വരുന്നുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം വകുപ്പ് മുഖേന ഏറനാട് മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ പ്രത്യേക പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(സി&ഡി) 55 പട്ടികവർഗ്ഗ കോളനികളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ഇ) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പനക്കച്ചാൽ എസ്.ടി. കോളനിയിലേക്കുള്ള റോഡ് നിർമ്മാണം**

33 (538) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കൂടരഞ്ഞി പനക്കച്ചാൽ എസ്.ടി കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് കോർപ്പസ് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) റോഡ് നിർമ്മാണപ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവമ്പാടി മണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ പനക്കച്ചാൽ പട്ടികവർഗ്ഗ കോളനിയിൽ റോഡ് നിർമ്മാണത്തിന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷം 45,10,000 രൂപ (നാല്പത്തി അഞ്ചു ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റോഡിന്റെ ശേഷിക്കുന്ന പ്രവൃത്തിയിൽ 180 മീറ്റർ പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടത്തുന്നതിന് കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് പഞ്ചായത്തിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(സി) ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആദിവാസികളുടെ പുനരധിവാസം

34 (539) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്രയിൽ കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികളുടെ പുനരധിവാസ നടപടി ഏതു ഘട്ടംവരെയായിയെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് വനാവകാശനിയമപ്രകാരം അർഹമായ ആനുകൂല്യങ്ങളായ കൃഷിഭൂമി, പാർപ്പിട നിർമ്മാണത്തിനുള്ള ധനസഹായം എന്നിവ എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(സി) എറണാകുളം ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ ലവൽ പുനരധിവാസ കമ്മിറ്റി പുനരധിവാസ നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തുടർ നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) പന്തപ്രയിൽ താമസിക്കുന്ന 67 കുടുംബങ്ങൾക്കും വാരിയം, ഉറിയംപെട്ടി കോളനികളിൽ ഇവർക്ക് കൈവശമുണ്ടായിരുന്ന ഭൂമിക്ക് വനാവകാശ കൈവശരേഖ നൽകുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) ടി 67 കുടുംബങ്ങൾ വാരിയം, ഉറിയംപെട്ടി കോളനികളിൽ ലഭിച്ച കൈവശരേഖ വനം വകുപ്പിന് സറണ്ടർ ചെയ്യുന്ന നടപടി പൂർത്തിയാക്കി ഓരോ കുടുംബത്തിനും 2 ഏക്കർ ഭൂമി വീതം നൽകുന്നതും പാർപ്പിട നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതുമാണ്.

(സി) അതീവ ദുർഘട മേഖലയിൽ സ്ഥിതിചെയ്യുന്നതിനാൽ വാരിയം, ഉറിയംപെട്ടി കോളനികളിലെ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കാലതാമസമുണ്ടായെങ്കിലും പുനരധിവാസം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുകയാണ്.

(ഡി) ഇപ്പോൾ പന്തപ്രയിൽ താമസിക്കുന്ന 67 കുടുംബങ്ങളിൽ 43 കുടുംബങ്ങളുടെ അപേക്ഷകൾ ജില്ലാ സമിതി പാസ്സാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 24 പേരുടെ അപേക്ഷ 27-9-2016-ലെ ജില്ലാ സമിതി പരിഗണിക്കുന്നതാണ്.

**പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ**

35 (540) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് പ്രവൃത്തി പൂർത്തിയായ പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ കുട്ടികൾക്ക് തുറന്നു കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അടിയന്തരമായി ഈ കെട്ടിടം തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കുന്ദമംഗലത്ത് പണി പൂർത്തിയായ ഹോസ്റ്റൽ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ, ഫർണിച്ചർ സൗകര്യം, കിടക്ക, പാത്രങ്ങൾ, ഗ്യാസ് ഇൻസ്റ്റലേഷൻ എന്നിവ ഏർപ്പെടുത്തേണ്ടതുണ്ട്. മേൽ പറഞ്ഞ കാര്യങ്ങൾ പൂർത്തിയാകാത്തതിനാലാണ് ഹോസ്റ്റൽ തുറന്നു പ്രവർത്തിക്കാത്തത്. ടി സൗകര്യങ്ങൾ കഴിവതും വേഗം ലഭ്യമാക്കി കെട്ടിടം തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഓണക്കിറ്റ്**

36 (541) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓണക്കിറ്റിൽ എന്തെല്ലാം വിഭവങ്ങൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ഡി) കിറ്റുകളുടെ വിതരണ രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016 വർഷത്തെ ഓണക്കാലത്ത് എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഓണക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(ബി) 1,53,825 (ഒരു ലക്ഷത്തി അൻപത്തി മൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച്) കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി. ഇതിനു പുറമേ 14800 പേർക്ക് ഓണക്കോടി വിതരണം ചെയ്തു. 13.11 കോടി രൂപ ഇതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ചു.

(സി) ഓണക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| (1) അരി | - | 15 കി.ഗ്രാം |
| (2) പഞ്ചസാര | - | 500 ഗ്രാം |
| (3) ചെറുപയർ | - | 500 ഗ്രാം |
| (4) മുളക് പൊടി | - | 200 ഗ്രാം |
| (5) വെളിച്ചെണ്ണ | - | 500 മി. ലി. |
| (6) ശർക്കര | - | 500 ഗ്രാം |
| (7) ചായപ്പൊടി | - | 200 ഗ്രാം |
| (8) പരിപ്പ് | - | 250 ഗ്രാം |
| (9) ഉപ്പ് പൊടി | - | 1 കി. ഗ്രാം |

(ഡി) സിവിൽ സപ്ലൈസ് ഡിപ്പോകളിൽ നിന്നും ഓണക്കിറ്റുകൾ ലഭ്യമാക്കി വിവിധ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർമാർ മുഖേനയാണ് വിതരണം ചെയ്യാറുള്ളത്.

## പട്ടികവർഗ്ഗക്കാർക്ക് സ്പിൽ ഓവറായ വീടുകൾ

37 (542) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് സ്പിൽ ഓവറായ വീടുകളുടെ നിർമ്മാണത്തിന് പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ നാളിതുവരെയായി പണി പൂർത്തീകരിക്കാത്ത വീടുകളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ശേഖരിക്കുകയും വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പൂർത്തീകരണത്തിനും തുക അനുവദിച്ച് വരുകയും ചെയ്യുന്നു. കൂടാതെ 12 വർഷങ്ങൾക്ക് മുമ്പ് വീട് അനുവദിച്ചതും കാലപ്പഴക്കം കൊണ്ട് പുനരുദ്ധരിച്ച് ഉപയോഗിക്കാൻ കഴിയാത്തതുമായ വീടുകൾക്ക് പകരം മുൻഗണനാ ക്രമത്തിൽ പുതിയ വീടുകളും അനുവദിച്ച് വരുന്നു. 6 വർഷം കഴിഞ്ഞതും നിലവിൽ നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ച് വരുന്നു.

(സി) ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനും സ്പിൽ ഓവറിനും ഭവന പുനരുദ്ധാരണങ്ങൾക്കുമായി നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതിക്കുള്ള 1500 കോടി രൂപയിൽനിന്നും നിർമ്മാണം ആരംഭിച്ച് സ്പിൽ ഓവർ ആയ ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിനും നടപ്പു സാമ്പത്തിക വർഷം തുക അനുവദിക്കുന്നതാണ്.

(ഡി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള വീടുകളിൽ നല്ലൊരു ശതമാനം സ്പിൽ ഓവർ ആകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും നടപ്പു സാമ്പത്തിക വർഷത്തെ നല്ലൊരു ശതമാനം തുകയും പണി പൂർത്തീകരിക്കാതെ ശേഷിച്ച വീടുകൾ വാസയോഗ്യമാക്കുന്നതിനും ഭവന പുനരുദ്ധാരണത്തിനുമായാണ് ചെലവഴിക്കുന്നത്.

## തച്ചർ സമുദായം

38 (543) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തച്ചർ സമുദായത്തെ (ആശാരിയല്ലാത്ത) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ വിഭാഗത്തിനെ പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസ, ജോലി സംവരണ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ സമുദായത്തിന്റെ സംസ്കാരവും പാരമ്പര്യവും സംബന്ധിച്ച വിഷയങ്ങൾ കിർത്താർഡ്സ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സമുദായത്തെ ഏത് സാമുദായിക വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ഹിന്ദു തച്ചർ (ആശാരിയല്ലാത്ത) സമുദായത്തെ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഭരണഘടനാ (പട്ടികജാതികൾ) ഉത്തരവ് (ഭേദഗതി) ആക്ട് 2014-ലെ ആക്ട് നമ്പർ 34 പ്രകാരം കേരളത്തിലെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തച്ചർ (ആശാരിയല്ലാത്ത) സമുദായത്തിന് പട്ടികജാതി വിഭാഗത്തിനു ലഭ്യമാകുന്ന വിദ്യാഭ്യാസ സംവരണം ലഭിക്കാറുണ്ട്. എന്നാൽ ഉദ്യോഗസംവരണം ലഭിക്കുന്നതിനായി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) കേരളത്തിലെ തച്ചർ (ആശാരിയല്ലാത്ത) സമുദായത്തെക്കുറിച്ച് കിർത്താഡ്സ് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചത്.

(സി) കേരളത്തിലെ ഹിന്ദു തച്ചർ (ആശാരിയല്ലാത്ത) സമുദായത്തെ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഭരണഘടനാ (പട്ടികജാതികൾ) ഉത്തരവ് (ഭേദഗതി) ആക്ട് 2014-ലെ ആക്ട് നമ്പർ 34 പ്രകാരം കേരളത്തിലെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കെ.എസ്.ബി.ഡി.സി.**

39 (544) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപ്പറേഷൻ (കെ.എസ്.ബി.ഡി.സി.) വഴി ഇപ്പോൾ നൽകി വരുന്ന വായ്പകളും അവയുടെ മാനദണ്ഡങ്ങളും വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ലോണുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും കൂടുതൽ മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കോർപ്പറേഷൻ നടപ്പാക്കി വരുന്ന വായ്പാ പദ്ധതികളും മാനദണ്ഡങ്ങളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വായ്പാ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. നിലവിലുള്ള പദ്ധതികളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആകെ 9411 ഗുണഭോക്താക്കൾക്കായി 93.79 കോടി രൂപ വായ്പ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

**ദളിത് ക്രൈസ്തവരുടെ ക്ഷേമത്തിനായി കമ്മീഷനെ നിയമിക്കുന്നതിന് നടപടി**

40 (545) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ദലിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ പഠിച്ച് സർക്കാരിനെ അറിയിക്കുന്നതിനും വേണ്ടി ഒരു കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പരിവർത്തിത ക്രൈസ്തവ ധനകാര്യ കോർപ്പറേഷൻ വഴി എത്ര രൂപയുടെ വായ്പ നൽകിയിട്ടുണ്ട്; എത്രപേർക്ക് വായ്പ/ധനസഹായം നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കേരള സംസ്ഥാന ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകിയ വായ്പകളുടെ വിവരങ്ങൾ പദ്ധതിയിനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. *

## മുഖാരി - മുവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി

41 (546) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയ മുഖാരി - മൂവാരി സമുദായത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും അർഹമായ സംവരണം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ;

ഉത്തരം

മുഖാരി, മുവാരി സമുദായങ്ങളെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ പ്രാദേശികതല വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സ് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. ടി റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

## മുഖാരി - മുവാരി സമുദായം

42 (547) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖാരി-മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ ഈ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കേരളത്തിൽ ഉൾക്കൊള്ളിക്കാൻ തടസ്സങ്ങളെ ന്തെങ്കിലുമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുഖാരി, മുവാരി സമുദായങ്ങളെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ പ്രാദേശികതല വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സ് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. ടി റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ**

43 (548) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സമുദായ ക്ഷേമ പദ്ധതികൾക്കായി ഈ ബഡ്ജറ്റിൽ എത്ര കോടി രൂപ വിലയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത സമുദായങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി :

പട്ടികജാതി ക്ഷേമപദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Budget Outlay | (₹. In crore) |
|---|---|
| State Plan Scheme | 1315.50 |
| Centrally sponsored Scheme | 430.92 |
| Grand in Aid to LSGD | 1038.90 |
| Non Plan Scheme | 73.377 |
| Grand Total | 2858.697 |

പട്ടികവർഗ്ഗം :

2016-17 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ആകെ 810.16 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 654.16 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും 156 കോടി രൂപ തദ്ദേശ സ്വയംഭരണ വകുപ്പിന് റ്റി.എസ്.പി. ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി :

പട്ടികജാതി വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളേക്കാൾ മെച്ചപ്പെട്ട കെട്ടിട സൗകര്യങ്ങൾ, പഠന, താമസ സൗകര്യങ്ങൾ ഭക്ഷണം എന്നിവ നൽകാൻ ഉദ്ദേശിക്കുന്നു.
2. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് സൗകര്യം.
3. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ പഠന സഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിൽ ട്യൂട്ടർമാരെ നിയമിക്കും.
4. കേരളത്തിലെ മുഴുവൻ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും MRS-കളും ആധുനീകരിക്കും.
5. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കുള്ള എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും 25% വീതം ഉയർത്തും.
6. സെറ്റിൽമെന്റുകളും പട്ടികജാതി കോളനികളും ഒരു യൂണിറ്റായി കണ്ടുകൊണ്ട് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തുന്നതിന് ഒരു പാക്കേജ് തയ്യാറാക്കും.
7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ആരോഗ്യ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതി വാൽസല്യ നിധി എന്ന പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പട്ടികവർഗ്ഗം :

പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി തുടർ പദ്ധതികൾക്ക് പുറമെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ വൻബന്ധു കല്യാൺ യോജന എന്ന പുതിയ പദ്ധതി 2016-17 വർഷം മുതൽ നടപ്പിലാക്കി വരുന്നു.

KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് താഴെ പറയുന്ന പദ്ധതികൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

1. തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചലിൽ എം.ആർ.എസ്. നിർമ്മാണം (25 കോടി)

2. കണ്ണൂർ ജില്ലയിൽ ആറളത്ത് പുതിയ എം.ആർ.എസ്. നിർമ്മാണം (25 കോടി)

3. കാസർഗോഡ് ജില്ലയിൽ ബദിയഡുക്കയിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

4. കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

5. കൊല്ലം ജില്ലയിൽ അച്ചൻകോവിലിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

6. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

7. എറണാകുളം ജില്ലയിൽ ഇടമലയാറിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

8. എറണാകുളം ജില്ലയിൽ നേര്യമംഗലത്ത് പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

9. ഇടുക്കി ജില്ലയിൽ കോടാലിപ്പാറയിൽ ആൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

10. വി.റ്റി.സി. ഇടുക്കിയിൽ പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം (5 കോടി)

11. തിരുവനന്തപുരം ജില്ലയിൽ പാലോടിൽ എസ്.ടി. യൂത്ത് ഹോസ്റ്റൽ നിർമ്മാണം (5 കോടി)

പി. കെ. കാളൻ കുടുംബ പദ്ധതി എന്ന പേരിൽ 25 കോടി രൂപ എ.ടി.എസ്.പി.യിൽ നിന്നും വകയിരുത്തി ആദിവാസി മേഖലകൾക്ക് പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിനായി പഞ്ചായത്ത് തലങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

44 (549) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ബി.സി.എ. ഉൾപ്പെടെയുള്ള കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഭാഗത്തിൽപ്പെടുന്ന സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) അഡ്മിഷൻ വിഭാഗത്തിലെ മെരിറ്റ്, മാനേജ്മെന്റ് എന്ന മാനദണ്ഡം ആനുകൂല്യ വിതരണത്തിന് ബാധകമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഏത് തരത്തിലുള്ള പ്രവേശനമാണെന്നത് പരിഗണിക്കാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച 2-7-2009-ലെ ജി.ഒ.(പി.) 50/2009/പജപവവിവ ഉത്തരവിലെ സെക്ഷൻ സി (iii) പ്രകാരം സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കാൻ നിർവ്വാഹമില്ല. എന്നാൽ സംസ്ഥാനത്തെ അംഗീകൃത കോളേജുകളിൽ ബി.സി.എ. ഉൾപ്പെടെയുള്ള കോഴ്സുകളിൽ പഠിക്കുന്ന രണ്ടര ലക്ഷം രൂപയിൽ താഴെ കുടുംബ വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

(സി) 2-7-2009-ലെ ജി.ഒ.(പി.) നമ്പർ 50/2009/പജപവവിവ പ്രകാരം സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ വിഭാഗത്തിലെ മെറിറ്റ്/മാനേജ്മെന്റ് എന്ന മാനദണ്ഡം ആനുകൂല്യ വിതരണത്തിന് ബാധകമാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് മേൽ മാനദണ്ഡം ബാധകമല്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശ പഠനം**

45 (550) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ കാലഘട്ടങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശത്ത് വിട്ട് പഠിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കുട്ടികൾ പോയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുമോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 11 കുട്ടികൾ പോയിട്ടുണ്ട്. (10 പട്ടികജാതി + 1 പട്ടികവർഗ്ഗം) ചെലവഴിച്ച തുക - 83,08,014/-(എൺപത്തി മൂന്ന് ലക്ഷത്തി എട്ടായിരത്തി പതിനാല് രൂപ മാത്രം).

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. വിദേശത്തു പഠിക്കാനുദ്ദേശിക്കുന്ന കോഴ്സിന്റെ നിലവാരം, ഇതേ കോഴ്സ് ഇന്ത്യയിൽ ലഭ്യമാണോ എന്ന കാര്യം, പഠന ശേഷമുള്ള തൊഴിൽ സാധ്യത എന്നിവ പരിഗണിച്ചാണ് ധനസഹായം അനുവദിക്കുന്നത്.

**സൗമ്യ വധക്കേസ്**

46 (551) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗമ്യ വധക്കേസിൽ സുപ്രീംകോടതി വിധിക്കെതിരെ പുനപരിശോധനാ ഹർജി നൽകാൻ ഉദ്ദേശമുണ്ടോ;

(ബി) സൗമ്യ വധക്കേസ്സിൽ സുപ്രീംകോടതിയിൽ പ്രോസിക്യൂഷൻ ഭാഗത്ത് സംഭവിച്ചത് ഗുരുതരമായ വീഴ്ചയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായവും നിലപാടും എന്താണ് എന്ന് വിശദമാക്കുമോ ;

(സി) കേസിലെ നിർണായക വിവരങ്ങൾ കൈവശമുള്ള അഭിഭാഷകർ, ഫോറൻസിക്ക് സർജൻ, അന്വേഷണ ഉദ്യോഗസ്ഥൻ എന്നിവരുമായി ചർച്ചകളൊന്നും നടത്താതെയാണ് സർക്കാർ അഭിഭാഷകൻ സുപ്രീംകോടതിയിൽ ഹാജരായതെന്നും ഇതാണ് IPC 302 പ്രകാരമുള്ള കൊലക്കുറ്റം തെളിയിക്കാൻ കഴിയാതെ പോയതെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടിയതിനെക്കുറിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സൗമ്യ വധക്കേസിൽ ബഹു. സുപ്രീംകോടതിയിൽ പുന:പരിശോധനാ ഹർജി നൽകിയിട്ടുണ്ട്.

(ബി) സൗമ്യ വധക്കേസ്സിൽ ബഹു. സുപ്രീംകോടതിയിൽ കേസ് നടത്തുന്ന കാര്യത്തിൽ പ്രോസിക്യൂഷൻ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ല. ഈ കേസ് വാദിച്ചത് ബഹു. സുപ്രീംകോടതിയിലെ പ്രഗത്ഭനായ സീനിയർ അഭിഭാഷകനും കേരള ഹൈക്കോടതിയിലെ പ്രശസ്തനായ മുൻ ജഡ്ജിയുമായിരുന്ന ശ്രീ. തോമസ് പി. ജോസഫ് ആണ്. അദ്ദേഹത്തെ സംസ്ഥാനത്തിന്റെ സ്റ്റാന്റിംഗ് കൗൺസൽമാർ സഹായിക്കുകയും ചെയ്തിരുന്നു.

(സി) കേസിന്റെ റിക്കാർഡുകൾ പരിശോധിച്ച് വിശദമായി പഠിച്ചതിനു ശേഷമാണ് സീനിയർ അഭിഭാഷകൻ ബഹു. സുപ്രീംകോടതിയിൽ വാദം നടത്തിയത്. ഇതുസംബന്ധിച്ച് കീഴ്ക്കോടതിയിൽ കേസ് നടത്തിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. സുരേശനുമായി സ്റ്റാന്റിംഗ് കൗൺസിൽ ടെലഫോണിൽ സംസാരിച്ചിട്ടുണ്ട്. IPC 302 വകുപ്പ് പ്രകാരമുള്ള കൊലക്കുറ്റം തെളിയിക്കുന്നതിനാവശ്യമായ മതിയായ തെളിവുകൾ ഉണ്ട് എന്ന് പ്രോസിക്യൂഷൻ ശക്തിയുക്തമായി വാദിക്കുകയും അതിന് ഉപോത്ബലകമായി സമാനമായ വേറെ ഒരു കേസിലെ ബഹു. സുപ്രീംകോടതിയുടെ വിധിപ്പകർപ്പ് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ബഹു. സുപ്രീംകോടതിയുടെ നിഗമനം ഇക്കാര്യത്തിൽ ശരിയല്ല എന്ന വിദഗ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കേസ്സിൽ പുന:പരിശോധനാ ഹർജി നൽകിയത്. പുനഃപരിശോധനാ ഹർജിയിൽ ഹാജരാകുന്നതിന് ബഹു. അറ്റോർണി ജനറൽ ഓഫ് ഇന്ത്യ ശ്രീ. മുകുൾ റോഹ്ത്തഗിയെ കേരള സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കുന്ദമംഗലം കോടതി**

47 (552) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കോടതി 1916-ൽ നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും കെട്ടിടത്തിന്റെ കാലപ്പഴക്കവും സൗകര്യക്കുറവും കോടതിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പുരാവസ്തുവായി സംരക്ഷിച്ച്, ഇവിടെത്തന്നെ ഒഴിഞ്ഞുകിടക്കുന്ന ഭാഗത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ചരിത്ര-പുരാവസ്തു പ്രാധാന്യം പരിശോധിക്കുന്നതിന് പുരാവസ്തു വകുപ്പിലെ ഫീൽഡ് അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് മാത്രമേ പ്രസ്തുത കെട്ടിടം സംരക്ഷിക്കേണ്ടതുണ്ടോ, ഇല്ലയോ എന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. പുതിയ കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ലീഗൽ സർവ്വീസസ് സൊസൈറ്റി**

48 (553) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ ലീഗൽ സർവ്വീസ് സൊസൈറ്റി അനുവദിക്കുന്നതിനായി ചാലക്കുടി ബാർ അസോസിയേഷൻ സമർപ്പിച്ച അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

കെൽസയുടെ 49-ാമത് അതോറിറ്റി സമ്മേളനത്തിൽ, പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ ചാലക്കുടി ഉൾപ്പെടെയുള്ള 7 താലൂക്കുകളിൽ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും പ്രസ്തുത ആവശ്യത്തിനായി സെക്രട്ടറി, ടൈപ്പിസ്റ്റ്, പ്യൂൺ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്ന് സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചാലക്കുടിയിൽ ലീഗൽ സർവ്വീസസ് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് 8536/എച്ച് 1/2014/നിയമം നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചു വരികയാണ്.

## കാളി നാടകം

49 (554) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, അവർക്കെതിരായ അക്രമങ്ങളെ ചെറുത്ത് തോല്പിക്കുന്നതിനുമുള്ള മികച്ച സന്ദേശം നല്കുന്ന 'കാളി' നാടകത്തിന്റെ സാമൂഹിക പ്രസക്തി കണക്കിലെടുത്ത് കേരളത്തിലുടനീളം ഈ നാടകം കളിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

'കാളി' നാടകം സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരായ അക്രമങ്ങളെ ചെറുക്കുന്നതുമായ സാമൂഹിക പ്രസക്തിയുള്ള സന്ദേശം ഉൾക്കൊള്ളുന്നുവെങ്കിൽ ആയത് കേരള സംഗീത നാടക അക്കാദമിയുടെ നിർവ്വാഹക സമിതിയോട് പരിശോധിച്ച് കേരളത്തിലുടനീളം അവതരിപ്പിക്കുന്നതിനുള്ള നടപടി അക്കാദമി വഴി ചെയ്യുന്നതാണ്.

## അവശകലാകാരൻമാർക്കുള്ള ക്ഷേമപെൻഷൻ

50 (555) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാരൻമാർക്കുള്ള ക്ഷേമപെൻഷൻ അർഹരായവർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പെൻഷൻ ലഭിക്കാൻ വാർഷിക വരുമാനം 12,000 രൂപയിൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കലാകാര പെൻഷൻ ലഭിക്കുന്നതിന് വാർഷിക വരുമാനം 9,000 രൂപയിൽ കവിയാൻ പാടില്ല എന്നതാണ് നിലവിലെ വ്യവസ്ഥ. കലാകാര പെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനും നിലവിലുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനുമായി നടപടി സ്വീകരിച്ചു വരുന്നു.

**പെൻഷൻ പദ്ധതി**

51 (556) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരൻമാർക്കുള്ള പെൻഷൻ പദ്ധതി പ്രകാരം നിലവിൽ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ള കലാകാരന്മാരുടെ മരണശേഷം അവരുടെ ഭർത്താവിനോ/ഭാര്യയ്ക്കോ കുടുംബ പെൻഷൻ നിലവിൽ അനുവദിക്കുന്നുണ്ടോ;

(സി) കുടുംബ പെൻഷൻ അനുവദിക്കുന്നുണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അങ്ങനെ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ഉത്തരം

(എ) നിലവിൽ 2977 പേർക്കാണ് കലാകാര പെൻഷൻ അനുവദിച്ച് വരുന്നത്.

(ബി&സി) കലാകാരന്മാരുടെ മരണശേഷം അവരുടെ ഭർത്താവിനോ/ഭാര്യയ്ക്കോ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥ പ്രകാരം നിർവ്വാഹമില്ലാത്തതിനാൽ കുടുംബ പെൻഷൻ അനുവദിക്കുന്നില്ല.

(ഡി) ഇക്കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

**കിളിമാനൂരിലെ രാജാരവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ട്**

52 (557) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിളിമാനൂരിലെ രാജാ രവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും തുടർ പ്രവർത്തനങ്ങൾ ആരുടെ മേൽനോട്ടത്തിലാണെന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘടന എപ്രകാരമെന്നുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കിളിമാനൂർ രാജാരവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 25 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി മുഖേന ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള നടപടി പരിഗണനയിലാണ്.

**ഗ്രാമപ്രദേശങ്ങളിൽ സിനിമാ തീയേറ്ററുകൾ**

53 (558) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പദ്ധതിക്കായി ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം എന്താണ്;

(സി) പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ആലോചനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ തീയേറ്റർ സമുച്ചയം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(ബി) പ്രത്യേകിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. സിനിമാ തീയേറ്റർ നടത്തിപ്പിന് അനുയോജ്യമായ എല്ലാ പ്രദേശങ്ങളും പരിഗണിക്കുന്നതാണ്.

(സി) സ്വകാര്യ പങ്കാളിത്തത്തോടെ ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരികയാണ്.

**ബാബുരാജ് കൾച്ചറൽ അക്കാദമി**

54 (559) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ബാബുരാജ് കൾച്ചറൽ അക്കാദമി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അക്കാദമി സ്ഥാപിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഈ അക്കാദമി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആരെല്ലാം/ഏതെല്ലാം സംഘടനകൾ നിവേദനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ബാബുരാജ് കൾച്ചറൽ അക്കാദമി സ്ഥാപിക്കുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടില്ല.

(സി) ബാബുരാജ് കൾച്ചറൽ അക്കാദമി, മഞ്ചേരി എന്ന സംഘടന ഇക്കാര്യത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

## കൊല്ലത്ത് മൾട്ടിപ്ലക്സ് തീയേറ്റർ

55 (560) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷനു കീഴിൽ കൊല്ലം മണ്ഡലത്തിൽ ഒരു മൾട്ടിപ്ലക്സ് തീയേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ പദ്ധതി ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം നഗരത്തിൽ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം ഒരു തീയേറ്റർ സമുച്ചയം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ട്. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികൃതരുമായി ചർച്ച പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

## ഒറ്റപ്പാലത്ത് ഫിലിം സിറ്റി

56 (561) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് "ഒരു ഫിലിം സിറ്റി" സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫിലിം സിറ്റിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) നിർദിഷ്ട ഫിലിം സിറ്റിക്കായി ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഒറ്റപ്പാലം ഫിലിം സിറ്റിക്ക് ഭരണാനുമതി നല്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം ഫിലിം സിറ്റി നിർമ്മാണം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം ഫിലിം സിറ്റിയുടെ നിർമ്മാണത്തിന് 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപയും 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കോടി രൂപയും പ്രഖ്യാപിച്ചിരുന്നു. എന്നാൽ സ്ഥലം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചിരുന്നില്ല.

(സി) ഫിലിം സിറ്റിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സിനിമാ വ്യവസായ മേഖലയിൽ നിന്നും ഒരു പ്രൈവറ്റ് പാർട്ട്ണറെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് മുൻ സർക്കാർ കേരള ചലച്ചിത്ര വികസന കോർപ്പറേഷനോട് ആരാഞ്ഞിരുന്നു. ഇതുസംബന്ധിച്ച് കേരള ചലച്ചിത്ര വികസന കോർപ്പറേഷനുമായി ആലോചിച്ച് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഒറ്റപ്പാലം താലൂക്കിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ഏക്കർ മൂന്ന് സെന്റ് ഭൂമി ഫിലിം സിറ്റി നിർമ്മാണത്തിനായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് മുപ്പത് വർഷം പാട്ടത്തിന് നൽകുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. (ജി.ഒ(എം.എസ്)നമ്പർ 289/2014/റവ തീയതി തിരുവനന്തപുരം 4-7-2014)

(ഇ) നിലവിലെ സിനിമാ വ്യവസായ മേഖലയിൽ നിന്നും ഒരു പ്രൈവറ്റ് പാർട്ട്ണറെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് മുൻ സർക്കാർ കേരള ചലച്ചിത്ര വികസന കോർപ്പറേഷനോട് ആരാഞ്ഞിരുന്നു. ഇതുസംബന്ധിച്ച് കേരള ചലച്ചിത്ര വികസന കോർപ്പറേഷനുമായി ആലോചിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് ആലോചിക്കുന്നതാണ്.

**ഗ്രാമപ്രദേശങ്ങളിൽ സിനിമാ തീയേറ്ററുകൾ**

57 (562) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പദ്ധതിക്കായി ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ തീയേറ്റർ സമുച്ചയം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(ബി) പ്രത്യേകിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. സിനിമാ തീയേറ്റർ നടത്തിപ്പിന് അനുയോജ്യമായ എല്ലാ പ്രദേശങ്ങളും പരിഗണിക്കുന്നതാണ്.

(സി) സ്വകാര്യ പങ്കാളിത്തത്തോടെ ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരികയാണ്.

**അവശ കലാകാരന്മാർക്ക് നൽകുന്ന പെൻഷൻ തുക**

58 (563) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവശ കലാകാരൻമാർക്ക് നൽകുന്ന പെൻഷൻ തുക എത്രയെന്നും ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ കലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ പ്രതിമാസം 750 രൂപയാണ്. പ്രസ്തുത തുക 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ വെളിച്ചത്തിൽ 1500 (ആയിരത്തി അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അവശ കലാകാരന്മാർക്കുള്ള ക്ഷേമപെൻഷനുകൾ

59 (564) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരൻമാർക്കുള്ള ക്ഷേമപെൻഷനുകൾ നിലവിൽ അർഹരായ പലർക്കും ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(സി) വരുമാനപരിധി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കലാകാര പെൻഷൻ ലഭിക്കുന്നതിന് നിലവിൽ വാർഷിക വരുമാന പരിധി 9,000 രൂപയാണ്.

(സി) കലാകാര പെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനും നിലവിലുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

## വനം വകുപ്പ് ജണ്ട കെട്ടിയതായിട്ടുള്ള ആക്ഷേപം

60 (565) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ പേരിലുള്ള സ്ഥലത്ത് വനം വകുപ്പ് 'ജണ്ട' സ്ഥാപിച്ചതായുള്ള എത്ര കേസുകൾ പാലക്കാട് ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം ജണ്ട കെട്ടിയ സ്ഥലങ്ങൾ നിയമപരമായി പരിശോധിച്ച് സമയബന്ധിതമായി, അർഹതപ്പെട്ടവർക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിൽ ഇത്തരം എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; വിശദവിവരം നൽകുമോ; പ്രസ്തുത അപേക്ഷകളുടെ കാര്യത്തിൽ 6 മാസത്തിനുള്ളിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈസ്റ്റേൺ സർക്കിൾ പാലക്കാടിന് കീഴിൽ മണ്ണാർക്കാട് ഡിവിഷനിൽ സ്വകാര്യ വ്യക്തികളുടെ പേരിലുള്ള സ്ഥലത്ത് വനം വകുപ്പ് ജണ്ട സ്ഥാപിച്ചതായുള്ള 3 പരാതികൾ നിലവിലുണ്ട്. നെന്മാറ ഡിവിഷനിൽ കാവശ്ശേരി II വില്ലേജിൽപ്പെട്ടതും ഒ.എ.-12/2000 കേസിലുൾപ്പെട്ടതുമായ സ്ഥലത്ത് നേരത്തെ ഒരു ജണ്ട സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണ്ണാർക്കാട് ഡിവിഷനുകീഴിലുള്ള ജണ്ട കെട്ടിയ സ്ഥലങ്ങൾ നിയമപരമായി പരിശോധിച്ച് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെന്മാറ ഡിവിഷനു കീഴിലുള്ള ഒ.എ. 12/2000 നമ്പർ കേസിലുൾപ്പെട്ട സ്ഥലം അപേക്ഷകർക്ക് 11-2-2011-ന് വിട്ടു നൽകിയിട്ടുള്ളതും ഇപ്പോൾ അവരുടെ കൈവശത്തിലുള്ളതുമാണ്.

(സി) മണ്ണാർക്കാട് ഡിവിഷനിൽ 3 അപേക്ഷകൾ പരിഗണനയിലുണ്ട്. അപേക്ഷകരുടെ പേര് വിവരം താഴെ ചേർക്കുന്നു.

1. ശ്രീമതി ജമീല, W/o ഹിദായത്ത്, പെട്ടൻകടവ് മലയിൽ, കൊയിലാണ്ടി താലൂക്ക്
2. ശ്രീ. വി. ചിന്നസ്വാമി, S/o. ഭരത്‌രാജ്, മട്ടത്ത്കാട്
3. ശ്രീ. രംഗൻ, S/o. മശണ്ണൻ, താഴമൂലകൊമ്പ്

പ്രസ്തുത അപേക്ഷകൾ നിയമപരമായി സാധുത ഉള്ളതാണോ എന്ന് പരിശോധിച്ച് എത്രയും വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതാണ്.

**പട്ടയം ലഭിച്ച ഭൂമിയിലെ മരങ്ങൾ**

61 (566) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കർഷകർക്ക് പട്ടയം ലഭിച്ച ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പട്ടയഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നത് തടസ്സപ്പെടുത്തി ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പട്ടയഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നു എന്ന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പട്ടയം ലഭിച്ച ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് അവസാനമായി പുറത്തിറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മരച്ചില്ലകൾ മുറിക്കുന്നതുപോലും വനം വകുപ്പ് അധികൃതർ തടസ്സപ്പെടുത്തുന്നുവെന്ന പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ മേഖലയിൽ മരങ്ങൾ മുറിക്കുന്നതിന് തടസ്സം ഉണ്ട്. ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് മേഖലയിലെ ഭൂരിഭാഗം വില്ലേജുകളും 1986-ലെ വൃക്ഷ സംരക്ഷണനിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇവിടങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ളതോ, വീണു കിടക്കുന്നതോ, കേടുവന്നതോ, ഉണങ്ങിയതോ ആണെന്ന കാരണത്താലല്ലാതെ മരങ്ങൾ മുറിക്കുവാൻ പാടില്ല. ഇത്തരത്തിൽ മരം മുറിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി ആവശ്യവുമാണ്. ഇതുകൂടാതെ 2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ സെക്ഷൻ 6 (3) പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കണ്ണൻദേവൻ ഹിൽസ്, കാന്തല്ലൂർ, മാങ്കുളം, മന്നാങ്കണ്ടം, മറയൂർ, പള്ളിവാസൽ എന്നീ വില്ലേജുകളും തൊടുപുഴ താലൂക്കിലെ അറക്കുളം, ഇടുക്കി വില്ലേജുകളും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വില്ലേജുകളിലെ വനേതര പ്രദേശങ്ങളിലെ മരം മുറിക്കുന്നതിന് മേൽ നിയമപ്രകാരം നിയന്ത്രണങ്ങളുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WA-2766/15 നമ്പർ കേസിലെ വിധിയിൽ 5-ാം വകുപ്പ് മൊത്തം സി.എച്ച്.ആർ. മേഖലയ്ക്കും ഏലകൃഷി നടത്തിവരുന്ന മറ്റ് ഏതെങ്കിലും സ്ഥലങ്ങൾക്കും ബാധകമാണ് എന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഗ്രീൻ ട്രൈബ്യൂണൽ (ദക്ഷിണമേഖല) 373/2013 നമ്പർ അപേക്ഷയിലെ 28-5-2015-ലെ വിധിയിലും സമാനമായ നിരീക്ഷണം നടത്തിയിട്ടുണ്ട്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ടി ഹൈക്കോടതി വിധി കൃത്യമായി നടപ്പിലാക്കുന്നതിന് എല്ലാ വനം വകുപ്പ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. *

(ബി) പരാതി ലഭിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഇത്തരം പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) 15-12-2015 തീയതിയിലെ സ.ഉ. (എംഎസ്.) 103/വനം നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം -2 ആയും 9-7-2015 തീയതിയിലെ സ.ഉ. (എംഎസ്) 49/15/വനം. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം -3 ആയും ചേർത്തിട്ടുണ്ട്. *

(ഡി) കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വനം വകുപ്പ് പരിഹാര നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ടൽ കാട്ടുകളുടെ സംരക്ഷണം

62 (572) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശേഷിച്ചിട്ടുള്ള കണ്ടൽ കാട്ടുകളെ നശീകരണത്തിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മഹാരാഷ്ട്ര സർക്കാർ കണ്ടൽ കാട്ടുകളുടെ സംരക്ഷണാർത്ഥം അവ റിസർവ് വനമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ഇവിടെയും ആ മാർഗ്ഗം സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കണ്ടൽകാട്ടുകളെ സംരക്ഷിക്കുന്നതിനായി നിലവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാനമായി കണ്ടൽകാട്ടുകൾ സംരക്ഷിക്കുന്ന സ്ഥല ഉടമകൾക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഒരു ഏക്കറിന് 4000/- രൂപ എന്ന തോതിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കണ്ടൽ കാട്ടുകളുള്ള പ്രദേശങ്ങളിലെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽ തൈകൾ വച്ചുപിടിപ്പിക്കുന്നു. കണ്ടൽകാട്ടുകളിൽ അടിഞ്ഞു കൂടുന്നതും അവയുടെ നിലനിൽപ്പിന് ഭീഷണി സൃഷ്ടിക്കുന്നതുമായ ഖര മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. കൂടാതെ കണ്ടൽകാട്ടുകളുടെ നശീകരണം തടയുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽകാട്ടുകളെ റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1961-ലെ കേരള വന സംരക്ഷണ നിയമപ്രകാരം കണ്ണൂർ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള 237.92 ഹെക്ടർ കണ്ടൽകാട്ടുകൾ റിസർവ് ഫോറസ്റ്റായും കോഴിക്കോട് മലപ്പുറം ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള യഥാക്രമം 2.82, 20.78 ഹെക്ടർ പ്രദേശങ്ങൾ പ്രൊപോസ്ഡ് റിസർവ് ഫോറസ്റ്റായും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് മഞ്ചേശ്വരം താലൂക്കിലെ 54 ഹെക്ടർ കണ്ടൽകാട് പരിഹാര വനവൽക്കരണത്തിനായി റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയും ആയത് റിസർവ് വനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കണ്ടൽകാട്ടുകളുള്ള മറ്റു സ്ഥലങ്ങൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ വനവത്ക്കരണ പദ്ധതി

63 (573) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്ക്കരണ പദ്ധതി പ്രകാരം വെച്ചു പിടിപ്പിക്കുന്ന വൃക്ഷത്തൈകൾ ശ്രദ്ധിക്കാതെയും പരിപാലിക്കപ്പെടാതെയും നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി പ്രകാരം വെച്ചു പിടിപ്പിക്കുന്ന തൈകൾക്ക് നിരന്തരമായ സംരക്ഷണവും മേൽനോട്ടവും പരിപാലനവും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യ വനവത്ക്കരണ പദ്ധതി പ്രകാരം വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ നശിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹരിത കേരളം പദ്ധതിയിൻകീഴിൽ 'എന്റെ മരം', 'നമ്മുടെ മരം', 'വഴിയോരത്തണൽ' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികളിൽ നട്ടുപിടിപ്പിക്കുന്ന തൈകളുടെ തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിദ്യാർത്ഥികൾ നട്ടുവളർത്തുന്ന വൃക്ഷത്തൈകൾ ശരിയായ രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് അതാത് വിദ്യാലയങ്ങളിലെ അദ്ധ്യാപകൻ, പി.റ്റി.എ. പ്രസിഡന്റ്, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 'വഴിയോരത്തണൽ പദ്ധതി' പ്രകാരം നട്ട തൈകൾ ട്രീഗാർഡ് വച്ച് സംരക്ഷിക്കുകയും ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് വെള്ളം നനച്ച് പരിപാലിക്കുകയും ചെയ്യുന്നുണ്ട്. മറ്റു പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിക്കുന്ന തൈകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ്, ബന്ധപ്പെട്ട വകുപ്പു മേധാവികൾ, പൊതുജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ തൈകളുടെ പരിപാലനം നടത്തി വരുന്നുണ്ട്.

## ആദിവാസി ക്ഷേമത്തിനായി പദ്ധതികൾ

64 (574) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി തേനീച്ച വളർത്തൽ, ഔഷധ-സുഗന്ധച്ചെടികൃഷി എന്നിങ്ങനെ രണ്ടു പദ്ധതികൾക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്താണെന്നും പദ്ധതിയിലൂടെ വനം വകുപ്പ് ലക്ഷ്യം വെയ്ക്കുന്നതെന്താണെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി എത്ര കേന്ദ്രങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; ആ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി ക്ഷേമത്തിനായി തേനീച്ച വളർത്തൽ, ഔഷധ-സുഗന്ധച്ചെടികൃഷി എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

(ബി) ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനവും ജീവനോപാധിയും ലക്ഷ്യമിട്ടുകൊണ്ടാണ് കേരളത്തിലെ വിവിധ ട്രൈബൽ സെറ്റിൽമെന്റുകളിൽ തേനീച്ച വളർത്തലും ഔഷധ സുഗന്ധസസ്യ കൃഷിക്കും തുടക്കമിട്ടിരിക്കുന്നത്. തേനീച്ച കൃഷിയുടെയും, ഔഷധ സസ്യങ്ങളുടെയും വിപണന സാധ്യത വർദ്ധിച്ചു വരുന്ന ഈ കാലയളവിൽ കുറഞ്ഞ മുതൽമുടക്കും, കൂടുതൽ വരുമാനം നൽകുന്നതും കുറഞ്ഞ പരിചരണവും മാത്രം ആവശ്യമുള്ള ഈ സംരംഭം വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസികൾക്ക് ഒരു വരുമാന മാർഗ്ഗം തന്നെയാണ്. ഈ രണ്ട് പദ്ധതികളും പൈലറ്റ് പദ്ധതി എന്ന നിലയ്ക്കാണ് തുടക്കമിട്ടിരിക്കുന്നത്. ആയത് വിജയകരമായാൽ തുടർന്ന് കേരളത്തിലെ എല്ലാ ആദിവാസി സെറ്റിൽ മെന്റുകളിലേക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

8 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ് തേനീച്ച വളർത്തൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. ഔഷധസസ്യ കൃഷി നടപ്പാക്കാനുദ്ദേശിക്കുന്നത് 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ്. വനം വകുപ്പ് കേരളാ ഹോർട്ടികൾച്ചർ മിഷനുമായി സഹകരിച്ചാണ് തേനീച്ച വളർത്തൽ പദ്ധതി നടപ്പാക്കുന്നത്. തേനീച്ചക്കൂടുകൾ സ്ഥാപിക്കുന്നതും ട്രെയിനിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക സഹായം നൽകുന്നതും കേരള ഹോർട്ടികൾച്ചർ മിഷനാണ്. എന്നാൽ ഔഷധ സസ്യ കൃഷി നടപ്പിലാക്കുന്നത് കേരള വനം വകുപ്പ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡും, നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റുമായി സഹകരിച്ചാണ്. വനം വകുപ്പിൽ ലഭ്യമായിട്ടുള്ള ഫണ്ട് ഉപയോഗിച്ചാണ് ടി സംരംഭങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഏകദേശം 20 ലക്ഷം രൂപയാണ് മേൽ പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെലവ്.

(സി) കേരളത്തിലെ 8 വനം ഡിവിഷന് കീഴിലുള്ള 10 സെറ്റിൽ മെന്റുകളിലാണ് തേനീച്ച വളർത്തൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. ആ കേന്ദ്രങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | സൗത്ത് വയനാട് | കാരിമല |
| 2 | നോർത്ത് വയനാട് | ചുരുളി |
| 3 | മണ്ണാർക്കാട് | സിംഗപ്പാറ, ഇടവാണി |
| 4 | തൃശ്ശൂർ | താമരവെള്ളച്ചാൽ |
| 5 | വാഴച്ചാൽ | പൊകലപ്പാറ |
| 6 | കോട്ടയം | കോഴിമല, മുരിക്കാട്ട്കുടി |
| 7 | അച്ചൻകോവിൽ | ഗിരിജൻ കോളനി |
| 8 | കോന്നി | ഗിരിജൻ കോളനി |

കേരളത്തിലെ 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ് ഔഷധ സസ്യകൃഷി നടപ്പാക്കാനുദ്ദേശിക്കുന്നത്. ആ കേന്ദ്രങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | കണ്ണൂർ | ചീക്കേരി ബീറ്റ് - 5 |
| 2 | തിരുവനന്തപുരം | ഒറ്റടപ്പ്പപാറ |
| 3 | തിരുവനന്തപുരം വന്യജീവി ഡിവിഷൻ | മൊളമുട |
| 4 | തെന്മല | പേരംകോവിൽ |
| 5 | പീച്ചി വന്യജീവി ഡിവിഷൻ | താമരവെള്ളച്ചാൽ |
| 6 | മലയാറ്റൂർ | അടിച്ചിൽകൊട്ടി |
| 7 | മൂന്നാർ | നെല്ലിപെട്ടിക്കുടി, പ്ലാമല |
| 8 | പാലക്കാട് | ചാവടിപ്പാറ |
| 9 | വയനാട് നോർത്ത് | ചുരുളി |

**മരങ്ങൾ വെട്ടി വില്പന**

65 (575) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മലയാറ്റൂർ, കോതമംഗലം, മൂന്നാർ എന്നീ ഫോറസ്റ്റ് ഡിവിഷനുകളിൽ ഉൾപ്പെട്ട ജനവാസ മേഖലകളായ കുട്ടമ്പുഴ, വടാട്ടുപാറ, ഇഞ്ചത്തൊട്ടി, മാമലക്കണ്ടം, നേര്യമംഗലം പ്രദേശങ്ങളിൽ നിന്നും കർഷകർ നട്ടു വളർത്തിയ മരങ്ങൾ വെട്ടി വില്പനക്കായി കൊണ്ടുപോകുന്നതിന്, കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് യാതൊരു നിയന്ത്രണങ്ങളുമില്ലായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ ഇപ്പോൾ വിവിധ റേഞ്ച് ആഫീസർമാർ കർശനമായി പാസ്സ് നിർബന്ധമാക്കുകയും, തേക്കുകൾപ്പെടെയുള്ള മരങ്ങൾക്ക് അനുമതി നിഷേധിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പട്ടയ ഭൂമികളിൽ നിന്നും മരങ്ങൾ വെട്ടി വില്ക്കുന്നതിനു പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കർഷകർ നട്ടുവളർത്തിയ മരങ്ങൾ വെട്ടി വിൽക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു നിയന്ത്രണങ്ങളും ഇല്ലായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുതുതായി നിബന്ധനകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള സർക്കാർ നിയമങ്ങൾക്കും പട്ടയങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് ഈ വിഷയത്തിൽ നടപടി സ്വീകരിച്ചു വരുന്നത്.

(സി) പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

**വന്യജീവി ആക്രമണം**

66 (576) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണംമൂലം വനത്തിനോട് ചേർന്ന് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും നേരിടുന്ന നാശനഷ്ടം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് തടയുവാൻ നിലവിലുള്ള മാർഗ്ഗങ്ങൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വന്യജീവി ആക്രമണം തടയാൻ ആധുനിക മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വനത്തിന് സമീപം വസിക്കുന്നവർക്ക് വന്യജീവി ആക്രമണം മൂലം നാശനഷ്ടം സംഭവിക്കുന്നത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ പ്രശ്ന ബാധിത മേഖലകളിലെ കൂടുതൽ പ്രദേശങ്ങളിൽ നിലവിലുള്ള പ്രതിരോധ മാർഗ്ഗങ്ങൾ ഏർപ്പെടുത്തേണ്ടതായുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്തുവരുന്നു.

(സി) വന്യജീവി ആക്രമണം തടയാൻ ആധുനിക മാർഗ്ഗങ്ങൾ സ്വീകരിക്കും. വന്യജീവി ആക്രമണം തടയുന്നതിനുവേണ്ടി സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ തുടങ്ങി വിവിധങ്ങളായ മാർഗ്ഗങ്ങൾക്കുപുറമേ, ചുവടെ പറയുന്ന ആധുനിക മാർഗ്ഗങ്ങൾ നടപ്പാക്കി വരുന്നു.

1. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് പ്രദേശവാസികൾക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തു വരുന്നു.

2. പ്രശ്നബാധിത മേഖലകളിൽ കാട്ടിൽ നിന്നും പുറത്തേയ്ക്കു വരുന്ന വന്യജീവികളെക്കുറിച്ച് വിവരം ലഭിച്ച ഉടൻ തന്നെ എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികളെ അറിയിക്കുവാനും ജാഗ്രത പാലിക്കുവാനുള്ള നിർദ്ദേശം നൽകുവാനുള്ള Early Warning SMS Alert System വയനാട്, മൂന്നാർ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. ഇത് ആവശ്യാനുസരണം മറ്റു പ്രശ്നബാധിത മേഖലകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു.

3. പ്രശ്ന ബാധിത മേഖലകളിൽ ക്യാമറാ ട്രാപ്പ് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്.

4. വന്യജീവി ആക്രമണം രൂക്ഷമായ മേഖലകളിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## കാർഷിക വിളകളുടെ സംരക്ഷണം

67 (577) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിക്ക് സമീപം താമസിക്കുന്ന കർഷകരുടെ വിളകൾ കാട്ടുമൃഗങ്ങൾ നശിപ്പിച്ച് കർഷകരെ ദുരിതത്തിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം കർഷകരുടെ വിളകൾ കാട്ടുമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) വനാതിർത്തിക്ക് അഞ്ചു കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരും മുൻപ് തോക്ക് ലൈസൻസ് ഉണ്ടായിരുന്നവരുമായ കർഷകർക്ക് ലൈസൻസ് പുതുക്കുന്നതിന് വനം വകുപ്പ് എൻ.ഒ.സി. നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിയന്ത്രണം നീക്കി ലൈസൻസ് ലഭിക്കുന്നതിന് വനം വകുപ്പിന്റെ സമ്മതപത്രം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) വനാതിർത്തിയിലുള്ള കാർഷിക വിളകൾ കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കർഷകരുടെ വിളകൾ കാട്ടുമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടികൾ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.

9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധീകരിക്കുവാനും ഉള്ള നടപടികൾ.

13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള നടപടികൾ.

14. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

കൂടാതെ വന്യജീവികളുടെ ആക്രമണം ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ വയനാട്, മൂന്നാർ എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) വനാതിർത്തിക്ക് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരും മുൻപ് തോക്ക് ലൈസൻസ് ഉണ്ടായിരുന്നവരുമായ കർഷകർക്ക് ലൈസൻസ് പുതുക്കുന്നതിന് വനം വകുപ്പ് എൻ.ഒ.സി. നൽകുന്നതിന് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി**

68 (578) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലലഭ്യമായ വഴിയോരങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പരിസരങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ അങ്ങനെ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കുന്നതിന് അതത് സ്ഥാപനങ്ങളിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ്ഥലലഭ്യമായ വഴിയോരങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ട്.

(ബി) മേൽ പദ്ധതി പ്രകാരം ലഭ്യമായ വഴിയോരങ്ങളിൽ വനം വകുപ്പ് നേരിട്ട് തൈകൾ വച്ചുപിടിപ്പിച്ച്, ആവശ്യമുള്ള സ്ഥലങ്ങളിൽ ചുറ്റുവേലി നിർമ്മിച്ച് തൈകളെ സംരക്ഷിച്ചുവരുന്നു. സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന തൈകൾ സംരക്ഷിക്കുന്നതിന് അതാത് സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുകയും തൈകളുടെ അതിജീവനക്കണക്ക് പരിശോധിക്കുകയും അവ സംരക്ഷിക്കുന്നതിന് പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.

(സി) ഈ പദ്ധതി പ്രകാരം ആകെ 6,35,836 തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇതിനായി 170,89,631 രൂപ ചെലവഴിച്ചിട്ടുണ്ട്.

**വനങ്ങളുടെ സംരക്ഷണം**

69 (579) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ:

(ബി) ഇതിനായി നിലവിലുള്ള പദ്ധതികൾ തുടരാനും കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വനസംരക്ഷണം ലക്ഷ്യംവച്ച് വനം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വനസംരക്ഷണം (വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും).
2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും.
3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ.
4. അടിസ്ഥാന സൗകര്യ വികസനം.
5. ജൈവ വൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും.
6. പരിസ്ഥിതി വികസന പരിപാടി.
7. ദേശീയ വനവത്കരണ പരിപാടി. ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയ ദൗത്യം.
8. സംയോജിത വനസംരക്ഷണ പദ്ധതി.
9. പരിസ്ഥിതി വിനോദ സഞ്ചാരം.
10. മാനവശേഷി വികസനം.
11. വിഭവ ആസൂത്രണവും ഗവേഷണവും.
12. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും.
13. എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, ആഗ്രോ ഫോറസ്ട്രി.
14. ഗ്രാമീണ അടിസ്ഥാന വികസനം.
15. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ.

16. നീലഗിരി ബയോസ്ഫിയർ റിസർവ്.

17. പ്രോജക്ട് എലിഫെന്റ്.

18. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്.

19. നീർത്തടഭൂമി സംരക്ഷണ പദ്ധതി.

20. വയനാട് വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയുടെ സംയോജിത വികസനം.

(ബി) (എ)-യിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതിനെ തുടർന്ന് തൻവർഷത്തിൽ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിലായി (പദ്ധതി) തുക വകയിരുത്തി അവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) വനങ്ങളുടെ സംരക്ഷണത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ നിർമ്മിക്കുക, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുക, ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുക വഴി വനങ്ങളുടെ പരിപാലനം ആധുനികവത്കരിക്കുക തുടങ്ങിയ പ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ വനങ്ങളുടെ സംരക്ഷണത്തിന് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ബഹു. ഗവർണർ 24-6-2016-ൽ നിയമസഭയിൽ ചെയ്ത നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. സാമൂഹ്യ വനവൽക്കരണത്തിന് പ്രത്യേക ഊന്നൽ, ഫലവൃക്ഷങ്ങൾ, ഔഷധചെടികൾ എന്നിവയുടെ നടീൽ പ്രോത്സാഹിപ്പിക്കൽ

2. സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നല്കുന്ന പദ്ധതി

3. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിൽ ഉണ്ടാകുന്ന ആഘാതങ്ങളുടെ ശാസ്ത്രീയ പഠനം.

4. അവശേഷിക്കുന്ന വനമേഖലകളിൽ കൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ വ്യാപിപ്പിക്കൽ.

5. വനാതിർത്തി വേർതിരിക്കുന്ന പ്രക്രിയ പൂർത്തിയാക്കൽ.
6. വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും നിരീക്ഷണത്തിനും ക്യാമറകൾ സ്ഥാപിക്കൽ
7. വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തൽ
8. വയനാട് ജില്ലയെ കാർബൺ ന്യൂട്രൽ ആയി മാറ്റുന്നതിനുള്ള പദ്ധതി
9. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനുള്ള വനാതിർത്തിയിലൂടെയുള്ള വേലി നിർമ്മാണം-കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.)-യുടെ ധനസഹായത്തോടുകൂടി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ (Anti-recession package) നടപ്പാക്കുന്ന പദ്ധതി.
10. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നടപടികൾ.

## ഫോറസ്റ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

70 (580) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറൻകുടി-ഉടുമ്പന്നൂർ ഫോറസ്റ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കു നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചെന്നും, ഭരണാനുമതി നൽകി ഉത്തരവ് ഇറങ്ങിയത് എന്നാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ പണി ആരംഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തികൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് പ്രകാരം നീക്കിവച്ചിട്ടുള്ള തുക ലാപ്സാകുന്നതിന് മുൻപ് പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മണിയാറൻകുടി-ഉടുമ്പന്നൂർ ഫോറസ്റ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 3-3-2016-ലെ 98/2016/വനം വന്യജീവി വകുപ്പ് സർക്കാർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി ലഭിച്ചത്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ പണി ആരംഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. ഫോറസ്റ്റ് (കൺസർവേഷൻ ആക്ട്) 1980-ന്റെ വ്യവസ്ഥകൾ അനുസരിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്ക് വിധേയമായിട്ടാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി&ഡി) മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പ്രവൃത്തികൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള ഒരു പൂർണ്ണമായ പ്രൊപ്പോസൽ യൂസർ ഏജൻസിയായ PWD Roads Division തൊടുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 30-6-2015-ാം തീയതി കോതമംഗലം ഡിവിഷനിൽ സമർപ്പിച്ചിരുന്നതും ആയത് കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് കോതമംഗലം ഡിവിഷനിലെ 1-8-2015-ലെ എ 3-4505/2016 കത്ത് പ്രകാരം യൂസർ ഏജൻസിക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളതുമാണ്. യൂസർ ഏജൻസി ടി പ്രൊപ്പോസൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തശേഷം മാത്രമേ ടി വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കേരളത്തിലെ വന വിസ്തൃതി**

71 (581) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആകെ വനവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2006-2011 കാലഘട്ടത്തിൽ വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ടോ, എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2011-2016 കാലഘട്ടത്തിൽ വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ടോ, എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ആകെ വനവിസ്തൃതി 11309.4754 ച.കി.മീ. ആണ്.

(ബി) ഈ കാലഘട്ടത്തിൽ വന വിസ്തൃതി 11278.2487 ച.കി.മീ.ൽ നിന്നും 11309.4754 ച.കി.മീ. ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) 2011-2016 കാലഘട്ടത്തിൽ വന വിസ്തൃതി വർദ്ധിച്ചിട്ടില്ല.

## വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാര തുക

72 (582) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്.തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണംമൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുന്നതിന്റെ പേരിൽ ആശ്രിതർക്കും നഷ്ടം സംഭവിച്ചവർക്കും സർക്കാർ നൽകിവരുന്ന തുക പര്യാപ്തമാണെന്നു കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും നിലവിൽ നൽകിവരുന്ന തുക എത്രവീതമെന്ന് വ്യക്തമാക്കുമോ;

(സി) വന്യജീവികളുടെ ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുകകൾ അപര്യാപ്തമാകയാൽ ഇതിൽ വർദ്ധനവ് വരുത്തി നടപ്പുസാമ്പത്തികവർഷം തന്നെ ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തുക പര്യാപ്തമാണോ എന്ന് പരിശോധിക്കുന്നതാണ്.

(ബി) മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും നിലവിൽ നൽകി വരുന്ന തുക ചുവടെ ചേർക്കുന്നു.

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) |
| 3 | പരിക്ക് | പരമാവധി 75,000 രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചികിത്സയ്ക്ക് ചെലവായ മുഴുവൻ തുകയും നൽകും) |
| 4 | മരണം | 5 ലക്ഷം രൂപ |
| 5 | വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 1 ലക്ഷം രൂപ |

(സി) വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന് നിയമസഭയുടെ വിഷയനിർണ്ണയ സമിതി-X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധാന്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത്തെ റിപ്പോർട്ടിൽ 10-ാം ശിപാർശയിൽ പറഞ്ഞിട്ടുള്ളതിനാൽ ആയത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി യുക്തമായ തീരുമാനം സ്വീകരിക്കുന്നതാണ്.

**കണ്ടൽക്കാട്ടുകളുടെ സംരക്ഷണം**

73 (583) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴയിലെ മാലിപ്പുറം അക്വാട്ടൂറിസം സെന്ററിനോട് ചേർന്നുള്ള കണ്ടൽകാട്ടുകൾ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എളങ്കുന്നപ്പുഴയിലെ മാലിപ്പുറം അക്വാട്ടൂറിസം സെന്ററിനോട് ചേർന്നുള്ള കണ്ടൽകാട്ടുകൾ സംരക്ഷിക്കുന്നതിനായി പെട്രോനെറ്റ് എൽ.എൻ.ജി. എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ വനം വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഈ സ്ഥലത്ത് കണ്ടൽ തൈകൾ വച്ചുപിടിപ്പിക്കുകയും പൊതുജനങ്ങൾക്ക് കണ്ടൽക്കാട്ടുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതിന് "കണ്ടൽ വനവിജ്ഞാനകേന്ദ്രം" ഒരുക്കിവരികയും ചെയ്യുന്നു.

(ബി) സർക്കാർ ഫണ്ടിൽനിന്നും ഇതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ കണ്ടൽ സംരക്ഷണത്തിനായി "കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി"യുടെ (CSR) ഭാഗമായി പെട്രോനെറ്റ് എൽ.എൻ.ജി. എന്ന സ്ഥാപനത്തിൽ നിന്നും ആകെ ലഭിച്ച 30 ലക്ഷം രൂപയിൽ 4,11,484/- രൂപ എളങ്കുന്നപ്പുഴയിലെ മാലിപ്പുറം അക്വാട്ടൂറിസം സെന്ററിനോട് ചേർന്നുള്ള കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ കണ്ടൽക്കാട്ടുകളുടെ സംരക്ഷണം**

74 (584) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴ ആർ.എം.പി. കനാലിന് ഇരുവശവുമായി രൂപംകൊണ്ടിട്ടുള്ള കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി വനം വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സുനാമി, കടൽക്ഷോഭം എന്നിവയിൽ നിന്നും വൈപ്പിനിലെ തീരഗ്രാമങ്ങളെ സംരക്ഷിക്കുന്നതിന് കണ്ടൽച്ചെടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ജൈവവേലി രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ നിലവിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് പ്രോൽസാഹനം നൽകുന്നതിനായി വനം വകുപ്പ് ചില പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ എളങ്കുന്നപ്പുഴ ആർ.എം.പി. കനാലിന് ഇരുവശവുമായി കണ്ടുവരുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രത്യേക പദ്ധതികൾ നിലവിൽ ഇല്ല.

(ബി) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.

(സി) വൈപ്പിനിലെ തീരഗ്രാമങ്ങൾ പ്രധാനമായും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും, തദ്ദേശ സ്വയംഭരണം, റവന്യൂ തുടങ്ങിയ വകുപ്പുകളുടെയും അധീനതയിലാണുള്ളത്. ഈ വകുപ്പുകളുടെ സഹകരണത്തോടെ സുനാമി, കടൽക്ഷോഭം എന്നിവയിൽ നിന്നും വൈപ്പിനിലെ തീരഗ്രാമങ്ങളെ സംരക്ഷിക്കുന്നതിന് കണ്ടൽച്ചെടികൾ ഉപയോഗപ്പെടുത്തി ജൈവവേലി നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**പട്ടികവർഗ്ഗക്കാരെ ഫോറസ്റ്റ് വാച്ചർമാരായി നിയമിക്കുന്നതിന് നടപടി**

75 (585) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനകത്തോ, സമീപ പ്രദേശങ്ങളിലോ യോഗ്യതയുള്ള പട്ടികവർഗ്ഗ യുവാക്കളുണ്ടായിരുന്നിട്ടും അവർക്ക് നിയമനം നൽകാതെ പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് ഫോറസ്റ്റ് വാച്ചർമാരായി താല്ക്കാലികാടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ നിയമനം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഫോറസ്റ്റ് വാച്ചർമാരായി താല്ക്കാലികമായോ കരാറടിസ്ഥാനത്തിലോ ജോലി ചെയ്ത് വരുന്ന പട്ടികവർഗ്ഗക്കാരല്ലാത്തവരുടെ എണ്ണം ഫോറസ്റ്റ് ഡിവിഷൻ തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇപ്രകാരം നിയമിക്കപ്പെട്ട പട്ടികവർഗ്ഗക്കാരല്ലാത്തവരെ മാറ്റി പട്ടികവർഗ്ഗക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു*.

(സി) വനാതിർത്തിയിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗക്കാരല്ലാത്തവരും ഉള്ളതിനാൽ പട്ടികവർഗ്ഗക്കാർക്കൊപ്പംതന്നെ പട്ടിക വർഗ്ഗത്തിൽപ്പെടാത്തവർക്കും ജോലി നൽകേണ്ടതായി വരുന്നുണ്ട്. എന്നാൽ ഫോറസ്റ്റ് വാച്ചർ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ നിയമനം നൽകുമ്പോൾ പട്ടികവർഗ്ഗക്കാർക്ക് തന്നെയാണ് മുൻഗണന നൽകിവരുന്നത്.

**വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടന്നുകയറുന്നത് തടയുന്നതിന് നടപടി**

76 (586) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യ മൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടന്ന് ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ഇവയുടെ കടന്നുകയറ്റം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടക്കുന്നത് തടയുന്നതിനായി വനാതിർത്തികളിൽ കരിങ്കൽഭിത്തി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വന്യജീവികൾ റോഡപകടങ്ങളിൽ ചത്തൊടുങ്ങുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ കടക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേരളത്തിൽ വന്യജീവി ആക്രമണം നേരിടുന്ന പല പ്രദേശങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വനാതിർത്തികളിൽ കരിങ്കൽ ഭിത്തി നിർമ്മിച്ചു വരുന്നു. ആവശ്യമാണെന്ന് കാണുന്ന സ്ഥലങ്ങളിൽ കൂടുതലായി കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻവേണ്ട നടപടികൾ സ്വീകരിക്കും. കൂടാതെ ഇതിനായി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കും.

**വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണം**

77 (587) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ് വന പ്രദേശങ്ങളുമായി ചേർന്ന് ജീവിക്കുന്ന ജനങ്ങളുടെ ജീവനും കൃഷിക്കും വലിയ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനജീവിതത്തിനും കൃഷിക്കും സംരക്ഷണം നൽകുന്നതിനായി കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്കും കൃഷി നാശത്തിനുമുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വനപ്രദേശങ്ങളുമായി ചേർന്ന ചില സ്ഥലങ്ങളിൽ വന്യമൃഗങ്ങൾ മനുഷ്യജീവനും കൃഷിക്കും ഭീഷണി ഉയർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനജീവിതത്തിനും കൃഷിക്കും സംരക്ഷണം നൽകുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളായ സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം, ആനപ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നുണ്ട്. കൂടാതെ പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം, വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രശ്നബാധിത മേഖലകളിൽ കാട്ടിൽ നിന്നും പുറത്തേക്കു വരുന്ന വന്യജീവികളെക്കുറിച്ച് വിവരം ലഭിച്ച ഉടൻതന്നെ എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികളെ അറിയിക്കുവാനും ജാഗ്രത പാലിക്കുവാനുള്ള നിർദ്ദേശം നൽകുവാനുമായുള്ള Early Warning SMS Alert

System വയനാട്, മൂന്നാർ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽവച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി കൊല്ലുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി നീട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന വിഷയത്തിൽ കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതി X-ന്റെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാം റിപ്പോർട്ടിലെ 10-ാം ശിപാർശ പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിച്ചവർക്ക് ലഭ്യമാകുന്ന നഷ്ടപരിഹാരം ഉയർത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് സർക്കാർ യുക്തമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## വെറ്ററിനറി ഡോക്ടറുടെ നിയമനം

78 (588) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി പഞ്ചായത്തിലെ മൃഗാശുപത്രിയിൽ വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമല്ലാതെ കർഷകർ പ്രയാസത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തരമായി വെറ്ററിനറി ഡോക്ടറെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 31-8-2016-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.377/16/എ.എച്ച്.ഡി. പ്രകാരം പുതുപ്പാടി മൃഗാശുപത്രിയിൽ വെറ്ററിനറി സർജനെ (ഡോ. ഇ.കെ. പ്രീത) നിയമിച്ചിട്ടുണ്ട്.

## നാട്ടാന പരിപാലനം

79 (589) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; 2016 ജനുവരി മാസത്തിനുശേഷം എടുത്ത കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നാട്ടാനകൾക്ക് സർക്കാർ സൗജന്യചികിത്സ നൽകുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നാട്ടാനകളുടെ പരിപാലനത്തിനായി വനം വകുപ്പ് കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ G.O (P)No.119/2012/F&WLD തീയതി 18-12-2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ നാട്ടാനകളുടെ പരിപാലനത്തിനുള്ള നിബന്ധനകൾ വിശദമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ വനം വകുപ്പ്, വന്യജീവി സംരക്ഷണ നിയമം 1972, നാട്ടാന പരിപാലന ചട്ടം 2012 എന്നീ നിയമങ്ങൾ പ്രകാരം കേസ് എടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. 2016 ജനുവരിക്കു ശേഷം എടുത്ത കേസുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | 2016 ജനുവരിക്കുശേഷം എടുത്ത കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | ... |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | ... |
| 7 | എറണാകുളം | ... |
| 8 | തൃശ്ശൂർ | 4 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | ... |
| 11 | കോഴിക്കോട് | 3 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | ... |
| 14 | കാസർഗോഡ് | ... |
| | ആകെ | 16 |

(സി) നിലവിൽ വനം വകുപ്പ് നാട്ടാനകൾക്ക് സൗജന്യ ചികിത്സ നൽകുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുല്ലശ്ശേരി മൃഗാശുപത്രി

80 (590) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി വെറ്ററിനറി ഹോസ്പിറ്റലിനെ താലൂക്ക്തല പോളിക്ലിനിക്കായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള പഴകി ദ്രവിച്ച മുല്ലശ്ശേരി മൃഗാശുപത്രി കെട്ടിടം പൊളിച്ച് പുതുക്കി പണിയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം തത്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

## ബ്രൂസെലോസിസ് രോഗം

81 (591) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലികളെ ബാധിക്കുന്ന ബ്രൂസെലോസിസ് രോഗം സംസ്ഥാനത്ത് എവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയാണ് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത രോഗത്തിന് എന്ത് ചികിത്സയാണ് സംസ്ഥാനത്ത് ലഭ്യമായിട്ടുള്ളത്; ഈ രോഗം മനുഷ്യരിലേക്ക് പകരുന്നതാണോ; എങ്കിൽ ജനങ്ങളിൽ ബോധവൽക്കരണം ഉണ്ടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഇതുവരെ എത്രപേരെ ബ്രൂസെലോസിസ് രോഗം ബാധിച്ചിട്ടുണ്ട് ; എവിടെയാണ് ഇവർ ചികിത്സ തേടിയത് ; ഇവർക്കു നൽകിയ മരുന്നുകൾ എന്തായിരുന്നു ?

ഉത്തരം

(എ) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിലെ കന്നുകാലികളിൽ ബ്രൂസെലോസിസ് സ്ഥിരീകരിച്ചിട്ടുണ്ട്.

(ബി) രോഗബാധിതരായ കന്നുകാലികളെ ദയാവധത്തിന് വിധേയമാക്കുകയാണ് ചെയ്യുന്നത്. മൃഗങ്ങളിൽ ചികിത്സ ഫലപ്രദമല്ലാത്തതിനാൽ രോഗം സ്ഥിരീകരിച്ചാൽ മൃഗങ്ങളെ ഉന്മൂലനം ചെയ്യുവാനാണ് നിർദ്ദേശിക്കാറുള്ളത്.

ഈ രോഗം മനുഷ്യരിലേയ്ക്ക് പകരുവാൻ സാദ്ധ്യതയുണ്ട്. ബോധവൽക്കരണത്തിനായി ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. എല്ലാ വെറ്ററിനറി ഡോക്ടർമാർക്കും പാരാസ്റ്റാഫിനും ലാബ് ടെക്നീഷ്യന്മാർക്കും, കർഷകർക്കും എല്ലാ വർഷവും ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. ആരോഗ്യ വകുപ്പും, ജില്ലാ ഭരണകൂടവും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ബോധവൽക്കരണ ക്ലാസും സ്ക്രീനിംഗ് ക്യാമ്പുകളും നടത്തി പാലും പാലുൽപ്പന്നങ്ങളും ശരിയായ രീതിയിൽ അണുവിമുക്തമാക്കി ഉപയോഗിക്കാൻ അവബോധം നൽകിയിട്ടുണ്ട്. രോഗം ബാധിച്ചു എന്ന് സംശയിച്ച ഉരുക്കളെ മാറ്റി പാർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2014 മുതൽ സംസ്ഥാനത്ത് ഇതുവരെ 7 പേർക്ക് ബ്രൂസെല്ലോസിസ് രോഗം സ്ഥിരീകരിച്ചു. 2014-ൽ മലപ്പുറത്തു നിന്നും രോഗം സ്ഥിരീകരിച്ച വ്യക്തി മൗലാനാ ആശുപത്രി പെരിന്തൽമണ്ണയിലും, 2016-ൽ പാലക്കാട് നിന്നുള്ള 2 വ്യക്തികൾ ജൂബിലി മിഷൻ, തൃശ്ശൂരിലും ഒരാൾ തൃശ്ശൂർ മെഡിക്കൽ കോളേജിലും ഒരാൾ മഞ്ചേരി മെഡിക്കൽ കോളേജിലും, മിലാന ആശുപത്രിയിലുമായി ചികിത്സ തേടി. 2016-ൽ രണ്ട് പേർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ രോഗത്തിന് ചികിത്സ തേടി. RIFAMPICIN, STREPTOMYCIN, DOXYCYCLIN, CEFTRIAXONE എന്നീ ആന്റിബയോട്ടിക് മരുന്നുകളാണ് ഈ രോഗത്തിന്റെ ചികിത്സയ്ക്കായി ഉപയോഗിക്കുന്നത്.

**കന്നുകാലികളിലെ മാൾട്ടപ്പനി രോഗം**

82 (592) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിൽ മാൾട്ടപ്പനി രോഗം കണ്ടെത്തിയതായി മൃഗസംരക്ഷണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് കണ്ടെത്തിയതായി അറിയിച്ചതെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) രോഗം കണ്ടെത്തിയിട്ടും യഥാസമയം അറിയിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്യാത്ത ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഏതെങ്കിലും ഫാമിലെ കന്നുകാലികളിൽ രോഗം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവിടെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം പഞ്ചായത്തിലുള്ള കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ലൈവ്സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴംകുന്നിൽ നിന്നും തൊണ്ണൂറോളം കന്നുകാലികൾക്ക് 2015 ഒക്ടോബറിലും, തൃശ്ശൂർ ജില്ലയിൽ മേലൂർ പഞ്ചായത്തിൽ മുരിങ്ങൂർ ഡിവൈൻ ഫാമിൽ 52 പശുക്കൾക്ക് 2016 ഏപ്രിലിലും രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയെ ശാസ്ത്രീയ രീതിയിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രോഗം യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിലെ തൊണ്ണൂറോളം കന്നുകാലികൾക്ക് ബ്രൂസെലോസിസ് രോഗം (മാൾട്ടപ്പനി) സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. രോഗബാധിത കന്നുകാലികളെ മൃഗക്ഷേമ ബോർഡിന്റെ ശിപാർശ പ്രകാരം ശാസ്ത്രീയമായി ദയാവധം ചെയ്ത് ചട്ടങ്ങളനുസരിച്ച് മറവ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫാമിലെ ജീവനക്കാർക്ക് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുകയുണ്ടായി. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ബ്രൂസെലോസിസ് രോഗം മറ്റ് കാലികൾക്ക് പടരാതിരിക്കാനായി എല്ലാവിധ സുരക്ഷാ ക്രമീകരണങ്ങളും എടുത്തിട്ടുണ്ട്.

## ക്ഷീര കർഷക സംരക്ഷണ പദ്ധതി

83 (593) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകരുടെ പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) കർഷകരുടെ മുഴുവൻ കാലികളെയും ഗോസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായി ഇൻഷ്വർ ചെയ്യുന്നത് പരിഗണിക്കുമോ ;

(സി) ക്ഷീര കർഷകർക്ക് നൽകുന്ന മാർജിൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മിൽമ കർഷകർക്ക് വില നൽകുന്ന ചാർട്ട് പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ക്ഷീര സഹകരണ സംഘങ്ങളെ സേവന മേഖലയായി കണക്കാക്കി സംഘങ്ങൾക്ക് മാനേജിരിയൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

(ബി) മിൽമയുടെ മേഖലാ യൂണിയനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളിലെ കർഷകരുടെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുവേണ്ടി കുറഞ്ഞ പ്രീമിയം നിരക്കിൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ക്ഷീര കർഷകർ സംഘങ്ങളിൽ നൽകുന്ന പാലിന് ഗുണ നിലവാരത്തിനനുസൃതമായുള്ള വിലയാണ് ലഭിക്കുന്നത്. പാൽ വിൽപ്പന വില വർദ്ധിപ്പിക്കുന്നതിനോടനുബന്ധിച്ചാണ് പാൽ സംഭരണ വിലയും വർദ്ധിപ്പിക്കുന്നത്. നിലവിൽ രാജ്യത്ത് പാലിന് ഏറ്റവും കൂടുതൽ സംഭരണ വില നൽകുന്നത് കേരളത്തിലാണ്. മിൽമ സംഭരിക്കുന്ന പാലിന്റെ സംഭരണ വില നിശ്ചയിക്കുന്നത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ഭരണസമിതിയാണ്. ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന ഉൽപ്പാദന ചെലവ്, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വില്പന വിലകൾ, ഉപഭോക്തൃ വിൽപന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ചതിനുശേഷമാണ് മിൽമയുടെ ഭരണസമിതി കാലാകാലങ്ങളിൽ പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത്. പാലിന്റെ സംഭരണ വില നിശ്ചയിക്കുമ്പോൾ കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിലാണ് ഫെഡറേഷന്റെ ഭരണസമിതി തീരുമാനം കൈക്കൊള്ളുന്നത്.

(ഡി) മിൽമയുടെ ഭരണ സമിതി അംഗീകരിച്ചതും ശാസ്ത്രീയമായി തയ്യാറാക്കിയതുമായ പാൽ വില ചാർട്ട് ആണ് ഇപ്പോൾ നിലവിലുള്ളത്. പാലിലടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും തോതിന് അനുസൃതമായാണ് ചാർട്ടിൽ വില നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം ശാസ്ത്രീയമായി തയ്യാറാക്കിയിരിക്കുന്ന പാൽ വില ചാർട്ടിൽ മാറ്റങ്ങൾ വരുത്തിയാൽ ഗുണനിലവാരം കുറഞ്ഞ പാൽ സംഘങ്ങൾ സംഭരിക്കുവാൻ നിർബന്ധിതരാകും. ഇത് മൊത്തത്തിലുള്ള ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കും.

(ഇ) മിൽമയുടെ മേഖലാ യൂണിയനുകൾ അവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങൾക്ക് പ്രവർത്തന ലാഭത്തിൽ നിന്നും ഗ്രാന്റായും സബ്സിഡിയായും സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നുണ്ട്.

## പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സംവിധാനം

84 (594) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമ പാൽ വിതരണം ചെയ്യുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനം പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(സി) ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) വിതരണം ചെയ്യപ്പെടുന്ന പാലിൻെറ ഗുണനിലവാരം ഉറപ്പു വരുത്താൻ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളത്;

(ഇ) ഇത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

(സി) സ്വീകരിക്കും. ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ ക്രമത്തിൽ ഇൻസെന്റീവ് നൽകുന്നു. ക്ഷീരകർഷകർക്ക് MSDP, IDDP പദ്ധതിയിൽ ഉൾപ്പെടുത്തി കറവ പശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായവും നൽകി വരുന്നു. ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും വിവിധ പദ്ധതികൾ ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ വിവിധയിനം പാൽ സാമ്പിളുകൾ സ്ഥിരമായി പരിശോധിച്ചുവരുന്നു. പ്രാഥമിക ക്ഷീര സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണ നിലവാരം ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ നടത്തിവരുന്നുണ്ട്. പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ലാബുകളിൽ സംവിധാനം നിലവിലുണ്ട്. ഇതര സംസ്ഥാനത്തു നിന്നും കൊണ്ടുവന്ന മുഴുവൻ പാലിന്റെയും ഗുണമേന്മ ഉറപ്പുവരുത്താൻ ഓണക്കാലത്ത് താൽക്കാലികമായി ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പരിശോധന നടത്തുന്നുണ്ട്.

(ഇ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**ക്ഷീര കർഷകർ**

85 (595) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് നൽകുന്ന ക്ഷേമനിധി ബോർഡിന്റെ ചികിത്സാ സഹായം എല്ലാ രോഗങ്ങൾക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കാലിത്തൊഴുത്ത് നിർമ്മാണത്തിന് നൽകുന്ന സബ്സിഡി തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കുളമ്പു രോഗംമൂലം ഉൽപ്പാദനം ഇല്ലാതെ വരുകയും ചത്തുപോകുകയും ചെയ്യുന്ന ഉരുക്കളുടെ ഉടമസ്ഥർക്ക് അവയുടെ വിലയ്ക്ക് തുല്യമായ നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ക്ഷീര കർഷകർക്കും, ക്ഷീര സംഘങ്ങൾക്കുമുള്ള കറന്റ് ചാർജ്, കാർഷിക മേഖലയ്ക്ക് തുല്യമായി നിശ്ചയിക്കാൻ വകുപ്പുതല നടപടി സ്വീകരിക്കുമോ;

(ഇ) കർഷകർക്ക് നൽകുന്ന പരമാവധി സബ്സിഡി തുക കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എല്ലാത്തരം രോഗങ്ങൾക്കും ക്ഷീരസുരക്ഷാ പദ്ധതി പ്രകാരം ചികിത്സാ സഹായം നൽകി വരുന്നു.

ക്ഷീരകർഷക ക്ഷേമനിധി സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന ക്ഷീര സുരക്ഷാ പദ്ധതി പ്രകാരം അപകട മരണം സംഭവിക്കുന്ന കർഷകന്റെ ആശ്രിതർക്ക് 50,000 രൂപ വീതവും ക്യാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ രോഗങ്ങൾ പോലുള്ള മാരകരോഗങ്ങൾക്കും ആശുപത്രിയിൽ പ്രവേശനം അനിവാര്യമാകുന്ന എല്ലാ മേജർ ശസ്ത്രക്രിയകൾക്കും 15,000 രൂപ വീതവും സാംക്രമിക രോഗങ്ങൾ, പാമ്പുകടി, പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തി വയ്പ്പുകൾ, ശസ്ത്രക്രിയ ആവശ്യമില്ലാത്ത മുറിവുകൾ എന്നിവയ്ക്ക് ബന്ധപ്പെട്ട കർഷകന് 2,000 രൂപ വീതവും നൽകി വരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതാണ്.

(ഡി&ഇ) പരിശോധിക്കുന്നതാണ്.

## കൃത്രിമ പാൽ വിപണനം

86 (596) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമ പാൽവിപണനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## പാലിന്റെ ഗുണമേന്മ

87 (597) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഒരു ദിവസത്തെ ശരാശരി പാൽ ഉൽപ്പാദനം എത്ര ലിറ്ററാണ്;

(ബി) പാലിന്റെ ശരാശരി ഉപഭോഗം എത്ര ലിറ്ററാണ്;

(സി) ഇതര സംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും കൃത്രിമമായി നിർമ്മിക്കുന്ന പാൽ കൊണ്ടുവരുന്നത് തടയുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്?

ഉത്തരം

(എ) ഏകദേശം 77.2 ലക്ഷം ലിറ്റർ.

(ബി) ഏകദേശം 87.5 ലക്ഷം ലിറ്റർ.

(സി) ഇതര സംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മുഴുവൻ പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ഓണക്കാലത്ത് മാത്രമായി താൽക്കാലികമായ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ ഉൾപ്പെടെയുള്ള സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്.

**പാലിന്റെ ഗുണമേന്മ പരിശോധന**

88 (598) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാല് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പാലിന്റെ ഗുണമേന്മ പരിശോധന ശക്തമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

ഉത്തരം

(എ) ക്ഷീരവികസന വകുപ്പിന്റെ കീഴിൽ National Accreditation Board for Testing and Calibration Laboratories അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്നു. എല്ലാ ജില്ലാ ആസ്ഥാനത്തും ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കീഴിൽ 14 ലാബുകൾ പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ പാലിന്റെ പോഷകമൂല്യം, പ്രിസർവേറ്റീവ്സ്, മായം ചേർക്കൽ, രാസഘടന, സൂക്ഷ്മാണുക്കൾ, ആന്റിബയോട്ടിക്കുകൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഉൾപ്പെടെയുള്ള സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്.

(ബി) ചെക്ക് പോസ്റ്റുകളിൽ പാൽ ഗുണമേന്മ പരിശോധിക്കാൻ സ്ഥിരമായി സംവിധാനമില്ല. ഓണക്കാലത്ത് മാത്രം കേരളത്തിലേക്ക് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് പാറശ്ശാല, ആര്യങ്കാവ്, കുമിളി, വാളയാർ, മീനാക്ഷിപുരം എന്നീ 5 ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു.

(സി) സംസ്ഥാനത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന മാർക്കറ്റ് സാമ്പിളുകൾ സ്ഥിരമായി പരിശോധിച്ചു വരുന്നു. പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ലാബുകളിൽ സംവിധാനം നിലവിലുണ്ട്. പ്രാഥമിക ക്ഷീര സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാ ദിവസങ്ങളിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഉൾപ്പെടെയുള്ള സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്.

## ക്ഷീരോൽപ്പാദനത്തിൽ സ്വയം പര്യാപ്തത

89 (599) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്കായി തയ്യാറാക്കിയിരിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വയംപര്യാപ്തത നേടുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന പാലുല്പാദന അളവ് എത്രയാണെന്ന് വിശദമാക്കുമോ:

(സി) ഏതെല്ലാം മേഖലയിൽ ഉള്ളവരെയാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിതീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

(ബി) പ്രതിദിനം ഏകദേശം 10 ലക്ഷം ലിറ്റർ.

(സി) ക്ഷീരകർഷകർ, തൊഴിൽരഹിതരായ യുവതീയുവാക്കൾ, ക്ഷീരവികസന വകുപ്പിന്റെ നൈപുണ്യ പരിശീലനം ലഭിച്ചവർ, NRI സംരംഭകർ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എന്നിവരെ പ്രയോജനപ്പെടുത്തുന്നതാണ്.

## മ്യൂസിയം

90 (600) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മ്യൂസിയങ്ങളിൽ സന്ദർശനത്തിനെത്തുന്നവർക്ക് വാഹന പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരം മ്യൂസിയം വളപ്പിൽ കാർപാർക്കിംഗ് നടത്തുന്നതിന് 150 രൂപ ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഭാരിച്ച ഫീസ് ഈടാക്കി വാഹനപാർക്കിംഗ് അനുവദിക്കുന്നതിലൂടെ സന്ദർശകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വാഹന പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) പാർക്കിംഗിനുള്ള സ്ഥലപരിമിതി കാരണവും മ്യൂസിയവും മൃഗശാലയും സന്ദർശിക്കുന്ന കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനും വാഹനങ്ങളുടെ എണ്ണം പരമാവധി നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് സ.ഉ. (കൈ)നമ്പർ 27/13/സാം.കാ.വ. തീയതി 30-4-2013-ന്റെ അടിസ്ഥാനത്തിൽ മ്യൂസിയം വളപ്പിൽ കാർ പാർക്കിംഗ് ചെയ്യുന്നതിന് 150 രൂപ ഫീസ് ഈടാക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മൃഗശാലകളിലെ ജീവനക്കാർ

91 (601) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിൽ മൃഗങ്ങളെ പരിശോധിക്കുന്നതിന് ആകെ എത്ര ഡോക്ടർമാരാണ് നിലവിലുള്ളത്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു;

(ബി) മൃഗശാലകളിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തത് ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) മൃഗശാലകളിൽ കുറവുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര മൃഗശാല അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടോ; അതുപ്രകാരം തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മൃഗങ്ങളുടെ വർദ്ധനവിന് ആനുപാതികമായി മൃഗശാലകളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിൽ മൃഗങ്ങളെ പരിശോധിക്കുന്നതിന് ഓരോ ഡോക്ടർമാർ വീതമാണുള്ളത്. ഡോക്ടർമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല.

(ബി) ഉണ്ട്. തിരുവനന്തപുരം മൃഗശാലയിൽ ഡോക്ടറുടെ സേവനം അപര്യാപ്തമായതിനാൽ ഡോക്ടറുടെ ഒരു തസ്തിക കൂടി സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) ഉണ്ട്. തൃശ്ശൂർ മൃഗശാലയിൽ ലാബ് അസിസ്റ്റന്റ്, വെറ്ററിനറി കമ്പോണ്ടർ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താൻ കേന്ദ്ര മൃഗശാല അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം മൃഗശാലയിൽ വെറ്ററിനറി സർജ്ജന്റേയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെയും തൃശ്ശൂർ മൃഗശാലയിൽ ലബ് അസിസ്റ്റന്റിന്റേയും വെറ്ററിനറി കമ്പോണ്ടറിന്റേയും തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

**ശുദ്ധജലക്ഷാമം**

92 (602) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെ പൈപ്പ് സ്ഥാപിക്കുന്ന 300 ലക്ഷം രൂപയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രദേശത്തെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ സാദ്ധ്യത ഉള്ളതിനാൽ, ടെണ്ടർ നടപടികൾ നേരത്തെ പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പൈപ്പുകൾ ലഭ്യമാക്കി അടിയന്തരമായി പണികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേറ്റം അവരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. റോഡ് കട്ടിംഗ് അനുമതിക്ക് ആവശ്യമായ തുക ആലപ്പുഴ പൊതുമരാമത്ത് ഓഫീസിൽ അടച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ പൈപ്പുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എക്സൈസ് തീരുവ ഒഴിവാക്കി ക്കിട്ടുന്നതിനുള്ള പ്രീഡെലിവറി ഇൻസ്പെക്ഷനുള്ള നടപടികളും എടുത്തുവരുന്നു. പൊതുമരാമത്ത് വകുപ്പിൽ നിന്നും പദ്ധതി പ്രദേശത്തെ റോഡ് കട്ടിംഗിനുള്ള അനുമതി ലഭ്യമായാൽ മാത്രമേ ടി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**കെ.ഐ.പി. വക സ്ഥലവും കെട്ടിടവും**

93 (603) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ ജില്ലാ ട്രഷറിയും സബ്ട്രഷറിയും പ്രവർത്തിപ്പിക്കുന്നതിന് കെ.ഐ.പി.വക സ്ഥലവും കെട്ടിടവും ട്രഷറി വകുപ്പിന് അനുവദിച്ച് ഉത്തരവായത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) പ്രസ്തുത സ്ഥലവും കെട്ടിടവും ട്രഷറി വകുപ്പിൽ നിന്നും തിരികെ കെ.ഐ.പി.-ക്ക് കൈമാറി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കാരണമായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കരയിലെ ജില്ലാ ട്രഷറിയും സബ്ട്രഷറിയും പ്രവർത്തിപ്പിക്കുന്നതിന് കെ.ഐ.പി. വക സ്ഥലവും കെട്ടിടവും ട്രഷറി വകുപ്പിന് താൽക്കാലികമായി ഉപയോഗിക്കാൻ സർക്കാർ അനുവാദം നൽകിയത് 22-6-2009-ലാണ്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) പ്രസ്തുത സ്ഥലവും കെട്ടിടവും ട്രഷറി വകുപ്പിൽ നിന്നും തിരികെ കെ.ഐ.പി.-ക്ക് കൈമാറിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജൈക്ക പദ്ധതി**

94 (604) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈക്ക പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് , വിശദമാക്കുമോ ;

(ബി) എന്തല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൈക്ക പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള 5 പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാനും മോണിറ്റർ ചെയ്യാനുമായി, പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വന്നിരുന്നു. വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ ജൈക്ക പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. ജില്ലാതലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു. ഇവയുടെ ഫലമായി ചേർത്തല പദ്ധതി അപ്പോൾ വിഭാവന ചെയ്ത രൂപത്തിൽ 3-1-2012-ൽ പൂർണ്ണമായും പട്ടുവം പദ്ധതി 14-3-2013-ലും മീനാട് പദ്ധതി 24-2-2011-ലും കോഴിക്കോട് പദ്ധതി 27-2-2015-ലും ഭാഗീകമായും കമ്മീഷൻ ചെയ്യുകയുണ്ടായി. തിരുവനന്തപുരം പദ്ധതി 18-5-2010-ൽ തന്നെ ഭാഗീകമായി കമ്മീഷൻ ചെയ്തിരുന്നു. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളിൽ അവശേഷിക്കുന്ന വിതരണ ശൃംഖലയുടെ പണികളും തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പൂർത്തിയാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

മീനാട് പദ്ധതിയുടെ വിതരണശൃംഖലകളുടെ ബാക്കി പണികൾ M/s TECPRO Infra Structures Ltd, Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ കരാർ നൽകിയിരുന്നു. M/s TECPRO-യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും സർക്കാർ തലത്തിൽ യോഗങ്ങൾ കൂടുകയും 2016 ഡിസംബർ മാസത്തിൽ വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പണി 2016 ഫെബ്രുവരി മാസം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ഇതുവഴി 5 പദ്ധതി പ്രദേശങ്ങളിലും വിഭാവനം ചെയ്തിരുന്ന തോതിൽ ആതായത് തിരുവനന്തപുരത്ത് 10.7 ലക്ഷം ജനങ്ങൾക്കും മീനാട് 5.26 ലക്ഷം ജനങ്ങൾക്കും ചേർത്തല 6.53 ലക്ഷം ജനങ്ങൾക്കും കോഴിക്കോട് 12.08 ലക്ഷം ജനങ്ങൾക്കും പട്ടുവം 5.30 ലക്ഷം ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിലും വാട്ടർ അതോറിറ്റി തലത്തിലും യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ജൈക്ക വായ്പയുടെ സമയ പരിധി 31-12-2016 വരെ നീട്ടിക്കിട്ടുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 28-7-2015-നുശേഷം സമയപരിധി നീട്ടികിട്ടിയില്ല. എന്നിരുന്നാലും ബാക്കി പണികൾക്കുള്ള തുക സ്റ്റേറ്റ് ഷെയറിൽ ഉൾപ്പെടുത്തി 150/- കോടി രൂപ 2016-17-ലെ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർപണികൾ പുരോഗമിച്ചു വരുന്നു.

**ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി**

95 (605) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും എസ് സി./എസ് ടി. കോളനികളിലേക്ക് ഡിസ്ട്രിക്ട് കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2009 മുതൽ ഈ പദ്ധതി 'നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം' എന്ന പേരിലാണറിയപ്പെടുന്നത്.

(സി) വിവിധ ജില്ലകളിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശഭരണ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നു. നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതുകൂടാതെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി ഹെഡ്ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു.

**ചെക്ക് ഡാമുകൾ**

96 (606) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചെക്ക് ഡാമുകളുടെ നിർമ്മാണം സംസ്ഥാനത്തിന്റെ ജലസംരക്ഷണത്തിന് എത്രമാത്രം ഉപകരിക്കുമെന്നാണ് കണക്കാക്കിയിരുന്നത് ; വിശദമാക്കുമോ ;

(സി) നാളിതുവരെ എത്ര ചെക്ക് ഡാമുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. NABARD, കാസർഗോഡ് പാക്കേജ്, ചാലിയാർ ബേസിൻ, ഭവാനി ബേസിൻ, കബിനി ബേസിൻ, തലപ്പിള്ളി പാക്കേജ് തുടങ്ങിയ പ്ലാൻ സ്കീമുകളിലായി മൈനർ ഇറിഗേഷൻ 480 ചെക്ക് ഡാമുകൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 315 ചെക്ക് ഡാമുകൾ പൂർത്തിയായി. ചെക്ക് ഡാമുകളുടെ നിർമ്മാണം വഴി നദികളിലെ നീരൊഴുക്ക് പുനസ്ഥാപിക്കുക, കാലവർഷക്കാലത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷിക ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായുള്ള ജലം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കുന്നുണ്ട്.

**മൈനർ ഇറിഗേഷൻ**

97 (607) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷനു കീഴിൽ കൊല്ലം മണ്ഡലത്തിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

മൈനർ ഇറിഗേഷനുകീഴിൽ കൊല്ലം മണ്ഡലത്തിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

| | പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| 1. | തൃക്കടവൂർ പഞ്ചായത്തിൽ കടവൂർ വട്ടക്കായലിൽ ചെക്ക് ഡാമിന്റെ നിർമ്മാണം. | പ്രവൃത്തി 95% പൂർത്തീകരിച്ചു. (അടങ്കൽ തുക 25,00,000) |
| 2. | കൊല്ലം കോർപ്പറേഷനിൽ വടക്കുഭാഗം ഡിവിഷനിൽ കുറവൻ പാലം മുതൽ നിലവിലുള്ള ഓടവരെ വണ്ണാൻ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം. | പ്രവൃത്തി 50% പൂർത്തീകരിച്ചു. (അടങ്കൽ തുക 5,00,000) |

## മൈനർ ഇറിഗേഷൻ സ്കീം

98 (608) ശ്രീ. പി. ഉണ്ണി :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. ആൻസലൻ :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ സ്കീമിന് കീഴിൽ ഏതെല്ലാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പ്രവർത്തനം മുടങ്ങാതിരിയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(സി) മിർപ' പദ്ധതി പ്രകാരം ഏതെല്ലാം പ്രോജക്ടുകളാണ് പ്രവർത്തനക്ഷമ മായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിവിധ ജില്ലകളിലായി മൈനർ ഇറിഗേഷൻ സ്കീമിന് കീഴിൽ 435 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 1-ൽ* കാണാവുന്നതാണ്.

(ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ നിന്നുള്ള പമ്പിംഗ് മുടങ്ങാതിരിക്കുവാൻ വർഷാവർഷം അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വാർഷിക മെയിന്റനൻസ്-കോൺട്രാക്ട് കൊടുത്തിട്ടുണ്ട്. കൂടാതെ പമ്പിംഗ് നടത്തുവാൻ വിവിധ പദ്ധതികളിൽ എസ്.എൽ.ആർ/സി.എൽ.ആർ/പമ്പ് ഓപ്പറേറ്റർ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) 'മിർപ' പ്രകാരം പ്രവർത്തന ക്ഷമമായിട്ടുള്ള 278 പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം II-ൽ * കാണാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജലനിധി രണ്ടാംഘട്ട പ്രവർത്തനം**

99 (609) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി രണ്ടാംഘട്ട പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ശുദ്ധജല ദൗർലഭ്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ, കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിനായാണ് 1022 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി (2012-17) സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64% ലോകബാങ്ക് വായ്പ മുഖേന സർക്കാരിന് ലഭ്യമാക്കുന്നു. കുടിവെള്ള പദ്ധതിക്ക് ജലനിധി നിയമാവലി അനുസരിച്ചുള്ള വിഹിതം സംസ്ഥാന സർക്കാരും, ഗ്രാമപഞ്ചായത്തും ഗുണഭോക്തൃസമിതികളും (75:15:10 എന്ന അനുപാതത്തിൽ) വഹിക്കുന്നു. പദ്ധതിയുടെ ബാച്ച് 2 മുതൽ ഗുണഭോക്തൃ വിഹിതം 4000/- രൂപയിൽ കൂടുതൽ നൽകേണ്ടതില്ല.

(ബി) ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും, 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(സി) മൂന്ന് ബാച്ചുകളിലായി 115 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കി വരുന്നു. ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ മറ്റ് ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലും (കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത 2 പഞ്ചായത്തുകൾ പദ്ധതിയിൽ നിന്നും പിന്നീട് പിന്മാറിയിരുന്നു.) തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ,

പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കൂടാതെ, കേരള വാട്ടർ അതോറിറ്റിയുടെ 3 മൾട്ടി ജി.പി. പദ്ധതികൾ പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങൾ നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജലനിധി മാതൃകയിൽ ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. ടി പഞ്ചായത്തുകളിൽ എല്ലാം തന്നെ ശുചിത്വ സൗകര്യങ്ങളും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളും നടപ്പാക്കി വരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64% ലോകബാങ്ക് വായ്പ മുഖേന ലഭ്യമാക്കുകയും, ബാക്കി തുക ജലനിധി നിയമാവലി അനുസരിച്ചുള്ള സംസ്ഥാന സർക്കാർ - ഗ്രാമപഞ്ചായത്ത് - ഗുണഭോക്തൃ സമിതികളുടെ വിഹിതമായും എടുക്കുന്നു.

**ജലവിഭവ മാനേജ്മെന്റ്**

100 (610) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ജലവിഭവ മാനേജ്മെന്റ് എന്ന ലക്ഷ്യം നേടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉദ്ദേശ്യ ലക്ഷ്യം നേടുന്നതിനായി നദികളുടെ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) നദികളുടെ സുസ്ഥിര വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംയോജിത ജലവിഭവ മാനേജ്മെന്റ് എന്ന ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്തെ ജലവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ച് ഒരു വെബ്സൈറ്റ് (Water Resources Information System [WRIS]) ഉണ്ടാക്കുവാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ദേശീയ/ അന്തർദ്ദേശീയ വിദഗ്ധരുടെ സേവനം ഇക്കാര്യത്തിൽ ലഭ്യമാക്കുന്നതിനായി നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (NHP) ഫണ്ടിംഗ് പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, പ്രകൃതി വിഭവ - മണ്ണ്, ജലം തുടങ്ങിയവ പരിപാലനം വഴി സംയോജിത ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കിയാൽ സുസ്ഥിരമായ ജൈവവൈവിധ്യ പരിസ്ഥിതി സംരക്ഷണം സാധ്യമാകും എന്നതിന്റെ അടിസ്ഥാനത്തിലാണ് സംയോജിത ജലവിഭവ മാനേജ്മെന്റ് (ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് -IWRM) എന്ന ആശയവും രൂപം കൊണ്ടിട്ടുള്ളത്.

(ബി) റവന്യൂ വകുപ്പ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയ നദികളുടെ സർവ്വേ വർക്കുകൾ WRIS-ൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചന്ദ്രഗിരി പുഴയുടെ സർവ്വേ ജോലികൾ, കെ.ഇ.ആർ.ഐ., പീച്ചിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഉപ്പള, ഷിറിയ, മഞ്ചേശ്വർ, മൊഗ്രൽ, ചിറ്റാരി എന്നീ നദികളുടെ സർവ്വേ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നദികളുടെ സുസ്ഥിര വികസനത്തെക്കുറിച്ച് പഠനം നടത്താൻ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്നതിന് പുറമെ തീരശോഷണം തടയുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. നദികളിലേക്ക് ഓരു ജലം കയറുന്നത് തടയുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

## ശുദ്ധജല സ്രോതസ്സുകൾ

101 (611) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല സ്രോതസുകൾ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി നിലവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുളങ്ങളും ജലാശയങ്ങളും മാലിന്യമുക്തമായി സംരക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ജലവിഭവ സംരക്ഷണം ലക്ഷ്യം വച്ചുകൊണ്ടുള്ള 'ഹരിത കേരളം' പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിക്കഴിഞ്ഞു. പദ്ധതി വഴി നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം (പുനരുജ്ജീവനം, നവീകരണവും, ശുദ്ധീകരണവും) ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജലസംസ്കാരം ഉടലെടുക്കുന്നതാണ്. ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനായ 'പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന'യിൽ ഉൾപ്പെടുത്തി ജില്ലാ ജലസേചന പദ്ധതിക്കും രൂപം നൽകിവരുന്നു.

(സി&ഡി) ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായും തടയുക, ഇവയെ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.

**തടയണകൾ സ്ഥാപിക്കുന്നതിന് നടപടി**

102 (612) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട തട്ടുപാറ, പൂതിരുത്തി എന്നിവിടങ്ങളിൽ തടയണകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) തടയണകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിലെ തട്ടുപാറ തടയണ നിർമ്മാണ പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാൻ തയ്യാറാകാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവൃത്തിയുടെ കരാർ ഉടമ്പടി റദ്ദു ചെയ്തു. ശേഷിക്കുന്ന പ്രവൃത്തികളുടെ 106.94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ 130% അധികനിരക്കിലുള്ള ദർഘാസ് സർക്കാർ പരിഗണനയിലാണ്. പൂത്തുരുത്തി ക്രോസ് ബാർ നിർമ്മാണ പ്രവൃത്തിക്കായി നിലവിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരം PRICE-സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## വാമനപുരം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

103 (613) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജക മണ്ഡലത്തിൽ 2015-16 കാലഘട്ടത്തിൽ മേജർ/ മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും പദ്ധതികൾ, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും വിശദമാക്കാമോ?

ഉത്തരം

വാമനപുരം നിയോജകമണ്ഡലത്തിൽ 2015-16 കാലഘട്ടത്തിൽ മേജർ/ മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

മേജർ ഇറിഗേഷൻ പ്രവൃത്തികൾ :

(1) വാമനപുരം ഗ്രാമപഞ്ചായത്തിൽ വാമനപുരം നദിയിൽ പൂവത്തൂർ ക്ഷേത്രക്കടവിന്റെ വലതുകര സംരക്ഷണം.

തുക - 26.50 ലക്ഷം

പ്രവൃത്തി പൂർത്തീകരിച്ചു.

(2) പെരിങ്ങമ്മല പഞ്ചായത്തിൽ വാമനപുരം നദിക്ക് കുറുകെ ചെറ്റച്ചൽ സൂര്യകാന്തി കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം ചെക്ക് ഡാമിന്റെ നിർമ്മാണം.

തുക - 98 ലക്ഷം

പ്രവൃത്തി പുരോഗതിയിലാണ്.

(3) നന്ദിയോട് പഞ്ചായത്തിൽ പാലോട് ദർശന ഇംഗ്ലീഷ് മീഡിയം സ്കൂളിന് സമീപമുള്ള വാമനപുരം നദിയുടെ വലതുകരയുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം.

തുക - 10 ലക്ഷം

പ്രവൃത്തി പുരോഗമിച്ചുവരുന്നു.

<u>മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u> :

ആനാട് പഞ്ചായത്തിൽ നടുവാത്തല ഏലാതോടിൽ തടയണയുടെ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ.

തുക - 2.25 ലക്ഷം

പ്രവൃത്തി പൂർത്തീകരിച്ചു.

പനവൂർ പഞ്ചായത്തിൽ ചുള്ളിമാനൂർ ഷൈനി ഭവനിൽ അമലോൽഭവം വീടിന് സമീപം സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ

തുക - 3 ലക്ഷം

പ്രവൃത്തി പൂർത്തീകരിച്ചു.

**നീർത്തട സംരക്ഷണം**

104 (614) <u>ശ്രീ. എം. എം. മണി</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർത്തട സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കുഴികളുടെ നിർമ്മാണം, മഴവെള്ള സംഭരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നീർത്തട സംരക്ഷണ പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, തോടുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. നീർത്തട സംരക്ഷണത്തിന്റെ ഭാഗമായി ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി പ്രകാരം കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂജല വിതാനം കുറഞ്ഞ സ്ഥലങ്ങളിൽ

ഭൂജല വിതാനം ഉയർത്തുന്നതിനായി ഭൂജല സംപോഷണം നടപ്പിലാക്കി വരുന്നു. ഇതിനായി തടയണകൾ, അടിയണകൾ, തുറന്ന കിണറുകൾ വഴിയുള്ള സംപോഷണം എന്നിങ്ങനെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു. സംയോജിത നീർത്തട മാനേജ്മെന്റ് ശാസ്ത്രീയമായി നടപ്പാക്കുന്നതിനായി ഹരിത കേരള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ബി&സി) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴ കേന്ദ്രം, മഴവെള്ള സംഭരണ-ഭൂജല പരിപോഷണം പദ്ധതി സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ ലളിതവും ചെലവുകുറഞ്ഞതുമായ ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചു നല്കുന്നു. വർഷകാലത്ത് സുലഭമായി മഴവെള്ളം സംഭരണികളിൽ സംഭരിച്ച് കുടിക്കുവാനും ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു. കൂടാതെ മഴക്കാലത്ത് സംഭരണികളിൽ ശേഖരിച്ച് സൂക്ഷിക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതികളെല്ലാംതന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

## നീർത്തട സംരക്ഷണം

105 (615) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർത്തട സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) മഴക്കുഴികളുടെ നിർമ്മാണം, ജലസംരക്ഷണം, മഴവെള്ള സംഭരണത്തിനുള്ള വിവധ മാർഗ്ഗങ്ങൾ എന്നിവ പഞ്ചായത്തുകൾ/നഗരസഭകൾ മുഖേന എല്ലായിടങ്ങളിലും നടപ്പിലാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) നീർത്തട സംരക്ഷണ പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, തോടുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണ നവീകരണപ്രവർത്തനങ്ങൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. നീർത്തട സംരക്ഷണത്തിന്റെ ഭാഗമായി ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി പ്രകാരം കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂജല വിതാനം കുറഞ്ഞ സ്ഥലങ്ങളിൽ

ഭൂജല വിതാനം ഉയർത്തുന്നതിനായി ഭൂജല സംപോഷണം നടപ്പിലാക്കി വരുന്നു. ഇതിനായി തടയണകൾ, അടിയണകൾ, തുറന്ന കിണറുകൾ വഴിയുള്ള സംപോഷണം എന്നിങ്ങനെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചു വരുന്നു. സംയോജിത നീർത്തട മാനേജ്മെന്റ് ശാസ്ത്രീയമായി നടപ്പാക്കുന്നതിനായി ഹരിത കേരളം പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ബി&സി) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴ കേന്ദ്രം, മഴവെള്ള സംരക്ഷണം-ഭൂജല പരിപോഷണം പദ്ധതി സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ ലളിതവും ചെലവുകുറഞ്ഞതുമായ ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചു നല്കുന്നു. വർഷകാലത്ത് സുലഭമായി മഴവെള്ളം സംഭരണികളിൽ സംഭരിച്ച്, കുടിക്കുവാനും ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു. കൂടാതെ മഴക്കാലത്ത് സംഭരണികളിൽ ശേഖരിച്ച് സൂക്ഷിക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതികളെല്ലാം തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

**മഴക്കുറവ് മൂലമുള്ള ജലദൗർലഭ്യം**

106 (616) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ മഴയുടെ ലഭ്യതയിൽ ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ സംസ്ഥാനത്തിൻെറ ജലലഭ്യതയെ എങ്ങിനെ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളെ മഴക്കുറവ് സാരമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മഴക്കുറവു കൊണ്ട് കുടിവെള്ള ദൗർലഭ്യ ഭീഷണിയുള്ള ജില്ലകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇന്ത്യൻ കാലാവസ്ഥ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള കണക്ക് പ്രകാരം (ഐ.എം.ഡി.വെബ്സൈറ്റ്) കേരളത്തിൽ ഈ കാലയളവിൽ ലഭിക്കേണ്ടിയിരുന്ന മഴയിൽ 32% കുറവ് വന്നതായി കണക്കാക്കുന്നു. ഭൂജല വകുപ്പിന്റെ നിരീക്ഷണ കിണറുകളുടെ (തുറന്ന കിണർ) ആഗസ്റ്റ് മാസത്തെ ലഭ്യമായ ഡാറ്റ കഴിഞ്ഞ വർഷവുമായി താരതമ്യപഠനം നടത്തിയപ്പോൾ (മൺസൂൺ) 56% തുറന്ന കിണറുകളിൽ ജലവിതാനത്തിൽ കുറവുള്ളതായി കാണുന്നു. ഇതിൽ ഭൂരിഭാഗം കിണറുകളിലും നേരിയ കുറവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. കുഴൽ കിണറുകളിൽ പ്രകടമായ വ്യതിയാനം കാണപ്പെടുന്നില്ല.

(ബി) വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളെ മഴക്കുറവ് സാരമായി ബാധിച്ചിട്ടുണ്ട്.

(സി) നേരിയ തോതിലുള്ള മഴക്കുറവുകൊണ്ട് കുടിവെള്ള ദൗർലഭ്യം സാരമായി ബാധിച്ച ജില്ലകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ തുലാമഴയും കൂടി കുറവായാൽ നദികളിലെ നീരൊഴുക്ക് കുറയുവാനും അത് കുടിവെള്ള പദ്ധതികളെ ബാധിക്കുവാനും ഇടയുണ്ട്. തുലാവർഷ മഴയിൽ കാര്യമായ കുറവ് ഉണ്ടാകാനിടയില്ല എന്നാണ് ഐ.എം.ഡി. (ഇൻഡ്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റ്) വെബ്സൈറ്റിൽ നിന്നുള്ള വിവരം. എന്നിരുന്നാലും നദികൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിലെ ജലലഭ്യത മോണിറ്റർ ചെയ്ത്, ലഭ്യമായ ജലസമ്പത്ത് ഉപയോഗിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ കുടിവെള്ള ദൗർലഭ്യം ഉണ്ടായേക്കാവുന്ന പ്രദേശങ്ങളിൽ ഭൂജല വകുപ്പിന്റെ തനത് പദ്ധതികൾ പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസഹായ ത്തൊടെയും, എം.പി, എം.എൽ.എ. ഡെപ്പോസിറ്റ് വികസന ഫണ്ട് ഉപയോഗിച്ചും കുടിവെള്ള ദൗർലഭ്യം പരിഹരിച്ചു വരുന്നു.

**പാലക്കാട് ജില്ലയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ**

107 (617) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മൈനർ ഇറിഗേഷന് കീഴിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടേയും പ്രവർത്തനം മുടങ്ങാതെ നടത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(സി) മലബാർ ഇറിഗേഷൻ പാക്കേജ് (മിർപ) പദ്ധതിപ്രകാരം എത്ര പാടശേഖര സമിതികളിൽ മോട്ടോറും, അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുകയുണ്ടായി എന്നും അതിൽ ഏതെല്ലാം പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 33 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഓരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും കാര്യക്ഷമമായ പ്രവർത്തനത്തിന് വാർഷിക അറ്റകുറ്റപ്പണികൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെയും പമ്പുകളുടെയും മോട്ടോറുകളുടെയും ഓവർ ഹൗളിംഗ്, പീരിയോഡിക്കൽ റിപ്പയർ എന്നിവ നടത്തി വരാറുണ്ട്. കൂടാതെ, പ്രോജക്ട് അറ്റകുറ്റപ്പണികൾ ഉൾപ്പെടുത്തി റീവാമ്പിംഗ് നടത്തുകയും ചെയ്യാറുണ്ട്. കനാലുകളുടെ കാടുവെട്ടലും അനുബന്ധ പ്രവൃത്തികളും പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്തുവരുന്നു.

(സി) 31 പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രവർത്തനക്ഷമമാണ്. ഇതുമൂലം 22 പാടശേഖര സമിതികൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ട്.

**ബലിക്കടവ് നിർമ്മാണം**

108 (618) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മഹാദേവേശ്വരം തേവരുകടവിൽ ബലിക്കടവ് നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്യുന്നത് എവിടെയാണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

ഉത്തരം

(എ) കിളിമാനൂർ മഹാദേവേശ്വരം തേവരുകടവിൽ ബലിക്കടവ് നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സർക്കിൾ, തിരുവനന്തപുരം, ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം (2015-16) സാമ്പത്തിക വർഷത്തിൽ സാമ്പത്തികാനുമതി നൽകാൻ സാധിച്ചില്ല.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്യുന്നത് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിലാണ്. ഫയൽ നം. ഡബ്ല്യു1/എഫ്. എസ്/37571/15.

## കടമക്കുടി ഗ്രാമപഞ്ചായത്തിലെ ജലവിതരണം

109 (619) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി ഗ്രാമപഞ്ചായത്തിലെ ജലവിതരണ ശൃംഖലയിലെ പഴക്കമുള്ള ദ്രവിച്ച പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ജല അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്നും പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കടമക്കുടി പഞ്ചായത്തിലെ വിതരണ ശൃംഖല പുതുക്കുന്നതിനായി 12 കോടി രൂപയുടെ പദ്ധതി Kerala Infrastructure Investment Fund Board (KIIFB) ഫണ്ടിംഗിനായി സമർപ്പിച്ചത് പരിശോധിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റി പെരുമ്പാവൂർ പ്രോജക്റ്റ് ഡിവിഷനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല.

## കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ്

110 (620) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ കേടുവന്നതുമൂലം വെള്ളം സംഭരിക്കാൻ സാധിക്കാതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേടുപാടുകൾ തീർക്കാനായി തയ്യാറാക്കി സമർപ്പിച്ച 30 ലക്ഷം രൂപയുടെ പ്രവൃത്തി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പാലത്തിൽ ടോൾ പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ 5 വർഷത്തെ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കേടുപാടുകൾ തീർക്കാനായി സമർപ്പിച്ച പ്രവൃത്തിക്ക് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി വർക്കുകളുടെ ടെണ്ടർ നടപടികൾ ഒരു മാസത്തിനകം നടത്താൻ കഴിയുമെന്ന് മെക്കാനിക്കൽ ചീഫ്എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)

| വർഷം | | വരുമാനം |
|---|---|---|
| 2011-12 | - | 6,76,615 രൂപ |
| 2012-13 | - | 7,00,100 രൂപ |
| 2013-14 | - | 8,16,000 രൂപ |
| 2014-15 | - | 10,10,111 രൂപ |
| 2015-16 | - | 8,48,700 രൂപ |

**ജല മലിനീകരണം**

111(621) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളും ശുദ്ധജലതടാകങ്ങളും ജല സ്രോതസ്സുകളും വ്യാപകമായ തോതിൽ മലിനപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലമലിനീകരണംമൂലം പല ജലസസ്യങ്ങളുടെയും, മത്സ്യങ്ങളുടെയും, കക്കയുടെയും മറ്റും എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കായൽ ടൂറിസത്തിന്റെ ഭാഗമായി ഹൗസ് ബോട്ടുകളും മറ്റും സർവ്വീസ് നടത്തുമ്പോൾ അവയിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ, ജല സ്രോതസ്സുകളോട് ചേർന്ന് പ്രവർത്തിക്കുന്ന ഫാക്ടറികൾ പുറംതള്ളുന്ന വിഷലിപ്ത ജലം എന്നിവ ജലമലിനീകരണത്തിന് കാരണമാകുന്നു എന്ന വസ്തുത ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജലമലിനീകരണത്തിന് ഹേതുവായ ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനും ജലാശയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനും ജലസസ്യങ്ങളുടെയും, നീർപക്ഷികളുടെയും, മത്സ്യങ്ങളുടെയും മറ്റും സംരക്ഷണത്തിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. റിസോർട്ടുകളേയും ഹൗസ്ബോട്ടുകളേയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ജല മലിനീകരണം തടയുന്നതിനായി ഫോർസ്റ്റോക്ക് ഔട്ട്ബോർഡ് എഞ്ചിനോ ഇൻബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും, സീവേജ് മാലിന്യം കരയിലെ സ്വന്തമായ സ്വീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതുമലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമേ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളൂ. വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി 90 Kilo Litres Per Day (KLD) ശേഷിയുള്ള ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ആൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷൻ 180 KLD ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആലപ്പുഴയിലെ കുന്നമ്മ വില്ലേജിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം, 1974 പ്രകാരം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജല നിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നുണ്ട്.

എറണാകുളം ജില്ലയിലെ ഏലൂർ-എടയാർ മേഖലയിലാണ് സംസ്ഥാനത്തെ പ്രധാനമായ വ്യവസായ കേന്ദ്രം സ്ഥിതിചെയ്യുന്നത്. പെരിയാർ നദിയിൽ മേത്താനം ഭാഗത്ത് ജല ഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സൗകര്യമൊരുക്കി ആയത് അപ്പപ്പോൾ പൊതുജനങ്ങളിൽ എത്തിക്കാൻ ഫാക്ട്, ഉദ്യോഗമണ്ഡൽ ഓഫീസിന് മുമ്പിലുള്ള ട്രാഫിക് ഐലന്റിൽ ഒരു ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ച് പരിശോധനാ ഫലം ബോർഡ് പ്രദർശിപ്പിച്ചിരുന്നു. പെരിയാറിന്റെ ഏലൂർ ഭാഗത്തെ മലിനീകരണം മോണിറ്റർ ചെയ്യാനായി പെരിയാരിന്റെ ഇരുകരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവയലൻസ് ക്യാമറകൾ ബോർഡ് സ്ഥാപിച്ചു. ബോർഡിന്റെ എൻവയോൺമെന്റ് സർവയലൻസ് സെന്ററിൽ ടി ക്യാമറകൾ പകർത്തുന്ന ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യപ്പെടുന്നു. ടി സംവിധാനത്തിലൂടെ വ്യവസായ സ്ഥാപനങ്ങൾ അനധികൃതമായി മലിനജലം നിക്ഷേപിക്കുന്നത് പരിശോധിക്കുവാനും ആവശ്യം വരുന്ന സാഹചര്യങ്ങളിൽ ഉടനടി ഇടപെട്ട് പരിഹാര നടപടികൾ സ്വീകരിക്കാനും കഴിയുന്നു. വ്യവസായ സ്ഥാപനങ്ങളോടടുത്ത പെരിയാർ നദിയുടെ ഭാഗങ്ങളിൽ നിന്നും ദിവസേന സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കുളവാഴ നിർമ്മാർജ്ജനത്തിനായി ഫിർമ മുഖേന 16.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യ സംരക്ഷണത്തിനായി മത്സ്യ സങ്കേതങ്ങളും കൃത്രിമ പാരുകളും സ്ഥാപിക്കുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ, ജലാശയങ്ങളിൽ മാലിന്യം എത്താതിരിക്കുന്നതിനായി വ്യവസായ സ്ഥാപനങ്ങളെയും, ഹൗസ് ബോട്ടുകളെയും ജലനിയമത്തിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിക്കുന്നതിലൂടെ ജലസസ്യങ്ങളുടെയും നീർപക്ഷികളുടെയും മത്സ്യങ്ങളുടെയും സംരക്ഷണത്തിന് സാധ്യമാകുന്നുണ്ട്.

**തീരസംരക്ഷണം**

112 (622) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരസംരക്ഷണത്തിന് കടലിൽ കല്ലിടുന്ന പദ്ധതി അവസാനിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ബി) തീരസംരക്ഷണത്തിനായി മുൻകാലത്ത് നടപ്പാക്കിയ തീരവനം പദ്ധതി വിജയമായിരുന്നോ; എങ്കിൽ എവിടെയൊക്കെ വിജയപ്രദമായി എന്നു വിശദമാക്കുമോ;

(സി) തീരസംരക്ഷണത്തിന് കണ്ടൽ വച്ചു പിടിപ്പിക്കുന്നതു സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി സമിതി സർക്കാരിന് ശിപാർശ നല്കിയിരുന്നോ; അതു സംബന്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കടലിൽ കല്ലിടുന്നത് കടൽക്ഷോഭത്തിന് ശാശ്വത പരിഹാരമല്ല. തീരസംരക്ഷണത്തിന്റെ ഭാഗമായി നിർമ്മിച്ചുവരുന്ന കടൽഭിത്തിയുടെ നിർമ്മാണം അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

(ബി) തീരസംരക്ഷണത്തിനായി തീരവനം പദ്ധതി വനംവകുപ്പാണ് നടപ്പിലാക്കിയത്.

(സി) കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിനെത്തുടർന്ന് കണ്ടൽ വച്ചുപിടിപ്പിക്കുവാൻ സാധിക്കുന്ന ഇടങ്ങളിൽ ഇവ വച്ചുപിടിപ്പിക്കണമെന്ന് (12/12/2014-ലെ സ.ഉ.(പി) നമ്പർ 16/14/പരിസ്ഥിതി) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, കേരളത്തിന്റെ തീരപ്രദേശത്തിൽ ഭൂരിഭാഗം പ്രദേശവും മണൽ നിറഞ്ഞതായതിനാൽ കണ്ടൽ വളരുന്നതിന് അനുയോജ്യമല്ലായെന്ന വിലയിരുത്തലുള്ളതിനാൽ പ്രസ്തുത ഭാഗങ്ങളിൽ പരീക്ഷിച്ചിട്ടില്ല.

**നെടുമങ്ങാട് മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ**

113 (623) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നെടുമങ്ങാട് മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) പൂർത്തിയായവയുടെയും പൂർത്തിയാകാത്തവയുടെയും വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**തിരുവനന്തപുരം-ഷൊർണ്ണൂർ കനാൽ**

114 (628) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-ഷൊർണ്ണൂർ കനാലിന്റെ (ററി.എസ്. കനാൽ) ആദ്യഭാഗത്തിന്റെ പുനരുദ്ധാരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പുനരുദ്ധാരണ നടപടികൾ മുടങ്ങിക്കിടക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും, പരിസരവാസികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളും ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കുമോ;

(സി) തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള പണികൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 74.18 കി.മീ. ദൂരമുള്ള കോവളം - കൊല്ലം ജലപാതയിൽ വർക്കല-അഞ്ചുതെങ്ങ് ഭാഗത്ത് 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെ 5.28 കോടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയുടെ 3 പ്രവൃത്തികളും സംസ്ഥാന ഫണ്ടിൽ 34.595 കോടി രൂപ ഉൾപ്പെടുത്തി 7 പ്രവൃത്തികളും പല ഭാഗങ്ങളിലായി നടന്നുവരുന്നു. 2.16 കോടി രൂപയുടെ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. കോവളം-ആക്കുളം വരെയുള്ള പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

വേളി-ആക്കുളം കായലിന്റെ ആഴം കൂട്ടലിനായി 16.99 കോടി രൂപയുടെ പ്രവൃത്തിയും പാർശ്വ സംരക്ഷണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി 12.99 കോടി രൂപയുടെ പ്രവൃത്തിയും പുരോഗതിയിലാണ്. നടയറ മുതൽ ഇരവിപുരം കായൽ വരെയുള്ള 11 കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. ഇരവിപുരം കായൽ മുതൽ അഷ്ടമുടിക്കായൽ വരെയുള്ള 7.86 കി.മീ. ദൂരമുള്ള കൊല്ലം തോടിന്റെ 2 കി.മീ ഭാഗത്തെ ആഴംകൂട്ടൽ പൂർത്തിയാക്കിയിട്ടുണ്ട്. 3.5 കി.മീ. ഭാഗത്തെ 9.20 കോടി രൂപയുടെ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കച്ചിക്കടവ് മുതൽ ജലകേളി കേന്ദ്രം വരെയുള്ള ഭാഗത്തെ വികസന പ്രവൃത്തികൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചിറയിൻകീഴ് പഞ്ചായത്തിൽ കടകം വടക്കേ അരയത്തുരുത്ത്, തെക്കേ അരയത്തുരുത്ത് ഭാഗങ്ങളിൽ 2 വരി റോഡ് ബ്രിഡ്ജിന്റെ നിർമ്മാണത്തിനായുള്ള 3 പ്രവൃത്തികൾക്കായി യഥാക്രമം 6 കോടി, 7.6 കോടി, 6 കോടി എന്നിങ്ങനെ 19.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാർവ്വതീപുത്തനാറിന്റെ മൂന്നാറ്റുമുക്ക് മുതൽ ആക്കുളം വരെ പോള മാറ്റുന്ന പ്രവൃത്തി പുരോഗതിയിലാണ്. കൂടാതെ പാർവ്വതീപുത്തനാറിനെ മാലിന്യമുക്തമാക്കുന്നതിനായി ആക്കുളത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 4.298 കോടി രൂപ ജലസേചന വകുപ്പ് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജലപാതയുടെ ജലനിർഗ്ഗമനം സുഗമമാവുകയും പരിസരവാസികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതുമാണ്.

(സി) തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള പണികൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 2007-08 | - | 4,40,05,795 രൂപ |
| 2008-09 | - | 1,46,53,189 രൂപ |
| 2009-10 | - | 4,39,54,730 രൂപ |
| 2010-11 | - | 3,17,38,823 രൂപ |
| 2011-12 | - | 2,52,18,413 രൂപ |
| 2012-13 | - | 1,45,30,450 രൂപ |
| 2013-14 | - | 1,50,33,256 രൂപ |
| 2014-15 | - | 4,32,23,566 രൂപ |
| 2015-16 | - | 1,61,54,966 രൂപ |
| 2016-17 | - | 1,95,33,678 രൂപ |
| ആകെ | - | 26,80,46,866/- രൂപ |

**അന്തർസംസ്ഥാന നദീജല കരാറുകൾ**

115 (630) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദീജല കരാറുകൾ നടപ്പാക്കാനായി അയൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തുമെന്ന് 16-8-2016-ൽ പ്രസ്താവിച്ച പ്രകാരം എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതൊക്കെ അയൽസംസ്ഥാനങ്ങളുമായിട്ടാണ് നദീജല കരാറുകൾ നിലവിലുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന നദീജല കരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് അയൽ സംസ്ഥാനങ്ങളുമായി തുടർ ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിനുള്ള സാദ്ധ്യതകളാണ് സംസ്ഥാനം ആരായുന്നത്. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി പി.എ.പി.-യിലെ തമിഴ്നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി അനൗപചാരിക ചർച്ച നടത്തുകയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ്നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് അറിയിച്ചത്. കരാർ പ്രകാരമുള്ള ജലം വിട്ടുനൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ട കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നിവയാണവ. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. (പെരിയാർ പാട്ടക്കരാറിന് നിയമ സാധുത ഇല്ലെന്നാണ് കേരളത്തിന്റെ വാദമെങ്കിലും 7-5-2014-ലെ സുപ്രീംകോടതി വിധിയിൽ കേരളത്തിന്റെ വാദം അംഗീകരിച്ചിട്ടില്ല.) ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

**മുല്ലപ്പെരിയാർ ഡാം**

116 (631) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുംബൈയ്ക്കടുത്തുള്ള "മഹാഡ് പാലം" പോലെ സുർക്കി മിശ്രിതം ഉപയോഗിച്ചാണ് മുല്ലപ്പെരിയാർ ഡാമും നിർമ്മിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 88 വർഷം മാത്രം പഴക്കമുള്ള സുർക്കി മിശ്രിതത്താൽ നിർമ്മിതമായ മഹാഡ് പാലം കനത്ത മഴയത്ത് ഒലിച്ചുപോയ സ്ഥിതിയ്ക്ക് 152 അടി വെള്ളം സംഭരിച്ചു നിർത്താമെന്ന് വിദഗ്ധ സമിതി കണ്ടെത്തിയ മുല്ലപ്പെരിയാർ ഡാം എങ്ങനെ സുരക്ഷിതമായിരിക്കുമെന്നാണ് വിലയിരുത്തുന്നത്; വ്യക്തമാക്കുമോ;

(സി) ഈ സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) 1928-ൽ നിർമ്മിച്ച മഹാഡ്പാലം സുർക്കി മിശ്രിതത്തിൽ നിർമ്മിച്ചതാണെന്നുള്ള പത്ര വാർത്തകളല്ലാതെ നിർമ്മാണത്തെ സംബന്ധിച്ചുള്ള ആധികാരിക വിവരങ്ങൾ ലഭ്യമല്ല.

(ബി) കേരള സർക്കാർ പഴയ ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഐ.ഐ.റ്റി. ഡൽഹി, റൂർക്കി എന്നീ സ്ഥാപനങ്ങൾ മുഖേന പഠനം നടത്തിയതിൻ പ്രകാരം ഡാം സുരക്ഷിതമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകളുള്ളപ്പോൾത്തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഡാം സുരക്ഷിതമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കുള്ള ആശങ്ക ദൂരീകരിക്കുന്നതിനായി 2014-ലെ സുപ്രീംകോടതി വിധിയിൽത്തന്നെ ഒരു മൂന്നംഗ മേൽനോട്ട സമിതിയെ നിയോഗിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് രൂപീകരിച്ച സമിതി ഡാമിന്റെ സുരക്ഷ നിരന്തരം വിലയിരുത്തുന്നുണ്ട്. കേരള സർക്കാരിന്റെ നിലപാട് ഒരു പുതിയ ഡാം പണിയണം എന്നു തന്നെയാണ്. ഇതിലേക്കായി പുതിയ ഡാമിനുവേണ്ട പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികളെടുക്കുകയും ഇതിനായി കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച മന്ത്രാലയം MOEF & CC-യെ സമീപിക്കുകയും ചെയ്തു. ഇതിനെതിരായി തമിഴ്നാട് സർക്കാർ ബഹു. സുപ്രീംകോടതിയിൽ Interlocutory Application (IA) ഫയൽ ചെയ്തിരുന്നതിനാൽ വിധി വരുന്നതുവരെ proposal defer ചെയ്തു. ഇതിനെത്തുടർന്ന് തമിഴ്നാട് സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് proposal MOEF& CC delist ചെയ്യുകയുമുണ്ടായി. കേരള സർക്കാർ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരെ തമിഴ്നാട് സർക്കാർ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത IA ബഹു. സുപ്രീംകോടതി 13-4-2016-ൽ തള്ളിക്കളഞ്ഞ (dismissed as infructuous) സാഹചര്യത്തിൽ പുതിയ മുല്ലപ്പെരിയാർ ഡാം നിർമ്മിക്കുന്നതിന് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള പഠന വിധേയമാക്കേണ്ട വിഷയങ്ങൾ (ToR) അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് 12-8-2016-ൽ കേരള സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**കടൽഭിത്തി നിർമ്മാണം**

117 (633) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികൾ പുനർ നിർമ്മിക്കുന്നതിനും, പുതിയ ഭിത്തികൾ പണിയുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കടലാക്രമണം തടയുന്നതിനുള്ള തീര സംരക്ഷണ പ്രവൃത്തികൾ സംബന്ധിച്ച സി.ഡബ്ല്യൂ.പി.ആർ.എസ്സി.-ന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാട്ടൂൽ, മാടായി ഭാഗത്ത് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ മൂന്ന് പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നീരൊഴുക്കുംചാലിലെ ചെ. 100/400 കി.മീ.നും 100/550 കി.മീ.നും ഇടയിലുള്ള സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി എസ്.ഡി.ആർ.എഫ്.-ൽ ഭരണാനുമതി നൽകിയ 40 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ നീരൊഴുക്കുംചാലിൽ ചെ. 100/200 കി.മീ. മുതൽ 100/264 കി. മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണമൊന്നുമില്ലാത്തതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ നടന്നു വരുന്നു. മാടായി പഞ്ചായത്തിലെ നീരൊഴുക്കുംചാലിൽ ചെ. 100/265 കി.മീറ്ററിനും 100/325 കി.മീറ്ററിനും ഇടയിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2 തവണ ടെണ്ടർ ചെയ്തപ്പോൾ കരാറുകാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായില്ല. മൂന്നാമത്തെ തവണ ടെണ്ടർ ചെയ്ത് തുടർനടപടികൾ നടന്നുവരുന്നു. കല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ മാടായി പഞ്ചായത്തുകളിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന നീരൊഴുക്കുംചാൽ, കക്കാടൻചാൽ, വാവുവളപ്പിൽ തോട്, മാട്ടൂൽ സൗത്ത് എന്നീ പ്രദേശങ്ങളിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 964 ലക്ഷം രൂപയുടെ 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റും ചൂറ്റാട് പുതിയങ്ങാടി ഭാഗത്ത് പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 281 ലക്ഷം രൂപയുടെ 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

(സി) സി.ഡബ്ല്യൂ.പി.ആർ.എസ്. (സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടത്തിയ പഠന റിപ്പോർട്ടിന്റെ കരട് പരിശോധിച്ചുവരികയാണ്.

## കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം

118 (634) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകൾ വൻതോതിൽ മലിനപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള മലിനീകരണം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരിശോധനകളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 44 നദികളിലെ 126 കേന്ദ്രങ്ങളിൽ നിന്നും 34 കിണറുകളിൽ നിന്നും തെരഞ്ഞെടുത്ത സ്റ്റേഷനുകളിലെ ടാപ്പ് വാട്ടർ സാമ്പിളുകളും ബോട്ടിൽഡ് വാട്ടർ സാമ്പിളുകളും കാലാകാലങ്ങളിൽ പരിശോധിച്ചു വരുന്നു.

(സി) കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ഉറവിടങ്ങൾ, ഡാമുകൾ തുടങ്ങിയവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1974 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. കുടിവെള്ളത്തിനായി വിതരണം ചെയ്യുന്ന കേരള വാട്ടർ അതോറിറ്റി പദ്ധതി സ്രോതസ്സുകളിലെ ജലം വിവിധ തലത്തിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ശുദ്ധീകരിച്ചതിനുശേഷം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് വിതരണം ചെയ്യാറുള്ളത്. ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം എത്തിച്ചേരുന്നതിന് സ്രോതസ്സുകളിൽത്തന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു.

ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളെയും, ആശുപത്രികളെയും ഉത്തുംഗ കെട്ടിടങ്ങളേയും കൊണ്ടുവരികയും അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും, വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്ന് മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു. കൂടാതെ, കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം, കമ്പിവേലി നിർമ്മാണം എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

(ഡി) പൊതുവിതരണത്തിനുള്ള കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് The Central Public Health & Environmental Engineering Organization-നും ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡും (IS 10500-2012) പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് സംസ്ഥാനത്തും ഗുണനിലവാരപരിശോധന നടത്തുന്നതിനുള്ള മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

**മാമലക്കണ്ടത്തെ കുടിവെള്ളക്ഷാമം**

119 (635) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മാമലക്കണ്ടത്ത് കുടിവെള്ളക്ഷാമം നിലനിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്ത് പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കുട്ടമ്പുഴ പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ മാമലക്കണ്ടം മേഖലയിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ നിലവിലില്ല. വനമേഖലയിലൂടെ 8 കി.മീ. ദൂരത്താണ് മാമലക്കണ്ടം സ്ഥിതി ചെയ്യുന്നത്. അതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള കുട്ടമ്പുഴ, വടാട്ടുപാറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ഈ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നത് പ്രായോഗികമല്ല. ചെറുകിട ശുദ്ധജല പദ്ധതികളാണ് ഈ പ്രദേശത്ത് അനുയോജ്യമായിട്ടുള്ളത്. ഈ പ്രദേശത്ത് മുടങ്ങിക്കിടക്കുന്ന ഗ്രാമപഞ്ചായത്തിന്റെ മൂന്ന് പദ്ധതികൾ (മേത്താനംപാറ കുടിവെള്ള പദ്ധതി, എളമ്പ്രാശ്ശേരി കുടിവെള്ള പദ്ധതി, മാമലക്കണ്ടം എസ് സി. കോളനി കുടിവെള്ള പദ്ധതി എന്നിവ) ജില്ലാ കളക്ടറുടെ വരൾച്ചാ ഫണ്ട് ഉപയോഗിച്ച് വാട്ടർ അതോറിറ്റി മുഖേന പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി കുട്ടമ്പുഴ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല കുട്ടമ്പുഴ പഞ്ചായത്തിനാണ്.

**മൈലം-തലവൂർ കുടിവെള്ള പദ്ധതി**

120 (636) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈലം - തലവൂർ കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) കുളക്കട - പവിത്രേശ്വരം പദ്ധതിയിൽ ജലവിതരണം എന്നത്തേക്ക് പൂർണ്ണമായും സാധ്യമാക്കാൻ കഴിയും; പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. മൈലം പഞ്ചായത്തിലെ ആക്കാവിളയിൽ നിർമ്മാണത്തിലിരിക്കുന്ന 6.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കിന്റെ പണികൾ - ഏകദേശം 90 ശതമാനം പൂർത്തീകരിച്ചു. പ്ലാസ്റ്ററിംഗ് പണികൾ പുരോഗമിച്ചുവരുന്നു.

2. പൂക്കുന്നുമലയിൽ നിന്നും മൈലം ഉപരിതല ടാങ്കിലേയ്ക്ക് സ്ഥാപിക്കേണ്ടുന്ന 200 mm DI K9 ട്രാൻസ്മിഷൻ മെയിനിന്റെ പണികൾ - ഏകദേശം 27% പൂർത്തിയായി. തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി PWD-യുടെ അനുവാദം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൈലം പഞ്ചായത്തിൽ ശുദ്ധജലം എത്തിക്കുന്നതിന് തലവൂർ, പട്ടാഴി, പട്ടാഴി-വടക്കേക്കര എന്നീ പഞ്ചായത്തുകളുമായുള്ള തർക്കം പരിഹരിക്കേണ്ടതുണ്ട്.

3. ജലവിതരണശൃംഖല - എസ്റ്റിമേറ്റ് തുകയുടെ പരിധിയിൽ നിർത്തി കൊണ്ട് ഭാഗികമായി വിതരണശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി 2017 നവംബർ മാസത്തിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കിണർ, റോ-വാട്ടർ പമ്പിംഗ് മെയിൻ (ട്രീറ്റ്മെന്റ് പ്ലാന്റ്), വിതരണശൃംഖല (ഭാഗികം) തുടങ്ങിയവ ഉൾപ്പെട്ട കുളക്കട-പവിത്രേശ്വരം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. കുളക്കട-പവിത്രേശ്വരം പഞ്ചായത്തുകളിൽ പൂർണ്ണമായ തോതിൽ ജലവിതരണം നടത്തുന്നതിനുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ സർവ്വേ ജോലികൾ പൂർത്തിയായി വരുന്നു. ഇപ്രകാരം ഈ പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾക്കായുള്ള സർവ്വേ പൂർത്തിയായി. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

**കുടിവെള്ള കണക്ഷനുകൾ**

121 (637) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾ, വായനശാലകൾ എന്നിവയ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന കുടിവെള്ള കണക്ഷനുകൾ ഗാർഹികേതര വിഭാഗത്തിൽ നിന്നും ഗാർഹിക വിഭാഗത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാതിക്കുടം പനമ്പിള്ളി മെമ്മോറിയൽ ഗ്രാമീണ വായനശാല ഈ ആവശ്യത്തിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ നിയമങ്ങൾ പ്രകാരം അങ്കണവാടികൾ, വായനശാലകൾ തുടങ്ങിയവയ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന കുടിവെള്ള കണക്ഷനുകൾ ഗാർഹികേതര വിഭാഗത്തിൽ നിന്നും ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റുവാൻ ഇപ്പോഴത്തെ നിലയ്ക്ക് സാധിക്കുന്നതല്ല.

(ബി) പ്രസ്തുത അപേക്ഷ 20-8-2016-ൽ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ വായനാശാലകൾക്ക് ഗാർഹിക നിരക്കിൽ കുടിവെള്ളം നൽകുവാൻ കേരള വാട്ടർ അതോറിറ്റിയിലെ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. ഈ വിവരം അപേക്ഷകനെ അറിയിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിലേയ്ക്കുള്ള മീറ്റർ റീഡർ റാങ്ക് പട്ടിക**

122 (638) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡർ റാങ്ക് പട്ടികയിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നും ഇതിൽ ജോലിയിൽ പ്രവേശിച്ചവർ എത്ര എന്നും വ്യക്തമാക്കുമോ;

(ബി) പ്രവേശിക്കാതിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കുമോ;

(സി) 2016 ആഗസ്റ്റ് 31 വരെ കേരളാ വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികകളുടെ എത്ര ഒഴിവുകൾ ഉണ്ടെന്നും ഏതെല്ലാം ഡിവിഷനുകളിലാണ് ഒഴിവുകൾ ഉള്ളതെന്നും അറിയിക്കുമോ; ഈ ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 164 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിൽ 134 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബാധകമല്ല.

(സി) 10 ഒഴിവുകൾ ഉണ്ട്. ഡിവിഷൻ തലത്തിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, വടകര | 1 |
| 2. | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാട് | 1 |
| 3. | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, മലപ്പുറം | 1 |
| 4. | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കോഴിക്കോട് | 4 |
| 5. | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം (നോർത്ത്) | 1 |
| 6. | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കോട്ടയം | 1 |
| 7. | പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | 1 |
| | ആകെ | 10 |

ഇതിൽ എൻ.ജെ.ഡി. ഉൾപ്പെടെയുള്ള 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 4 ഒഴിവുകൾ ബൈ ട്രാൻസ്ഫർ പ്രൊമോഷനു വേണ്ടി നീക്കിവച്ചിരിക്കുന്നു.

**സമഗ്ര കുടിവെള്ള പദ്ധതി**

123 (639) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം പണികൾ അവശേഷിക്കുന്നുണ്ടെന്നും എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും കരാറുകാർ ആരെല്ലാമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനം അനന്തമായി നീണ്ടുപോകാതെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി താഴെ വിവരിക്കുന്നു:

<u>പാക്കേജ്-1</u>: കൈലാസംകുന്നിൽ 14.64 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും 8.92 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായിക്കഴിഞ്ഞു.

<u>പാക്കേജ്-2</u>: 8.77 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണം ഇരട്ടച്ചിറയിൽ പൂർത്തീകരിച്ചു.

<u>പാക്കേജ്-3</u>: കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള 57.45 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണിയും മറ്റ് അനുബന്ധ പണികളും പൂർത്തിയായി.

<u>പാക്കേജ്-4</u>: കടൽകാണിക്കുന്നിലെ 4.37 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും 31.18 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായിക്കഴിഞ്ഞു.

<u>പാക്കേജ്-5</u>: കാരേറ്റ് പാലത്തിന് സമീപം 9 മീ. വ്യാസമുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പണികളും അതിനോടനുബന്ധിച്ച് 16.72 കി.മീ. പൈപ്പ് ലൈനിന്റെ പണികളും പൂർത്തീകരിച്ചു.

<u>പാക്കേജ്-6</u>: കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള 4.22 കി.മീ. ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ പൂർത്തിയായിക്കഴിഞ്ഞു.

<u>പാക്കേജ്-7</u>: കാരേറ്റ് പമ്പ് ഹൗസ്, ഇരട്ടച്ചിറ പമ്പ് ഹൗസ്, തട്ടത്തുമല പമ്പ് ഹൗസ് എന്നിവിടങ്ങളിലെ പമ്പ് സെറ്റും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന പ്രവൃത്തികളിൽ 80 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്.

പാക്കേജ്-8: കാരേറ്റ് പമ്പ് ഹൗസിന് സമീപം ഇൻഡോർ ട്രാൻസ്ഫോർമർ കെട്ടിടം, ഇരട്ടച്ചിറ, തട്ടത്തുമല എന്നീ സ്ഥലങ്ങളിലെ ഇൻഡോർ ട്രാൻസ്ഫോർമർ കെട്ടിടത്തിന്റെയും അനുബന്ധ ഘടകങ്ങളുടെയും പണികൾ പൂർത്തിയായി.

പാക്കേജ്-7-ൽ അവശേഷിക്കുന്ന പണികൾ:

1. പാനൽബോർഡ്, പൈപ്പ്ലൈൻ കൂട്ടിയോജിപ്പിക്കൽ പണികളും കേബിൾ കൂട്ടിയോജിപ്പിക്കൽ പണികളും.
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുത കണക്ഷന്റെ ലഭ്യതയും.

പാക്കേജ്-8-ൽ അവശേഷിക്കുന്ന പണികൾ:

ചുറ്റുമതിലിന്റെ പണിയും യാർഡ് ലൈറ്റിംഗുമായി ബന്ധപ്പെട്ട പണികളും.

ഈ പദ്ധതി 2016 നവംബർ മാസം അവസാനത്തോടെ കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 3100 ലക്ഷം രൂപയും ഇതിനകം ചെലവഴിച്ച തുക 2431.51 ലക്ഷം രൂപയുമാണ്. കരാറുകാരുടെ വിവരങ്ങൾ താഴെപ്പറയുന്നു:

1. പദ്ധതിയുടെ ഒന്നാമത്തേയും എട്ടാമത്തേയും പാക്കേജുകൾ - അനുരാഗ് എഞ്ചിനിയേഴ്സ്, ജവഹർ നഗർ, തിരുവനന്തപുരം.
2. രണ്ടാമത്തെ പാക്കേജ് - ചിക്കാഗോ കൺസ്ട്രക്ഷൻസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ശാസ്തമംഗലം, തിരുവനന്തപുരം.
3. മൂന്നാമത്തെ പാക്കേജ് - ശ്രീ. എൻ. വിനോദ് ലാൽ, ലാലസ് കൺസ്ട്രക്ഷൻസ്, കൊല്ലം.
4. നാലാമത്തെ പാക്കേജ് - ജെ&ബി എഞ്ചിനീയറിംഗ് ആന്റ് കൺസ്ട്രക്ഷൻസ് കമ്പനി, കുറ്റൂർ പി.ഒ., തിരുവല്ല.
5. അഞ്ചാമത്തെ പാക്കേജ് - ശ്രീ. ജി. സുരേഷ് അവനവഞ്ചേരി, ആറ്റിങ്ങൽ.
6. ആറാമത്തെ പാക്കേജ് - ശ്രീ. എസ്. ശ്രീകുമാർ, പാറശ്ശാല.
7. ഏഴാമത്തെ പാക്കേജ് - അശ്വതി ഏജൻസീസ്, വക്കം.

(സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും അതിനെത്തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുത കണക്ഷനും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യുവാൻ കഴിയുകയുള്ളൂ.

**കനോലി കനാലിലേക്ക് മലിന ജലം**

124 (640) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കനോലി കനാലിലേയ്ക്ക് മലിനജലം ഒഴുകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കനോലി കനാലിന് സമീപത്തുള്ള പ്രധാന ആശുപത്രികൾ, വലിയ അപ്പാർട്ട്മെന്റുകൾ എന്നിവയെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അവയിൽ നിന്നും ശുദ്ധീകരണ ശേഷം പുറത്തേക്ക് വിടുന്ന പാഴ്ജലത്തിന്റെ പരിശോധനാ ഫലങ്ങൾ അനുവദനീയ പരിധിക്കുള്ളിലാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പുവരുത്തുന്നുണ്ട്. കനോലി കനാലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങളിൽ നിന്നും സമീപത്തുള്ള മാർക്കറ്റുകളിൽ നിന്നും കൂടാതെ നഗര പ്രദേശത്തെ ഓടകളിൽ നിന്നും പാഴ്ജലം കനോലി കനാലിലെത്തുന്നത് നിയന്ത്രിക്കേണ്ടതിന്റെ ചുമതല കോഴിക്കോട് കോർപ്പറേഷനാണ്.

**റാന്നി മേജർ കുടിവെള്ള പദ്ധതി**

125 (641) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടംവരെയായി; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി എന്നു കമ്മീഷൻ ചെയ്യാനാകുമെന്നും, പ്രസ്തുത പദ്ധതിയിലൂടെ കുടിവെള്ളം എത്തുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതി നിർമ്മാണം ആരംഭിച്ചത് എന്നാണ് ; പ്രവൃത്തികൾ വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) റാന്നി മേജർ കുടിവെള്ള പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത് എത്ര രൂപയാണെന്നും, ഇതിന്റെ സംഭരണ ശേഷി എത്രയാണെന്നും വ്യക്തമാക്കുമോ? ;

<u>ഉത്തരം</u>

(എ) റാന്നി-പഴവങ്ങാടി, വടശ്ശേരിക്കര പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന സ്രോതസ്സിന്റെ നവീകരണം, 7.50 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, വിവിധ മേഖലകളിലെ 12 ജലവിതരണ സംഭരണികൾ, ആയതിലേക്ക് വെള്ളമെത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ, വിവിധ പമ്പ് ഹൗസുകളുടെ നിർമ്മാണം എന്നിവയും സോൺ-1, 2, 3, 5, 6, 7 എന്നിവയിലുൾപ്പെടുന്ന വിതരണ ശൃംഖലകളുടെയും നിർമ്മാണം പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. സോൺ-3 എ, 4 എന്നിവിടങ്ങളിലെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഭാഗികമായി മാത്രമേ നടപ്പിലാക്കിയിരുന്നുള്ളൂ. ആയത് പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആരംഭഘട്ടത്തിലാണ്.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികൾകൂടി പൂർത്തീകരിച്ച് ടി പദ്ധതി, 02/2017-ൽ പൂർണ്ണമായി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയിൽ നിന്നും റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതാണ്.

(സി) പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾ 10-10-2008-ലും രണ്ടാംഘട്ട പ്രവൃത്തികൾ 12/2012-ലും ആരംഭിച്ചു. വളരെയധികം ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തിയായതിനാൽ വിവിധ ഘടകങ്ങളുടെ, നിർമ്മാണ ആവശ്യത്തിനുള്ള ഭൂമി ലഭ്യമാകുന്നതിനുള്ള താമസം, വിവിധ റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി., കെ.എസ്.ടി.പി., വനം വകുപ്പ് എന്നിവയിൽ നിന്നും അനുമതി ലഭ്യമാകുന്നതിനുള്ള താമസം, വൈദ്യുതി കണക്ഷൻ ലഭിക്കാനെടുത്ത സമയം തുടങ്ങിയവ പ്രവൃത്തികൾ വൈകാൻ കാരണമായിട്ടുണ്ട്.

(ഡി) ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1686.83 ലക്ഷം രൂപയുടെയും (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം) രണ്ടാം ഘട്ടത്തിന് 1458.99 ലക്ഷം രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയുടെ ശേഷി പ്രതിദിനം 7.5 ദശലക്ഷം ലിറ്ററാണ്.

## മാടായി കുടിവെള്ള പദ്ധതി

126 (642) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പദ്ധതി പ്രവൃത്തി എപ്പോൾ തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടി പുരോഗമിച്ചു വരികയാണ്. 6-10-2016-ലെ ടെണ്ടർ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ജനുവരി ആദ്യവാരത്തോടെ പണികൾ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

127 (643) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളമെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ?

ഉത്തരം

പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

## ശുദ്ധജല സംഭരണികൾ

128 (644) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല സംഭരണികൾ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) ഇതിലേക്കായി നിലവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ;

(സി) എല്ലാ കുളങ്ങളും ജലാശയങ്ങളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ജനങ്ങളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ശുദ്ധജല സംഭരണികളായ കുളങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയുടെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും വ്യാപകവുമാക്കുന്നതിനായി 'ജില്ലാ ജലസേചന പദ്ധതി' (ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ) തയ്യാറാക്കി വരുന്നു. കേരള ജല അതോറിറ്റിയുടെ ശുദ്ധജല സംഭരണികൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ബഡ്ജറ്റിലെ (Renovation of Civil Structures) ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തി ജലസംഭരണികൾ സംരക്ഷിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ വിഹിത മുപയോഗപ്പെടുത്തിയും നബാർഡ് സാമ്പത്തിക സഹായത്തോടെയും ശുദ്ധജല സംഭരണികൾ സംരക്ഷിച്ചുവരുന്നു. ശുദ്ധജല സംഭരണികളുടെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും വ്യാപകവുമാക്കുന്നതിനായി പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൽപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ജില്ലാ ജലസേചന പദ്ധതി (ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ) തയ്യാറാക്കി വരുന്നു. കാലപ്പഴക്കംകൊണ്ട് കേടുപാടുകൾ സംഭവിച്ചിട്ടുള്ള ജല അതോറിറ്റിയുടെ ജലസംഭരണികളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന ബഡ്ജറ്റിലെ ഫണ്ട് ഉപയോഗിച്ച് ഇതിന്റെ കേടുപാടുകൾ തീർത്തുവരുന്നുണ്ട്. സമയബന്ധിതമായി സംഭരണികൾ സംരക്ഷിക്കുന്നതിന് ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

**ജലവിതരണ പൈപ്പ് ലൈനുകളിൽ അടിക്കടിയുണ്ടാകുന്ന തകരാറുകൾ**

129 (645) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പൈപ്പുലൈനുകളിൽ അടിക്കടിയുണ്ടാകുന്ന തകരാറുകൾ പൊതുജനങ്ങളെ വളരെയേറെ ബുദ്ധിമുട്ടിക്കുന്നതാണെന്നത് ഗൗരവമായി കാണുന്നുണ്ടോ ;

(ബി) ഇത്തരം തകരാറുകൾ അടിയന്തരമായി പരിഹരിക്കുന്നതിന് ജല അതോറിറ്റി യഥാസമയം നടപടി സ്വീകരിക്കാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ 'ബ്ലൂ ബ്രിഗേഡ് സിസ്റ്റം' ഏത് രീതിയിലാണ് പ്രവർത്തിക്കുന്നത്; ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൈപ്പ് ലൈനുകളിലെ ലീക്കുകൾ അടക്കമുള്ള അറ്റകുറ്റപ്പണികൾ അതോറിറ്റി നേരിട്ട് തന്നെ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് ബ്ലൂ ബ്രിഗേഡ് സിസ്റ്റം. അറ്റകുറ്റപ്പണികൾ എടുത്തിട്ടുള്ള കരാറുകാർ നിശ്ചിത സമയപരിധിക്കുള്ളിൽ പരിഹരിക്കാത്ത ലീക്കുകളാണ് പ്രധാനമായും ബ്ലൂ ബ്രിഗേഡ് ചെയ്തുവരുന്നത്. കൂടാതെ അടിയന്തര പ്രാധാന്യമുള്ള ലീക്കുകളും പരിഹരിക്കുന്നുണ്ട്. ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**വാട്ടർ സപ്ലൈ സ്കീം**

130 (646) <u>ശ്രീ. പി. ബി. അബ്ദുൽ റസാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ സപ്ലൈ സ്കീമുകൾക്കു വേണ്ടി വാങ്ങിയ വിവിധ വലിപ്പത്തിലുള്ള പൈപ്പുകളിൽ ബാക്കി വന്നവ ഏതെങ്കിലും യാർഡുകളിൽ ശേഖരിക്കുന്നതിനു പകരം റോഡുകളിൽ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വാങ്ങിയ പൈപ്പുകളിൽ ബാക്കി വന്നവ അതതു റോഡുകളിൽ ഉപേക്ഷിച്ചതുമൂലം ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൈപ്പ് ലേയിംഗ് കഴിഞ്ഞ റോഡുകളിൽ അവശേഷിച്ചിട്ടുള്ള പൈപ്പുകൾ അടിയന്തരമായി നീക്കം ചെയ്യാൻ നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ&ബി) വാട്ടർ അതോറിറ്റിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി വാങ്ങുന്ന പൈപ്പുകൾ വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിലും യാർഡുകളിലുമാണ് ശേഖരിക്കാറുള്ളത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 5 പദ്ധതികളായ തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളിൽ പൂർത്തീകരിച്ച പദ്ധതികളായ പട്ടുവം, ചേർത്തല എന്നിവിടങ്ങളിലെ ബാക്കിവന്ന പൈപ്പുകളും ഇപ്രകാരമാണ് സൂക്ഷിക്കാറുള്ളത്. പൈപ്പ് ലൈൻ പണി പുരോഗമിക്കുന്ന സമയത്ത് മാത്രമേ റോഡുകളിൽ പൈപ്പ് ഇടാറുള്ളൂ. എന്നിരുന്നാലും നടന്നു വരുന്ന വിതരണ ശൃംഖലയുടെ പണിയുമായി ബന്ധപ്പെട്ട് ഇനി സ്ഥാപിക്കേണ്ട പൈപ്പുകളിൽ ചില സ്ഥലങ്ങളിൽ അതാത് റോഡുകളിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത വിധം കരാറുകാരുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന പണി പുരോഗമിക്കുന്ന മുറയ്ക്ക് ഈ പൈപ്പുകൾ സ്ഥാപിക്കുന്നതും ബാക്കിവരുന്നവ യാർഡുകളിൽ മാറ്റുവാനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

**അയിരൂർ-കാഞ്ഞമടകര കുടിവെള്ള പദ്ധതി**

131 (647) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ കാഞ്ഞമടകര കുടിവെള്ള പദ്ധതിക്ക് എത്ര രൂപയാണ് ഒന്നാം ഘട്ടത്തിൽ അനുവദിച്ചത്; എന്തൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒന്നാം ഘട്ടത്തിൽ ഇനി ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; ഒന്നാം ഘട്ടം എന്ന് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; ഇതിന് ഫണ്ട് അനുവദിച്ചോ; അനുവദിച്ചെങ്കിൽ എത്ര രൂപ; വിശദമാക്കാമോ;

(ഇ) എത്ര വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അയിരൂർ കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1400 ലക്ഷം രൂപയാണ് അനുവദിച്ചത്. ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ഇൻടേക്ക് കിണറും പമ്പ് ഹൗസും | 150.00 |
| 2. | റോ വാട്ടർ പമ്പിംഗ് മെയിൻ | 405.00 |
| 3. | ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ | 278.00 |
| 4. | ജലശുദ്ധീകരണശാല | 317.50 |
| 5. | 10 LL ശേഷിയുള്ള സംഭരണി | 71.50 |
| 6. | റോ വാട്ടർ പമ്പ് സെറ്റ് | 68.00 |
| 7. | വൈദ്യുതി കണക്ഷൻ, ട്രാൻസ്ഫോർമർ | 100.00 |
| 8. | ജലസംഭരണികളുടെ ഇന്റർകണക്ഷൻ | 5.00 |
| 9. | മറ്റിനം | 5.00 |
| | ആകെ | 1400.00 |

(ബി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല മുതൽ തേക്കുങ്കൽ ടാങ്ക് വരെയുള്ള ഗ്രാവിറ്റി ലൈൻ (3920 മീ.) റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ എന്നിവ പൂർത്തീകരിക്കാനുണ്ട്. ഇവയിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, തേക്കുങ്കൽ ടാങ്ക് വരെയുള്ള ഗ്രാവിറ്റി മെയിൻ എന്നീ പ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്.

(സി) ജലശുദ്ധീകരണശാലയിലേക്കുള്ള വഴി സംബന്ധിച്ച് കോടതി നടപടികൾ വന്നതിനാൽ കാലതാമസമുണ്ടായി. പദ്ധതി 05/2017-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി&ഇ) അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 70.00 കോടി രൂപയുടെ പ്രൊപ്പോസൽ ഉൾക്കൊള്ളിച്ചിട്ടുള്ള സമഗ്ര ജില്ലാ പദ്ധതി (സി.ഡി.പി.)-യുടെ കരട് രേഖ വിദേശ നിക്ഷേപ സഹായത്തിന് പരിഗണിക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു.

**കുടിവെള്ള വിതരണ പദ്ധതി**

132 (648) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി, കുലശേഖരപുരം, ആലപ്പാട്ട്, തഴവ എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിനായി നിലവിലുള്ള പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശത്ത് കുടിവെള്ള വിതരണം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജപ്പാൻകുടിവെള്ള പദ്ധതിയിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഈ പ്രദേശത്ത് കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സമഗ്ര പദ്ധതി നടപ്പിലാക്കുമോ;

(ഇ) കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത തഴവ, തൊടിയൂർ, കുലശേഖരപുരം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) (1) <u>ആലപ്പാട്ട്, ക്ലാപ്പന, ഓച്ചിറ, കരുനാഗപ്പള്ളി സമഗ്ര കുടിവെള്ള പദ്ധതി</u> :

ഈ പദ്ധതിയിൽ മേൽപ്പറഞ്ഞ മൂന്ന് പഞ്ചായത്തുകളും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുമാണുള്ളത്. ഇതിലേക്ക് അച്ചൻകോവിലാറിലെ ജലമാണ് ശുദ്ധീകരിച്ച് നൽകുന്നത്. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും ആലപ്പാട് പഞ്ചായത്തിലും സമഗ്ര കുടിവെള്ള പദ്ധതിയെക്കൂടാതെ കുഴൽ കിണറുകളും (3 വീതം) പ്രവർത്തിക്കുന്നുണ്ട്.

(2) <u>ഗ്രാമീണ ശുദ്ധജല പദ്ധതി, കുലശേഖരപുരം</u> :

നാല് കുഴൽക്കിണറുകളിൽ നിന്നുള്ള ജലം മാത്രമാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്.

(3) <u>ഗ്രാമീണ ശുദ്ധജല പദ്ധതി, തഴവ</u> :

അഞ്ച് കുഴൽക്കിണറുകളിൽ നിന്നുള്ള ജലം മാത്രമാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്.

(ബി) അറ്റകുറ്റപ്പണികളുടെ സമയത്തും വൈദ്യുതി തടസ്സം നേരിടുമ്പോഴും കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഒരു പ്രദേശവും ജപ്പാൻ സഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള മീനാട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി&ഇ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയും ആലപ്പാട്, ക്ലാപ്പന, ഓച്ചിറ, കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ ആറ് പഞ്ചായത്തുകളുമാണുള്ളത്. ഇതിൽ മുനിസിപ്പാലിറ്റിക്കും ആലപ്പാട്, ക്ലാപ്പന, ഓച്ചിറ എന്നീ പഞ്ചായത്തുകൾക്കും സമഗ്ര കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നുണ്ട്. കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ ശേഷിക്കുന്ന മൂന്ന് പഞ്ചായത്തുകൾക്കുംകൂടി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സർവ്വേ ജോലികളുടെ പ്രാരംഭ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പൈപ്പ് കണക്ഷനുകളുമായി ബന്ധപ്പെട്ട പരാതികൾ**

133 (649) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് കണക്ഷനുകളുമായി ബന്ധപ്പെട്ട പരാതികളിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; പൊതുമരാമത്ത് റോഡുകളിലും പഞ്ചായത്ത്-നഗരസഭാ റോഡുകളിലും പൈപ്പ് പൊട്ടുന്നത് സമയാസമയം ശരിയാക്കാത്തതിനാൽ ധാരാളം ശുദ്ധജലം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൈപ്പ് പൊട്ടുമ്പോൾ ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിക്കുന്നത് അവസാനിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(സി) റോഡുകളുടെ റീ-ടാറിംഗിന് മുൻപ് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരിശോധിപ്പിച്ച ശേഷം ടാറിംഗ് നടപടികൾ ആരംഭിക്കുവാൻ ആവശ്യമായ നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന് നൽകുമോ;

(ഡി) റോഡുകളിലെ പൈപ്പ് പൊട്ടുമ്പോൾ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ഉടൻ തന്നെ പൈപ്പ് മാറ്റുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇത്തരം വിഷയങ്ങളിൽ തിരുവനന്തപുരം പോങ്ങുംമൂട് അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ ഉള്ള സ്ഥലങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) റണ്ണിംഗ് കോൺട്രാക്ടർ എന്ന വിഭാഗത്തിന്റെ പ്രവർത്തനം എന്തൊക്കെയാണ്; ആയതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾ നൽകുന്ന പരാതികളിൽ യഥാസമയം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത്, പഞ്ചായത്ത്, നഗരസഭാ റോഡുകളിൽ ഉണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ അടിയന്തരമായി പരിഹരിക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ പ്രസ്തുത ഏജൻസികളുടെ അനുമതി ലഭിക്കാത്തതു കാരണം കാലതാമസം നേരിടാറുണ്ട്. എന്നിരുന്നാലും പൊട്ടലുകൾ റിപ്പോർട്ട് ചെയ്തയുടൻതന്നെ വാൽവുകൾ അടച്ച് ജലനഷ്ടം കുറയ്ക്കുന്നുണ്ട്.

(ബി&സി) പൈപ്പ് പൊട്ടുമ്പോൾ അവ അടിയന്തരമായി പരിഹരിച്ച് പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ ദൃശ്യ, പത്ര മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ബദൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ടാങ്കർ ലോറികൾ വഴിയും ജലവിതരണം നടത്താറുണ്ട്. പൊതുസമൂഹത്തിനുണ്ടാവുന്ന പ്രയാസങ്ങൾ പരമാവധി കുറച്ചുകൊണ്ടുവരുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) പൈപ്പ് ലൈൻ അറ്റകുറ്റപ്പണികൾ ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലുമാണ് നടത്തി വരുന്നത്. അറ്റകുറ്റപ്പണികൾ ജല അതോറിറ്റി നേരിട്ട് നടത്തുന്നതിനുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലീക്കുകൾ റോഡ് അധികൃതരുടെ അനുമതിയോടെ അടിയന്തരമായി ചെയ്തുതീർക്കാറുണ്ട്; പരാതി ലഭിച്ചിട്ടുണ്ട്.

(ഇ) ഒരു വർഷക്കാലയളവിൽ ഉണ്ടാകാനിടയുള്ള അറ്റകുറ്റപ്പണികൾ കണക്കാക്കി, അടങ്കൽ തയ്യാറാക്കി, പൊതുദർഘാസ് വഴി കരാറുകാരെ തെരഞ്ഞെടുത്ത് ഒരു വർഷക്കാലയളവിലേക്ക് അറ്റകുറ്റപ്പണികൾക്ക് കരാറിൽ ഏർപ്പെടുന്ന സമ്പ്രദായമാണ് റണ്ണിംഗ് കോൺട്രാക്ട്. ചോർച്ചകളും മറ്റ് തകരാറുകളും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് റണ്ണിംഗ് കോൺട്രാക്ട് എടുത്ത കരാറുകാരൻവഴി ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന രീതിയാണിത്.

## പുത്തൂർ കുടിവെള്ള പദ്ധതി

134 (650) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം കരിവെള്ളൂർ - പെരളം പഞ്ചായത്തിൽ നടപ്പിലാക്കുന്ന പുത്തൂർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) പദ്ധതി പൂർത്തീകരിച്ച് കുടിവെള്ളം എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതി 2016 ഡിസംബർ മാസം പൂർത്തീകരിച്ച് ജലവിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ബൈപ്പാസ് നിർമ്മാണത്തിന് പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കൽ

135 (651) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികൾ എന്തായെന്ന് വ്യക്തമാക്കുമോ;

(ബി) പൈപ്പ് ലൈനുകൾ അടിയന്തരമായി മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര മൂടാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ 200 എം.എം.ഡി.ഐ. പൈപ്പുകൾ റോഡിന്റെ സൈഡിലേക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി റോഡിന്റെ ഫോർമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ. ആയതിന്റെ ഒന്നാം ഘട്ടം പ്രവൃത്തിക്ക് (ഉദ്ദേശം 2 കി.മീ.) 30 ലക്ഷം രൂപയും ബാക്കി പ്രവൃത്തിക്ക് (ഉദ്ദേശം 2 കി.മീ.) 60 ലക്ഷം രൂപയും ഉദ്ദേശം ചെലവു വരും. റോഡിന്റെ ഫോർമേഷൻ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം മാത്രമേ കൃത്യമായ എസ്റ്റിമേറ്റ് എടുക്കുവാൻ സാധിക്കുകയുള്ളൂ.

**പറപ്പൂർ-കല്ലകയം കുടിവെള്ള പദ്ധതി**

136 (652) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറപ്പൂർ-കല്ലകയം കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കോട്ടയ്ക്കൽ നഗരസഭ ചെയർമാൻ നൽകിയ നിവേദനത്തിൻമേൽ കൈകൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കഴിഞ്ഞ നിയമസഭ സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 626-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിക്ക് കൂടുതൽ വ്യക്തത ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ നഗരസഭ, കോട്ടയ്ക്കൽ പറപ്പൂരിലെ നിലവിലെ കല്ലകയം വിതരണ പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കോട്ടയ്ക്കൽ നഗരസഭാ ചെയർമാനും എം.എൽ.എ.യും നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിൽവച്ച് ബഹു. എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിലെ തീരുമാനമാനം അനുസരിച്ച് നിലവിലുള്ള കോട്ടയ്ക്കൽ കല്ലകയം കുടിവെള്ള പദ്ധതി പുനരുദ്ധാരണ പ്രവൃത്തികൾക്കു വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) കടലുണ്ടിപ്പുഴയുടെ വെങ്കിട്ടക്കയം സ്രോതസ്സായി നിലവിലെ കോട്ടയ്ക്കൽ പറപ്പൂർ ശുദ്ധജല വിതരണ പദ്ധതി കോട്ടയ്ക്കൽ പറപ്പൂർ ഒതുക്കുങ്ങൽ പഞ്ചായത്തുകളിലെ ഏകദേശം 15,000 പേർക്ക് പ്രയോജനപ്പെടുത്തുന്നവിധം 1993-ൽ പൂർത്തീകരിച്ചതാണ്. വേനൽക്കാലത്ത് സ്രോതസ്സ് തീരെ അപര്യാപ്തമായതിനാലും നിലവിലുള്ള 2.25 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ കാലപ്പഴക്കംമൂലവും പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ശുദ്ധജല വിതരണം നടത്തുവാൻ സാധിക്കുന്നില്ല. 2011-ലെ സെൻസസ് പ്രകാരം കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിൽ ജനസംഖ്യ തന്നെ 43832 ആണ്. ആയതിനാൽ കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിലെ മുഴുവൻ പേർക്കും ശുദ്ധജലം വിതരണം ചെയ്യുവാൻ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണം അത്യാവശ്യമാണ്. ഇതിനായി 10 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**വെള്ളക്കരം**

137 (653) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷത്തിനുള്ളിൽ വെള്ളക്കരം വർദ്ധിപ്പിക്കില്ല എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കർമ്മ പരിപാടിയുടെ പ്രാരംഭ ഘട്ടമെന്ന നിലയിൽ വാട്ടർ അതോറിറ്റിക്കു നൽകുമെന്ന് പ്രഖ്യാപിച്ച സഹായം നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് ഏത് രീതിയിൽ കണ്ടെത്തുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അടുത്ത് അഞ്ച് വർഷത്തിനുള്ളിൽ പ്രവർത്തനമികവിലൂടെ ലാഭകരമായ അവസ്ഥയിൽ എത്തിക്കുവാനാണ് കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നത്. പ്രവർത്തന മികവ് നേടുവാനായി സമഗ്ര പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ചെലവ് കുറയ്ക്കുക, വരുമാനം വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക എന്നീ മാർഗ്ഗങ്ങളാണ് ലക്ഷ്യം കൈവരിക്കുന്നതിനായി മുന്നിൽ കണ്ടിട്ടുള്ളത്.

(1) ജലനഷ്ടം പരമാവധി കുറയ്ക്കുക :

ഇതിനായി കാലപ്പഴക്കം ചെന്നതും കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമായ പൈപ്പുകൾ (പ്രധാനമായും എ.സി., പ്രിമോ പൈപ്പുകൾ) മാറ്റി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിക്കുക, പൈപ്പ് പൊട്ടലുകൾ ഉണ്ടാകുമ്പോൾ കാലതാമസം കൂടാതെ അടിയന്തരമായി ചോർച്ച പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കുക, അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും നടപ്പിലാക്കുക എന്നിവ ഉദ്ദേശിക്കുന്നു. കൂടാതെ ജല ശുദ്ധീകരണ ശാലകളുടെ അറ്റകുറ്റപ്പണികൾ നടത്തി ജലനഷ്ടം പരമാവധി കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(2) <u>പ്രവർത്തനച്ചെലവ് കുറയ്ക്കുക</u> :

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ വൈദ്യുത ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനായി പഴയ പമ്പുകളും മോട്ടോറുകളും മാറ്റി എനർജി എഫിഷ്യന്റ് ആയ പമ്പുകളും മോട്ടോറുകളും സ്ഥാപിക്കുക, എനർജി ഓഡിറ്റ് നടത്തി ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുക, വിവിധ ചെറുകിട പദ്ധതികൾക്ക് പകരം സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ മാൻപവർ കോസ്റ്റും ഊർജ്ജ ചെലവും പരമാവധി കുറയ്ക്കുക, ജലശുദ്ധീകരണ ശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ രാസവസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക, പുതിയ പദ്ധതികൾ സമയബന്ധിതമായും നിശ്ചിത അടങ്കലിനുള്ളിലും ഗുണനിലവാരം ഉറപ്പുവരുത്തിയും പൂർത്തിയാക്കുന്നതിലൂടെ പദ്ധതി ചെലവുകൾ ഗണ്യമായി കുറയ്ക്കുക എന്നിവയ്ക്കാവശ്യമായ സ്ഥാപന ശാക്തീകരണവും പുനഃക്രമീകരണങ്ങളും ഇതിനോടകം നടപ്പിലാക്കിക്കഴിഞ്ഞു.

ജല അതോറിറ്റിയുടെ വരുമാനത്തിന്റെ അടിസ്ഥാനം ഗാർഹിക-ഗാർഹികേതര കണക്ഷനുകളാണ്. കണക്ഷൻ മേളകൾ സംഘടിപ്പിച്ച് പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും കണക്ഷനുകൾ നൽകി പൊതുജനാരോഗ്യ സംരക്ഷണത്തിനൊപ്പം ജല അതോറിറ്റിയുടെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. കണക്ഷൻ നടപടികൾ ലഘൂകരിക്കുന്നതിലൂടെയും ജല അതോറിറ്റിതന്നെ കണക്ഷൻ നേരിട്ട് നൽകുന്നതിലൂടെയും കണക്ഷനുകൾ വേഗത്തിൽ നൽകുവാനും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുവാനും സാധിക്കും. ബില്ലിംഗിനും കണക്ഷനുമുള്ള കമ്പ്യൂട്ടർ സംവിധാനം എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതുവഴി കളക്ഷൻ എഫിഷ്യൻസിയും വരുമാനവും പരമാവധി വർദ്ധിപ്പിക്കുവാൻ സാധിക്കും. റവന്യൂ കളക്ഷൻ മോണിറ്റർ ചെയ്യുന്നതിനായി പ്രത്യേക റവന്യൂ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുകയും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കൂടുതൽ കർക്കശമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. 2016 കുടിശ്ശിക നിവാരണ വർഷമായി ആചരിക്കുന്നു.

(ബി) ഉണ്ട്.

(സി) ഇതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റ് വഴിയും അധികതുക മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി Kerala Infrastructure Investment Fund Board (KIIFB)വഴിയും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

## ചാലിശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതി

138 (654) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്ന പരിഹാരത്തിനായി, നിലവിലുള്ള 'ചാലിശ്ശേരി - പാവറട്ടി പദ്ധതി' മേൽപ്പറഞ്ഞ രണ്ട് പഞ്ചായത്തുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വികരിക്കുമോ;

(ബി) ചാലിശ്ശേരി - പാവറട്ടി കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞ ചാലിശ്ശേരി പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കാവശ്യമായ 4 എം.എൽ.ഡി. ശുദ്ധജലം വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് 1360 ലക്ഷം രൂപയുടെ ഭരണാനുമതി 01-03-2016 ന് നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പാവറട്ടിക്കും ചാലിശ്ശേരി ഉൾപ്പെടുന്ന സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ നവീകരണത്തിന് 04-03-2016-ൽ 1725 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭാരതപ്പുഴയിൽ കിണർ, മോട്ടോർ പമ്പ് സെറ്റും, റോ വാട്ടർ പമ്പിംഗ് മെയിൻ, 33 എം.എൽ.ഡി. ജല ശുദ്ധീകരണശാല, ട്രാൻസ്ഫോർമർ എന്നിവയാണ് ഘടകങ്ങൾ. ഇതിൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിണർ നിർമ്മാണത്തിന്റെ കരാർ ഒപ്പിട്ട് പ്രാരംഭ പ്രവർത്തികൾ തുടങ്ങിയിട്ടുണ്ട്. മറ്റ് ഘടകങ്ങളുടെ പ്രവൃത്തികൾ ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## പള്ളിപ്പുറം വാട്ടർ ടാങ്ക് നിർമ്മാണം

139(655) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 960 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക വരുന്ന പള്ളിപ്പുറം വാട്ടർ ടാങ്ക് നിർമ്മാണത്തിന് ജല അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നോർത്ത് പറവൂർ നഗരത്തിനും പള്ളിപ്പുറം, ഏഴിക്കര, ചേന്ദമംഗലം, വടക്കേക്കര, ചിറ്റാറ്റുകര എന്നീ പഞ്ചായത്തുകൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ പ്രസ്തുത പ്രവൃത്തിക്കായി 97 കോടി രൂപയുടെ പ്രാരംഭ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ പ്രസ്തുത പ്രവൃത്തിയുടെ ചുമതല പെരുമ്പാവൂർ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. പ്രസ്തുത പദ്ധതി ഉൾക്കൊള്ളിച്ചിട്ടുള്ള സമഗ്ര ജില്ലാ പദ്ധതി (സി.ഡി.പി.)-യുടെ കരട് രേഖ പുറമേ നിന്നുള്ള സഹായത്തിന് പരിഗണിക്കുന്നതിനായി പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ്**

140(656) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജിന്റെ റീ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) വർഷങ്ങളായി പണി പൂർത്തിയാക്കാൻ കഴിയാത്ത ഈ പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ വിദഗ്ദ്ധ പഠനം അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആരാണ് വിദഗ്ദ്ധ പഠനം നടത്തുക എന്നും ഇതിന് ആവശ്യമായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി പൂർത്തിയാക്കാത്തതുകൊണ്ട് കാസർഗോഡ് നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം രൂക്ഷമാണെന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇത് പരിഹരിക്കുന്നതിന് ബദൽ സംവിധാനം ഒരുക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് നഗരത്തിലെ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. വിശദമായ പഠനം നടത്തി നിലവിലുള്ള സൈറ്റ് കണ്ടീഷനനുസരിച്ച് നടപ്പിലാക്കാൻ പര്യാപ്തമായ ശിപാർശ സമർപ്പിക്കുന്നതിനായി ഡയറക്ടർ, ഐ.ഡി.ആർ.ബി., തിരുവനന്തപുരം, ഡയറക്ടർ, കെ.ഇ.ആർ.ഐ., തൃശ്ശൂർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മെക്കാനിക്കൽ, എറണാകുളം; സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സർക്കിൾ, കോഴിക്കോട് എന്നിവർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വേനൽക്കാലത്ത് കേരള വാട്ടർ അതോറിറ്റി പ്രസ്തുത സ്ഥലത്ത് താല്ക്കാലിക തടയണ നിർമ്മിച്ച് ജലവിതരണം നടത്താറുണ്ട്.

**തിരുവമ്പാടി മേജർ കുടിവെള്ള പദ്ധതി**

141 (657) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മേജർ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി പദ്ധതി പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി മേജർ കുടിവെള്ള പദ്ധതിക്കായി മതിയായ സ്രോതസ്സ് ഇല്ലാത്തതിനാൽ തിരുവമ്പാടിക്കും സമീപ പഞ്ചായത്തുകൾക്കുമായി ചാലിയാർ പുഴ സ്രോതസ്സായി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള സാധ്യതാ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സർവ്വേ നടത്തി ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കേണ്ടതുണ്ട്.

**വല്ലാർപാടം റെയിലിന് സമീപത്തെ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന നടപടി**

142(658) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം റെയിലിന് സമീപത്തെ 40 എം.എം. വ്യാസമുള്ള പി.വി.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് മുന്നോടിയായുള്ള സൈറ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ ആരെന്നും എന്നാണ് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) സൈറ്റ് ഇൻസ്പെക്ഷൻ പൂർത്തിയാക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന സമയ പരിധി എത്രയെന്ന് വിശദമാക്കുമോ;

(ഡി) സൈറ്റ് ഇൻസ്പെക്ഷൻ പൂർത്തിയാക്കി ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വല്ലാർപാടം റെയിലിനടിയിൽ സ്ഥാപിച്ചിരുന്ന 800 എം.എം. വ്യാസമുള്ള എം.എസ്. പൈപ്പിന് കണ്ടെയ്നർ ടെർമിനലിലേക്കുള്ള റെയിൽപ്പാത നിർമ്മാണ വേളയിൽ സംഭവിച്ച കേടുപാടുകൾമൂലം ജലവിതരണം തടസ്സപ്പെട്ടപ്പോൾ താൽക്കാലികമായി 400 എം.എം. പി.വി.സി. പൈപ്പ് ഉപയോഗിച്ച് ജലവിതരണം പുനഃസ്ഥാപിച്ചിരുന്നു. ഈ താല്ക്കാലിക പൈപ്പ് മാറ്റി സ്ഥിരം സംവിധാനമെന്ന നിലയിൽ 900 എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെങ്കിലും റെയിലിനടിയിലൂടെ പുഷ്-ത്രൂ രീതിയിൽ പൈപ്പ് സ്ഥാപിക്കുന്നതിന് റെയിൽവേ അനുമതി നൽകിയ അലൈൻമെന്റും സംരക്ഷണ ഭിത്തി നിർമ്മിക്കലും പ്രായോഗികമല്ലാത്തതിനാൽ പ്രസ്തുത പണികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി-ഡി) മദ്ധ്യമേഖല ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ വിശദമായ സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5-9-2016-ൽ കൂടിയ കേരള വാട്ടർ അതോറിറ്റി ഉന്നതതല സമിതിയിൽ ടി വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഹൈ ലെവൽ കമ്മിറ്റിയിൽ നിർദ്ദേശിച്ച പ്രകാരം 900 മി.മീ. പൈപ്പ് സ്ഥാപിക്കുന്ന വർക്ക് പുനരാരംഭിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ ഡീവിയേഷൻ പ്രൊപ്പോസലും അതിന്റെ സാങ്കേതിക-സാമ്പത്തിക പഠന റിപ്പോർട്ടും കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു. കൂടാതെ നിലവിലെ പൈപ്പിനും കേസിംഗ് പൈപ്പിനും സംഭവിച്ചിട്ടുള്ള ബലക്ഷയം പരിശോധിച്ച് ഇപ്പോൾ ജലവിതരണം നടത്തിവരുന്ന 400 മി.മീ. പി.വി.സി. പൈപ്പിന് പകരം വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രായോഗിക-സാങ്കേതിക വശങ്ങൾ പഠിക്കുന്നതിനായി 4 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ പരിഹാര നടപടികൾ 2016 ഡിസംബർ 31-ന് മുമ്പായി സ്വീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതി

143 (659) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കുടിവെള്ള വിതരണത്തിനായി ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാട്ടിലെ ഒറ്റപ്പെട്ട തുരുത്തുകളിലും കായൽ തീരങ്ങളിലും താമസിക്കുന്ന കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് മഴവെള്ള സംഭരണി സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടുകൂടി 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

നീരേറ്റുപുറം ശുദ്ധീകരണശാലയിൽ നിന്നുള്ള 14 എം.എൽ.ഡി. ശുദ്ധജലവും തിരുവല്ല ശുദ്ധീകരണശാലയിൽ നിന്നുള്ള 6 എം.എൽ.ഡി. ശുദ്ധജലവും ഉൾപ്പെടെ 20 എം.എൽ.ഡി. ശുദ്ധജലം കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിലെ ടാങ്കുകളിൽ എത്തിക്കുന്നതിനും ആ ടാങ്കിൽ നിന്നുള്ള വിതരണ ശൃംഖലയുടെ മെയിൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് നിലവിലുള്ള വിതരണ ശൃംഖലയും കൂടി പ്രയോജനപ്പെടുത്തി കുട്ടനാട്ടിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. ഉന്നതതല ജലസംഭരണികൾ ഇല്ലാത്ത കാവാലം, തകഴി പഞ്ചായത്തുകളിലെ ജലസംഭരണിയുടെ നിർമ്മാണവും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

I ട്രാൻസ്മിഷൻ പൈപ്പ് ലൈൻ :

(1) പാക്കേജ് I(a):

(a) കിടങ്ങറ പാലത്തിന് സമീപം നിലവിലുള്ള പൈപ്പ് ലൈൻ മുതൽ നീലംപേരൂർ ജലസംഭരണി വരെയുള്ള 500 എം.എം./355 എം.എം/225 എം.എം. പൈപ്പ് ലൈൻ (ആകെ ഇടാൻ ഉദ്ദേശിക്കുന്ന പൈപ്പ് ലൈനിന്റെ നീളം - 16.78 കി.മീ., 16.6 കി.മീ. പണികൾ പൂർത്തിയായി.)

(b) എടത്വാ പമ്പ് ഹൗസ് മുതൽ വീയ്യപുരം ഉന്നതതല ജലസംഭരണി വരെയുള്ള 355 എം.എം./280 എം.എം പൈപ്പ് ലൈൻ (10.418 കി.മീ ഇടാൻ ഉദ്ദേശിക്കുന്നതിൽ 9 കി.മീ. - പണികൾ പൂർത്തിയായി.)

(2) പാക്കേജ് II(a) :

(a) നീരേറ്റുപുറം മുതൽ മാമ്പഴക്കരി വരെയുള്ള 800 എം.എം. HDPE പൈപ്പ് ലൈൻ (12.108 കി.മീ പൈപ്പ് ലൈനിൽ 10.808 കി.മീ. പണികൾ പൂർത്തിയായി.)

(b) പള്ളികട്ടമ്മ പമ്പ് ഹൗസ് മുതൽ കാവാലം ജലസംഭരണി വരെയുള്ള (നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്) 355 എം.എം./225 എം.എം. HDPE പൈപ്പ് ലൈൻ (5.692 കി.മീ) പണികൾ പൂർത്തിയായി.

II വിതരണ ശ്യംഖല :

(1) പാക്കേജ്-I

തകഴി, എടത്വാ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ പ്രധാന ഭാഗവും 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള തകഴിയിലെ ഉന്നതതല ജലസംഭരണിയും ഉൾപ്പെടുന്നതാണ്.

| പഞ്ചായത്ത് | ഇടാൻ ഉദ്ദേശിക്കുന്ന പൈപ്പിന്റെ നീളം | ഇട്ട പൈപ്പിന്റെ നീളം |
|---|---|---|
| തകഴി | 11 കി.മീ. | 6 കി.മീ. |
| എടത്വാ | 8.7 കി.മീ. | 3.4 കി.മീ. |
| തലവടി | 8.37 കി.മീ. | 7.1 കി.മീ. |
| മുട്ടാർ | 8.7 കി.മീ. | 5.2 കി.മീ. |
| വെളിയനാട് | 9.7 കി.മീ. | 2.2 കി.മീ. |
| നീലംപേരൂർ | 2.5 കി.മീ. | 2.5 കി.മീ. |
| ആകെ | 48.97 കി.മീ. | 26.4 കി.മീ. |

ടാങ്കിന്റെ പണികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

(2) പാക്കേജ്-IV :

രാമങ്കരി, പുളിങ്കുന്ന്, കാവാലം, ചമ്പക്കുളം, നെടുമുടി, കൈനകരി പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ പ്രധാന ഭാഗവും കാവാലത്തെ 3.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും ഉൾപ്പെടുന്നു.

| പഞ്ചായത്ത് | ഇടാൻ ഉദ്ദേശിക്കുന്ന പൈപ്പിന്റെ നീളം |
|---|---|
| കാവാലം | 965 മീ. |
| ചമ്പക്കുളം | 910 മീ. |
| പുളിങ്കുന്ന് | 580 മീ. |
| രാമങ്കരി | 540 മീ. |
| കൈനകരി | 4930 മീ. |
| നെടുമുടി | 3845 മീ. |
| ആകെ | 11770 മീ. |

പ്രസ്തുത പാക്കേജിന്റെ പുനർ ദർഘാസ് ക്ഷണിക്കുവാനുണ്ട്.

(ബി) ആരംഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പൊതുകുളങ്ങളുടെ സംരക്ഷണം**

144 (660) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങൾ നാശോന്മുഖമായി തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ പൊതുകുളങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മാലിന്യങ്ങൾ നിക്ഷേപിച്ചും മണ്ണിട്ട് നികത്തിയും നശിപ്പിക്കപ്പെടുന്ന കുളങ്ങളും തോടുകളും അരുവികളും സംരക്ഷിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓരോ കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്തും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മാത്രമേ പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) കേരളത്തിലെ കുളങ്ങളും തോടുകളും അരുവികളും ഉൾപ്പെടെയുള്ള ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് നിലവിലുണ്ട്.

**കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

145 (661) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അർഹമായ കോമ്പൻസേഷൻ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച കോടതി നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും സർക്കാർ പാട്ടത്തിന് കമ്പനിക്ക് നൽകിയ ഭൂമി തിരികെ എടുക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പൂട്ടിപ്പോയ കമ്പനികളിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ഇ.എസ്.ഐ ആനുകൂല്യം വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊരട്ടിയിലെ വൈഗൈ ത്രഡ്സ് പ്രോസസേഴ്സ് ലിമിറ്റഡ് BIFR-ന്റെ ഉത്തരവ് പ്രകാരം അടച്ചുപൂട്ടുന്നതിനായി കർണ്ണാടക ഹൈക്കോടതിയിലേയ്ക്ക് റഫർ ചെയ്തിരിക്കുകയാണ്. ടി സ്ഥാപനം അടച്ചുപൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഒരു ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിലെ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്

23-7-2015-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വ്യവസായ, റവന്യൂ, തൊഴിൽ, നിയമ സെക്രട്ടറിമാർ, അഡ്വക്കേറ്റ് ജനറൽ എന്നിവർ ഇക്കാര്യത്തിൽ ചർച്ച ചെയ്ത് ഒരു വ്യക്തമായ നിർദ്ദേശം ലിക്വിഡേറ്റർ മുമ്പാകെ സമർപ്പിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. ഒഫിഷ്യൽ ലിക്വിഡേറ്റർ മുമ്പാകെ കേരള സർക്കാരിന്റെ ക്ലെയിം സമർപ്പിക്കുന്നതിന് ക്ലെയിം സ്റ്റേറ്റ്മെന്റ് സ്റ്റാൻഡിംഗ് കൗൺസിലിന് കൈമാറിയിട്ടുണ്ടെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) കേരള സർക്കാർ വൈഗൈ ത്രഡ്സ് കമ്പനിക്ക് പാട്ടത്തിന് നൽകിയിരുന്ന ഭൂമി തിരികെയെടുക്കുന്നതിന് റവന്യൂ വകുപ്പ് 4-3-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ 250/16/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അടച്ചുപൂട്ടിയ കമ്പനികളിലെ തൊഴിലാളികൾക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന പദ്ധതി പ്രകാരമുള്ള തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന് 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 25(O) പ്രകാരമാണ് കമ്പനി പൂട്ടിയതെന്നുള്ള രേഖ ആവശ്യമാണെന്ന് വൈഗൈ ത്രഡ്സ് കമ്പനിയുടെ ട്രേഡ് യൂണിയനുകൾ സംയുക്തമായി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥാപനം അടച്ചു പൂട്ടുന്നതിനായി കമ്പനി മാനേജ്മെന്റ് സർക്കാരിൽ സമർപ്പിച്ച അപേക്ഷ 25-2-2013-ലെ ജി.ഒ.(ആർ.റ്റി.)നം.374/13/എൽ.ബി.ആർ. ഉത്തരവ് പ്രകാരം നിരസിച്ചതിനാൽ മേല്പറഞ്ഞ രേഖ നൽകാൻ തൊഴിൽ വകുപ്പിന് നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം**

146 (662) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ആരാണ് വിവരശേഖരണം നടത്തുന്നത്, ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ സമ്പ്രദായം നടപ്പിലാക്കുന്നതുൾപ്പെടെ ഇവരുടെ വിവര ശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി എന്നീ സർക്കാർ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവര ശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

(ഡി) വിവര ശേഖരണം നടത്തുന്ന ഏജൻസി വിവര ശേഖരണം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പ്രസിദ്ധീകരിക്കാൻ കഴിയുകയുള്ളൂ.

**ഇതര സംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പ്**

147 (663) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്ത് ലേബർ ക്യാമ്പ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ക്യാമ്പുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ക്യാമ്പുകളിൽ ശുചിത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം വളരെ പരിതാപകരമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലേബർ ക്യാമ്പിൽ കുളിമുറിയും, ശൗചാലയവും, വൃത്തിയും വായു സഞ്ചാരവും വെളിച്ചവും വൈദ്യുതീകരിച്ചതുമായ മുറി സൗകര്യവും, പാചകം ചെയ്യാനുള്ള സൗകര്യവും ഉണ്ടാകണമെന്ന് നിഷ്കർഷിച്ചു കൊണ്ട് 3-8-2016-ലെ ജി.ഒ.(സാധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ജില്ലാ ലേബർ ഓഫീസർ (ഇ)യുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തിവരുന്നു. പ്രധാനമായും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ (റഗുലേഷൻ & അബോളിഷൻ) ആക്ട്, 1996-ലെ ബിൽഡിംഗ്&അദർ കൺസ്ട്രക്ഷൻ വെൽഫെയർ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ടാസ്ക്ഫോഴ്സ് 17-12-2015-ലെ ജി.ഒ.(ആർ.ടി) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു.

**ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് കരട് ഭേദഗതി ബിൽ**

148(664) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് കരട് ഭേദഗതി ബിൽ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ;

(ബി) പത്തിൽ താഴെ ജീവനക്കാരുള്ള സ്ഥാപനങ്ങളെ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുവാനുള്ള നീക്കം അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വിനാശകരമായിരിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തൊഴിലാളി ദ്രോഹ നടപടികളിൽ നിന്ന് പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിധേയമാക്കിയിരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ഒരു തൊഴിലാളി മാത്രമായാലും പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരും. എന്നാൽ കേന്ദ്രം കൊണ്ടുവരുന്ന ബില്ലിൽ പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ മാത്രമേ ഈ ബില്ലിന്റെ പരിധിയിൽ വരികയുള്ളൂ. നിലവിൽ അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഈ വ്യവസ്ഥ സാരമായി ബാധിക്കും. കേന്ദ്ര സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ബിൽ, 2015-ലെ ചില വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരം തൊഴിലാളികൾക്ക് വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ സുരക്ഷ ഇല്ലാതാക്കാനുള്ള സാധ്യതയുണ്ടെന്ന് 9-8-2016-ൽ കേന്ദ്ര തൊഴിൽ വകുപ്പ് സെക്രട്ടറിയുമായി നടത്തിയ വീഡിയോ കോൺഫറൻസിംഗിൽ വ്യക്തമാക്കിയിരുന്നു. മോഡൽ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആശങ്കയും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

**എഴുകോൺ ഇ.എസ്.ഐ. ആശുപത്രി**

149(665) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോൺ ഇ.എസ്.ഐ ആശുപത്രിയിൽ തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ ബോദ്ധ്യമായ പരാധീനതകൾ എന്തെല്ലാമാണ്;

(ബി) ആശുപത്രിയിലെ നിലവിലെ പരാധീനതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) മെഡിക്കൽ ഐ.സി.യു.-വിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 8-9-2016-ൽ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി എഴുകോൺ ഇ.എസ്.ഐ. ആശുപത്രി സന്ദർശിച്ചിരുന്നു. ടി സന്ദർശന വേളയിൽ ശ്രദ്ധയിൽപ്പെടുത്തിയ പരാധീനതകൾ ചുവടെ ചേർക്കുന്നു:

(i) ആശുപത്രി കെട്ടിടത്തിന്റെ മേൽക്കൂരയുടെ ചില ഭാഗങ്ങളിൽ പ്ലാസ്റ്റർ അടർന്ന് പോയത്.

(ii) മെഡിക്കൽ ഐ.സി.യു.-വിന്റെ എയർ കണ്ടീഷന്റെ തകരാറ്.

(ബി) പ്ലാസ്റ്റർ അടർന്ന ഭാഗങ്ങൾ റീപ്ലാസ്റ്റർ ചെയ്യുന്നതിനും എയർ കണ്ടീഷനറുകൾ റിപ്പയർ ചെയ്യുന്നതിനും നടപടികൾ ആരംഭിച്ചു.

(സി) മെഡിക്കൽ ഐ.സി.യു.വിന്റെ എയർ കണ്ടീഷന്റെ തകരാറ് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന് വേണ്ടിയുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തൊഴിൽ നൈപുണ്യ വികസനം**

150 (666) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യ വികസനത്തിനായി ഏതെല്ലാം മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാലഘട്ടത്തിന് അനുയോജ്യമായ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പ്രസ്തുത മേഖലയിൽ പ്രവൃത്തി നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള സമഗ്രമായ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുവാനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിൽ കീഴിൽ നൈപുണ്യ വികസനത്തിനായി താഴെപ്പറയുന്ന അക്കാദമികളും സ്ഥാപിച്ചിട്ടുണ്ട്.

സെന്റർ ഓഫ് എക്സലൻസ് പദ്ധതിക്ക് കീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്), CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി), ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്), CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്), CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്) എന്നീ അക്കാദമികളും കൺസ്ട്രക്ഷൻ മേഖലയിൽ വിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി കൗശൽ കേന്ദ്രങ്ങൾ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക'യെന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

(ബി) പുതുതായി ആർക്കിടെക്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ആട്ടോമോട്ടീവ്, ആയുർവേദ, ബ്യൂട്ടി ആന്റ് വെൽനെസ്, ഡാറ്റാ അനലിറ്റിക്സ്, ജെംസ് ആന്റ് ജ്യൂവൽറി, ഹൈ-ടെക് ആട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ്, മീഡിയ ആന്റ് എന്റർടെയിൻമെന്റ്, ഫിസിയോതെറാപ്പി, റീട്ടെയിൽ റോബോട്ടിക്സ്, സ്പോർട്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, വെയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.

## പരമ്പരാഗത തൊഴിൽ മേഖലകൾ

151 (667) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പരമ്പരാഗത തൊഴിൽ മേഖലകൾ പൂർണ്ണമായും ഇല്ലാതായി എന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) ഇത്തരത്തിലുള്ള ഏതെല്ലാം തൊഴിൽ മേഖലകളാണ് പൂർണ്ണ നാശത്തിന്റെ വക്കിലെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തുച്ഛമായ എണ്ണം ആളുകൾ മാത്രം പണി ചെയ്യുന്ന പരമ്പരാഗത തൊഴിൽ മേഖലകൾ കണ്ടെത്തി അവയെ നിലനിർത്തുന്നതിന് ആവശ്യമായ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ഡി) പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലകളിലേക്ക് ചേക്കേറുന്ന തൊഴിലാളികളെ പരമ്പരാഗത മേഖലകളിൽ നിലനിർത്തുന്നതിന് ഉതകുന്ന തരത്തിൽ അവയെ മാറ്റിയെടുക്കുന്നതിനാവശ്യമായ സഹായം ഈ തൊഴിൽ മേഖലകൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പരമ്പരാഗത തൊഴിൽ മേഖലകൾ പൂർണ്ണമായും ഇല്ലാതായിട്ടുള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പല മേഖലകളിലും ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിൽ മേഖലകളായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കയർ, കാഷ്യൂ, കൈത്തറി തുടങ്ങിയവ പ്രതിസന്ധി നേരിടുന്നു.

(സി&ഡി) 2010-11 മുതൽ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന തൊഴിൽ വകുപ്പ് ധനസഹായം നൽകി വരുന്നു. ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കയർ, കൈത്തറി തുടങ്ങിയ തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250 രൂപ നിരക്കിൽ പ്രതിവർഷം ധനസഹായം നൽകുന്നുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 341.38 കോടി രൂപ ബന്ധപ്പെട്ട വകുപ്പുകൾക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്.

**പ്രവൃത്തി നൈപുണ്യ പരിശീലനം**

152(668) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് മുഖേന പ്രവൃത്തി നൈപുണ്യത്തിനായി ഏതെല്ലാം മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ;

(ബി) കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് പുതിയ കാലത്തിന് അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി ആ മേഖലയിൽ പ്രവൃത്തി നൈപുണ്യ പരിശീലനം നൽകുന്നതിന് സമഗ്രമായ പദ്ധതികൾ ആരംഭിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുവാനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപംനൽകി. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിൻ കീഴിൽ നൈപുണ്യ വികസനത്തിനായി താഴെപ്പറയുന്ന അക്കാദമികളും സ്ഥാപിച്ചിട്ടുണ്ട്.

സെന്റർ ഓഫ് എക്സലൻസ് പദ്ധതിക്ക് കീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്), CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി), ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് 1-3), CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്), CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്) എന്നീ അക്കാദമികളും കൺസ്ട്രക്ഷൻ മേഖലയിൽ വിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി കൗശൽ കേന്ദ്രങ്ങൾ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക'യെന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

(ബി&സി) പുതുതായി ആർക്കിടെക്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ആട്ടോമോട്ടീവ്, ആയുർവേദ, ബ്യൂട്ടി ആന്റ് വെൽനെസ്, ഡാറ്റാ അനലിറ്റിക്സ്, ജെംസ് ആന്റ് ജ്യൂവൽറി, ഹൈ-ടെക് ആട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ്, മീഡിയ ആന്റ് എന്റർടെയിന്മെന്റ്, ഫിസിയോതെറാപ്പി, റീട്ടെയിൽ റോബോട്ടിക്സ്, സ്പോർട്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, വെയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.

**ക്ഷേമനിധി ബോർഡുകളിലെ ഫണ്ട് അക്കൗണ്ട് ബാലൻസ്**

153(669) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിലെ 31-8-2016 ലെ ഫണ്ട് അക്കൗണ്ട് ബാലൻസ് എത്രയെന്ന് ഓരോ ബോർഡിന്റെയും വെവ്വേറെ വെളിപ്പെടുത്താമോ;

(ബി) നിലവിൽ ഓരോ ബോർഡിന്റെയും ഫണ്ട് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ;

(സി) കേന്ദ്ര നിയമം നടപ്പിലാക്കിയ എത്ര ക്ഷേമനിധി ബോർഡുകൾ സംസ്ഥാനത്തുണ്ട്; എതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) മുഴുവൻ ക്ഷേമനിധി ബോർഡുകളിലെയും ഫണ്ട് അക്കൗണ്ട് തുക ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് ബോർഡുകൾക്ക് നിർദേശം നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ നിർദ്ദേശപ്രകാരവും പദ്ധതിയുടെ വിജ്ഞാപനത്തിലെ നിർദ്ദേശാനുസരണവും കാലാകാലങ്ങളിലെ ബോർഡ് തീരുമാന പ്രകാരവുമാണ് ഫണ്ടിന്റെ നിക്ഷേപം നടത്തുന്നത്.

(സി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേന്ദ്ര നിയമത്തിനനുസൃതമായാണ് പ്രവർത്തിക്കുന്നത്.

(ഡി) കാലാകാലങ്ങളിൽ ഇക്കാര്യം പരിശോധിച്ച് സർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

154 (670) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പല ക്ഷേമനിധി ബോർഡുകളിലെയും ഫണ്ട് നിർബന്ധപൂർവ്വം ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പ്രസ്തുത ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമബോർഡുകൾ സുഗമമായി പ്രവർത്തിക്കുന്നതിനും, ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനും സർക്കാർ കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്ന ക്ഷേമ പദ്ധതികൾ കാലതാമസമില്ലാതെ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുന്നതിനും വേണ്ടി സമാന രീതിയിൽ പ്രവർത്തിക്കുന്ന ക്ഷേമബോർഡുകളെ ഏകീകരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. സെസ്സിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും അംശദായ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഗ്രാന്റിനത്തിൽ സർക്കാരിൽ നിന്നും അനുവദിക്കേണ്ട തുക ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ആധിക്യം**

155(671) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആധിക്യം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള മാറ്റത്തെക്കുറിച്ച് ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ആയാസമേറിയ തൊഴിൽ മേഖലയിൽ ഏർപ്പെടുന്ന തദ്ദേശീയരായ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം നമ്മുടെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റംമൂലം ഓരോ തൊഴിൽ മേഖലയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പ്രത്യേകം വിലയിരുത്തുന്നതിനും സാമ്പത്തിക മേഖലയിൽ ഇതുമൂലം വന്നിട്ടുള്ള മാറ്റങ്ങൾ പഠിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആധിക്യം സംസ്ഥാനത്തെ തൊഴിൽ മേഖലകളിൽ സൃഷ്ടിച്ചിട്ടുള്ള മാറ്റത്തെക്കുറിച്ച് ഗൗരവമായ പഠനങ്ങൾ തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ കേരള സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ വിഷയങ്ങളെക്കുറിച്ച് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അസിസ്റ്റന്റ് ലേബർ ഓഫീസർ**

156 (672) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) തൊഴിൽ വകുപ്പ് ആസ്ഥാനത്ത് എത്ര അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിചെയ്യുന്നുണ്ട്;

(സി) പ്രസ്തുത വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ 7 ഒഴിവുകളുണ്ട്.

(ബി) തൊഴിൽ വകുപ്പ് ആസ്ഥാനത്ത് അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നില്ല.

(സി) ബാധകമല്ല.

**തൊഴിലില്ലായ്മ വേതന വിതരണം**

157 (673) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മുൻസർക്കാരിന്റെ കാലയളവിലുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓണത്തോടനുബന്ധിച്ച് 2016 ജൂലൈ (7/2016) മാസം വരെയുള്ള തൊഴിൽരഹിത വേതനം പൂർണ്ണമായും 2016 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ 2016 ആഗസ്റ്റ് മാസത്തെ തൊഴിൽ രഹിത വേതനം മാത്രമേ ഇനി വിതരണം നടത്താനുള്ളൂ.

(ബി) മുൻ സർക്കാർ അധികാരമൊഴിഞ്ഞ 2016 മേയ് മാസത്തിൽ 12/2015 മുതൽ 4/2016 വരെയുള്ള അഞ്ച് (5) മാസത്തെ തൊഴിൽ രഹിത വേതനമായ 12,22,21,800 രൂപ (പന്ത്രണ്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എണ്ണൂറ് രൂപ മാത്രം) വിതരണം നടത്താൻ കുടിശ്ശിക ഉണ്ടായിരുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

158 (674) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) 1-7-2011 മുതൽ 31-8-2016 വരെ എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെയും ഡാറ്റാ ഡിജിറ്റലൈസ് ചെയ്തുകഴിഞ്ഞു. ഇ-ഓഫീസ് നടപ്പിൽ വരുത്തുന്നതിന്റെ ആദ്യ ഘട്ടമായി തെരഞ്ഞെടുത്ത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആവശ്യമായ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ), ബി.എസ്.എൻ.എൽ. മുഖേനയുള്ള നെറ്റ്‌വർക്ക് കണക്ടിവിറ്റി, ഇ-മെയിൽ വെബ്സൈറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തിക്കഴിഞ്ഞു. ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ച് ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ തുടങ്ങിയ സേവനങ്ങൾ " any where any time" അടിസ്ഥാനത്തിൽ എളുപ്പത്തിൽ ലഭിക്കുവാനുള്ള സേവനങ്ങൾ ഉൾപ്പെടുന്ന ഒന്നാംഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) 1-7-2011 മുതൽ 31-8-2016 വരെ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 53619 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തൊഴിൽ നൽകിയവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6714 |
| 2 | കൊല്ലം | 4059 |
| 3 | ആലപ്പുഴ | 3523 |
| 4 | പത്തനംതിട്ട | 2516 |
| 5 | കോട്ടയം | 3153 |
| 6 | ഇടുക്കി | 1955 |
| 7 | എറണാകുളം | 8406 |
| 8 | തൃശ്ശൂർ | 4114 |
| 9 | പാലക്കാട് | 3446 |
| 10 | മലപ്പുറം | 3920 |
| 11 | കോഴിക്കോട് | 4522 |
| 12 | വയനാട് | 2130 |
| 13 | കണ്ണൂർ | 2792 |
| 14 | കാസർഗോട് | 2369 |
| | ആകെ | 53619 |

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

159 (675) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ 2016 ഓഗസ്റ്റ് 30 വരെ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2016 വർഷത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ജോലി നൽകിയവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;?

<u>ഉത്തരം</u>

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2016 ആഗസ്റ്റ് 30 വരെ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതർ 35,81,597 (മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഏഴ്) പേരാണ് ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2016 വർഷത്തിൽ ആഗസ്റ്റ് 30 വരെ കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വിവിധ തസ്തികകളിൽ ജോലി ലഭിച്ചവർ 7401 പേരാണ്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു*.

**മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ**

160 (676) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ നിലവിലുള്ള ആർക്കിടെക്ചറൽ അസിസ്റ്റന്റ് ട്രേഡിനു പകരമായി ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡും ആരംഭിക്കുന്നതിനുള്ള അനുമതിക്കായുള്ള ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിഗണിച്ചുവരുന്നു.

**റാന്നി സർക്കാർ ഐ.ടി.ഐ.**

161 (677) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി സർക്കാർ ഐ.ടി.ഐ. എന്നാണ് ആരംഭിച്ചതെന്നും ഇവിടെ എന്തൊക്കെ കോഴ്സുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്ന റാന്നി പഞ്ചായത്തിന്റെ കെട്ടിടത്തിൽ മതിയായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ലഭ്യമായ സ്ഥലത്ത് പുതിയ കെട്ടിടം പണിത് ഐ.ടി.ഐ. പുതിയ സ്ഥലത്തേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഐ.ടി.ഐ.-ക്കായി റാന്നി പഞ്ചായത്തിലെ ഉതിമൂട്ടിൽ ഉള്ള പി.ഐ.പി. വക സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര സ്ഥലം വിട്ടു നൽകാനാണ് പഞ്ചായത്ത് സന്നദ്ധത അറിയിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2011 ആഗസ്റ്റ് മാസം മുതൽ ഗവ. ഐ.ടി.ഐ. റാന്നി പ്രവർത്തനം ആരംഭിച്ചു. ടി സ്ഥാപനത്തിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രോണിക്, മെക്കാനിക്ക് എന്നീ ട്രേഡുകൾ 2 യൂണിറ്റ് വീതം നിലവിലുണ്ട്.

(ബി) ലഭ്യമായ സ്ഥലത്ത് ഐ.ടി.ഐ.ക്കായി കെട്ടിടം നിർമ്മിക്കുന്ന തിനാവശ്യമായ തുക 2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തുന്ന കാര്യം ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. റാന്നി താലൂക്കിൽ റാന്നി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ള (പി.ഐ.പി. ലാന്റ്) ബ്ലോക്ക് നം.6-ൽ റീസർവ്വേ 534-ൽപ്പെട്ട 74.90 ആർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് വകുപ്പിന് ഉപയോഗാനുമതി നൽകി സ.ഉ. (കൈയ്യെഴുത്ത്) നമ്പർ430/16/റവന്യൂ തീയതി 30-7-2016 പ്രകാരം ഉത്തരവായിട്ടുണ്ട്. സ്ഥലം വകുപ്പിനുവേണ്ടി ഏറ്റെടുക്കുന്നതിനായി റാന്നി ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഐ.ടി.ഐ.

162 (678) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.യുടെ പുതിയ കെട്ടിടനിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരുന്നു. ആറുമാസത്തിനകം കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നടപടിക്രമങ്ങൾ

163 (679) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആലുവ, കൊച്ചി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്കുപോലും 30 വർഷത്തിലേറെയായിട്ടും യാതൊരു ജോലിയും ലഭിക്കുന്നില്ല എന്ന പൊതുപരാതിയിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നടപടിക്രമങ്ങൾ കമ്പ്യൂട്ടർവത്കരിച്ച് പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് ഉയർന്ന ഉദ്യോഗസ്ഥനെ നിയമിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നടപടിക്രമങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കാൻ എൻ.ഐ.സി. മുഖേന ഓൺലൈൻ ആകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് നടപ്പിലാക്കുന്നതുവഴി ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും മെച്ചപ്പെട്ട സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമായി എത്രയും പെട്ടെന്ന് നൽകുവാൻ കഴിയും. ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതോടുകൂടി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതാണ്.

## ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

164 (680) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ വർഷം എത്ര ഇതര സംസ്ഥാന തൊഴിലാളികളെയാണ് ഈ സ്കീമിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഷ്വറൻസ് ഇല്ലാതെ ഇതര സംസ്ഥാന തൊഴിലാളികളെ പണി എടുപ്പിക്കുന്ന തൊഴിലുടമയ്ക്ക് പിഴ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണ ക്ഷേമനിധിക്ക് കീഴിലുള്ള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയെ ഈ ഇൻഷ്വറൻസുമായി ബന്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. സർക്കാർ ആശുപത്രിയിൽ 15,000 രൂപ വരെ കിടത്തി ചികിത്സയ്ക്കുള്ള ചെലവ് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി. എന്നീ സർക്കാർ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നു വരുന്നു. വിവരശേഖരണം നടത്തുന്ന ഏജൻസി, ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ, ഇൻഷ്വറൻസ് കമ്പനി, പ്രീമിയം, തിരിച്ചറിയൽ കാർഡ് നിർമ്മാണം, പ്രിന്റിംഗ് എന്നിവ ഓപ്പൺ ടെണ്ടർ മുഖേന നിശ്ചയിക്കുന്നതാണ്. ആയതിനുശേഷം വിവരശേഖരണവും ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകൽ എന്നിവ ഒരുമിച്ച് നടത്തുന്നതാണ്.

(ബി) അഞ്ച് ലക്ഷം പേരെയാണ് സ്കീമിന്റെ കീഴിൽ കൊണ്ടുവരാൻ പ്രാഥമികമായി ഉദ്ദേശിക്കുന്നത്.

(സി) ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികളേയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

**മയക്കുമരുന്നിന്റെ ഉപയോഗം**

165 (681) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷം കൊണ്ട് സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ;

(സി) മയക്കുമരുന്ന് ഉപയോഗം തടയുന്നതിനെതിരെ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്; ഇത് ഫലപ്രദമാകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കിതുടങ്ങിയ ശേഷം കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ വിപണനവും ഉപയോഗവും വർദ്ധിച്ച് വെന്നത് ഒരു യാഥാർത്ഥ്യമാണ്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായ തെങ്കിൽ, പുതിയ അബ്കാരിനയം നടപ്പിലാക്കിയശേഷം2015 വർഷത്തിൽ 1430 എൻ.ഡി.പി.എസ്. കേസുകളും, 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) 2011 മുതൽ 2016 (ആഗസ്റ്റ് വരെ) വരെയുള്ള വർഷങ്ങളിൽ മയക്കുമരുന്ന് ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം |
|---|---|
| 2011 | 332 |
| 2012 | 563 |
| 2013 | 793 |
| 2014 | 970 |
| 2015 | 1430 |
| 2016 (ആഗസ്റ്റ് വരെ) | 1789 |

(സി) സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൂടാതെ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം- മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉല്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു. മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഇത്തരം ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും വിമുക്തമാക്കുന്നതിന് ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി-യുവജന സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## ലഹരി വിമുക്ത പ്രചരണ പദ്ധതികൾ

166 (682) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ മദ്യവർജ്ജനത്തിന് സഹായമാകുന്ന എന്തെല്ലാം പ്രചരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു എന്ന് അറിയിക്കുമോ;

(ബി) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനും മയക്കുമരുന്നിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിനുമായി സ്കൂൾ തലങ്ങളിൽ സമഗ്രമായ ലഹരി വിമുക്ത പ്രചരണ പദ്ധതികൾ നടപ്പിലാക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ലഹരിയുടെ ഉപയോഗം, സമൂഹത്തിലുണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും മഹാവിപത്തിനെയുംകുറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, ക്ലബ്ബുകൾ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവയുമായി ചേർന്ന് വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകളും, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങളും പ്രദർശിപ്പിച്ചു വരുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെയും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെയും സി.സി.ടി.വി. വഴിയും കെ.എസ്.ആർ.ടി.സി. ബസുകളുടെ സൈഡ് പാനലുകളിലൂടെയും എഫ്.എം. റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും, മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു. മദ്യവർജ്ജനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ശക്തവും വിപുലവുമായ ബോധവൽക്കരണ പരിപാടികളാണ് നടത്തിവരുന്നത്. റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗമത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളാണ്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും. ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്സ്-ആപ്പ് ഹെൽപ്പ് ലൈൻ നമ്പരും, മൊബൈൽ ഫോൺ നമ്പരും നിലവിലുണ്ട്.

(ബി) സ്കൂൾ വിദ്യാർത്ഥികളെ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന ത്തൊട്ടാകെ 1993 സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചരണം നടത്തി വരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശനം നടത്തിയും, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനുവേണ്ടി ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സ്കൂളുകളിലും കൂടി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹ നാർത്ഥം സംസ്ഥാന തലത്തിൽ മികച്ച ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂൾ, കോളേജ് ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, ലഹരി വിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി വരുന്നു.

**മദ്യനയം**

167 (683) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന കുറവിനു കാരണം മദ്യനയമാണെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ മദ്യനയത്തിൽ കാര്യമായ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് മദ്യ വിൽപനയ്ക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ എത്ര ഹോട്ടലുകളെ ഇതിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന വിനോദ സഞ്ചാരികൾ മദ്യം കഴിക്കുന്നതിനുവേണ്ടി മാത്രമാണ് സംസ്ഥാനത്തെത്തുന്നതെന്ന് സർക്കാർ കരുതുന്നില്ല. എന്നാൽ, മദ്യം പതിവായി കഴിക്കുന്ന ടൂറിസ്റ്റുകൾക്കും, ബിസിനസ് മീറ്റിംഗുകളിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്കും മദ്യം കിട്ടാതെ വരുന്ന അവസരങ്ങളിൽ ഇത്തരക്കാർ മറ്റ് സംസ്ഥാനങ്ങളെയോ രാജ്യങ്ങളെയോ തേടിപ്പോകുമെന്നുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ വസ്തുത പരിഗണിക്കുമ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന കുറവിനുള്ള ഒരു കാരണം മദ്യനയമാകാമെന്ന് കരുതാവുന്നതാണ്.

(ബി) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യ ഉപഭോഗത്തിന് ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശിച്ച ഫലം ലഭിക്കാത്തതും സംസ്ഥാനത്ത് മയക്കുമരുന്ന് ഉപഭോഗം വർദ്ധിച്ചുവരുന്നതും പരിഗണിച്ച് വ്യക്തമായ ഒരു നയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച് നയം രൂപീകരിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

**മദ്യനയം**

168(684) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) ഭേദഗതി കൊണ്ടുവരാനുള്ള സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. മദ്യ ഉപഭോഗത്തിന് ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശിച്ച ഫലം ലഭിക്കാത്തതും, സംസ്ഥാനത്ത് മയക്കുമരുന്ന് ഉപഭോഗം വർദ്ധിച്ചുവരുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് പുതിയ മദ്യനയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളത്തുള്ള ഡ്യൂലാന്റ് എന്ന ഫൈവ് സ്റ്റാർ ഹോട്ടലിന് പുതുതായി എഫ്.എൽ.3 ലൈസൻസ് നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) പുതുതായി അബ്കാരി നയം പ്രഖ്യാപിക്കുമ്പോൾ അബ്കാരി ആക്ടിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ടി നയത്തിനനുസൃതമായി അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്.

**കഞ്ചാവ് കേസുകൾ**

169 (685) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ പൂട്ടിയതിനുശേഷം കഞ്ചാവ് കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചാവ് വിൽപ്പനയും കഞ്ചാവ് കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കിയ ശേഷം എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. 2013-14 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ 2015 വർഷത്തിൽ 1430 എൻ.ഡി.പി.എസ്. കേസുകളും 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചാവ് വിൽപ്പനയും കഞ്ചാവ് കടത്തുമായി ബന്ധപ്പെട്ട് 22-9-2016 വരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം എക്സൈസ് വകുപ്പ് 947 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## എക്സൈസ് വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം

170 (686) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഗാർഡ്, പ്രിവന്റീവ് ഓഫീസർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഗാർഡ്, പ്രിവന്റീവ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്ത് വരുന്നുണ്ട്;

(സി) വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) എക്സൈസ് കമ്മീഷണറേറ്റിൽ എത്ര എക്സൈസ് ഇൻസ്പെക്ടർമാർ അനധികൃതമായി ജോലി ചെയ്തുവരുന്നുണ്ട്;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിലവിൽ നേരിട്ടുള്ള നിയമനത്തിനായി 38 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം, ആശ്രിതനിയമനം, ബൈട്രാൻസ്ഫർ നിയമനം എന്നിവ ഉൾപ്പെടെ 56 ഒഴിവുകളുണ്ട്.

(ബി&സി) എക്സൈസ് വകുപ്പിൽ നിലവിൽ ആരും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നില്ല.

(ഡി&ഇ) എക്സൈസ് കമ്മീഷണറേറ്റിൽ അനധികൃതമായി ആരും ജോലി ചെയ്തുവരുന്നില്ല.

## എക്സൈസ് വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനിൽ

171 (687) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ സേവനങ്ങളാണ് ഇപ്രകാരം ലഭ്യമാക്കുന്നത്;

(സി) കള്ള് ഷാപ്പുകളുടെ ലൈസൻസ് ഓൺലൈൻ വഴിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതാണ്; ആരാണ് ഇത് രൂപപ്പെടുത്തിയത്; ഇതിന് എന്തു തുക നൽകിയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. എക്സൈസ് വകുപ്പിന്റെ 22 സേവനങ്ങൾ ഓൺലൈനാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഓൺലൈനിൽ ലഭ്യമാക്കുവാൻ തീരുമാനിച്ച 22 സേവനങ്ങൾ ചുവടെ ചേർക്കുന്നു. ഇതിൽ ആദ്യത്തെ 14 സർവ്വീസുകൾ ഓൺലൈൻ ആക്കിയിട്ടുണ്ട്. ബാക്കിയുള്ള 8 സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(1) Application for L2 license.

(2) Application for Toddy Shop license.

(3) Issuance of permit for ND3.

(4) Issuance of SP VII for the retail sale of Spirituous Preparation.

(5) Issuance of SP VI license for the wholesale of Ayurvedic Preparations.

(6) Label approval request.

(7) License for serving liquor in special occasions (FL6).

(8) Registration of Brand of Foreign Liquor.

(9) Renewal of L2 license.

(10) Renewal of license for Bars (FL-3)

(11) Renewal of license for Beer/Wine Parlour (FL-11).

(12) Renewal of license for Club (FL-4A).

(13) Renewal of SP VII for the retail sale of Spirituous Preparations.

(14) Renewal of SP VI license for the wholesale of Ayurvedic Preparations.

(15) Issue of NOC for Import/Export of spirit.

(16) Renewal for FL-12 license.

(17) Permit for Import/Export of Indian Made foreign liquor.

(18) Issue of Excise Verification Certificate.

(19) Issue of other Import/Export/Transit permits.

(20) Confirmation of Toddy shops.

(21) Request for FL-12 License.

(22) Inter-division Toddy transport permits.

(സി) കള്ളുഷാപ്പുകളുടെ ലൈസൻസ് ഓൺലൈൻ വഴിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യൂഡൽഹി നാഷണൽ ഇൻഫർമാറ്റിക് സെന്റർ വികസിപ്പിച്ച സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയറാണ് ഇതിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നത്. എക്സൈസ് വകുപ്പിന് ഓൺലൈൻ സർവ്വീസ് സോഫ്റ്റ്‌വെയറിനായി തുകയൊന്നും ചെലവായിട്ടില്ല.

**മദ്യനയം തിരുത്താനുള്ള നീക്കം**

172 (688) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തേക്കാൾ മയക്കു മരുന്ന് ഉപയോഗം വളരെ കൂടുതലായിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെന്റെ മദ്യനയം ജനങ്ങൾക്ക് ഗുണം ചെയ്തിട്ടില്ലെന്നതിനാലാണോ ഈ മയക്കുമരുന്ന് ഉപയോഗം കേരളത്തിൽ കൂടിയത്; വിശദമാക്കുമോ;

(സി) മദ്യനയം തിരുത്താനുള്ള നീക്കം ഉണ്ടോ; വിശദമാക്കുമോ;

(ഡി) പരിഷ്കൃത രാജ്യങ്ങളിലെ നഗരങ്ങളിലെ സൂപ്പർ മാർക്കറ്റുകളിൽ മദ്യത്തിനായി പ്രത്യേക കൗണ്ടർ ഉള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) നിലവിലുള്ള മദ്യനയംമൂലം കേരളത്തിലെ മദ്യപന്മാർ മയക്കുമരുന്നിന് അടിമയായി നശിക്കുന്നത് തടയാൻ ഗുണകരമായ മദ്യനയത്തിലൂടെ എന്തൊക്കെ പദ്ധതി നടപ്പാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള മദ്യനയം പ്രാവർത്തികമായതിനുശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും വ്യാപനം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793 ഉം 970 ഉം എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തതെങ്കിൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്. 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുള്ളതും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ മദ്യനയം പ്രാവർത്തികമായതിനുശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും വ്യാപനം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793-ഉം 970-ഉം എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്. 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കണക്കുകളിൽ നിന്നും സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപഭോഗം കൂടുന്നതിന് നിലവിലെ അബ്കാരിനയം ഒരു പ്രധാന കാരണമായിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതും പ്രസ്തുത മദ്യനയം ജനങ്ങൾക്ക് പ്രത്യേകിച്ച് ഗുണം ചെയ്തിട്ടില്ലെന്ന് കാണാവുന്നതുമാണ്.

(സി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യഉപഭോഗത്തിന് ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശ്യ ഫലം ലഭിക്കാത്തതും സംസ്ഥാനത്ത് മയക്കുമരുന്ന് ഉപഭോഗം വർദ്ധിച്ചുവരുന്നതും മുന്നിൽ കണ്ടുകൊണ്ട് എല്ലാ വിഭാഗം ആളുകളുടെയും അഭിപ്രായം സ്വരൂപിച്ച് സമഗ്രമായ ഒരു മദ്യനയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ജനങ്ങൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി നശിക്കുന്നത് തടയുന്നതിനുതകുന്ന ഒരു അബ്കാരി നയത്തിന് സർക്കാർ രൂപം നൽകുന്നതാണ്.

**ബിവറേജസ് ഔട്ട്‌ലെറ്റ് അടച്ചുപൂട്ടാൻ നടപടി**

173 (689) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 212-ന്റെ ഓരത്ത് കുന്ദമംഗലം അങ്ങാടിയിൽ നിലവിലുള്ള ബിവറേജസ് ഔട്ട് ലെറ്റ് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ അടച്ചു പൂട്ടാതിരിക്കുന്നതിൻെറ കാരണം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നിവയുടെ ഓരത്ത് പ്രവർത്തിക്കുന്ന വിദേശ മദ്യശാലകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച കേസുകളിൽ സുപ്രീം കോടതി അന്തിമവിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. എന്നിരുന്നാലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ കുന്ദമംഗലം അങ്ങാടിയിൽ നിലവിലുള്ള ഷോപ്പ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതിന് ബിവറേജസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിദ്യാലയ പരിസരങ്ങളിലെ മയക്കമരുന്ന് വ്യാപാരം**

174 *(T690) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിലെ ബേക്കറികൾ, ജ്യൂസ്/ഐസ്ക്രീം പാർലറുകൾ എന്നിവ കേന്ദ്രീകരിച്ച് മയക്ക് മരുന്നുവ്യാപാരം നടക്കുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ളവയുടെ പരിസരത്ത് മയക്ക് മരുന്നും, മയക്ക് മരുന്ന് ചേർത്ത വിഭവങ്ങളും വില്പന നടത്തുന്നത് നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥരുടെ സഹായത്തോടെ തന്നെയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മയക്ക് മരുന്നുവ്യാപാരം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങളിൽ വിവിധ വ്യാപാര സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വിൽപ്പനയും ഉപഭോഗവും നടക്കുന്നതായി പരാതികൾ ലഭിച്ചിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് കർശന പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മയക്കുമരുന്ന് വ്യാപാരം നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാദ്ധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നു.

**ബിവറേജസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റ് മാറ്റുന്നത് സംബന്ധിച്ച്**

175(691) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം ഗ്രാമപഞ്ചായത്തിലെ നിലയ്ക്കാമുക്കിൽ പ്രവർത്തിച്ച് വരുന്ന ബിവറേജസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റ് സമീപത്തുള്ള മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏതു ഓഫീസിലാണെന്ന് ഫയൽ നമ്പരുൾപ്പെടെ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇതുസംബന്ധിച്ച ബിവറേജസ് കോർപ്പറേഷന്റെ പ്രൊപ്പോസൽ ഷോപ്പിന്റെ ഏലുക പുനർ നിർണ്ണയിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഏലുക പുനർ നിശ്ചയിക്കുന്ന മുറയ്ക്ക് ഷോപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച് നടപടികൾ സർക്കാരിന്റെ 842774/ജി1/16/റ്റി.ഡി. നമ്പർ ഫയലിലും എക്സൈസ് കമ്മീഷണറേറ്റിലെ ഇ.എക്സ്.സി./3597/2016/എക്സ്.സി.1 നമ്പർ ഫയലിലുമാണ് സ്വീകരിച്ചുവരുന്നത്.

**പാൻമസാല കച്ചവടം**

176 (692) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൻമസാല കച്ചവടം നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് ഇവർക്കെതിരെ കേസ് ചാർജ്ജ് ചെയ്യുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാൻമസാല വിൽപ്പനയും, കടത്തിക്കൊണ്ട് വരവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പുകയില ചേർന്ന പാൻമസാല കച്ചവടം നടത്തുന്നവർക്കെതിരെ കോട്പാ ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റക്കാരിൽ നിന്നും നിയമാനുസരണമുള്ള പിഴ ഈടാക്കുകയും കണ്ടെടുക്കുന്ന പാൻമസാല ഉല്പന്നങ്ങൾ നിയമാനുസരണം നശിപ്പിച്ചുകളയുകയും ചെയ്യുന്നു.

(ബി) 2003-ലെ കോട്പാ ആക്ട് [The Cigarettes and other tobacco products (Prohibition of Advertisement and Regulation of Trade and Commerce, Production Supply and Distribution) Act 2003 (34 of 2003)] 6, 7, 12, 13, 24, 25 വകുപ്പുകൾ പ്രകാരമാണ് പുകയില ചേർന്ന പാൻമസാല കച്ചവടം, കടത്ത് തുടങ്ങിയവ നടത്തുന്നവർക്കെതിരെ എക്സൈസ് വകുപ്പ് നിയമനടപടികൾ സ്വീകരിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാൻമസാല വിൽപ്പനയും കടത്തിക്കൊണ്ട് വരവുമായി ബന്ധപ്പെട്ട് കോട്പാ ആക്ട് പ്രകാരം 3448 ആളുകൾക്കെതിരെ എക്സൈസ് വകുപ്പ് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്.

**ഓൺലൈൻ മദ്യവിൽപ്പന**

177(693) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ മദ്യവിൽപ്പനയ്ക്ക് വേണ്ടി തീരുമാനമെന്തെങ്കിലും എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഭാവിയിൽ ഓൺലൈനിലൂടെ മദ്യവിൽപ്പന നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഓൺലൈൻ മദ്യവിൽപ്പന സംബന്ധിച്ച പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ നടപടികൾ**

178 (T*694) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത മദ്യോത്പാദനവും വിതരണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്കെതിരെ കേസുകളെടുത്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ കർശന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(സി) വ്യാജമദ്യ റെയ്ഡുകൾക്കായി കൂടുതൽ മെച്ചപ്പെട്ട സ്ക്വാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അനധികൃത മദ്യ ഉല്പാദനവും വിതരണവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിൽ 1066 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസുകളിലായി 832 പേരെ പ്രതിചേർത്തിട്ടുള്ളതുമാണ്.

(ബി) വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ എക്സൈസ് വകുപ്പ് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

(സി) വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ കർശനമായ പരിശോധനകളും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഓരോ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും രണ്ട് ജനമൈത്രി എക്സൈസ് സ്ക്വാഡുകളും എക്സൈസ് കമ്മീഷണറുടെ സ്ക്വാഡും വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ വിവരങ്ങൾ ശേഖരിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പോലീസ്, റവന്യൂ, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് ജോയിന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ട്രെയിൻ മാർഗ്ഗമുള്ള മദ്യക്കടത്ത് തടയുന്നതിന് റെയിൽവേ പോലീസ്, ആർ.പി.എഫ്., പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകൾ ചേർന്നുള്ള സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ഓണക്കാലത്തെ മദ്യ വിൽപ്പനയുടെ കണക്കുകൾ**

179 (695) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണത്തോടനുബന്ധിച്ച് ബിവറേജസ് കോർപ്പറേഷൻ, അംഗീകൃത ബാറുകൾ, കൺസ്യൂമർഫെഡ് എന്നിവ വഴി നടന്ന മദ്യ വില്പനയുടെ കണക്കുകൾ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

ഓണത്തോടനുബന്ധിച്ച് ബിവറേജസ് കോർപ്പറേഷൻ ഷോപ്പുകൾ മുഖാന്തിരം 6-9-2016 മുതൽ 15-9-2016 വരെ നടന്ന മദ്യവില്പനയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ 'അനുബന്ധം-എ' ആയി ചേർത്തിരിക്കുന്നു.* ഓണത്തോടനുബന്ധിച്ച് അംഗീകൃത ബാറുകൾ വഴി നടന്ന മദ്യവില്പനയുടെ കണക്കുകൾ ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | വില്പന (ലിറ്ററിൽ) |
|---|---|
| തിരുവനന്തപുരം | 1368.82 |
| കൊല്ലം | 198.01 |
| കോട്ടയം | 902.86 |
| ആലപ്പുഴ | 1900.15 |
| പത്തനംതിട്ട | ഇല്ല |
| എറണാകുളം | 18107 |
| തൃശ്ശൂർ | 2336.52 |
| ഇടുക്കി | ഇല്ല |
| പാലക്കാട് | ഇല്ല |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | 1341.56 |
| വയനാട് | 245.15 |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 662 |

ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് വഴി 10-9-2016 മുതൽ 18-9-2016 വരെ നടന്ന മദ്യവില്പനയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ 'അനുബന്ധം-ബി' ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകളിൽ മയക്കമരുന്ന്

180 (697) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മയക്ക മരുന്ന് ഉപയോഗം വ്യാപകമാകുന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(സി) ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ ക്യാമ്പസുകളിലും പരിസരപ്രദേശങ്ങളിലും ലഹരി വസ്തുക്കളുടെ വ്യാപനം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി വസ്തുക്കളുടെ വ്യാപനത്തിനെതിരെ വൈവിധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനത്തോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തി കേരളത്തിലെ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗവും, വ്യാപനവും പൂർണ്ണമായി ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലഹരി വസ്തുക്കളുടെ വ്യാപനത്തിനെതിരെയുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ ക്യാമ്പസുകളുടെ പരിസര പ്രദേശങ്ങളിൽ നിന്ന് 2016 ജനുവരി മുതൽ ആഗസ്റ്റ് വരെ 231 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സ്കൂൾ വിദ്യാർത്ഥികളെ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1735 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചരണം നടത്തിവരുന്നു. അതോടൊപ്പം ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശനം നടത്തിയും, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം സംസ്ഥാന തലത്തിൽ

സ്കൂളുകളിൽ മികച്ച ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന ലഹരിവിരുദ്ധ ക്ലബ്, ക്ലബ് അംഗം, ലഹരിവിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും, സർട്ടിഫിക്കറ്റുകളും നൽകിയരുന്നു. നൂറിലധികം സ്കൂളുകളിൽ എക്സൈസ് കമ്മീഷണർ നേരിട്ട് ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ അധികാര പരിധിയിൽപ്പെട്ട സ്കൂളുകളിൽ ആഴ്ചയിൽ രണ്ട് ബോധവൽക്കരണ ക്ലാസുകൾ വീതം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസ്

181 (698) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ നിലവിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുവെന്നും എത്ര വാഹനങ്ങൾ പ്രവർത്തന ക്ഷമമായുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ആവശ്യത്തിന് വാഹനങ്ങളും ജീവനക്കാരുമില്ലാത്തതിനാൽ പ്രസ്തുത എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തനത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രദേശത്തെ ജനസംഖ്യ, കുറ്റകൃത്യങ്ങൾ, രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ ബാഹുല്യം എന്നിവ പരിഗണിച്ച് ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും വാഹനങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എക്സൈസ് ഇൻസ്പെക്ടർ | - | 1 |
| പ്രിവന്റീവ് ഓഫീസർ | - | 4 |
| സിവിൽ എക്സൈസ് ഓഫീസർ / | | |
| വനിതാ സിവിൽ എക്സൈസ് ഓഫീസർ | - | 18 |
| എക്സൈസ് ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |
| ആകെ ജീവനക്കാർ | - | 25 |

കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ ഒരു ജീപ്പും ഒരു മോട്ടോർ സൈക്കിളും പ്രവർത്തനക്ഷമതയിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കഞ്ചാവിന്റെയും അനധികൃത പുകയില ഉത്പന്നങ്ങളുടെയും വിപണനം**

182 (699) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ്, മറ്റ് അനധികൃത പുകയില ഉത്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നവർക്കെതിരെ അബ്കാരി നിയമപ്രകാരം എടുക്കുന്ന കേസുകളുടെ എണ്ണം കൂടി വരുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ;

(ബി) ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്നവർക്ക് തക്കതായ ശിക്ഷ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്താണ് ഈ സ്ഥിതി വിശേഷത്തിന് കാരണമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) കേന്ദ്ര അബ്കാരി നിയമത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കഞ്ചാവ്, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉല്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട കേസിൽ പിടിയിലാകുന്നവർക്കെതിരായി നിലവിലുള്ള എൻ.ഡി.പി.എസ്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും ആയത് ശരിയായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുമുണ്ട്. എന്നാൽ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശംവച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾതന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണ് നിലവിലുള്ളത്.

(സി) ഉണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ വിപണം ചെയ്യുന്നവർക്കെതിരായി കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾതന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിനതടവോ, പതിനായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ, ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985-ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം**

183 (700) ശ്രീ. എം. സ്വരാജ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യവർജ്ജനത്തിന് സഹായകരമായ എന്തെല്ലാം പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഇല്ലാതാക്കുന്നതിനായി സ്കൂൾ-കോളേജ് തലങ്ങളിൽ സമഗ്രമായ ലഹരിവിമുക്ത ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മദ്യവർജ്ജനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ശക്തവും വിപുലവുമായ ബോധവൽക്കരണ പരിപാടികളാണ് നടത്തിവരുന്നത്. റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗ മത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളാണ്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

ലഹരിയുടെ ഉപയോഗം സമൂഹത്തിൽ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും മഹാവിപത്തിനെയും കുറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, ക്ലബ്ബുകൾ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവയുമായി ചേർന്ന് വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകളും ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വചിത്രങ്ങളും പ്രദർശിപ്പിച്ചു വരുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെയും കെ.എസ്.ആർ.ടി.സി. ബസുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം. റേഡിയോ വഴിയും സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എക്സൈസ് വകുപ്പ് ലാന്റ് ഫോണുകൾ വഴിയും മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചു വരുന്നു. നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും. ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്സ്-ആപ്പ് ഹെൽപ്പ് ലൈൻ നമ്പരും മൊബൈൽ ഫോൺ നമ്പരും നിലവിലുണ്ട്.

(ബി) സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1993 സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചരണം നടത്തിവരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ സ്കൂൾ-കോളേജുകളിലും പ്രദർശനം നടത്തിയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനുവേണ്ടി ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂൾ-കോളേജുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം സംസ്ഥാന തലത്തിൽ മികച്ച ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂൾ/ കോളേജ് ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, ലഹരിവിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും, സർട്ടിഫിക്കറ്റുകളും നൽകിവരുന്നു.

## ലഹരിവസ്തുക്കളുടെ നിയന്ത്രണം

184 (701) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉല്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് പുതുതായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ബാർ ഹോട്ടലുകൾ, ബിയർ-വൈൻ പാർലറുകൾ തുടങ്ങി ലൈസൻസുള്ളതും ഇല്ലാത്തതുമായ സ്ഥാപനങ്ങളെ നിരീക്ഷിക്കാൻ പ്രത്യേകമായി എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ;

(സി) സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ അതിർത്തിവഴിയുള്ള കടത്ത് തടയുന്നതിന് ബോർഡർ പട്രോളിങ്ങ് ശക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉല്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഈ നടപടികൾമൂലം ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉല്പന്നങ്ങൾ മുതലായവയുടെ ഉത്പാദനം, കടത്ത്, വിപണനം, വില്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും സോഷ്യൽ മീഡിയ അടക്കമുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ കൈക്കൊള്ളുന്നുണ്ട്. ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരായി അവബോധം ഉണ്ടാക്കുകയും മേൽപ്രകാരം പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചുവരുന്നു.

(ബി) ബാർ ഹോട്ടലുകൾ, ബിയർ-വൈൻ പാർലറുകൾ തുടങ്ങിയ ലൈസൻസുള്ള സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ അനധികൃത മദ്യവില്പന നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്താൻ മിന്നൽ പരിശോധനകൾ നടത്തുകയും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളെ ഉപയോഗിച്ച് നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളിൽ മദ്യ വില്പന നടക്കുന്നില്ലായെന്ന് ഉറപ്പാക്കുന്നതിന് മേൽപ്രകാരം വിഭാഗങ്ങൾ നിരീക്ഷണം നടത്തുകയും വിവരങ്ങളും പരാതികളും ലഭിക്കുന്ന അവസരങ്ങളിൽ സമയബന്ധിതമായി പരിശോധനകൾ നടത്തി നിയമവിരുദ്ധമായ മദ്യമയക്കുമരുന്ന് വില്പന, ഉപഭോഗം തുടങ്ങിയവ നടക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നുമുണ്ട്.

(സി) സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ അതിർത്തിവഴിയുള്ള കടത്ത് തടയുന്നതിനും അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനുമായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡും എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകളും നടത്തി വരുന്നുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും ദേശീയപാതകളിലും വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതാണ്.

**മയക്കുമരുന്നിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം**

185 (702) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗം വർദ്ധിച്ചുവരുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ബാറുകളിലെ വിദേശ മദ്യ വിൽപ്പന നിരോധിച്ച നടപടി മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ടോ; ഇക്കാര്യത്തിൽ സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 2013-14 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ 2015 വർഷത്തിൽ 1430 എൻ.ഡി.പി.എസ്. കേസുകളും 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ബാറുകളിലെ വിദേശമദ്യ വില്പന നിരോധിച്ച നടപടി മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ടോ എന്ന വിഷയത്തിൽ സമഗ്രമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ വിദേശമദ്യ വില്പനയുടെ കണക്ക് പരിശോധിക്കുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ

വില്പനയിൽ ചെറിയ അളവിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ ബിയറിന്റെ വില്പനയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണുന്നു. 2016-17 വർഷം ആഗസ്റ്റ് മാസം വരെയുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന പരിശോധിക്കുമ്പോൾ 2015-16 വർഷത്തിലെ ഇതേ കാലയളവിലെ വില്പനയിൽ നിന്നും നേരിയ വർദ്ധനവ് ഉള്ളതായാണ് കാണുന്നത്. 2012-13 വർഷം മുതലുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും ബിയറിന്റെയും വില്പനയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (ലക്ഷം കേയ്സുകൾ ) | ബിയർ (ലക്ഷം കേയ്സുകൾ) |
|---|---|---|
| 2012-13 | 244.33 | 101.64 |
| 2013-14 | 240.67 | 107.96 |
| 2014-15 | 220.58 | 95.59 |
| 2015-16 | 201.75 | 154.2 |
| 2015-16 (ആഗസ്റ്റ് വരെ) | 85.1 | 63.86 |
| 2016-17 (ആഗസ്റ്റ് വരെ) | 88.39 | 64.88 |

(567, 568, 569, 570, 571, 624, 625, 626, 627, 629, 632, 696 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

മി. സ്പീക്കർ : റൂൾ (50)....... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്താണ് സംസാരിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് പറയാനുള്ളത് ചോദ്യോത്തരവേളയിൽ ആദ്യമായിട്ടല്ല പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം കൊടുക്കുന്നത്. (.......ബഹളം......)

(പ്രതിപക്ഷാംഗങ്ങൾ ബാനറുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മുദ്രാവാക്യങ്ങൾ വിളിക്കുകയും സഭയുടെ നടുത്തളത്തിൽ ഇറങ്ങി ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ........... പ്ലീസ് ....... ഭരണകക്ഷിയംഗങ്ങൾ സീറ്റുകളിൽ ഇരിക്കു. നിങ്ങൾക്കെന്താണ് ആവശ്യം. ... ഇരിക്കു.... പ്രതിപക്ഷാംഗങ്ങൾ അവരുടെ സീറ്റുകളിൽ ഇരുന്നുകൊള്ളും. (...ബഹളം.....) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കു....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കർ, കേരള നിയമസഭയുടെ ചരിത്രത്തിൽ നിരവധി സന്ദർഭങ്ങളിൽ ചോദ്യോത്തര വേളയിൽ പ്രതിപക്ഷനേതാക്കന്മാർ സംസാരിച്ചിട്ടുണ്ട്. എന്റെ കയ്യിൽ ലിസ്റ്റുണ്ട്. കഴിഞ്ഞ നിയമസഭയിൽ ആറ് തവണ 15-6-2012, 17-6-2013, 12-12-2014, 15-12-2014, 23-3-2015, 12-2-2016 എന്നീ തീയതികളിലെല്ലാം അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ വി. എസ്. അച്ചുതാനന്ദനെ ചോദ്യോത്തരസമയത്ത് സംസാരിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചിരുന്നു. സഭാരേഖകൾ അങ്ങ് പരിശോധിക്കണം. കീഴ്വഴക്കങ്ങളുണ്ട്. അങ്ങയുടെ ഭാഗത്തുനിന്നുണ്ടായ നടപടി ദൗർഭാഗ്യകരമാണ്. അങ്ങ് ഞങ്ങളുടെകൂടെ സ്പീക്കറാണ്.

മി. സ്പീക്കർ : അങ്ങേക്ക് പറയാനുള്ളത് പറയൂ (.......ബഹളം......) ചോദ്യോത്തരവേളയുമായി ബന്ധപ്പെട്ട വിഷയമാണ് പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നതെങ്കിൽ സമയം അനുവദിക്കാറുണ്ട്. ഇവിടെ ചോദ്യോത്തരവേള ആരംഭിക്കുന്നതിന് മുമ്പ് പ്രശ്നമുണ്ടാക്കാൻ ശ്രമിച്ചപ്പോഴാണ് സമയമനുവദിക്കണമെന്ന് പറഞ്ഞത്. അങ്ങേക്ക് പറയാനുള്ളത് പറയൂ.

ശ്രീ. രമേശ് ചെന്നിത്തല : സർ, കഴിഞ്ഞ പ്രാവശ്യം അന്നത്തെ പ്രതിപക്ഷനേതാവ് ആറ് തവണ സംസാരിച്ചിട്ടുള്ളതാണ്. ഞങ്ങൾ ഇക്കാര്യങ്ങൾ ആരോട് പറയും. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത് ആദ്യത്തെ സംഭവമല്ല. അങ്ങ് സഭാരേഖകൾ പരിശോധിച്ചശേഷം പറഞ്ഞാൽ മതി.

മി. സ്പീക്കർ : പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായ പരാമർശത്തെ സംബന്ധിച്ച് ഞാൻ അങ്ങേയ്ക്കൊരു കത്ത് നൽകിയിരുന്നു. ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട സഭാനേതാവായ മുഖ്യമന്ത്രി പറയാൻ പാടില്ലാത്ത കാര്യങ്ങളാണ് ഇന്നലെ ഈ സഭയിൽ പറഞ്ഞത്.

മി. സ്പീക്കർ : അങ്ങ് പ്രതിപക്ഷനേതാവെന്ന നിലയിൽ ചെയറിന് ഇന്നലെ ഒരു കത്ത് എഴുതി നൽകിയിട്ടുണ്ട്. അത് ചെയറിന്റെ പരിഗണനയിലാണ്. അത് സഭയിൽ അങ്ങ് ഉന്നയിക്കുകയും ചെയ്തു. ഇനി കൂടുതൽ സമയമെടുക്കരുത്.

ശ്രീ. രമേശ് ചെന്നിത്തല : സർ, അത് ഞാൻ അംഗീകരിക്കുന്നു. അത് അങ്ങ് പരിശോധിക്കണം. ഇത് ആദ്യമായിട്ടാണോ? അന്ന് പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ് അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയെ വ്യക്തിപരമായി എത്ര തവണ ആക്ഷേപിച്ചു. എന്തെല്ലാം ആരോപണം ഉന്നയിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി സമചിത്തതയോടെ മറുപടി പറഞ്ഞിട്ടുണ്ട്. ഇന്ന് ശ്രീ. എ. കെ. ബാലൻ ഉൾപ്പെടെയുള്ളവർ പ്രകോപിതരാകുന്നതുപോലെ അന്ന് ഞങ്ങളാരും പ്രകോപിതരായില്ല. മന്ത്രിമാരുൾപ്പെടെയുള്ള അംഗങ്ങളെ അങ്ങ് നിയന്ത്രിക്കണം. മന്ത്രിമാരും ബഹളമുണ്ടാക്കുകയാണ്. ആ കാലഘട്ടത്തിൽ അങ്ങ് ഈ സഭയിലുണ്ടായിരുന്നല്ലോ?

മി. സ്പീക്കർ : ...........പ്ലീസ് കൺക്ലൂഡ്......

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞങ്ങളാരെങ്കിലും എന്തെങ്കിലും പറഞ്ഞോ? എല്ലാത്തിനും ഒരു പരിധിയുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം കൺക്ലൂഡ് ചെയ്യണം. ... (ബഹളം)....പ്രതിപക്ഷം നോട്ടീസ് നൽകിയ റൂൾ (50) എടുക്കണ്ടേ?

ശ്രീ. രമേശ് ചെന്നിത്തല : സർ, എനിക്ക് ഒരു കാര്യം അങ്ങയോട് പറയാനുണ്ട്. ഞാനല്ലാതെ പിന്നെയാര് അങ്ങയോടിത് പറയും. സ്വാശ്രയ കൊള്ളയുമായി ബന്ധപ്പെട്ട് ഇവിടെ നടന്ന കാര്യങ്ങൾ അങ്ങ് അറിയണം. ഇന്നത്തെ കേരള കൗമുദി ദിനപ്പത്രത്തിൽ (കേരള കൗമുദി ദിനപ്പത്രം ഉയർത്തിക്കാട്ടി) 'സ്വാശ്രയമടിച്ചത് ബംബർ', ഫീസ് വർദ്ധനവുമൂലം മാനേജ്മെന്റുകൾക്ക് കൊള്ളലാഭം. ഈ ജനകീയ പ്രശ്നം ഉയർത്തിപ്പിടിച്ചുകൊണ്ട് സമരം ചെയ്ത വിദ്യാർത്ഥികൾക്ക് നേരെ ക്രൂരമായ ലാത്തിച്ചാർജ്ജുണ്ടായി. ....

മി. സ്പീക്കർ : പ്ലീസ്.......

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മുന്നിൽ ഗ്രനേഡ് വീണെന്ന് പറഞ്ഞ് എന്തു ബഹളമായിരുന്നു ഇവിടെ. ഇന്നലെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ ഇരിക്കുന്ന സമരപ്പന്തലിലേയ്ക്ക് ഗ്രനേഡ് എറിഞ്ഞ് സമരത്തെ തല്ലിത്തകർക്കാൻ നോക്കി. ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന നടപടിയല്ല. ഇവിടെ പന്ത്രണ്ട് തവണയാണ് ലാത്തിച്ചാർജ്ജ് ഉണ്ടായത്. നിരവധി തവണ കണ്ണീർവാതക പ്രയോഗമുണ്ടായി. 132 പേർക്ക് പരിക്ക് പറ്റി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഏത് റൂൾ പ്രകാരമാണ് സംസാരിക്കുന്നത്? പ്ലീസ്...പ്ലീസ്.....

ശ്രീ. രമേശ് ചെന്നിത്തല : സർ, കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ്സുകാരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അപമാനിച്ചു. സമരപോരാട്ടങ്ങളെ അപമാനിക്കുന്ന നടപടി അവസാനിപ്പിക്കണം.

മി. സ്പീക്കർ : സഭ നടത്തിക്കൊണ്ടുപോകാൻ ചില ചട്ടങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാവുന്നതാണ്. ദയവായി സഹകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് എന്തിനാണ് ബഹളം ഉണ്ടാക്കുന്നത്. ഞാനൊന്നു പറയട്ടെ.

മി. സ്പീക്കർ : ഏത് ചട്ടപ്രകാരമാണ് അങ്ങ് സംസാരിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് ഞാൻ പറയുന്നത് സമാധാനമായി കേൾക്കണം. ഇങ്ങനെയാണോ ചെയ്യേണ്ടത്;

മി. സ്പീക്കർ : അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അതേ വിഷയത്തെ സംബന്ധിച്ച് പ്രതിപക്ഷനേതാവിന് ആദ്യം പ്രസംഗിച്ച് തുടങ്ങാൻ പറ്റുമോ;

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ സ്വാശ്രയ കൊള്ള അനുവദിക്കാൻ നിവൃത്തിയില്ല. സർക്കാർ ചെയ്യുന്ന തെറ്റായ നടപടികൾ-വിദ്യാർത്ഥി വേട്ട അവസാനിപ്പിക്കണം. ഇന്നലെ സമരം നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ നടന്ന ഗ്രനേഡാക്രമണത്തിലും ലാത്തിച്ചാർജ്ജിലും എത്രപേർക്കാണ് ബുദ്ധിമുട്ടുണ്ടായത്. കേരളമൊട്ടാകെ നരനായാട്ട് നടക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് ബഹുമാനപ്പെട്ട സ്പീക്കർ റൂൾ 50 പ്രകാരം വിളിക്കേണ്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഏത് ചട്ടപ്രകാരമാണ് ഇവിടെ സംസാരിച്ചത്. ആ പ്രസംഗിച്ചതൊന്നും ഇവിടെ റിക്കോർഡിൽ ഉണ്ടാകാൻ പാടില്ല. അത് റിക്കോർഡിൽ നിന്നും ഒഴിവാക്കണം.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ഇത് എന്താണ്; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സംസാരത്തിനിടയിൽ ആണല്ലോ പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരിക്കുന്നത്; ഇത് എന്താണ്; ഇവിടെ എന്താണ് നടക്കുന്നത്?....... (ബഹളം).........

ശ്രീ. രമേശ് ചെന്നിത്തല : സർ, അതുകൊണ്ട് ശ്രീ. ഹൈബി ഈഡൻ, ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. അനൂപ് ജേക്കബ് എന്നിവർ നിരാഹാരസമരം കിടക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. അവരോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. എം. ഷാജി എന്നിവർ സത്യാഗ്രഹം ഇരിക്കുന്നുണ്ട്. ഈ സമരം പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താമെന്ന് കരുതേണ്ട. സർക്കാർ നയം തിരുത്തണം. സംസ്ഥാനത്തെ പാവപ്പെട്ട വിദ്യാർത്ഥികളുടെ ജീവനെ പന്താടുന്ന സർക്കാരിന്റെ ധിക്കാരപരമായ തെറ്റായ നടപടികൾ അവസാനിപ്പിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരിക്കാൻ പാടില്ല. രണ്ടും കൂടി നടക്കില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, സർക്കാരിന്റെ നടപടിക്കെതിരായിട്ടുള്ള ശക്തമായ പോരാട്ടങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകും. ഇതിനുമുമ്പ് ഇവിടെ സ്വാശ്രയ സമരം നടത്തിയ ആളുകളുണ്ടല്ലോ; അവർ എവിടെപ്പോയി; എന്താണ് മിണ്ടാത്തത്?

മി. സ്പീക്കർ : യെസ്....യെസ്.....ഈ സാഹചര്യത്തിൽ സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ക്ഷമിക്കണം. അങ്ങയുടെ അനുയായികൾ നടുത്തളത്തിൽ വന്നിരിക്കുകയാണ്. രണ്ടും കൂടി ഒരുമിച്ച് നടക്കില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഒരു സാഹചര്യവും ഇവിടെയില്ല. ഇവിടെ ഡിമാന്റിന്റെ ചർച്ച നടക്കും. ഇവിടെ എന്താണ് അസാധാരണ സാഹചര്യം; അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് വിളിക്കേണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കണം.

മി. സ്പീക്കർ : റൂൾ 50 പ്രകാരം നോട്ടീസ് നൽകിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾക്ക് സംസാരിക്കണമെന്നുണ്ടോ; നടുത്തളത്തിൽ ഇരിക്കുന്നതും പ്രസംഗവും കൂടി നടക്കില്ല. ദയവായി ക്ഷമിക്കുക. ഞാൻ അടുത്ത നടപടി ക്രമത്തിലേക്ക് പോകും. പ്രതിപക്ഷാംഗങ്ങൾ സീറ്റിലേക്ക് പോകു. പ്രതിപക്ഷ നേതാവിന് ഉച്ചഭാഷിണി കൊടുക്കണമെന്നുപറഞ്ഞാണ് ഇത്രയും നേരം ബഹളം വച്ചത്. അദ്ദേഹത്തിന് മൈക്ക് കൊടുത്തപ്പോൾ നിങ്ങൾ നടുത്തളത്തിൽ വന്നിരിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഇല്ല. നടുത്തളത്തിൽ ഇറങ്ങിയാൽ മൈക്ക് കൊടുക്കില്ല. ........(ബഹളം)........

മി. സ്പീക്കർ : അതുതന്നെയാണ് ഞാനും പറഞ്ഞത്. യെസ്..... യെസ് ....സീറ്റിലേക്ക് തിരിച്ചുപോകുന്നുണ്ടോ? അടുത്ത നടപടിക്രമങ്ങളിലേക്ക് പോകേണ്ടി വരും. ചെയറിന് വേറെ നിർവ്വാഹമില്ല. ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

ശ്രീ. കെ. എം. മാണി : സർ, ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(യു.ഡി.എഫ്. അംഗങ്ങൾ നടുത്തളത്തിലിരുന്ന് ബഹളം തുടർന്നുകൊണ്ടിരുന്നു.)

## II മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

1. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 1643, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1809 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3771-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 5505, 5509, പന്ത്രണ്ടാം സമ്മേളനത്തിലെ 4485, പതിമൂന്നാം സമ്മേളനത്തിലെ 845, പതിനാറാം സമ്മേളനത്തിലെ 2435, 2466 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2394, പതിനാലാം കേരളനിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 643 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## III ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക റവന്യൂ (രൂപ) | മൂലധനം (രൂപ) | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക റവന്യൂ (രൂപ) | മൂലധനം (രൂപ) | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 195,59,91,000 | .. | 146,69,95,000 | .. | 244,49,92,000 | ... | 244,49,92,000 |
| III | നീതിന്യായ നിർവ്വഹണം | 195,18,84,000 | .. | 146,47,88,000 | .. | 244,24,81,000 | .. | 244,24,81,000 |

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : കട്ട്മോഷനുകൾ അവതരിപ്പിച്ചിട്ടില്ല. അതുകൊണ്ട് ചർച്ചയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ധനാഭ്യർത്ഥനകൾ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ,..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 സെപ്റ്റംബർ മാസം 29-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.50-ന് പിരിഞ്ഞു.)